# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ചങ്ങനാശ്ശേരി
കോട്ടയം-686101

ഇ-മെയിൽ: mlcsry.ksad@kerala.gov.in
ഫോൺ : 0481-2400073

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ .എസ്. എ. സി വൈ എം2-540/23 /തീയതി 30.12.2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ചങ്ങനാശ്ശേരി
കോട്ടയം-686101
തീയ്യതി: 30/12/2023
ഇ-മെയിൽ: mlcsry.ksad@kerala.gov.in
ഫോൺ: 0481-2400073

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ), തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോട്ടയം(ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ .എസ്. എ. സി വൈ എം2-540/23 തീയ്യതി: 30/12/2023 /തീയതി 30.12.2023

## കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 16-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 112 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോർജ് പി മാത്യു | ഡെപ്യൂട്ടി ഡയറക്ടർ | 01-08-2023 | 16-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-08-2023 | 16-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1) ശ്രീ പ്രസാദ് പി.ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
2) ശ്രീമതി മായാദേവി സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) ശ്രീമതി ദർശന വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4) ശ്രീ രാജേഷ് കുമാർ പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സന്ധ്യാ മനോജ് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ സജി എൽ എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജി എൽ.എസ് | മുനിസിപ്പൽ സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജലി അരവിന്ദ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 21-01-2023 |
| ശ്രീമതി ലക്ഷ്മി എ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22-01-2023 | 31-03-2023 |
| ശ്രീ തൗഫീക്ക് പി ഇസ്മായിൽ | പ്രോജക്ട് ഓഫീസർ | 01-04-2022 | 09-01-2023 |
| ശ്രീമതി ദിവ്യ കൃഷ്ണൻ | പ്രോജക്ട് ഓഫീസർ | 10-01-2023 | 31-03-2023 |
| ശ്രീ സോൺ സുന്ദർ എ.എസ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ അഭിലാഷ് വർമ്മ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ കണ്ണൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ജേക്കബ് മത്തായി | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2022 | 30-11-2022 |
| ശ്രീ ഹരിക്കുട്ടൻ എസ് | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | 01-12-2022 | 05-01-2023 |
| ശ്രീ ബിജു പി | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | 07-01-2023 | 31-03-2023 |
| ശ്രീമതി ജയകുമാരി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രവീന്ദ്രൻ പി | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദുശ്രീ എൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.പി.ജി.ഗീതാദേവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി സവിത വി | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 01-04-2022 | 14-09-2022 |
| ശ്രീമതി ശ്രീലക്ഷ്മി എ | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീ ദിലീപ് കുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീമതി നീതു ജി | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 15-09-2022 | 07-12-2022 |
| ശ്രീ അനിൽ കുമാർ ബി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 08-12-2022 | 31-03-2023 |
| ശ്രീ പ്രകാശ് കുമാർ വി | പ്രിൻസിപ്പൽ, ഹയർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സെക്കൻഡറി സ്കൂൾ | | |
| ഡോ.അജിത് കുമാർ | സൂപ്രണ്ട്, ജനറൽ ആശുപത്രി | 01-04-2022 | 23-07-2022 |
| ഡോ.ഉമാദേവി അമ്മാൾ | സൂപ്രണ്ട്, ജനറൽ ആശുപത്രി | 24-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-2 |
| 4 | ഓൺലൈൻ മുഖേനയുള്ള കളക്ഷന് യഥാസമയം രസീത് നൽകുന്നില്ല | 1-1-3 |
| 5 | പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല | 1-1-4 |
| 6 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-5 |
| 7 | ബാങ്കിൽ നേരിട്ട് വന്ന തുകകൾ രസീത് നൽകി കണക്കിലെടുത്തില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളും ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-9 |
| 11 | Prior Period Items തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | ചെലവ് കൃത്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല | 1-1-13 |
| 15 | റിക്കൺസിലിയേഷൻ പത്രിക കൃത്യമല്ല | 1-1-14 |
| 16 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-15 |
| 17 | വാർഷിക ധനകാര്യപത്രികയിലെ നിക്ഷേപത്തിന്റെ വിവരങ്ങൾ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിന്റെ ആധികാരികത വ്യക്തമല്ല | 1-1-17 |
| 19 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഫണ്ട് വിനിയോഗം | 1-4 |
| 23 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 24 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പദ്ധതികൾ | 1-7 |
| 26 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | നഗരസഭയുടെ വാർഷിക കണക്കുകളിലെ അപാകതകൾ - വർഷങ്ങളായി പരിഹരിക്കപ്പെടുന്നില്ല | 1-11 |
| 30 | സ്ഥിര നിക്ഷേപം- വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-12 |
| 31 | വസ്തുനികുതി- വൻ കുടിശ്ശിക അവശേഷിക്കുന്നു | 1- 13 |
| 32 | വസ്തുനികുതി- റോഡുകളുടെ വിവരങ്ങൾ സഞ്ചയയിലെ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-14 |
| 33 | വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-15 |
| 34 | യു.എ.നമ്പർ നൽകി വസ്തുനികുതി നിർണയിച്ച കെട്ടിടങ്ങളുടെ നികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 35 | ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-17 |

| | | |
|---|---|---|
| 36 | വസ്തുനികുതി പിരിവ്-സഞ്ചയയിൽ രസീതിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-18 |
| 37 | വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല | 1-19 |
| 38 | വാടക– വൻകുടിശ്ശികയും മറ്റ് അപാകതകളും | 1-20 |
| 39 | വാടക- ലൈസൻസികളുടെ എഗ്രിമെന്റ്, ഒഴിഞ്ഞ് കിടക്കുന്ന മുറികളുടെ ലേലം/പുനർ ലേലം-രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1-21 |
| 40 | മണ്ണ് സംരക്ഷണ ഓഫീസ്, സംയോജിത ശിശുവികസന ഓഫീസ് (ICDS) എന്നീ സ്ഥാപനങ്ങളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-22 |
| 41 | ടൗൺ ഹാൾ, മിനി ടൗൺ ഹാൾ, എലൈറ്റ് ഹാൾ, ഇ.എം.എസ് ഓഡിറ്റോറിയം-വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ ശരിയായി പരിപാലിക്കുന്നില്ല | 1-23 |
| 42 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ– നടത്തിപ്പ് ലേലം ചെയ്യുന്നില്ല | 1-24 |
| 43 | നം.1, 2 ബസ് സ്റ്റാന്റ് മൈക്ക് അനൗൺസ്മെന്റ് കുത്തകാവകാശം ലേലം ചെയ്യുന്നില്ല | 1-25 |
| 44 | കംഫർട്ട് സ്റ്റേഷൻ ലേലത്തുക/ഓഫർതുക കുടിശ്ശിക സമയബന്ധിതമായി ഈടാക്കിയില്ല- 212000രൂപ നഗരസഭയ്ക്ക് നഷ്ടം | 1-26 |
| 45 | വിനോദനികുതി-മതിയായ രേഖകളില്ലാതെ അഡ്ജസ്റ്റ് ചെയ്തു | 1-27 |
| 46 | ബിൽഡിംഗ് പെർമിറ്റ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-28 |
| 47 | ഷീ ലോഡ്ജ്- പ്രവർത്തനം ആരംഭിച്ചിട്ടും വരുമാനം ലഭിക്കുന്നില്ല | 1-29 |
| 48 | ഇ.എം.എസ്.ഓഡിറ്റോറിയം- വരുമാനം ഇല്ല | 1-30 |
| 49 | വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായ അലംഭാവം | 1-31 |
| 50 | നഗരസഭയിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല | 1-32 |
| 51 | പൊതുടാപ്പുകളുടെ വെള്ളക്കരം- നഗരസഭയ്ക്ക് 3.7കോടി രൂപ ബാദ്ധ്യത | 1-33 |
| 52 | തെരുവു വിളക്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ കറണ്ട് ചാർജ്ജ്- വൻ കുടിശ്ശിക നിലനിൽക്കുന്നു | 1-34 |
| 53 | കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് അടയ്ക്കേണ്ട തുകകൾ ബാദ്ധ്യതയായി നിലനിൽക്കുന്നു | 1-35 |
| 54 | റഗുലർ ജീവനക്കാരുടെ ഹാജർ -അൺ ഓതറൈസ്ഡ് ആബ്സൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-36 |
| 55 | മുനിസിപ്പൽ റെസ്റ്റ് ഹൗസ്- വാടകകുടിശിക ലഭിക്കാത്തത്,സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത്- നടപടിക്രമങ്ങളിൽ അപാകത | 1-37 |
| 56 | വാഹനം മെയിന്റനൻസ് നടത്തിയത്- ഇൻഷ്വറൻസ് തുക പൂർണ്ണമായി തിരികെ ലഭിച്ചില്ല | 1-38 |
| 57 | അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് വെള്ളത്തിന്റെ സാംപിൾ പരിശോധന- പദ്ധതി ലക്ഷ്യ പ്രാപ്തികൈവരിച്ചില്ല | 1-39 |
| 58 | സെക്രട്ടറിയ്ക്ക് ക്വാർട്ടേഴ്സ് അനുവദിച്ചത്- ശമ്പളത്തിൽ നിന്ന് റെന്റ് റിക്കവറി നടത്തിയില്ല | 1-40 |
| 59 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി- രേഖകൾ അപൂർണ്ണം | 1-41 |
| 60 | മലയിൽക്കുന്ന് വാട്ടർ ടാങ്ക് നവീകരണം- തുക മുൻകൂർ അടച്ചു- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-42 |
| 61 | സെന്റേജ് ചാർജ്- അധികം നല്കി | 1-43 |
| 62 | പട്ടികജാതി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ. | 1-44 |
| 63 | ഒന്നാം നമ്പർ ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ– വിശദാംശങ്ങൾ ലഭിച്ചില്ല | 1-45 |
| 64 | പ്രധാനറോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-46 |
| 65 | സി.എഫ്.എൽ.ടി.സി ചെലവുകൾ– രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1-47 |
| 66 | മലേക്കുന്ന് വാട്ടർടാങ്കിന് സ്ഥലം ഏറ്റെടുക്കൽ– രേഖകൾ ലഭ്യമായില്ല | 1-48 |
| 67 | പി.എം.എ.വൈ,ലൈഫ് വിഹിതം നല്കൽ -ജനറൽ,എസ്.സി.പി -പൂർത്തീകരണ വിവരം ഇല്ല. | 1-49 |
| 68 | കേരളോത്സവം-മുൻകൂർ ക്രമീകരിച്ചതിന്റെയും ആകെ ചെലവിന്റെയും വിവരങ്ങൾ ഇല്ല | 1-50 |

| | | |
|---|---|---|
| 69 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- ബില്ലുകൾ മുഴുവൻ ലഭ്യമാക്കിയില്ല,മറ്റ് അപാകതകൾ. | 1-51 |
| 70 | മുൻകൂറായി അനുവദിച്ച തുകകൾ ക്രമീകരിച്ചില്ല. | 1-52 |
| 71 | നിക്ഷേപ/തുക കൈമാറൽ പ്രവൃത്തികൾ– തുകയുടെ വിനിയോഗവിവരങ്ങൾ ഇല്ല | 1-53 |
| 72 | ഹരിതകർമ്മ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ -97680 രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-54 |
| 73 | ശുചീകരണ സാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ -നിർവഹണത്തിലെ അപാകതകൾ. | 1-55 |
| 74 | മൾട്ടിലെയർ പ്രോസസിംഗ് ബിൻ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-56 |
| 75 | സ്മാർട്ട് ഗാർബേജ് സിസ്റ്റം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ. | 1-57 |
| 76 | ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-58 |
| 77 | ഹരിത കർമ്മസേന പ്രവർത്തനം- അവലോകനം | 1-59 |
| 78 | വീട് വാസയോഗ്യമാക്കൽ - പ്രോജക്ടുകളുടെ നിർവഹണത്തിലെ അപാകതകൾ | 1-60 |
| 79 | വീട് വാസയോഗ്യമാക്കൽ(ജനറൽ)- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-61 |
| 80 | വിധവകൾക്ക് ഭവനപുനരുദ്ധാരണം- പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-62 |
| 81 | കുടിവെള്ളടാങ്ക് വിതരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-63 |
| 82 | തുറസ്സായ കുടിവെള്ളകിണർ ശുചിത്വകിണറാക്കി മാറ്റൽ– പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-64 |
| 83 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തിയായില്ല,വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-65 |
| 84 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ– വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-66 |
| 85 | പട്ടികജാതി വിഭാഗക്കാർക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -രേഖകൾ ലഭ്യമാക്കിയില്ല. | 1-67 |
| 86 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-68 |
| 87 | താലൂക്ക് ആശുപത്രിയിലേയ്ക്ക് മരുന്നുകൾ, ഉപകരണങ്ങൾ– ലഭ്യതാവിവരം ഇല്ല | 1-69 |
| 88 | ഒ.പി വിഭാഗത്തിലേക്ക് ഇരിപ്പിടംവാങ്ങൽ -അധിക ചെലവ് | 1-70 |
| 89 | NUHM സെന്ററിന്(യു.പി.എച്ച്.സി, പെരുന്ന) മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ– ലഭ്യമായില്ല | 1-71 |
| 90 | അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ -കരാർ, വാറന്റി വിവരങ്ങൾ ഇല്ല | 1-72 |
| 91 | ആയുർവേദ മരുന്ന് വാങ്ങൽ– സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ അപാകത | 1-73 |
| 92 | ആയുർവേദ ആശുപത്രി- വീൽചെയർ വാങ്ങിയില്ല | 1-74 |
| 93 | സെക്രട്ടറിയുടെ ക്വാർട്ടേഴ്സിൽ എ.സി സ്ഥാപിച്ചത്- രേഖകൾ ഹാജരാക്കിയില്ല | 1-75 |
| 94 | നഗരസഭാ സെക്രട്ടറി, ചെയർപേഴ്സൺ എന്നിവർക്ക് മൊബൈൽ ഫോൺ വാങ്ങിയത്- സ്റ്റോക്ക്,വിതരണരേഖകൾ ലഭിച്ചില്ല | 1-76 |
| 95 | സോയിൽ ടെസ്റ്റ് നടത്തുന്നതിന് തുക ചെലവഴിച്ചു- പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | 1-77 |
| 96 | അഗതിരഹിത കേരളം- ബാങ്ക് അക്കൗണ്ടിൽ വലിയ തുക ബാക്കിനില്ക്കുന്നു | 1-78 |
| 97 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാത്തത് | 1-79 |
| 98 | വാർഡ് 30 ലെ ബ്യൂട്ടിഫിക്കേഷൻ - കരാറുകാരന് അധിക തുക നൽകി | 1-80 |
| 99 | എയറോബിക് യൂണിറ്റ് നിർമ്മാണം- അടങ്കലിനേക്കാൾ അധികം തുക ചെലവഴിച്ചു | 1-81 |
| 100 | പെരുന്നയിലെ വിവിധ നഗരസഭാ കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (പ്രോജക്ട് നം.SO 67/23)- അപാകത | 1-82 |
| 101 | പ്രോജക്ട് നം.294/23– വാർഡ് നം.36– മതുമൂല വാഴപ്പള്ളി അമ്പലം റോഡ് ഉപറോഡ് മുണ്ടേരിമഠം റോഡ് പുനരുദ്ധാരണം- അപാകതകൾ. | 1-83 |
| 102 | കൗൺസിലേഴ്സ് റെസ്റ്റിംഗ് റൂം നവീകരണം, ഫർണീഷിംഗ്- Lumpsum തുക നൽകി | 1-84 |

| | | |
|---|---|---|
| 103 | പ്രോജക്ട് നം.316/23- വേഴയ്ക്കാട്ടുചിറ ഐ.റ്റി.പാർക്ക് സ്റ്റാർട്ട് അപ് വനിതകൾ - ₹99,998/- യുടെ ചെലവ് - വിശദാംശങ്ങൾ ഇല്ല | 1-85 |
| 104 | പ്രോജക്ട് നം.28/23, 39/23- വിവിധ വാർഡുകളിലെ റോഡുകളുടെ പാച്ച് വർക്ക് - പ്രവൃത്തിയിലെ അപാകതകൾ | 1-86 |
| 105 | ടേക്ക് എ ബ്രേക്ക്- പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | 1-87 |
| 106 | നഗരസഭ നടത്തിയ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ– ബാരൽ വില നഗരസഭാ അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-88 |
| 107 | ഗ്യാസ് ക്രിമറ്റോറിയം- രജിസ്റ്ററുകളിലെ പൊരുത്തക്കേട്, മറ്റ് അപാകതകൾ | 1-89 |
| 108 | ലക്ഷങ്ങൾ ചെലവഴിച്ച് നഗരസഭയിൽ ഓഡിറ്റ് വർഷത്തിലും മുൻവർഷങ്ങളിലുമായി നിർമ്മിച്ച നിരവധി ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 1-90 |
| 109 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി- പ്രതിമാസ വരവ് ചെലവു കണക്കുകളുടെ പരിശോധന കാര്യക്ഷമമല്ല | 1-91 |
| 110 | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി തുകകൾ– വൻ തുക അടയ്ക്കാൻ ശേഷിക്കുന്നു | 1-92 |
| 111 | മഴക്കാല പൂർവ്വശുചീകരണം- തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല | 1-93 |
| 112 | ഓഡിറ്റ് ഇംപാക്ട്- വസ്തുനികുതി കുറവായി നിർണ്ണയിച്ചത് പുനർനിർണ്ണയിച്ചു | 1-94 |
| 113 | വസ്തുനികുതി നിർണയം- കെട്ടിടത്തിന്റെ തറവിസ്തീർണം കൃത്യമാക്കി- ഓഡിറ്റ് ഇംപാക്ട് | 1-95 |
| 114 | തീയേറ്ററുകളുടെ വിനോദ നികുതി- രേഖകൾ കൃത്യമായി ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല– വിനോദനികുതി 21622രൂപ നഗരസഭാ ഫണ്ടിൽ അടവാക്കി- ഓഡിറ്റ് ഇംപാക്ട്. | 1-96 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സെക്യൂരിറ്റി ഡെപ്പോസിറ്റ് തെറ്റായി തിരികെ നല്കി | 3-1 |
| 2 | ടെന്റർ കിഴിവ് വരുത്താതെ തുക നല്കി | 3-2 |
| 3 | പ്രധാനറോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും-മതിയായ സേവനങ്ങളില്ലാതെയും ബില്ലുകൾ പരിശോധിക്കാതെയുമുള്ള ചെലവുകൾ | 3-3 |
| 4 | ഒരു കുടുംബത്തിന് രണ്ട് കുടിവെള്ള ടാങ്ക് അനുവദിച്ചു | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1.ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.7.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 27.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 -ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്വം.

2. സി&എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

1. വിശേഷണങ്ങളോട്ടുകൂടി അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.3.2023 -ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.3.2023 -ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:-ചങ്ങനാശ്ശേരി　　　　ഡെപ്യൂട്ടി ഡയറക്ടർ

തീയതി:-29.12.2023　　　　നഗരസഭ ഓഡിറ്റ് കാര്യാലയം, ചങ്ങനാശ്ശേരി

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല. അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല. അക്രൂവൽ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിക്കുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക ധനകാര്യ

പത്രികയിൽ താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തൽ നടത്തിയിട്ടില്ല.

**1-1-2 ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല**

31/03/2023 തീയതിയിലെ നഗരസഭയുടെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനാവുന്നില്ല.

**1-1-3 ഓൺലൈൻ മുഖേനയുള്ള കളക്ഷന് യഥാസമയം രസീത് നൽകുന്നില്ല**

എസ്.ബി.ഐ, എസ്.ബി കോളേജ് (അക്കൗണ്ട് നം.6729507I291) എന്ന അക്കൗണ്ടിൽ ഓൺലൈൻ മുഖേന വരവാകുന്ന കളക്ഷന് യഥാസമയം രസീത് നൽകുന്നില്ല.

**1-1-4 പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല**

എല്ലാ ബാങ്ക് അക്കൌണ്ടുകൾക്കും പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കി ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 2023 മാർച്ചിലെ റിക്കൺസിലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല.

1) യൂണിയൻ ബാങ്ക് UIDSSMT(Water Supply)

2)എസ്.ബി.ഐ (Property Tax- Direct Remittance)

3) ജില്ലാ സഹകരണ ബാങ്ക്

4) Tender Account-SBI

5)TPA-169

6)എസ്.ബി.ഐ-IBPMS

7) കാനറ ബാങ്ക് (IHSDP)

**1-1-5 രസീത് തെറ്റായ ശീർഷകത്തിൽ നൽകി**

നഗരസഭയിൽ വസ്തുനികുതിയിന്മേലുള്ള സർചാർജ്ജ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ രസീത് തെറ്റായ ശീർഷകത്തിൽ നൽകിയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ RP-37 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിന്മേലുള്ള സർചാർജ്ജ് ഇനത്തിൽ ₹1,12,476(Current), ₹38,177(Arrear) എന്നീ തുകകൾ ഉൾപ്പെട്ടിട്ടുണ്ട്.

**1-1-6 ബാങ്കിൽ നേരിട്ട് വന്ന തുകകൾ രസീത് നൽകി കണക്കിലെടുത്തില്ല**

ബാങ്കിൽ നേരിട്ട് വന്ന തുകകൾ രസീത് നൽകി കണക്കിലെടുത്തില്ല. ഉദാ:-(1) SBI Own Fund- Main Account-ലെ ₹5,00,000 (ചെക്ക് നം.16954/04.01.2023), (2) SBT- SB College അക്കൗണ്ടിലെ തുക- ₹3,801. തനത് ഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ₹7,84,121 ഇപ്രകാരം രസീത് നൽകാനുണ്ട്.

**1-1-7 വാർഷിക കണക്കുകളിലെ തുകകളും ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപെടുന്നില്ല**

വാർഷിക കണക്കുകളിലെ തുകകളും ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന്, വാടകയുടെ ഡിമാന്റ് വാർഷിക കണക്കുകളിലെ I-3 ഷെഡ്യൂൾ പ്രകാരം 1,43,06,000/-രൂപയും ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം 1,14,58,764/- രൂപയുമാണ്. മറ്റ് വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-8 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിക്കുന്നില്ല**

മറ്റ് ഗ്രാന്റുകളുടെ വിനിയോഗ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ

ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

### 1-1-9 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഉദാഹരണത്തിന്, 31.3.2023-ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുള്ള ചുവടെ ചേർക്കുന്ന അക്കൗണ്ടുകളിലെ തുകകൾ.

SBI Own Fund (Main)- ₹2,16,498 (തീയതി, 28.03.2023)

SBT– SB College (Online Remittance) -₹4,873 (തീയതി, 28.12.2022)

### 1-1-10 Prior Period Items തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

Prior Period Expenses/Income- ന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. മുൻവർഷ വരവായി 1,55,128/- രൂപയുടെയും മുൻവർഷ ചെലവായി ക്രമീകരിക്കപ്പെട്ട 1,50,514/-രൂപയുടെയും ആധികാരികത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

### 1-1-11 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ആസ്തിരജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്തി തയാറാക്കി പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ബി-11 (13,60,30,033/-രൂപ), ബി-7 (7,33,97,239/-രൂപ), ബി-18 (1,50,30,943/-രൂപ) എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

### 1-1-12 ചെലവ് കൃത്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തുക മുൻകൂറായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ളതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ടി തുകകൾ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | 383/23 | അമൃത്-<br>നഗരസഭാ വിഹിതം | 1,00,00,000 |
| 2 | 161/23 | എസ്.സി.കോളനിയിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,13,000 |
| 3 | 174/23 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റിയിടൽ/പുതിയ പോസ്റ്റ് സ്ഥാപിക്കൽ | 4,91,700 |
| 4 | 285/23 | എസ്.സി.കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 2,65,982 |
| 5 | 177/23 | വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | 11,65,015 |

### 1-1-13 ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല

ഷെഡ്യൂൾ B-11-ൽ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ

നീക്കിയിരിപ്പിനേക്കാൾ അധികരിക്കുന്നു.

ഉദാ- പ്ലാന്റ് & മിഷനറി മൂല്യം -₹26,09,578

ഡിപ്രീസിയേഷൻ - 36,28,471 രൂപ എന്ന് കണക്കാക്കിയതിൽ വ്യക്തതയില്ല.

## 1-1-14 റിക്കൺസിലിയേഷൻ പത്രിക കൃത്യമല്ല

Cheque Issued But Not Presented To Bank ആയി റിക്കൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള SBI Own Fund (Main) എന്ന അക്കൗണ്ടിലെ വിവിധ ചെക്കുകൾ ബാങ്ക് പാസ് ബുക്ക് പ്രകാരം 31.03.2023-ന് മുൻപ് തന്നെ പണമാക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | പാസ് ബുക്ക് പ്രകാരം | |
|---|---|---|
| | തുക | പണമാക്കിയ തീയതി |
| 11122/28.03.2023 | 1,00,000 | 29/03/2023 |
| 11121/28.03.2023 | 65,351 | 29/03/2023 |
| 11125/29.03.2023 | 1,00,000 | 30/03/2023 |
| 11112/23.03.2023 | 56,968 | 30/03/2023 |
| 11108/21.03.2023 | 5,00,000 | 24/03/2023 |

## 1-1-15 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം സൂക്ഷിച്ചിട്ടില്ല.

## 1-1-16 വാർഷിക ധനകാര്യപത്രികയിലെ നിക്ഷേപത്തിന്റെ വിവരങ്ങൾ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയിലെ നിക്ഷേപത്തിന്റെ വിവരങ്ങൾ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-17 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിന്റെ ആധികാരികത വ്യക്തമല്ല

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

## 1-1-18 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| ഇനം | പ്രതീക്ഷിച്ചത് (₹) | യഥാർത്ഥത്തിലുള്ളത് (₹) | വ്യത്യാസം | | |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |

| | | | | | |
|---|---|---|---|---|---|
| | | | (₹) | (₹) | |
| മുന്നിരിപ്പ് | 6,66,59,977 | 6,21,21,772 | | 45,38,205 | |
| വരവ് | 42,07,13,887 | 28,38,97,667 | | 13,68,16,220 | |
| ആകെ | 48,73,73,864 | 34,60,19,439 | | 14,13,54,425 | |
| ചെലവ് | 45,57,27,099 | 29,26,61,473 | | 16,30,65,626 | |
| നിക്കിയിരിപ്പ് | 3,16,46,765 | 5,33,57,966 | 2,17,11,201 | | |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11-03-2022-ലെ 19-ാം നമ്പർ തീരുമാനപ്രകാരവും, 24-03-2022-ലെ നഗരസഭാ ജനറൽ കൗൺസിലിന്റെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിക്കപ്പെട്ട 2022-23 വർഷ ബജറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18-03-2023-ലെ 12-ാം നമ്പർ തീരുമാനപ്രകാരവും നഗരസഭാ ജനറൽ കൗൺസിലിന്റെ 23-03-2023-ലെ ഒന്നാമത് തീരുമാനപ്രകാരവും പുതുക്കി അംഗീകരിക്കുകയുണ്ടായി. 23-03-2023-ലെ പുതുക്കിയ ബജറ്റ് തുകകളാണ് പ്രതീക്ഷിത ഇനങ്ങളായി മേൽ ചേർത്തിട്ടുള്ളത്.
എന്നാൽ ബജറ്റ് പുതുക്കി അംഗീകരിച്ച ശേഷവും വാർഷികകണക്കുകൾ പ്രകാരമുള്ള യഥാർഥ തുകകളിൽ നിന്ന് വളരെ വ്യത്യാസപ്പെട്ടിരിക്കുന്നതിൽ നിന്ന്, നഗരസഭയുടെ വരവ് ചെലവുകളും മുന്നിരിപ്പും സംബന്ധിച്ച് കൃത്യമായ പഠനങ്ങളും ആസൂത്രണവുമില്ലാതെയാണ് ബജറ്റ് തയാറാക്കുന്നതെന്നാണ് വ്യക്തമാകുന്നത്. നഗരസഭാ നിയമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് യാഥാർഥ കണക്കുകളുമായി പൊരുത്തപ്പെടും വിധം ബജറ്റ് തയാറാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,21,21,772 |
| വരവ് | 28,38,97,667 |
| ആകെ | 34,60,19,439 |
| ചെലവ് | 29,26,61,473 |
| നീക്കിയിരിപ്പ് | 5,33,57,966 |

## 1-4 ഫണ്ട് വിനിയോഗം

നഗരസഭയിലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവിധ ഫണ്ടിനങ്ങളുടെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെയുള്ള വരവ് | ആകെ | സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെയുള്ള ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 3,03,85,000 | 3,03,85,000 | 2,95,30,304 | 8,54,696 | 97.18 |
| വികസന ഫണ്ട്- SCP | 0 | 2,40,51,607 | 2,40,51,607 | 1,31,98,042 | 1,08,53,565 | 54.87 |
| ധനകാര്യ കമ്മീഷൻ | 97,20,643 | 97,95,104 | 1,95,15,747 | 1,45,31,248 | 49,84,499 | 74.45 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-Untied | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 2,74,94,666 | 2,48,27,079 | 5,23,21,745 | 2,12,99,340 | 3,10,22,405 | 40.70 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 5,92,26,000 | 5,92,26,000 | 3,85,69,220 | 2,06,56,780 | 65.12 |
| മെയിന്റനൻസ് ഗ്രാന്റ്-nonRoad | 0 | 1,48,000 | 1,90,48,000 | 1,50,32,273 | 40,15,727 | 78.91 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 25,23,000 | 2,35,23,000 | 2,35,23,000 | 0 | 100 |

വികസന ഫണ്ടിൽ (ജനറൽ) നിന്നും 2,19,000/-രൂപ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എസ് സി പി വിഭാഗത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്നതും ആ വർഷം ചെലവഴിക്കാത്തതുമായ ഷോർട്ട് ഫോൾ തുക തൊട്ടടുത്ത വർഷത്തെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും പരിഹരിക്കുന്നതാണ്. അതുപ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 42,22,607/-രൂപ (സ.ഉ (കൈ) നം. 79/21/ധന. തീ. 15.07.2021) സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഡിമാന്റ് ചെയ്ത തനതുനികുതിയുടെ 90% ശേഖരിക്കാത്തതിനാൽ സ.ഉ (കൈ) നം. 179/2022 /ധന/18.10.2022 തീയതിയിലെ ഉത്തരവ് പ്രകാരം 3,03,850/-രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാന്റ് പത്രികയിൽ സി.എഫ്.സി ഗ്രാന്റ്- ടൈഡ്, അൺ ടൈഡ് എന്നിവയുടെ മുന്നിരിപ്പ്, ബാങ്ക് പലിശ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ എ.സി.ആർ-ൽ ഈ ഇനങ്ങളുടെ യഥാർത്ഥ നീക്കിയിരിപ്പ് അല്ല പ്രതിഫലിക്കുന്നത്. എ.സി.ആർ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(Untied) ഇനത്തിലെ നീക്കിയിരിപ്പ്- 47,36,144/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(Tied) ഇനത്തിലെ നീക്കിയിരിപ്പ് 35,27,739/- രൂപയുമാണ്.

## 1-5 വാർഷിക പദ്ധതി അവലോകനം

മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സരപദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.86/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ ആഗോള സുസ്ഥിര വികസനലക്ഷ്യങ്ങളിലൂന്നിയും അവ നിശ്ചയിച്ചസമയത്തിന് മുൻപ് കൈവരിച്ചുമുള്ള കേരളത്തിന്റെ സുസ്ഥിരവികസനം, കേരളത്തിന്റെ സാമ്പത്തികവികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക, പിന്നാക്ക, പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുള്ള വികസനം, കേരളത്തിലെ ജനങ്ങളുടെ ജീവിതഗുണമേന്മ വർദ്ധിപ്പിക്കുക എന്നിവ 14-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളായി നിശ്ചയിച്ച് അത് നേടുന്നതിനായി നഗരഭരണസ്ഥാപനങ്ങൾ കൈവരിക്കേണ്ട സവിശേഷ വികസന ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെടുകയുണ്ടായി. പ്രസ്തുത വികസനലക്ഷ്യങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച നവകേരള കർമ്മപദ്ധതി വികസനദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയുമായി ഏകോപിപ്പിക്കുംവിധം വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നു.
ആയതിലേക്ക് കൃത്യമായ പദ്ധതി ആസൂത്രണ നിർവഹണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.
നഗരസഭാതലത്തിലെ ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകളുടെ പുന:സംഘടന, അവസ്ഥാരേഖ പരിഷ്കരിക്കൽ, വാർഡ്സഭകളുടെയും ഊര് കൂട്ടങ്ങളുടെയും യോഗങ്ങൾ, വികസനസെമിനാർ (19-05-2022) എന്നിങ്ങനെ നിശ്ചിത സമയക്രമം പാലിച്ചുള്ള വിവിധ ഘട്ടങ്ങളിലൂടെയുള്ള വിശകലനങ്ങൾ, നിർദ്ദേശങ്ങൾ,

ചർച്ചകൾ എന്നിവയുടെ ഫലമായി ഉരുത്തിരിഞ്ഞ 2022-23 വാർഷികപദ്ധതി പ്രോജക്ടുകൾക്ക് 20-03-2023 ലെ സപ്ലിമെന്ററി തീരുമാനം-2 പ്രകാരം നഗരസഭാ കൗൺസിൽ അംഗീകാരം നല്കുകയുണ്ടായി. നഗരസഭയുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി 82898/22/DPC/DPO/KTM തീയതി 06/03/2023 നമ്പരായി അന്തിമ അംഗീകാരം നല്കി.

വാർഷിക പദ്ധതിയുടെ സംക്ഷിപ്തം

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 319 | 196 | 25,32,57,568 | 12,91,58,808 | 51 |

അംഗീകാരം ലഭിച്ച 319 പ്രോജക്ടുകളിൽ 196 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 67 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. അവയിൽ 51 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾ

പദ്ധതി നിർവ്വഹണച്ചുമതല 13 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണോദ്യോഗസ്ഥൻ | പ്രോജക്ടുകൾ | നടപ്പാക്കിയത് | ആകെ വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 1 | 1,20,000 | 39,975 | 33.31 |
| 2 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 24,12,000 | 24,04,939 | 99.71 |
| 3 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 3,70,000 | 3,61,036 | 97.57 |
| 4 | വ്യവസായ വികസന ഓഫീസർ | 6 | 3 | 50,55,996 | 3,54,680 | 07.01 |
| 5 | കൃഷി ഫീൽഡ് ഓഫീസർ | 9 | 5 | 33,30,944 | 20,03,163 | 60.14 |
| 6 | സെക്രട്ടറി | 52 | 34 | 8,00,73,691 | 4,05,37,017 | 50.62 |
| 7 | വെറ്ററിനറി സർജൻ | 9 | 9 | 20,53,668 | 19,86,269 | 96.72 |
| 8 | ക്ഷീരവികസന ഓഫീസർ | 2 | 2 | 5,00,000 | 3,00,000 | 60.00 |
| 9 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണം | 18 | 13 | 1,39,53,833 | 89,69,805 | 64.28 |
| 10 | സൂപ്രണ്ട്, ജനറൽ ആശുപത്രി | 7 | 6 | 64,07,961 | 54,24,240 | 84.65 |
| 11 | ഹെൽത്ത് സൂപ്പർവൈസർ | 15 | 12 | 1,13,57,357 | 68,09,706 | 59.96 |
| 12 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 69,28,689 | 60,45,833 | 87,26 |
| 13 | പ്രിൻസിപ്പൽ, ഗവ.ഹയർസെക്കന്ററി സ്കൂൾ | 3 | 3 | 6,00,000 | 5,98,488 | 99.75 |

| | | | | | | |
|---|---|---|---|---|---|---|
| 14 | മുനിസിപ്പൽ എൻജിനീയർ | 186 | 98 | 12,00,93,429 | 5,33,23,657 | 44.40 |
| ആകെ | | 319 | 196 | 25,32,57,568 | 12,91,58,808 | 50.99 |

വാർഷികപദ്ധതി- നടപടിക്രമങ്ങൾ, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് വിവരങ്ങൾ

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവിധ മീറ്റിംഗുകളുടെ മിനിറ്റ്സ് സൂക്ഷിക്കുന്നതിൽ തികഞ്ഞ അലംഭാവവും കാര്യക്ഷമതയില്ലായ്മയുമാണ് കാണുന്നത്. മീറ്റിംഗ് നടന്ന തീയതി, സമയം, അജണ്ടകൾ, തീരുമാനങ്ങൾ എന്നിവ പല യോഗങ്ങളുടെയും മിനിറ്റ്സിൽ ചേർത്തിട്ടില്ല. കൂടാതെ പല മിനിറ്റ്സുകളും ഒപ്പുവച്ച് ആധികാരികമാക്കിയിട്ടുമില്ല. ചില വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകളിൽ 2, 3 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. വാർഡ് സഭാ യോഗങ്ങളുടെ കാര്യവും ഇപ്രകാരം തന്നെയാണ്.

വാർഷിക പദ്ധതിക്കായി ആകെ വകയിരുത്തിയ 25,32,57,568/രൂപയിൽ ചെലവഴിച്ചത് 129158808/രൂപ മാത്രമാണ്. അതായത് 51% മാത്രം. ഫിഷറീസ് സബ് ഇൻസ്പെക്ടർക്ക് ഒരു പ്രോജക്ട് മാത്രമാണ് നിർവഹണം നടത്താനുണ്ടായിരുന്നത്. പ്രസ്തുതപ്രോജക്ടിനായി ആകെ വകയിരുത്തിയ തുകയിൽ 33% മാത്രമാണ് ചെലവഴിച്ചത്. വ്യവസായ വികസന ഓഫീസർക്ക് 6 പ്രോജക്ടുകളിലായി 50,55,996/-രൂപ അനുവദിച്ചുവെങ്കിലും കേവലം 7%, അതായത് 3,54,680/-രൂപ മാത്രമാണ് ചെലവഴിച്ചത്. നിർവഹണ ഉദ്യോഗസ്ഥരിൽ ഏറ്റവും കുറവ് ചെലവ് ശതമാനവും ഇതാണ്. നഗരസഭാ എൻജിനീയർക്കാണ് കൂടുതൽ പ്രോജക്ടുകളും തുകകളും അനുവദിച്ചിരുന്നതെങ്കിലും ആകെ തുകയുടെ 44% മാത്രമെ ചെലവഴിക്കാൻ സാധിച്ചുള്ളൂ. സെക്രട്ടറി 50% തുക ചെലവഴിച്ചത് ജി. ഒ. പ്രോജക്ടുൾപ്പെടെയാണ്.

സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ 67 പ്രോജക്ടുകളിൽ 51 എണ്ണം നടപ്പാക്കി. അസി.എൻജിനീയർ 13, കൃഷി ഓഫീസർ 2, ഹെൽത്ത് സൂപ്പർവൈസർ 1 എന്നിങ്ങനെ 16 സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പാക്കിയില്ല. സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കാത്തതിൽ നിന്ന് പ്രോജക്ടുകൾ രൂപീകരിക്കുന്നത് ആവശ്യകതയുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിലല്ല എന്നാണ് വ്യക്തമാകുന്നത്.

എൻജിനീയർ, സെക്രട്ടറി, പ്രോജക്ട് ഓഫീസർ എന്നിവർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ പലതിന്റെയും ഫയലുകളും അനുബന്ധരേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. അവശ്യം ഉൾപ്പെടുത്തേണ്ട രേഖകൾ ഇല്ലാതെയാണ് പല ഫയലുകളും സൂക്ഷിക്കുന്നത്. തികഞ്ഞ ഉദാസീനതയും, ഉത്തരവാദിത്തരാഹിത്യവുമാണ് ഫയലുകളുടെ സൂക്ഷിപ്പിൽ കാണുന്നത്. വാർഡ് സഭകളുടെ മിനിറ്റ്സ് ബുക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ കൗൺസിലർമാരും കൺവീനർമാരും ഇതേ ഉത്തരവാദിത്തരാഹിത്യം കാട്ടുന്നതായി പല വാർഡുസഭാ മിനിറ്റ്സ് ബുക്കുകളും പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. പല വാർഡ്സഭാ യോഗങ്ങളിലെയും ഹാജർബുക്കുകളിൽ ഒപ്പുകൾ പലതും ഒരേ വ്യക്തി തന്നെ രേഖപ്പെടുത്തുന്നതായും തീരുമാനങ്ങളുൾപ്പെടെ കൃത്യമായി രേഖപ്പെടുത്തി വാർഡ് കൗൺസിലർ, കോർഡിനേറ്റർ എന്നിവർ ഒപ്പുവച്ച് ആധികാരികമാക്കാതെയും കാണുന്നു. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ പ്രഹസനമായി മാറുന്നതായാണ് പല മീറ്റിംഗുകളുടെയും മിനിറ്റ്സ് വ്യക്തമാക്കുന്നത്. ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. പല പ്രോജക്ടുകളും വർക്കിംഗ് ഗ്രൂപ്പിൽ നിന്നോ വാർഡ് സഭകളിൽ നിന്നോ ഉള്ള ആവശ്യത്തിലുപരി കൗൺസിലർമാരുടെ നിർദ്ദേശത്തിൽ ഏറ്റെടുക്കുന്നതായും, മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യക്തവും കൃത്യവുമായ കാരണങ്ങൾ ചൂണ്ടിക്കാട്ടാതെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്യുന്നതായും കാണുന്നു.

ലൈഫ്/പി.എം.എ.വൈ ഭവനപദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ നിർദ്ദിഷ്ടമാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ഗുണഭോക്താവിന്റെ മേൽവിലാസമുൾപ്പെടെ കൃത്യമായ വിവരങ്ങൾ ചേർക്കാതെ സെക്ഷൻ ഉദ്യോഗസ്ഥർ സൂക്ഷിക്കുന്ന രജിസ്റ്റർ സെക്ഷൻ സൂപ്രണ്ടുമാരുൾപ്പെടെ മേൽ പരിശോധന നടത്തുന്നില്ല. കൃത്യമായ നിബന്ധനകൾ ഇല്ലാതെ ഉദ്യോഗസ്ഥരുടെ താല്പര്യമനുസരിച്ചാണ് പല ഫയലുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പെന്നാണ് ഓഡിറ്റിൽ കാണാൻ സാധിക്കുന്നത്.

സഞ്ചിതനിധിയിലേയ്ക്ക് 3 കോടിയിലധികം രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ |
|---|---|

| | തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 8,54,696 |
| വികസന ഫണ്ട്-SCP | 1,08,53,565 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 2,06,56,780 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 40,15,727 |
| ആകെ | 3,63,80,768 |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്ന് പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മിക്കവാറും നിഷ്ക്രിയാവസ്ഥയിലായിരുന്നുവെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2022-23 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 137 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 71 പദ്ധതികളിൽ 66 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 37493 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 398 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. 78 അയൽക്കൂട്ടങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു. കുളം പുനരുദ്ധാരണം, കിണർ കുഴിക്കൽ, ഹരിതകർമ്മ സേനയുമായി സംയോജിച്ചുള്ള പ്ലാസ്റ്റിക് തരംതിരിക്കൽ, മൃഗപരിപാലനം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മാലിന്യനിർമ്മാർജ്ജനം, റോഡ് വൃത്തിയാക്കൽ, തോട് പുനരുദ്ധാരണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 53,444.09 | 1,01,18,448 | 1,01,71,892.09 | 6,19,088.98 | 1638.11 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 95,51,165.00 | |
| ആകെ | 53,444.09 | ബാങ്ക് പലിശ-38328 അലോട്ട്മെന്റ് (2022-23) -10000000 തനത് ഫണ്ട്-80120 | 1,01,71,892.09 (മുന്നിരിപ്പുൾപ്പെടെ) | 1,01,70,253.98 | 1638.11 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 54,660 | 19 |
| കർഷക തൊഴിലാളി വേതനം | 22,80,000 | 316 |
| വിധവാ പെൻഷൻ | 1,72,49,700 | 2448 |
| വാർദ്ധക്യകാല പെൻഷൻ | 3,90,48,300 | 6110 |
| വികലാംഗ പെൻഷൻ | 46,97,200 | 333 |
| അവിവാഹിതർക്കുള്ള പെൻഷൻ | 6,58,000 | 43 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തിയിരുന്നു. 2022-23-ലെ വാർഷിക ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് അവസാനിക്കുന്നതിനു മുമ്പ് 16/12/2023-ന് നഗരസഭയിലെ മെയിൻ ക്യാഷ് കൗണ്ടറിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ക്യാഷ് ബാലൻസ് ഭൗതികപരിശോധന നടത്തി. പരിശോധനയിൽ ₹1,97,656 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കൗൺസിൽ മിനിട്സ് ബുക്കുകൾ, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് ബുക്കുകൾ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ തൊട്ട് തലേ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിക്കണമെന്ന നിയമപ്രകാരമുള്ള നിഷ്കർഷ പാലിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ തയാറാക്കുന്നില്ല. തനത് വരുമാനവുമായി ബന്ധപ്പെട്ട സഞ്ചയ വിവരശേഖരങ്ങൾ കൃത്യമായ പോസ്റ്റിംഗ് ഉൾപ്പെടെ നടത്താതെ തെറ്റുകൾ നിറഞ്ഞതാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 95 (3) പ്രകാരം അനുബന്ധം ജി-2 മാതൃകയിൽ സൂക്ഷിക്കേണ്ട ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2022-23 വർഷം ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിന്റെയും ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെയും വിവരം രേഖപ്പെടുത്തിയ അനുബന്ധം ജി-2 വിലുള്ള രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കിയില്ല. തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപന രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ അവയുടെ ഫയലുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. വരവുകൾ കൃത്യമായി പോസ്റ്റ് ചെയ്യാതെയാണ് രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. വാടക, ലേലം എന്നിവ സംബന്ധിച്ചും ഇത്തരം അപാകതകൾ നിലനില്ക്കുന്നു. മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ എന്നിവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല. നിക്ഷേപ രജിസ്റ്ററിൽ അന്തിമ തുകകൾ നിർണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നിലനിർത്തിയതായും കാണുന്നു. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷികകണക്കുകളുടെ അടിസ്ഥാനമായ രജിസ്റ്ററുകൾ, ഡേറ്റകൾ എന്നിവയിലെ അപാകതകൾ നിലനില്ക്കുന്നതിനാൽ ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ വാർഷികകണക്കുകളും അപാകതകൾ നിറഞ്ഞതാണ്.

വൗച്ചറുകൾ, വാർഷികപദ്ധതി പ്രോജക്കുകളുടെ ചെലവുകളുമായി ബന്ധപ്പെട്ട് നഗരസഭാസെക്രട്ടറി, അസി.എൻജിനീയർ, പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ ലഘൂകരണം, ഹെൽത്ത് സൂപ്പർവൈസർ എന്നീ

നിർവഹണ ഉദ്യോഗസ്ഥരുടെ ഫയൽ സൂക്ഷിപ്പ് അപാകതകൾ നിറഞ്ഞതാണ്. പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് ഉണ്ടായിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ പ്രൊജക്ടുകളുടെ നിർവഹണത്തിൽ കാര്യക്ഷമമായി ഇടപെട്ടില്ല. സെക്ഷൻ ചുമതലയുള്ള ഉദ്യോഗസ്ഥർ തയാറാക്കുന്ന പല രജിസ്റ്ററുകളും സൂപ്രണ്ടുമാർ ഉൾപ്പെടെ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കുന്നില്ല. സപ്ളയറുടെ പേര്, ബില്ലുകളുടെ വിവരം, സ്പെസിഫിക്കേഷൻ, വാറന്റി/എ.എം.സി വിവരം, തുടങ്ങി അടിസ്ഥാനവിവരങ്ങൾ ഉൾപ്പടുത്തി സമഗ്രമാക്കിയ ഹാർഡ്‌വെയർ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ലൈഫ് പോലെ പ്രധാനപ്പെട്ട ഭവനപദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ ഗുണഭോക്താക്കളുടെ കൃത്യമായ വിവരങ്ങൾ പോലും ചേർക്കാതെയും ഉപരിപരിശോധനയില്ലാതെയുമാണ് സൂക്ഷിച്ചിട്ടുള്ളത്.

വിവിധ സെക്ഷനുകൾക്കിടയിൽ സമഗ്രമായ ഏകോപനം ഉണ്ടാവുന്നില്ല. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കൃത്യമായി ചുമതലകൾ നിറവേറ്റുന്നതിലെ അഭാവമാണ് മേൽചേർത്ത പ്രകാരമുള്ള അപാകതകൾക്ക് പ്രധാന കാരണം.

തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ ശ്രമം നടന്നിട്ടില്ല. നഗരസഭാ കൗൺസിലിന്റെയും ഉദ്യോഗസ്ഥരുടെയും പരസ്പര സഹകരണത്തോടെയും ഏകോപനത്തോടെയുമുള്ള പ്രവർത്തനം തനതുവരുമാനത്തിന്റെ പിരിവ് പുരോഗതിക്ക് നിർണ്ണായകമാണ്. ഇക്കാര്യത്തിലേക്ക് കൗൺസിലിന്റെ കാര്യക്ഷമമായ ഇടപെടൽ അടിയന്തിരമായി ഉണ്ടാകേണ്ടത് നഗരസഭയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ്. വസ്തുനികുതി, വാടക ഇനങ്ങളിലായി വൻതുക കുടിശിക നിലനില്ക്കുന്നതായി കാണുന്നു. കുത്തകലേലമുൾപ്പെടെയാണ് വിവിധ വരവിനങ്ങളുടെ കുടിശ്ശികയായി ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2022-23-ലെ വാടക രജിസ്റ്റർ പ്രകാരം 10 ലക്ഷത്തിലധികം രൂപ കുടിശിക നിലനില്ക്കുന്നു. കൂടാതെ വാടക നിശ്ചയിക്കാത്ത മുറികൾ, ഒഴിഞ്ഞു കിടക്കുന്ന മുറികൾ എന്നിവയിലൂടെ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വാടകവരുമാനം എന്നിവകൂടി കണക്കാക്കിയാൽ നഗരസഭയ്ക്ക് വൻ നഷ്ടം സംഭവിക്കുന്നതായി കാണാവുന്നതാണ്. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ബസ് സ്റ്റാന്റുകൾ, കംഫർട്ട് സ്റ്റേഷനുകൾ എന്നിങ്ങനെ നഗരസഭയുടെ ആസ്തികളിൽ നിന്ന് പരമാവധി വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നഗരസഭാ കൗൺസിൽ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിലവിൽ നികുതിവിധേയമാകാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സേവനങ്ങൾ, മറ്റ് തൊഴിൽ സംരംഭങ്ങൾ, പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെട്ടുള്ള സംരംഭങ്ങൾ എന്നിവയെക്കൂടി നഗരസഭയ്ക്ക് വരുമാനം ലഭ്യമാകുന്നവിധം പരിഗണിക്കേണ്ടതാണ്. തനത് വിഭവസമാഹരണത്തിലൂടെ മാത്രമെ വർദ്ധിച്ചുവരുന്ന ചുമതലകൾ നിറവേറ്റുവാനുള്ള പണം കണ്ടെത്താൻ നഗരസഭയ്ക്ക് സാധിക്കുകയുള്ളൂ.

നികുതി പിരിവിൽ സർക്കാർ നിശ്ചയിച്ച പരിധിയായ 90% മുൻവർഷം കൈവരിക്കാതിരുന്നതിനാൽ തൻവർഷം 303850 രൂപ വികസന ഫണ്ടിൽ കുറവു വന്നിട്ടുണ്ട്. വീഴ്ച ആവർത്തിച്ചതിനാൽ തുടർന്നുള്ള വർഷവും ഈ നഷ്ടം സംഭവിക്കും.

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവു പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടില്ല. മരാമത്ത് പ്രവൃത്തികളിലുൾപ്പെടെ സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പല പ്രോജക്ടുകളും നടപ്പാക്കിയില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും ശ്രദ്ധ പുലർത്തുന്നതായി കാണുന്നു. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമല്ലയെന്നാണ് മേൽ സൂചിപ്പിച്ചവ വ്യക്തമാക്കുന്നത്. ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി/ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/തീയതി | |
|---|---|---|---|---|

| | | |
|---|---|---|
| | | |
| പെർഫോമൻസ് ഓഡിറ്റ് | 2013-2014 മുതൽ 2018-2019<br>04.10.2019, 05.10.2019, 09.10.2019 | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2017-18 – 07.08.2019<br>2018-19 – 30.08.2019 | LBA(HQ)II, 1/8A<br>50/2019-20 /390/26.09.2023 |

## 1-11 നഗരസഭയുടെ വാർഷിക കണക്കുകളിലെ അപാകതകൾ - വർഷങ്ങളായി പരിഹരിക്കപ്പെടുന്നില്ല

ഫയൽ നം.: A1-5145/19

നഗരസഭയുടെ വാർഷികകണക്കുകൾ തയാറാക്കുന്നതിന് '**സീ ബൾബ്**' എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഷികകണക്കുകളിൽ നിരവധി അപാകതകൾ വർഷങ്ങളായി തുടരുന്നു. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റെക്കൺസിലിയേഷൻ പത്രികകളിലെ അപാകതകൾ പരിഹരിക്കപ്പെടാതെ തുടരുന്നു. വാർഷിക കണക്കുകളിലെ അപാകതകൾ ഓഡിറ്റ് യഥാസമയം ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും അവ പരിഹരിക്കാതെ തെറ്റായ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. വാർഷിക കണക്കുകൾ തയാറാക്കുന്നതിന് '**സീ ബൾബ്**' നിയമിച്ചിട്ടുള്ള ജീവനക്കാരിക്ക് 2022-23 വർഷം മാത്രം ₹87,425 വേതനമായി നൽകിയിട്ടുണ്ട്.

വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ നാളിതുവരെ സ്വീകരിക്കാതെ കണക്കുകൾ തയ്യാറാക്കുന്നതിന് വേണ്ടി വേതനമിനത്തിൽ തുക ചെലവഴിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.81/23.11.2023) മറുപടി നല്കിയില്ല. വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-12 സ്ഥിര നിക്ഷേപം- വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഷെഡ്യൂൾ B-12 പ്രകാരം ഇക്വിറ്റി ഷെയേഴ്സ് ഇനത്തിൽ 1,50,000 രൂപ നിക്ഷേപമുള്ളതായി കാണുന്നു. കൂടാതെ ഷെഡ്യൂൾ B-13 പ്രകാരം 1,78,71,550 രൂപയും നിക്ഷേപമുള്ളതായി കാണുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം മറ്റ് ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് തുകകളാണ് ഇപ്രകാരം ചെലവഴിക്കാതെ ശേഷിക്കുന്നത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഇനം** | **തുക (₹)** |
|---|---|
| എസ്.എസ്.എ | 18,10,658(Balance As On 17.2.2023 |
| സ്ളോട്ടർ ഹൌസ് | 87,61,958 (Balance As On 19.10.2023) |
| സ്ളോട്ടർ ഹൌസ് | 83,21,189 (Balance As On 19.10.2023) |
| **ആകെ** | 1,88,93,805 |

മറ്റ് ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ നിക്ഷേപമാക്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.06/2022-23/25.09.2023) മറുപടിയിൽ, മേൽ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ കൌൺസിൽ ആവശ്യപ്പെടുന്നതിന് വിധേയമായി

ചെലവഴിക്കുന്നതാണ് എന്ന് മറുപടി നൽകി. വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച മേൽ തുകകൾ കൗൺസിലിന് യഥേഷ്ടം ചെലവഴിക്കാവുന്നതല്ല. അനുവദിച്ച പ്രവൃത്തികൾക്കായി ചെലവഴിക്കുന്നില്ലായെങ്കിൽ തിരികെ സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. അല്ലായെങ്കിൽ സർക്കാർ അനുമതി വാങ്ങി മാത്രം മറ്റുവിധത്തിൽ വിനിയോഗിക്കേണ്ടതാണ്. കൂടാതെ വാർഷിക കണക്ക് പ്രകാരമുള്ള വർഷാവസാന നീക്കിയിരിപ്പ് തുകകൾ സംബന്ധിച്ച വിവരങ്ങൾ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1- 13 വസ്തുനികുതി- വൻ കുടിശ്ശിക അവശേഷിക്കുന്നു

ചങ്ങനാശ്ശേരി നഗരസഭയുടെ 2022-23 വർഷത്തെ വാർഷികധനകാര്യപത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിനത്തിൽ ₹4,14,79,423 കുടിശ്ശികയുള്ളതായി കാണുന്നു. തുടർ നടപടികൾ സ്വീകരിച്ച് നഗരസഭയുടെ പ്രധാന വരുമാനമാർഗമായ വസ്തുനികുതിയുടെ കുടിശ്ശിക ഈടാക്കേണ്ടതാണ്.

<u>മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക</u>

സഞ്ചയയിൽ വസ്തു നികുതി വിവരങ്ങൾ പരിശോധിച്ചതിൽ, നഗരസഭാ പരിധിയിലുള്ള 24 മൊബൈൽ ടവറുകളിൽ 16 എണ്ണത്തിന്റെയും വസ്തു നികുതി ചുവടെ ചേർക്കും പ്രകാരം നാളിതുവരെ കുടിശ്ശികയാണെന്നു കാണുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിടം നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | നികുതി കുടിശ്ശികയായ വർഷം | സഞ്ചയ പ്രകാരം കുടിശ്ശിക (₹) |
|---|---|---|---|---|
| 1 | 21/179/3 | ബി.എസ്.എൻ.എൽ | 2018-19 | 1,11,807 |
| 2 | 4/430/1 | ഇൻഡസ് ടവർ ലിമിറ്റഡ് | 2017-18 | 93,345 |
| 3 | 5/405 | ബി.എസ്.എൻ.എൽ, ജനറൽ മാനേജർ | 2013-14 | 81,300 |
| 4 | 9/147/1 | റിലയൻസ് ജിയോ | 2013-14 | 13,869 |
| 5 | 9/235/2 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2017-18 | 53,430 |
| 6 | 12/689/1 | ഡിഷ് നെറ്റ് വയർലെസ് ലിമിറ്റഡ് | 2013-14 | 1,53,167 |
| 7 | 13/605/1 | ബി.എസ്.എൻ.എൽ, ഡിവിഷണൽ മാനേജർ | 2013-14 | 1,45,862 |
| 8 | 16/332 | ജോർജ്ജ് തോമസ് | 2015-16 | 96,335 |
| 9 | 21/87/1 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2013-14 | 1,61,430 |
| 10 | 21/418/1 | റിലയൻസ് ഇൻഫോടെൽ ലിമിറ്റഡ് | 2013-14 | 1,11,716 |
| 11 | 23/123/A | ഇൻഡസ് ടവർ ലിമിറ്റഡ് | 2013-14 | 2,50,898 |
| 12 | 26/346/2C | റിലയൻസ് | 2013-14 | 1,19,265 |
| 13 | 28/475/A | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2013-14 | 2,70,833 |
| 14 | 29/196/3 | അസന്റ്-ടെലികോം | 2019-20 | 26,135 |

| | | | | |
|---|---|---|---|---|
| | | ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | | |
| 15 | 33/356 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2013-14 | 1,75,140 |
| 16 | 34/398/1 | ടവർ വിഷൻ ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് | 2013-14 | 1,65,667 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച സർക്കുലർ നം. ആർ.ഡി.3/94/2020 ത.സ്വ.ഭ.വ തീയതി, 26.02.2022 പ്രകാരം മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണ്ണം, ജനറേറ്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തറവിസ്തീർണ്ണം, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ തറവിസ്തീർണ്ണം എന്നിവ കണക്കിലെടുത്ത് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഉദാഹരണത്തിന് 9/147/1, 29/196/3 എന്നീ കെട്ടിടനമ്പരുകളുള്ള ടവറുകളുടെ തറവിസ്തീർണ്ണം യഥാക്രമം 2ച.മീ, 7.5ച.മീ എന്നാണ് സഞ്ചയയിൽ ചേർത്തിരിക്കുന്നത്. ഓരോ ടവറിന്റെയും തറവിസ്തീർണ്ണത്തിന്റെ കൃത്യതയും നഗരസഭാ പരിധിയിൽ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ലെന്നും ഉറപ്പുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ മൊബൈൽ ടവറുകളുടെ കുടിശ്ശിക പിരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.73/23.11.2023 ) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി- റോഡുകളുടെ വിവരങ്ങൾ സഞ്ചയയിലെ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാനവസ്തുനികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും നൽകുന്നതിനായി ചട്ടം 8 പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തിനകത്തുള്ളതോ, പ്രദേശത്തുകൂടി കടന്നു പോകുന്നതോ ആയ റോഡുകളെയും നടപ്പാതകളെയും അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ, അഞ്ചു മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ, ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള നടപ്പാതകൾ എന്നിങ്ങനെ തരംതിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാപരിധിയിലുള്ള റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്ന സഞ്ചയയിലെ റോഡ് മാസ്റ്റർ പരിശോധിച്ചതിൽ, ഒരു റോഡിന്റെ (എം.സി റോഡ്) വിവരം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നഗരസഭാപരിധിയിലുള്ള എല്ലാ റോഡുകളുടെയും വിശദാംശങ്ങൾ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

2022-23 വർഷം വിമുക്തഭടൻമാരുടെ താമസത്തിനായി ഉപയോഗിക്കുന്ന വീടുകൾക്ക് വസ്തുനികുതി ഇളവ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1) വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകുമ്പോൾ 2000 ചതുരശ്രഅടിയിൽ (185ചതുരശ്ര മീറ്റർ) കൂടുതലായി വരുന്ന തറവിസ്തീർണ്ണത്തിന് വസ്തുനികുതി ഈടാക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2000 ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകൾക്ക് നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ, സഞ്ചയ എന്നിവ പരിശോധിച്ചതിൽ അധികരിച്ച ഭാഗത്തിന് നിയമാനുസൃതം ഈടാക്കേണ്ട നികുതി ഫയലിൽ നിർണയിച്ചിട്ടുള്ളതായും സഞ്ചയയിൽ ഡിമാന്റിൽ അധികരിച്ച് ഇളവ് രേഖപ്പെടുത്തി അടയ്ക്കാനുള്ള ഡിമാന്റ് തുക നെഗറ്റീവ് തുകയായും സഞ്ചയയിലെ ബാലൻസ് വിവരങ്ങളിൽ നികുതി കുടിശ്ശിക ഇല്ലെന്നും നികുതി തുക കഴിച്ച് അധികം തുക അടച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഫയൽ പ്രകാരം | സഞ്ചയ |
|---|---|---|

| നം. | ഫയൽ നം. | വാർഡ് നം./കെട്ടിടം നം. | തറവിസ്തീർണ്ണം (ച.മീ.) | അധികരിച്ച ഭാഗത്തിന് ഈടാക്കേണ്ട അടിസ്ഥാന വാർഷിക വസ്തുനികുതി | പ്രകാരം ഡിമാന്റ് (ലൈബ്രറി സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | R2-3603/22 | 28/340 | 260 | 900 | -1771 |
| 2 | R2-4908/22 | 28/406 | 253.19 | 818 | -1551 |
| 3 | R2-2791/22 | 27/76 | 246 | രേഖപ്പെടുത്തിയിട്ടില്ല | -1558 |
| 4 | R2-4227/22 | 22/222 | 273.79 | 1066 | 0 |

ഇത് സംബന്ധിച്ച് വിശദീകരണവും വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകിയപ്പോൾ 185 ചതുരശ്ര മീറ്ററിൽ അധികരിച്ച ഭാഗത്തിന് 2022-23 വർഷം നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

2) ജെ.എം.ടോംകിൻസ് എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള 30/184-ം നമ്പർ കെട്ടിടത്തിന് നികുതി ഇളവ് നൽകിയതുമായി ബന്ധപ്പെട്ട ഫയലിൽ (ഫയൽ നം.R2/3153/22) കെട്ടിടത്തിന് 2000 ചതുരശ്ര അടിയിൽ അധികം വിസ്തീർണ്ണമുള്ളതിനാൽ അധികരിച്ച തറവിസ്തീർണ്ണത്തിന് നികുതി അടപ്പിക്കാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അധിക തറവിസ്തീർണ്ണത്തിന്റെ നികുതി നിർണയിക്കുകയും ചെയ്തിട്ടില്ല. സഞ്ചയ പ്രകാരം ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 140 ചതുരശ്ര മീറ്റർ എന്നും 2022-23 ലെ ഡിമാന്റ് ചെയ്ത വാർഷിക നികുതി ₹5,850യുമാണ്. ടി തുക മുഴുവൻ ഇളവായി രേഖപ്പെടുത്തി ഡിമാന്റ് '0' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നികുതി ഇളവ് നൽകിയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകുമ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം അധികരിച്ച തറവിസ്തീർണ്ണത്തിന് വസ്തുനികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.103/06.12.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-16 യു.എ.നമ്പർ നൽകി വസ്തുനികുതി നിർണയിച്ച കെട്ടിടങ്ങളുടെ നികുതി ഈടാക്കിയിട്ടില്ല.**

ചങ്ങനാശ്ശേരി നഗരസഭയിലെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയ രജിസ്റ്റർ സഞ്ചയയിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ നികുതി 2022-23 വർഷം ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **വാർഡ് നം./കെട്ടിട നം.** | **ഉപയോഗക്രമം** | **നിർമ്മാണം പൂർത്തിയാക്കിയ തീയതി** | **കെട്ടിടത്തിന് ചുമത്തിയ യു.എ നികുതി (₹)** |
|---|---|---|---|---|
| 1 | 4/UA474/1 | പാർപ്പിടം | 01/04/2016 | 1,695 |
| 2 | 4/617/1UA | ആശുപത്രി | 15/01/2015 | 47,403 |
| 3 | 5/145/3BUA | വാണിജ്യം | 01/10/2019 | 41,931 |
| 4 | 7/106/1UA | വാണിജ്യം | 27/05/2020 | 19,089 |

| | | | | |
|---|---|---|---|---|
| 5 | 7/UA112/2 | വാണിജ്യം | 01/10/2022 | 3,834 |
| 6 | 8/UA27 | വാണിജ്യം | 01/04/2017 | 81,918 |
| 7 | 8/UA28 | പാർപ്പിടം | 04/08/2022 | 4,599 |
| 8 | 10/UA355 | പാർപ്പിടം | 01/10/2016 | 4,695 |
| 9 | 14/UA751 | വിദ്യാഭ്യാസാവശ്യം | 01/04/2016 | 5,661 |
| 10 | 14/UA752 | വിദ്യാഭ്യാസാവശ്യം | 01/04/2016 | 33,681 |
| 11 | 14/UA753 | വിദ്യാഭ്യാസാവശ്യം | 01/04/2016 | 5,400 |
| 12 | 21/UA179/2 | വാണിജ്യം | 01/10/2022 | 34,989 |
| 13 | 21/179/3 | മൊബൈൽ ടെലഫോൺ ടവർ | 01/04/2018 | 24,390 |
| 14 | 21/UA386/14 | പാർപ്പിടം | 30/10/2018 | 2,304 |
| 15 | 29/UA1/UA | പാർപ്പിടം | 28/12/2017 | 8,787 |
| 16 | 30/UA233 | അസംബ്ലി കെട്ടിടം | 01/04/2019 | 2,57,754 |
| 17 | 31/UA1 | പാർപ്പിടം | 05/04/2022 | 5,796 |
| 18 | 32/UA2 | പാർപ്പിടം | 30/08/2020 | 6,825 |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയ തീയതി മുതൽ നാളിതുവരെ യു.എ പ്രകാരമുള്ള വസ്തുനികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച്, നഗരസഭാ പരിധിയിൽ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മാണം നടത്തിയിട്ടില്ലെന്ന്/ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-17 ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2022-23 വർഷം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കിയപ്പോഴും സ.ഉ (എം.എസ്) നം.231 /15/ ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975-ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 വസ്തുനികുതി പിരിവ്-സഞ്ചയയിൽ രസീതിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

നഗരസഭയിൽ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ, മുൻവർഷങ്ങളിലേതുൾപ്പെടെ രസീത് പ്രകാരം പിരിച്ചെടുത്ത തുകകൾ സഞ്ചയയിൽ അപ്രൂവൽ സ്റ്റാറ്റസിൽ Data Entry Ongoing എന്നും, പോസ്റ്റിംഗ് സ്റ്റാറ്റസിൽ Not Posted എന്നും രേഖപ്പെടുത്തി കാണുന്നു. ഇപ്രകാരമുള്ള തുക സഞ്ചയയിലെ കളക്ഷൻ തുകയിൽ ഉൾപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം. | Not Posted എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയവ | | | |
|---|---|---|---|---|---|
| | | തുക | ബുക്ക് നം. | രസീത് നം. | തീയതി |
| 1 | 5/9 | 10543/- | 60 | 5969 | 30.8.2018 |

| | | | | | |
|---|---|---|---|---|---|
| 2 | 37/33 | 406/- | 723 | 72204 | 17.11.23 |
| 3 | 5/9 | 10040/- | 170 | 16932 | 13.7.2017 |
| 4 | 29/90 | 353/- | 198 | 19720 | 20.03.2019 |
| 5 | 13/94 | 5950/- | 60 | 5918 | 13.08.2018 |
| 6 | 9/222 | 2761/- | 225 | 22439 | 1.1.2018 |
| 7 | 5/21 | 7752/- | 170 | 16956 | 18.09.2017 |
| 8 | 5/7 | 1021/- | 212 | 21170 | 15.12.2017 |

പിരിച്ചെടുക്കുന്ന തുക യഥാസമയം പോസ്റ്റ് ചെയ്യുന്നില്ല എന്നതാണ് മേൽ വസ്തുതകൾ വെളിവാക്കുന്നത്. മാനുവൽ രസീത് പ്രകാരം പിരിക്കുന്ന തുകകൾ അതാത് ദിവസം തന്നെ പോസ്റ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ട ചുമതല നിർവഹിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. ഇപ്രകാരം പോസ്റ്റിംഗ് പൂർണ്ണമായി നടത്താത്തതിനാൽ സഞ്ചയകണക്കുകൾ ആധികാരികമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് മേൽനോട്ടച്ചുമതലയുള്ള റവന്യൂ വിഭാഗം ജീവനക്കാരുടെ വിശദീകരണം ഉണ്ടാകേണ്ടതാണ്.

**1-19 വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല**

(1) ചുവടെ ചേർക്കുന്ന വാർഡുകളിലെ വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട കുടിശ്ശിക വന്ന വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | ഒന്നും രണ്ടും അർദ്ധവർഷ നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ എണ്ണം | രണ്ടാം അർദ്ധ വർഷം നികുതി ഒടുക്കാനുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 3 | 7 |
| 2 | 3 | 2 |
| 3 | 20 | 7 |
| 4 | 97 | 15 |
| 5 | 18 | 3 |
| 33 | 16 | 9 |
| 34 | 3 | 5 |
| 13 | 165 | 105 |
| 31 | 18 | 1 |
| 10 | 1 | - |

| | | |
|---|---|---|
| 16 | 1 | - |
| 17 | 4 | 2 |
| 18 | - | - |
| 9 | 9 | 9 |
| 7 | 4 | 2 |
| 8 | 10 | 1 |
| 6 | 5 | 2 |
| 30 | 355 | 3 |
| 14 | 39 | 8 |
| 20 | 30 | 1 |
| 21 | 13 | 2 |
| 22 | 2 | - |
| 29 | 39 | 28 |
| 30 | 10 | 32 |
| 28 | 1 | 1 |
| 15 | - | 2 |
| 19 | - | 3 |
| 20 | 2 | 4 |
| 24 | - | 1 |
| 23 | - | 2 |
| 11 | 1 | 1 |
| 12 | 3 | 2 |
| 15 | 1 | 1 |
| 36 | 1 | - |
| 37 | 4 | - |
| 26 | 3 | - |
| 27 | 1 | - |

(2) വാർഡ് 14-ൽ 17 കടകൾ പൂട്ടികിടക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇവ പ്രവർത്തനം അവസാനിപ്പിച്ചതാണോയെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) വാർഡ് 29-ൽ ക്രമ നം.188 മുതൽ 195 വരെയുള്ള വ്യാപാര സ്ഥാപനങ്ങളുടെ നികുതി ഒന്നാം അർദ്ധവർഷം അടവാക്കിയതായി രേഖപ്പെടുത്താതെ രണ്ടാം അർദ്ധവർഷം അടവാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ, വാർഡ് 30-ൽ ക്രമ നം.287, 290, 293, 294, 295, 299, 301, 302, 303, 304, 305, 310, 311, 312 വാർഡ് 12-ൽ ക്രമ നം.54, 56, 49, 50, 40 എന്നിങ്ങനെ വിവിധ വാർഡുകളിൽ ഒന്നാം അർദ്ധവർഷം തുക അടവാക്കാതെ രണ്ടാം അർദ്ധവർഷം അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

(4) വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഓരോ വാർഡിലെയും രേഖപ്പെടുത്തലുകൾ പരിശോധിച്ച് എല്ലാ വ്യാപാരസ്ഥാപനങ്ങളെയും രജിസ്റ്ററിൽ അതാത് വാർഡുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ സൂചിത അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.112/14.12.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിത അപാകതകൾക്കുള്ള കൃത്യമായ മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക തുകകൾ ഈടാക്കി

ഓഡിറ്റിൽ അറിയിക്കാത്ത പക്ഷം റവന്യൂസെക്ഷനിലെ ജീവനക്കാരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-20 വാടക- വൻകുടിശ്ശികയും മറ്റ് അപാകതകളും

2022-23 ലെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

1. വാടക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.

3.വാടക രജിസ്റ്ററിൽ സെക്ഷൻ ക്ലാർക്കിന്റെ രേഖപ്പെടുത്തലുകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന കടമുറികളുടെ വാടക ഇനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമനമ്പർ | ഫയൽനം/റൂം നമ്പർ | വാടക ലൈസൻസിയുടെ പേര് | കുടിശ്ശികയുടെ കാലയളവ് | കുടിശ്ശിക വാടക | റിമാർക്സ് |
|---|---|---|---|---|---|
| മുനിസിപ്പൽ ആർക്കേഡ് | | | | | |
| 1 | 14/R6-3959/86 | L.V.അനിത, ളാഹയിൽ വീട് | 03/2023 | 3946 | |

| | | | | | |
|---|---|---|---|---|---|
| 2 | 20/R6-3967/86 | M.ഷംസുദ്ദീൻ, കോട്ടയ്ക്കൽ | 03/2023 | 2748 | |
| 3 | 21/R6-3964/86 | P.Aഅമ്പി, ഓവേലിൽ പുത്തൻവീട് | 01/23-03/23 | 3X3175 =9525 | |
| 4 | 34/R6-3972/86 | പദ്മ വി.കുമാർ, ഷൺമുഖവിലാസം | 04/22 - 03/23 | 97344 | R.R. നടത്തിയതായി പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. RR നടപടികളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ് |
| ROOMS UNDER RAMP – MUNICIPAL ARCADE | | | | | |
| 5 | 1/R6-629/90 | റഹ്മാൻ എം.എ മധുരവീട്. | 03/23 | 684 | |
| 6 | 5/R6-6372/87 | റഹ്മാൻ.എം.എ മധുരവീട്. | 02/23 - 03/23 | 1368 | |
| നമ്പർ 1 ബസ് സ്റ്റാന്റ് ബങ്ക് | | | | | |
| 7 | 8 | ഗോപകുമാർ.ജി, കൊച്ചുപറമ്പിൽ | 08/22 - 03/23 | 11520 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| നമ്പർ 1 ബസ് സ്റ്റാന്റ് പുതിയ ബങ്ക് | | | | | |
| 8 | 5 | രാജേഷ് കെ.എസ്. | 09/22 - 03/23 | 15120 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| നമ്പർ 2 സ്റ്റാന്റ് ബങ്ക് | | | | | |
| 9 | 8/R6-5797 /92(4) | എം.സി. ആന്റണി | 12/22 - 03/23 | 4612 | |
| 10 | 9/R6-7960/04 | ഇ.വി. സുബ്രഹ്മണ്യൻ | 04/22 - 03/23 | 13836 | വികലാംഗൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 11 | 13/R6-5632 /89(2) | തങ്കമണി മോഹൻദാസ്, പുഴവാത്. | 01/23 - 03/23 | 3459 | |
| 12 | 15/R6-9645/08 | നോബിൾ സി.സഖറിയ, കണ്ണമ്പള്ളി. | 03/23 | 1153 | |
| 13 | 16/R6-7961/18 | വി.എം.തക്കുമുദ്ദീൻ, വരയാട്ട് പറമ്പിൽ | 03/23 | 1153 | |
| 14 | 38/R6-9653/05 | എം.ജി. വസന്തകുമാർ, കല്ലുവെട്ടാംകുഴി | 03/23 | 311 | |
| ലൈബ്രറി ബിൽഡിംഗ് | | | | | |
| 15 | 3 | ഡെപ്യൂട്ടി ഡവലപ്മെന്റ് ഓഫീസ്, റബർ ബോർഡ് | 04/22 - 03/23 | 12X19855= 238260 | |
| മിനി ഷോപ്പിംഗ് സെന്റർ, സ്റ്റേഡിയത്തിന്റെ അടുത്ത് | | | | | |

| | | | | | |
|---|---|---|---|---|---|
| 16 | 3/R6-8294 /96(11) | പി.സജീവ്, വൈക്കത്ത്‌വീട് | 03/23 | 3732 | |
| 17 | 4/R6-8242/07 | അസി.മാനേജർ, ഹോർട്ടികോർപ്സ് | 04/22 - 03/23 | 4975X12= 59700 | |
| 18 | 5/R6-8294 /96(11) | V.J.ജോർജ്ജുകുട്ടി, വാഴയിൽ. | 03/23 | 5394 | |
| SHOP CUM OFFICE, VANDIPETTA G.F. | | | | | |
| 19 | 5/R6-1627/03 | K രാമചന്ദ്രൻ, കുന്നത്ത് പറമ്പ് | 11/22 - 03/23 | 2151X5= 10755 | |
| SHOP CUM OFFICE, VANDIPETTA (F.F.) | | | | | |
| 20 | 4 | T.N. സുകുമാരൻ, ബി.എം.എസ്. ഓഫീസ്. | 04/22 - 03/23 | 9504 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 21 | 5/R6-8081/07 | കിച്ചു സേവ്യർ | 04/22 - 03/23 | 12096 | |
| 22 | 6/R6-9804/02 | കെ.പി.എം.എസ്, ചങ്ങനാശ്ശേരി | 01/23 - 03/23 | 2244 | |
| No.2 STAND SHOP | | | | | |
| 23 | 1/R6-6600/04(1) | ലൈസാമ്മ അഗസ്റ്റിൻ, വാണിയപ്പുരയ്ക്കൽ | 03/23 | 6072 | |
| 24 | 2/R6-6600 /04(2) | ക്രിസ്റ്റി അഗസ്റ്റിൻ, വാണിയപ്പുരയ്ക്കൽ | 03/23 | 4000 | |
| 25 | 1/2/R6-9586/07 | സജീവ് റഷീദി, സാജ് കോട്ടേജ് | 04/22 - 03/23 | 5971X12= 71652 | |
| STADIUM PAVILION | | | | | |
| 26 | 1/R6-10480/07 | മണ്ണ് സംരക്ഷണ വകുപ്പ് ഓഫീസ് | - | - | രജിസ്റ്ററിൽ വാടക വിവരങ്ങൾ ചേർത്തിട്ടില്ല. |
| 27 | 2/R6-10480/07 | CDPO ICDS OFFICE | | | രജിസ്റ്ററിൽ വാടക വിവരങ്ങൾ ചേർത്തിട്ടില്ല. |
| 28 | 3/R6-7249/07 | P V പുഷ്പൻ, സെക്രട്ടറി, ടൌൺ ക്ലബ്ബ് | 01/23 - 03/23 | 216X3= 648 | |
| 29 | 4/R6-10480/07 | FIELD OFFICER, AGRICULTURE OFFICE | | | കൈമാറി കിട്ടിയ സ്ഥാപനമായതിനാൽ വാടക ഒഴിവാക്കി എന്ന് മറുപടി ലഭിച്ചു. പ്രസ്തുത വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| 30 | 6 | മാവേലിസ്റ്റോർ, ഡിപ്പോമാനേജർ, ചങ്ങനാശ്ശേരി | 04/22 - 03/23 | 69120 | മുൻ വാടക കുടിശ്ശിക ചേർത്തിട്ടില്ല. |
| STADIUM GALLERY SHOPPING COMPLEX | | | | | |
| 31 | 6/R6-6724/05 | ശാലിനി.സി, തോപ്പിൽ | 03/23 | 750 | |

| | | | | | |
|---|---|---|---|---|---|
| 32 | 12/R6-1459/92 | മുഹമ്മദ് രാജ. | 02/23& 03/23 | 139X2= 278 | |
| 33 | 13/R6-736/89 | ശ്രീകുമാർ | 04/22 - 03/23 | 605X12= 7260 | |
| 34 | 19/R6-2353/98 | A.R.ശശികല, മണിമൂലയിൽ | 04/22 - 03/23 | 265X12= 3180 | |
| 35 | 20/R6-2443/97 | T S ചാക്കോ | 04/22 - 03/23 | 167X12= 2004 | മുൻ വാടക കുടിശ്ശിക ചേർത്തിട്ടില്ല. |
| 36 | 29/R6-2757/92 | M O ജോസഫ് | 04/22 - 03/23 | 67X12= 804 | |
| 37 | 30/R6-8944/98 | T D മണി | 11/22 - 03/23 | 88X5= 440 | |
| 38 | 32/R6-8768/97 | K K നൌഷാദ് | 11/22 - 03/23 | 88X5= 440 | |
| 39 | 33/R6-8944/98 | അഷ്റഫ് | 04/22,09/22- 03/23 | 775X8= 6200 | |
| 40 | 35/R6-8188/97 | ബിജു.പി.എസ്, കൊല്ലംപറമ്പിൽ | 04/22 - 03/23 | 533X12= 6396 | |
| 41 | 36/R6-10726/97 | K ഗോപി | 06/22 - 03/23 | 80X10= 800 | |
| 42 | 37/R6-2138/92 | P K മോഹനൻ | 04/22 - 03/23 | 116X12= 1392 | |
| 43 | 38/R6-2757/92 | വർഗീസ് ആന്റണി | 04/22 - 03/23 | 116X12= 1392 | |
| 44 | 39/R6-4947/01 | പ്രസാദ് കക്കാട്ട് | 02/23 - 03/23 | 525X2= 1050 | |
| VEGETABLE MARKET | | | | | |
| 45 | 2/R6- | വർഗീസ് ജോസഫ് | 03/23 | 950 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 46 | 4/R6-8531/14 | അലക്സ് ജോസഫ് കൊച്ചുകിഴക്കേകടവിൽ | 04/22 - 03/23 | 1944X12= 23328 | മുൻ കുടിശ്ശിക ചേർത്തിട്ടില്ല. |
| FISH MARKET | | | | | |
| 47 | 3/R6-341/92 | അൻസി മനോജ് വള്ളിക്കാട്ട് | 12/22 - 03/23 | 829X4= 3316 | |
| VEZHAKKAT SHOPPING COMPLEX OLD | | | | | |
| 48 | 4/R6-1627/03 | സുമ തങ്കപ്പൻ, കോട്ടപ്പുറത്ത് പുരയിടം | 11/22 - 03/23 | 3732X5= 18660 | |
| 49 | 5/R6-1627/03 | അക്കാമ്മ ജോൺ പടിഞ്ഞാറേക്കളം | 03/23 | 3732 | |
| 50 | 6/R6-1627/03 | അക്കാമ്മ ജോൺ പടിഞ്ഞാറേക്കളം | 03/23 | 3732 | |
| 51 | 12 | വിനോദ് വി. ആർ | 01/23 - | 972X3= | ഫയൽ നമ്പർ |

| | | | | | |
|---|---|---|---|---|---|
| | | | 03/23 | 2916 | രേഖപ്പെടുത്തിയിട്ടില്ല. |
| NEW VEGETABLE MARKET | | | | | |
| 52 | 7 | സിബി ദേവസ്യ | 03/23 | 1440 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 53 | 12 | ജോണിച്ചൻ മാത്യു | 06/22 - 03/23 | 1080X10= 10800 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| FISH MARKET WHOLE SALE SHOP | | | | | |
| 54 | 6 | മനോജ് E S | 12/22 - 03/23 | 5040X4= 20160 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 55 | 7 | മനോജ് E S | 06/22 - 03/23 | 5040X10= 50400 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| FISH MARKET RETAIL SHOP | | | | | |
| 56 | 7 | K J ബാബു, കോടിക്കൽ | 04/22 - 03/23 | 1440X12= 17280 | മുൻ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. |
| 57 | 20 | ജിജി വിൽസൺ, ഇടശ്ശേരിപറമ്പിൽ | 04/22 - 03/23 | 1440X12= 17280 | മുൻ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. |
| 58 | 28 | റഹിം.P.K, കൊച്ചപുരയ്ക്കൽ | 01/23 - 03/23 | 1440X3= 4320 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 59 | 30 | സെബാസ്റ്റ്യൻ ജോസഫ് | 09/22-03/23 | 1440X7= 10080 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 60 | 34 | സോണി ജോസഫ്, കറുകയിൽ | 03/23 | 2000 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 61 | 35 | വർഗ്ഗീസ് മാത്യു | 04/22 - 03/23 | 1200X12= 14400 | മുൻ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. |
| 62 | 47 | ജോൺ സെബാസ്റ്റ്യൻ, ഇടശ്ശേരിപ്പറമ്പ് | 04/22 - 03/23 | 1440X12= 17280 | മുൻ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. |
| 63 | 48 | ഹസ്സൻകുഞ്ഞ്, വെട്ടിത്തുരുത്ത് | 04/22 - 03/23 | 1728X12= 20736 | മുൻ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. |
| DRY FISH STALL - RETAIL | | | | | |
| 64 | 5 | മനോജ് E S | 12/22 - 03/23 | 1440x4= 5760 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 65 | 6 | E.J.മനോജ്, ഇടശ്ശേരിപ്പറമ്പ് | 12/22 - 03/23 | 1200x4= 4800 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| DRY FISH STALL (F.F.) | | | | | |
| 66 | 1 | അൻസി മനോജ് | 12/22 - 03/23 | 1440x4= 5760 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 67 | 2 | മനോജ് E.J | 12/22 - 03/23 | 1440x4= 5760 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 68 | 3 | അൻസി മനോജ് | 12/22 - 03/23 | 1440x4= 5760 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| NO 1 BUS STAND BUNK SPACE | | | | | |
| 69 | 1 | P.A.ഇക്ബാൽ, അമാൻ | 03/23 | 2160 | ഫയൽ നമ്പർ |

| | | | | | |
|---|---|---|---|---|---|
| | | മൻസിൽ | | | രേഖപ്പെടുത്തിയിട്ടില്ല. |
| 70 | 2 | ഷമീർ സലിം | 10/22 - 03/23 | 720x6= 4320 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 71 | 4 | ഷൊറൻ ഷൈജു, പുതുപ്പറമ്പ്. | 02/23 - 03/23 | 720x2= 1440 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല . |
| SHOPPING CENTRE NEAR STADIUM | | | | | |
| 72 | 1/R6-2938/92 | ജെസ്സി ജോബ് | 02/23 - 03/23 | 4818x2= 9636 | |
| 73 | 2/R6-2938/92 | M T സനൽകുമാർ | 02/23 - 03/23 | 4334x2= 8668 | |
| 74 | 4/R6-859/12 | P.H.അഷ്റഫ്, പുതുപ്പറമ്പിൽ | 01/23 - 03/23 | 5184x3= 15552 | |
| GODOWN DRY FISH STALL | | | | | |
| 75 | 1 | E J മനോജ് | 12/22 - 03/23 | 2880x4= 11520 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| PRESS CLUB | | | | | |
| 76 | 1/R6-E1/18952/18 | സെക്രട്ടറി, അബ്ദുൾ ജലീൽ | 04/22 - 03/23 | 1200x12= 14400 | മുൻ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. |
| VEZHAKKATTUCHIRA SHOPPING COMPLEX(NEW) | | | | | |
| 77 | 15 | സൂരജ്.എ.തോമസ്സ്, പോളയ്ക്കൽ | 02/23 - 03/23 | 4000x2= 8000 | ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |

31-03-2023 വരെയുള്ള കുടിശികമാത്രം 10ലക്ഷം രൂപയിലധികമാണ്. മാത്രമല്ല പലമുറികളുടെയും വാടകവിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല. നാളിതുവരെയുള്ള കുടിശിക കണക്കാക്കുമ്പോൾ അതിഭീമമായ തുക നഗരസഭയുടെ നഷ്ടമായി നിലനില്ക്കുന്നതായി കാണുന്നു. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള അനാസ്ഥയാണ് ഇപ്രകാരം കുടിശ്ശിക നിലനില്ക്കുന്നതിന് കാരണം.

ക്രമ നം. 1 മുതൽ 3 വരെ ചേർത്തിട്ടുള്ള സുചിത അപാകതകൾക്ക് മറുപടിയും കുടിശ്ശിക വാടക കൃത്യമായി പിരിച്ചെടുക്കാത്തതിനുള്ള വിശദീകരണവും വാടക കൃത്യമായി അടവാക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അടിയന്തിരമായി അറിയിക്കേണ്ടതാണെന്നും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഹാജരാക്കേണ്ടതാണെന്നും കൂടാതെ ടി വാടകക്കാർ എല്ലാവരും നഗരസഭയുമായി കരാർ വച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും വാടകക്കാരിൽ നിന്നും വാടകയോടൊപ്പം 2022-23 വർഷം ഈടാക്കിയിട്ടുള്ള ജി.എസ്.റ്റി തുകയുടെ വിവരങ്ങളും, ആയത് സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങളും ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 45/2022-23, തീയതി, 14.11.2023) ലഭിച്ച മറുപടിയിൽ, പരാമർശം (1) ന്റെ മറുപടിയായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ മിക്കവയും വർഷങ്ങളോളം പഴക്കമുള്ളതും വർഷങ്ങൾക്ക് മുമ്പ് വാടകയ്ക്ക് നല്കിയിട്ടുള്ളതുമാണെന്നും അതാത് വർഷങ്ങളിൽ ലേലം ചെയ്തു നല്കുന്ന കടമുറികളുടെ ഡെപ്പോസിറ്റ് വിവരങ്ങൾ അതാത് വർഷങ്ങളിലെ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത്. വിവരങ്ങൾ കൃത്യമായി രേഖകൾ സഹിതം നല്കുന്നതിന് പകരം, രേഖപ്പെടുത്തിയിട്ടുണ്ട് എന്നരീതിയിൽ അവ്യക്തമായ മറുപടിയാണ് നല്കുന്നത്. രജിസ്റ്റർ ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അതാത് വർഷം ഉപയോഗിക്കുന്ന വാടക രജിസ്റ്ററിൽ കൂടി സെക്യൂരിറ്റി തുക രേഖപ്പെടുത്തേണ്ടതാണ്.

പരാമർശം 2, 3 എന്നിവയുടെ മറുപടിയിൽ, വാടക രജിസ്റ്ററിൽ സെക്ഷൻ ക്ലാർക്കിന്റെ രേഖപ്പെടുത്തൽ റവന്യൂ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നെങ്കിലും റവന്യൂ റിക്കവറി സംബന്ധിച്ച രേഖപ്പെടുത്തൽ മാത്രമാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. കൂടാതെ വാടക രജിസ്റ്ററിലെ പേജ് അടിസ്ഥാനത്തിലുള്ള ക്രോഡീകരിച്ച തുക, ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പേന ഉപയോഗിച്ച് രേഖപ്പെടുത്തേണ്ടതും

സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പരാമർശം (4) ന് ലഭിച്ച മറുപടിയിൽ, മാർച്ച് മാസത്തെ വാടക മിക്ക ലൈസൻസികളും ഏപ്രിൽ മാസത്തിൽ അടവാക്കിയിട്ടുള്ളതാണെന്ന് പറയുന്നു. എന്നാൽ ഏതൊക്കെ ലൈസൻസികളാണ് കുടിശ്ശികയില്ലാതെ വാടക അടച്ചിട്ടുള്ളത് എന്ന് മറുപടിയിൽ പരാമർശിക്കുന്നില്ല. മാത്രമല്ല ഓഡിറ്റിന് രജിസ്റ്റർ സമർപ്പിക്കുമ്പോൾ വരവുകൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ക്രമനമ്പർ 29-ൽ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനെ, കൈമാറി കിട്ടിയ സ്ഥാപനം എന്ന നിലയ്ക്ക് വാടക ഒഴിവാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

വാടകക്കാർ എല്ലാവരും നഗരസഭയുമായി കരാർ വച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും വാടകക്കാരിൽ നിന്നും വാടകയോടൊപ്പം 2022-23 വർഷം ഈടാക്കിയിട്ടുള്ള ജി.എസ്.റ്റി തുകയുടെ വിവരങ്ങളും, ആയത് സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങളും ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

**1-21 വാടക- ലൈസൻസികളുടെ എഗ്രിമെന്റ്, ഒഴിഞ്ഞ് കിടക്കുന്ന മുറികളുടെ ലേലം/പുനർ ലേലം- രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല**

1) വാടക രജിസ്റ്റർ പരിശോധിച്ചതു പ്രകാരം, താഴെപ്പറയുന്ന മുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.

| കെട്ടിടം | റൂം നം. |
|---|---|
| മുനിസിപ്പൽ ആർക്കേഡ് | 18, 29,3 0,31,35,37,40,41 |
| ബസ് ടെർമിനൽ, പെരുന്ന | 3,6,7,7എ, 8,9,10,12 |

| | |
|---|---|
| വേഴയ്ക്കാട്ട് ചിറ വുമൻസ് ട്രേഡ് സെന്റർ | 1,2,3,4,13 |
| ഫിഷ് മാർക്കറ്റ്, റീട്ടെയിൽ ഷോപ്പ് | 29,36,39,41,42 |
| വേഴയ്ക്കാട്ട് ഷോപ്പിംഗ് സെന്റർ(ന്യൂ) | 1,2 |

മേൽ സൂചിത മുറികൾ 2022-23 വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകാതിരുന്നതിന്റെ കാരണം (ഓരോ മുറിയുടെയും വിവരങ്ങൾ), ലേലം, പുനർലേലം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (ഫയലുകൾ സഹിതം), നിലവിലെ അവസ്ഥ (വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ) തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിന് നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.47/16.11.23) ലഭിച്ച മറുപടിയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുനിസിപ്പൽ ആർക്കേഡിലെ മുറികൾ ആർ6/10911/19 ഫയൽ പ്രകാരം പല പ്രാവശ്യം ലേലം, പുനർലേലം നടത്തിയിരുന്നതും ആരും ഏറ്റെടുക്കാത്തതിനെ തുടർന്ന് നിലവിലുള്ള ഡെപ്പോസിറ്റ് തുക കുറവ് ചെയ്ത് ലേലം, പുനർലേലം നടത്തിയിട്ടും ആരും ഏറ്റെടുത്തിട്ടില്ല എന്നും ഓഫറുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഒഴിഞ്ഞുകിടക്കുന്ന മുറികൾ കൌൺസിൽ തീരുമാന പ്രകാരം അനുവദിച്ച് വരുന്നതായും അറിയിച്ചു.

ബസ് ടെർമിനൽ പെരുന്നയിലെ റൂം നമ്പർ 9, 10 ഒഴികെയുള്ള മുറികൾ ലേലത്തിൽ പോയിട്ടുണ്ടെന്നും 9, 10 മുറികൾ ഡെപ്പോസിറ്റ് കുറവ് ചെയ്ത് ലേലം/പുനർലേലം നടത്തിയിട്ടും ആരും ഏറ്റെടുത്തിട്ടില്ല എന്നും ഓഫർ ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച് വരുന്നതായും അറിയിച്ചു.

റൂം നമ്പർ 3 മുനിസിപ്പൽ വനിതാ കോ. സൊസൈറ്റിയ്ക്ക് 08/23 ൽ നല്കിയിട്ടുണ്ടെന്നും റൂം നം. 6, 7, 7എ, 12 എന്നീ മുറികൾ ശ്രീമതി ദിവ്യ എന്നയാൾ ഏറ്റെടുത്ത് ഭാഗികമായി ഡെപ്പോസിറ്റ് ഒടുക്കിയിട്ടുള്ളതായി മറുപടിയിൽ പരാമർശിക്കുന്നു. കൂടാതെ ഫിഷ് മാർക്കറ്റിലെ റീട്ടെയിൽ ഷോപ്പുകൾ പലപ്രാവശ്യം ലേലം/പുനർലേലം നടത്തിയിട്ടും ആരും ഏറ്റെടുത്തിട്ടില്ല എന്നും വേഴയ്ക്കാട്ട് ഷോപ്പിംഗ് സെന്റർ ന്യൂ 1, 2 മുറികൾ സ്റ്റേഡിയം ബിൽഡിംഗിൽ നിന്നും മാവേലിസ്റ്റോർ ഒഴിപ്പിച്ചതിനെ തുടർന്ന് പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി 18/09/2023 ൽ അനുവദിച്ചിട്ടുള്ളതാണെന്നും മറുപടിയിൽ പരാമർശിക്കുന്നു.

മേൽ സൂചിത മറുപടികൾക്ക് അടിസ്ഥാനമായ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) താഴെ പേര് സൂചിപ്പിക്കുന്ന വാടക ലൈസൻസികളുടെ 2022-23 വർഷം ഉൾപ്പെടുന്ന വാടക എഗ്രിമെന്റ് ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി ( നം 47/16-11-2023) നല്കിയെങ്കിലും വാടക എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പേര് | റൂം നം./ഫയൽ നം. |
|---|---|---|
| മുനിസിപ്പൽ ആർക്കേഡ് | | |
| 1 | മനോജ് പി.ജി | 2/R6-3948/86 |
| 2 | കെ.എ.ഷമീർ | 4/ R6-2545/90 |
| 3 | ഷിജു എ.ഖാദർ, കുന്നന്താനം | 5/ലഭ്യമല്ല |
| 4 | പി.എ.അൻസാരി, ഓവേലിൽ | 10/ R6-3956/86 |
| 5 | സോണി ജോസഫ് | 12/R6-3969/86 |
| 6 | പ്രിൻസ് മാത്യു, പാലത്ര | 12A/ R6-6974/86 |
| 7 | എൽ.വി.അനിത, ഉാഹയിൽ വീട് | 14/ R6-3958/86 |

| | | |
|---|---|---|
| 8 | ജൂബിൻ ജോൺസൺ | 16/ലഭ്യമല്ല |
| 9 | അലക്സ് മാത്യൂ | 25/ലഭ്യമല്ല |
| 10 | കെ.വി.ഹരിലാൽ | 26/R6-8597/98 |
| 11 | വി.ഒ.മുഹമ്മദ് അലി | 27/ R6-5610/05 |
| 12 | ആന്റണി ഔസേഫ് | 32/ R6-3970/86 |
| 13 | സിബി തോമസ് | 33/ ലഭ്യമല്ല |
| റൂം അണ്ടർ റാംമ്പ്, മുനിസിപ്പൽ ആർക്കേഡ് | | |
| 14 | തോമസ് ചാക്കോ | 2/ R6-4927/86 |
| 15 | ബാബു കുര്യാക്കോസ് | 3/ R6-4927/85 |
| 16 | റഹ്മാൻ എം.എ | 5/ R6-6372/87 |
| 17 | പി.എ.നിസാർ | 6/ R6-7334/96 |
| 17(എ) | വത്സലകുമാരി | 1/ലഭ്യമല്ല |
| സ്റ്റെയർ കേസ് റൂം ആർക്കേഡ് | | |
| 18 | കെ.സി.ജോർജ്ജ് കുട്ടി | 2/ R6-5915/97 |
| നം.1 ബസ് സ്റ്റാന്റ്, ബങ്ക് | | |
| 19 | എം.എസ്.നവാസ് | 4/ R6-2539/90 -11 |
| 20 | ജോസി സെബാസ്റ്റ്യൻ | 6/ R6-9655/95 |
| 21 | ഗോപകുമാർ ജി | 8/ ലഭ്യമല്ല |
| നം.1 ബസ് സ്റ്റാന്റ്, ന്യൂ ബങ്ക് | | |
| 22 | റിയാസ്, പാറയിൽ | 2/ലഭ്യമല്ല |
| 23 | മുഹമ്മദ് നിസാർ | 4/ലഭ്യമല്ല |
| 24 | രാജേഷ് കെ.എസ് | 5/ലഭ്യമല്ല |
| 25 | അൻസാരി കെ.കെ | 6/ലഭ്യമല്ല |
| 26 | അജി പി.എച്ച് | 8/ലഭ്യമല്ല |
| നം.2 സ്റ്റാന്റ്, ബങ്ക് | | |
| 27 | ജോഷി അഗസ്റ്റിൻ | 2/ R6-8031/07(2) |
| 28 | ത്രേസ്യാമ്മ ജോസഫ് | 4/ R6-6742/92 |
| 29 | കെ.പി.ശ്യാമപ്രസാദ് | 6/ R6-6643/92 |
| 30 | ഇ.വി.സുബ്രമണ്യൻ | 9/ R6-7960/04 |
| 31 | നൂർജഹാൻ നൗഷാദ് | 18/ലഭ്യമല്ല |
| 32 | സുഹറ ബീവി | 19/R6-2323 /90(1) |
| 33 | എം.കെ.നൗഷാദ് | 30/ലഭ്യമല്ല |
| 34 | എം.ജി.വസന്തകുമാർ | 38/ R6-9653/05 |
| സ്റ്റെയർ കേസ് റൂം | | |
| 35 | പി.എം.നൗഷാദ് | 7/ R6-3257/92 |
| ഷോപ്പിംഗ് സെന്റർ, മുനിസിപ്പൽ ഓഫീസിനു സമീപം- | | |

| | | |
|---|---|---|
| -ഒന്നാം നില | | |
| 36 | ഡോ.കിരൺ എസ്.ശങ്കർ | 1/ലഭ്യമല്ല |
| പെരുന്ന ഷോപ്പിംഗ് സെന്റർ | | |
| 37 | ജഗദംബിക | 1/ R6-4328/88 |
| 38 | ചെറിയാൻ തോമസ് | 2/ R6-2322/90 |
| 39 | രഞ്ചിത്ത് എൻ പ്രകാശ് | 3/ R6-2589/90 |
| 40 | സുരേഷ് കുമാർ | 5/ R6-7786/85 |
| ഒന്നാം നില | | |
| 41 | മിൻഹാജ് അബ്ദുൾ നിസാർ | 1/ലഭ്യമല്ല |
| സ്റ്റെയർ കേസ് റൂം | | |
| 42 | മനോജ് പി പണിക്കർ | 2/R6-6149/95 |
| 43 | സാം ജോൺ | 7/ലഭ്യമല്ല |
| ലൈബ്രറി ബിൽഡിംഗ് | | |
| 44 | പി.എ.രാമകൃഷ്ണൻ | 1/R6-4184/90 |
| 45 | ഡോ.ആലീസ് ജോസ് | 2/ലഭ്യമല്ല |
| 46 | ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് ഓഫീസ്, റബർ ബോർഡ് | 3/ലഭ്യമല്ല |
| 47 | പി.എം.അഷ്റഫ് | 4/R6-18/93 |
| മിനി ഷോപ്പിംഗ് സെന്റർ, സ്റ്റേഡിയത്തിന് സമീപം | | |
| 48 | ജോസഫ് ചാക്കോ | 1/R6-8294/96 |
| 49 | അലക്സ് ജേക്കബ് | 2/R6-9910/08 |
| 50 | പി.സജീവ് | 3/R6-8294 /96(II) |
| 51 | അസിസ്റ്റന്റ് മാനേജർ, ഹോർട്ടികോർപ്പ് | 4/R6-8242/07 |
| ഷോപ്പ് കം ഗോഡൗൺ, വണ്ടിപ്പേട്ട | | |
| 52 | ജോസഫ് ജോസഫ് | 1/R6-1833/90 |
| 53 | ജോസ് ചെറിയാൻ | 2/R6-6724/05 |
| 54 | ജോസ് ചെറിയാൻ | 3/R6-8031/07 |
| 55 | സെബാസ്റ്റ്യൻ പോൾ | 4/R6-1853/19 |
| 56 | ജോസഫ് ചാക്കോ | 5/R6-1627/03 |
| 57 | ജോസഫ് ചാക്കോ | 6/R6-1627/03 |
| 58 | ജോസഫ് ചാക്കോ | 7/R6-1627/03 |
| ഒന്നാം നില | | |
| 59 | കെ.വി.ചാക്കോ | 1/R6-1627/03 |
| ഷോപ്പ് കം ഓഫീസ്, വണ്ടിപ്പേട്ട, (G.F) | | |
| 60 | ആന്റണി കുര്യൻ | 1/R6-8031/07 |
| 61 | ബിൻസൺ ജോസഫ് | 3/R6-1627/03 |
| 62 | പി.എം.ജോസഫ് | 4/R6-1627/03 |
| 63 | കെ.രാമചന്ദ്രൻ | 5/R6-1627/03 |
| 64 | ബാബു ജെ | 6/R6-1826/90 |

| | | |
|---|---|---|
| 65 | ജോസഫ് തോമസ് | 7/R6-1826/90 |
| 66 | ഏബ്രഹാം തോമസ് | 8/R6-1826/90 |
| 67 | റോജൻ ജെ | 9/R6-1826/90 |
| ഷോപ്പ് കം ഓഫീസ്, വണ്ടിപ്പേട്ട, ഒന്നാം നില | | |
| 68 | പി.ആർ.ചന്ദ്രബോസ് | 2/R6-3577/08 |
| 69 | ജിജി തോമസ് | 3/ലഭ്യമല്ല |
| 70 | റ്റി.എൻ.സുകുമാരൻ | 4/ലഭ്യമല്ല |
| 71 | കിച്ച സേവ്യർ | 5/R6-8081/07 |
| 72 | കെ.പി.എം.എസ്, ചങ്ങനാശ്ശേരി | 6/R6-9804/02 |
| 73 | ലിജ്ജ ആന്റണി | 7/R6-9940/97 |
| 74 | പൊന്നി ജോൺ | 9/ലഭ്യമല്ല |
| വണ്ടിപ്പേട്ട, ഷെഡ് | | |
| 75 | കുഞ്ഞമ്മ ജോസ് | 1/R6-2700/93 |
| നം.2 ബസ് സ്റ്റാന്റ് ഷോപ്പ് | | |
| 76 | ക്രിസ്റ്റി അഗസ്റ്റിൻ | 2/R6-6600 /04(2) |
| 77 | എം.കെ.ത്യാഗരാജൻ | 5/R6-6600/04 |
| 78 | പി.മുരളീധരൻ | 6/R6-6724/05 |
| 79 | ജോസുകുട്ടി തോമസ് | 7/R6-6600/04 |
| 80 | എം.കെ.ത്യാഗരാജൻ | 11/R6-6600/04 |
| 81 | പി.എം.കുഞ്ഞുകുഞ്ഞ് | 13/R6-6600/04 |
| 82 | പ്രേംകുമാർ എ.എൻ | 14/R6-6600/04 |
| 83 | ജ്യോതിഷ് കെ.ആർ | 15/R6-6600/04 |
| 84 | അബ്ദുൾ ഷാജി | 18/R6-6600/04 |
| 85 | കെ.എം.നെജിയ | 19/R6-6724/05 |
| 86 | സുരേഷ് ബാബു | 20/R6-6724/05 |
| 87 | സ്കറിയ റ്റി.റ്റി | 21/R6-9586/07 |
| 88 | അബ്ദുൾ ഷാജി | 22/R6-9586/07 |
| ബസ് ടെർമിനൽ, പെരുന്ന | | |
| 89 | സജീവ് റഷീദ് | 1,2/ R6-9586/07 |
| 90 | പി.എ.നിസാർ | 5/R6-9586/07 |
| 91 | മഞ്ജുള കെ.സി | 11/R6-9586/07 |
| 92 | നഹാസ് സുലൈമാൻ | 13/R6-9586/07 |
| 93 | ഡോ.റ്റി.ജെ.ജേക്കബ് | 15/ലഭ്യമല്ല |
| സ്റ്റേഡിയം പവലിയൻ | | |
| 94 | സോയിൽ കൺസർവേഷൻ | 1/R6-10480/07 |
| 95 | സി.ഡി.പി.ഒ,ഐ.സി.ഡി.എസ് ഓഫീസ് | 2/R6-10480/07 |
| 96 | പി.വി.പുഷ്പൻ | 3/R6-7249/07 |

| | | |
|---|---|---|
| 97 | ഫീൽഡ് ഓഫീസർ, കൃഷി | 4/R6-10480/07 |
| 98 | വി.എസ്.ജോസഫ് | 7/ലഭ്യമല്ല |
| സ്റ്റേഡിയം ഗ്യാലറി, ഷോപ്പിംഗ് കോംപ്ലക്സ് | | |
| 99 | ബി.മോഹനൻ | 1/R6-7764/99 |
| 91 | പി.എം.തോമസ് | 2/R6-7764/99 |
| 92 | റൈഹാനത്ത് | 3/R6-8881/97 |
| 93 | ഷാജുദ്ദീൻ | 4/ലഭ്യമല്ല |
| 94 | മുഹമ്മദ് സാലി | 5/R6-6724/05 |
| 95 | ശാലിനി സി | 6/R6-6724/05 |
| 96 | അനിത വിനയൻ | 7/R6-7806/07 |
| 97 | തങ്കമ്മ ചാക്കോ | 8/R6-9089/07 |
| 98 | ജെ.കെ.ജോസഫ് | 9/R6-329/92 |
| 99 | എ.എ.ജോസഫ് | 10/R6-8274/97 |
| 100 | റോസമ്മ കുര്യാക്കോസ് | 11/R6-307/97 |
| 101 | മുഹമ്മദ് രാജാ | 12/R6-1459/92 |
| 102 | ശ്രീകുമാർ | 13/R6-736/89 |
| 103 | അനിൽകുമാർ | 14/R6-736/89 |
| 104 | മാനേജിംഗ് ട്രസ്റ്റി, പുതുജീവൻ ട്രസ്റ്റ് | 15/R6-736/89 |
| 105 | വിജയൻ | 16/R6-7926/07 |
| 106 | റ്റി.ജെ.മൈക്കിൾ | 17/R6-2757/92 |
| 107 | ജോസുകുട്ടി മൈക്കിൾ | 18/R6-2757/92 |
| 108 | എ.ആർ.ശശികല | 19/R6-2353/98 |
| 109 | റ്റി.എസ്.ചാക്കോ | 20/R6-2443/97 |
| 110 | എ.പി.ആഷിക്ക് | 21/R6-2428/94 |
| 111 | വി.എൻ.സജി | 22/R6-2757/12 |
| 112 | സുമ തോമസ് | 23/R6-2757/92 |
| 113 | അന്ന തോമസ് | 24/R6-7960/95 |
| 114 | മിനിമോൾ ജോസഫ് | 25/R6-4277/97 |
| 115 | കെ.കെ.ശശീന്ദ്രൻ | 26/R6-736/89 |
| 116 | മാത്യു എം.ജോസഫ് | 27/R6-7446/97 |
| 117 | പി.ജെ.ചാക്കോ | 28/R6-4307/96 |
| 118 | എം.ഒ.ജോസഫ് | 29/R6-2757/92 |
| 119 | റ്റി.ഡി.മണി | 30/R6-8944/98 |
| 120 | റാണി ചാക്കോ | 31/R6-2138/07 |
| 121 | കെ.കെ.നൗഷാദ് | 32/R6-8768/97 |
| 122 | അഷ്റഫ് | 33/R6-8944/98 |
| 123 | ബിജു പി.എസ് | 35/R6-8188/97 |
| 124 | കെ.ഗോപി | 36/R6-10726/97 |
| 125 | പി.കെ.മോഹനൻ | 37/R6-2138/92 |
| 126 | വർഗ്ഗീസ് ആന്റണി | 38/R6-2757/92 |

| | | |
|---|---|---|
| 127 | പ്രസാദ് | 39/R6-4947/01 |
| വെജിറ്റബിൾ മാർക്കറ്റ് | | |
| 128 | വർഗ്ഗീസ് ജോസഫ് | 1/R6 |
| 129 | വർഗീസ് ജോസഫ് | 2/R6 |
| 130 | അലക്സ് ജോസഫ് | 4(C1, C2, C3)/ R6-8531/14 |
| 131 | പി.ജെ.ഷാജു | 6,7/R6 |
| ഫിഷ് മാർക്കറ്റ് | | |
| 132 | ബാബു ആന്റണി | 2/R6-340/92 |
| 133 | അൻസി മനോജ് | 3/R6-341/92 |
| വുമൻസ് ലൈബ്രറി കം ഷോപ്പിംഗ് കോപ്ലക്സ് | | |
| 134 | ശംഭു എൻ പിള്ള | 1/R6-6240/05 |
| 135 | ഗംഗാ ബി പിള്ള | 2/ലഭ്യമല്ല |
| വേഴയ്ക്കാട്ട് ഷോപ്പിംഗ് കോപ്ലക്സ് (പഴയത്) | | |
| 136 | ബാബു സ്കറിയ | 3/R6-1627/03 |
| 137 | അക്കാമ്മ ജോൺ | 5/R6-1627/03 |
| 138 | അക്കാമ്മ ജോൺ | 6/ലഭ്യമല്ല |
| 139 | വിനോദ് വി.ആർ | 12/ലഭ്യമല്ല |
| ന്യൂ വെജിറ്റബിൾ മാർക്കറ്റ് | | |
| 140 | റ്റി.ജെ.ജെയിംസ് | 1/1A/R6-2619/15 |
| 141 | വിജി തോമസ് | 3/ലഭ്യമല്ല |
| 142 | കുഞ്ഞമ്മ ആന്റണി | 4/ലഭ്യമല്ല |
| 143 | ത്രേസ്യാമ്മ മാത്യൂ | 5/ലഭ്യമല്ല |
| 144 | മനോജ് ആന്റണി | 6/ലഭ്യമല്ല |
| 145 | സിബി ദേവസ്യ | 7/ലഭ്യമല്ല |
| 146 | അലക്സ് ജോസഫ് | 8/ലഭ്യമല്ല |
| 147 | എ.കെ.തോമസ് | 9/ലഭ്യമല്ല |
| 148 | പി.എം.ജോൺ | 10/ലഭ്യമല്ല |
| 149 | മറിയക്കുട്ടി വർക്കി | 11/ലഭ്യമല്ല |
| 150 | ജോണിച്ചൻ മാത്യൂ | 12/ലഭ്യമല്ല |
| ഫിഷ് മാർക്കറ്റ് , ഹോൾസെയിൽ ഷോപ്പ് | | |
| 151 | ദേവസ്യ പോത്തൻ | 1/R6-2619/15 |
| 152 | ദേവസ്യ പോത്തൻ | 2/ലഭ്യമല്ല |
| 153 | ഇ.ജെ.പോൾ | 5/ലഭ്യമല്ല |
| 154 | മനോജ് ഇ.ജെ | 6/ലഭ്യമല്ല |
| 155 | മനോജ് ഇ.ജെ | 7/ലഭ്യമല്ല |
| 156 | തോമസ് ജോസഫ് | 8/ലഭ്യമല്ല |
| 157 | ലിസമ്മ ജെയിംസ് | 9/ലഭ്യമല്ല |
| 158 | ഷിബിൻ ആന്റണി | 10/ലഭ്യമല്ല |
| 159 | ഷിബിൻ ആന്റണി | 11/ലഭ്യമല്ല |
| ഫിഷ് മാർക്കറ്റ്, റീട്ടെയിൽ ഷോപ്പ് | | |

| | | |
|---|---|---|
| 160 | ഇ.ജെ.മനോജ് | 1,2,3/R6-2619/15 |
| 161 | എ.എം.സെബാസ്റ്റ്യൻ | 4, 5/ലഭ്യമല്ല |
| 162 | സലോമി തോമസ് | 6/ലഭ്യമല്ല |
| 163 | കെ.ജെ.ബാബു | 7/ലഭ്യമല്ല |
| 164 | പ്രിയ ജോൺസൺ | 13/ലഭ്യമല്ല |
| 165 | വിൻസന്റ് ഫിലിപ്പ് | 14,15/ലഭ്യമല്ല |
| 166 | സോണി ജോസഫ് | 16,17/ലഭ്യമല്ല |
| 167 | വി.ഡി.ബാബു | 19/ലഭ്യമല്ല |
| 168 | ജിജി വിൽസൺ | 20/ലഭ്യമല്ല |
| 169 | സെബാസ്റ്റ്യൻ ജോസഫ് | 30/ലഭ്യമല്ല |
| 170 | സോണി ജോസഫ് | 31/ലഭ്യമല്ല |
| 171 | സോണി ജോസഫ് | 32/ലഭ്യമല്ല |
| 172 | സോണി ജോസഫ് | 33/ലഭ്യമല്ല |
| 173 | സോണി ജോസഫ് | 34/ലഭ്യമല്ല |
| 174 | വർഗ്ഗീസ് മാത്യു | 35/ലഭ്യമല്ല |
| 175 | ആൽബിൻ തോമസ് | 43/ലഭ്യമല്ല |
| 176 | സജീവ് ജി | 44/ലഭ്യമല്ല |
| 177 | ഷിബിൻ ആന്റണി | 45/ലഭ്യമല്ല |
| 178 | ജോൺ സെബാസ്റ്റ്യൻ | 47/ലഭ്യമല്ല |
| 179 | ഹസൻകുഞ്ഞ് | 48/ലഭ്യമല്ല |
| ഡ്രൈ ഫിഷ് സ്റ്റാൾ (റീട്ടെയിൽ) | | |
| 180 | ഇ.ജെ.ഫിലിപ്പ് | 1/ലഭ്യമല്ല |
| 181 | വി.ഒ.തോമസ് | 2/ലഭ്യമല്ല |
| 182 | ഷാജി കുര്യാക്കോസ് | 3/ലഭ്യമല്ല |
| 183 | മനോജ് ഇ.ജെ | 5/ലഭ്യമല്ല |
| 183(എ) | രാജേഷ് വർഗ്ഗീസ് | 4/ലഭ്യമല്ല |
| 183 (ബി) | ഷേർളി ജോർജ്ജ് | 1A/ലഭ്യമല്ല |
| 184 | മനോജ് ഇ.ജെ | 4/ലഭ്യമല്ല |
| ഡ്രൈ ഫിഷ് സ്റ്റാൾ. (ഒന്നാം നില) | | |
| 185 | അൻസി മനോജ് | 1/ലഭ്യമല്ല |
| 186 | മനോജ് ഇ.ജെ | 2/ലഭ്യമല്ല |
| 187 | അൻസി മനോജ് | 3/ലഭ്യമല്ല |
| വേഴയ്ക്കാട്ട് ഷോപ്പിംഗ് സെന്റർ, (ന്യൂ) | | |
| 188 | ഹസ്റ്റി ഹസ്സൻകോയ | 1/ലഭ്യമല്ല |
| 189 | ഹസ്റ്റി ഹസ്സൻകോയ | 2/ലഭ്യമല്ല |
| 190 | ബീന നഷൂർ | 4/ലഭ്യമല്ല |
| നം.1 സ്റ്റാന്റ്, ബങ്ക് സ്പേസ് | | |
| 191 | ഷമീർ സലീം | 2/ലഭ്യമല്ല |
| 192 | അനീഷ് എം.എച്ച് | 3/ലഭ്യമല്ല |
| 192(എ) | ഇക്ബാൽ | 1/ലഭ്യമല്ല |

| | | |
|---|---|---|
| 193 | ഷെഹൻ ഷൈജു | 4/ലഭ്യമല്ല |
| ഷോപ്പിംഗ് സെന്റർ, സ്റ്റേഡിയത്തിനു സമീപം | | |
| 194 | എം.റ്റി.സനൽകുമാർ | 2/ R6-2938/92 |
| 195 | പി.എച്ച്.അഷ്റഫ് | 4/ R6-859/12 |
| ഗോഡൗൺ ഡ്രൈ ഫിഷ് സ്റ്റാൾ | | |
| 196 | ഇ.ജെ.മനോജ് | 1/ലഭ്യമല്ല |
| മീറ്റ് സ്റ്റാൾ | | |
| 197 | പി.എസ്.നസീർ | 2/ലഭ്യമല്ല |
| ഡ്രൈ ഫിഷ് നിയർ മീറ്റ് സ്റ്റാൾ | | |
| 198 | എ.എം.ജോസഫ് | 1/ലഭ്യമല്ല |
| ന്യൂ ബങ്ക്, നം.1 സ്റ്റാന്റ് | | |
| 199 | നിസ അൻസാരി | 1/ലഭ്യമല്ല |
| വേഴയ്ക്കാട്ട് ബസ് സ്റ്റാന്റ് (G.F) Sheet | | |
| 200 | വിനോദ് വി.ആർ | 2/1, 2 |
| പ്രസ് ക്ലബ് | | |
| 201 | സെക്രട്ടറി, അബ്ദുൾ ജലീൽ | 1/R6-ഇ1/18952/18 |
| വേഴയ്ക്കാട്ട് ഷോപ്പിംഗ് കോംപ്ലക്സ് (ന്യൂ) | | |
| 202 | ജോ മാത്യു | 1/ലഭ്യമല്ല |
| 202 | ജോസ് മോൻ | 2/ലഭ്യമല്ല |
| 203 | ജോസ് മോൻ | 3/ലഭ്യമല്ല |
| 204 | ബിനീഷ് | 4/ലഭ്യമല്ല |
| 205 | ബിഫി വർഗ്ഗീസ് | 5/ലഭ്യമല്ല |
| 206 | റോണി വർഗ്ഗീസ് | 6/ലഭ്യമല്ല |
| 207 | വി.സി.സനിൽകുമാർ | 7/ലഭ്യമല്ല |
| 208 | പി.സി.തോമസ് | 8/ലഭ്യമല്ല |
| 209 | ബാബു വർഗ്ഗീസ് | 9/ലഭ്യമല്ല |
| 210 | പ്രേംകുമാർ കെ.ബി | 11/ലഭ്യമല്ല |
| 211 | ജോ മാത്യു | 12/ R6-10911/19 |
| 212 | പി.സി.തോമസ് | 13/ലഭ്യമല്ല |
| 213 | ലോയിഡ് ലല്ലൂസ് | 14/ലഭ്യമല്ല |
| 214 | സൂരജ് എ തോമസ് | 15/ലഭ്യമല്ല |
| 215 | ശ്രീകല പ്രേംകുമാർ | 16/ലഭ്യമല്ല |
| സ്റ്റേഡിയം റൂംസ് ഫോർ ക്ലബ്സ് | | |
| 216 | സെക്രട്ടറി, ദ്രോണാ ഫുട്ബോൾ ക്ലബ് | 1/ R6-10400/11 |
| 217 | സെക്രട്ടറി, ചങ്ങനാശ്ശേരി ഫുട്ബോൾ പ്ലെയേഴ്സ് അസോസിയേഷൻ | 2/ R6-10400/11 |
| മുനിസിപ്പൽ കാന്റീൻ | | |
| 218 | രാജേഷ് കെ.എസ് | 3/R6-1319/10 |

മേൽ സൂചിത ലൈസൻസികളുടെ എഗ്രിമെന്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വാടകകുടിശികയ്ക്കു പുറമേ, ഒഴിവായി കിടക്കുന്ന മുറികളുടെ വാടക ഇനത്തിലെ നഷ്ടം കൂടി കണക്കാക്കിയാൽ നഗരസഭയുടെ നഷ്ടം ഇനിയും വർദ്ധിക്കും. നഗരസഭയിലെ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വിനിയോഗിക്കേണ്ട പണമാണ് ഇപ്രകാരം ചില വ്യക്തികളുടെ കൈകളിലായി മാത്രം നിലനില്ക്കുന്നതും, വരുമാനം ലഭിക്കാതെ നഗരസഭയുടെ ആസ്തികൾ ഒഴിച്ചിടുന്നതിലൂടെ നഷ്ടപ്പെടുകയും ചെയ്യുന്നത്. നഗരസഭാ കൗൺസിലിന്റെ ധനമാനേജ്മെന്റ് തികച്ചും പരാജയമാണെന്ന വസ്തുതയാണ് ഇത് വെളിവാക്കുന്നത്.

## 1-22 മണ്ണ് സംരക്ഷണ ഓഫീസ്, സംയോജിത ശിശുവികസന ഓഫീസ് (ICDS) എന്നീ സ്ഥാപനങ്ങളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

മണ്ണ് സംരക്ഷണ ഓഫീസ്, സംയോജിത ശിശുവികസന ഓഫീസ്(ICDS) എന്നീ സ്ഥാപനങ്ങളുടെ വാടക സംബന്ധിച്ച ഫയൽ (R6/10480/11 റവന്യൂ) പരിശോധിച്ചതിൽ നിന്ന് താഴെ സൂചിപ്പിക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

(1)നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം പവലിയനിൽ 01/2013 മുതൽ 05/2023 വരെ പ്രവർത്തിച്ചുവരുന്ന മണ്ണ് സംരക്ഷണ ഓഫീസ് 05.06.2023-ന് കെട്ടിടം ഒഴിഞ്ഞിട്ടുണ്ട്. എന്നാൽ കാലാകാലങ്ങളിൽ നഗരസഭ വാടക നിർണയിച്ച് ഈടാക്കുന്നതിനും എഗ്രിമെന്റ് വയ്ക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല.

01/2013-ൽ പ്രവർത്തനം ആരംഭിച്ച മണ്ണ് സംരക്ഷണ ഓഫീസിന്റെ വാടക 2 വർഷം വൈകി ഫിനാൻസ് കമ്മിറ്റിയുടെ 21.12.2015-ലെ 8-ം നമ്പർ തീരുമാനപ്രകാരം പ്രതിമാസം ₹12,098 എന്ന് നിശ്ചയിച്ചിരുന്നു. 23.07.2016-ൽ മണ്ണ് സംരക്ഷണ ഓഫീസിൽ നിന്നും നഗരസഭാ സെക്രട്ടറിക്ക് നൽകിയ സി(1)214/2011നമ്പർ കത്ത് പ്രകാരം നഗരസഭ കണക്കാക്കിയ വാടക ₹12,098 കൂടുതൽ ആണെന്നും ആയത് കുറവ് വരുത്തി PWD നിരക്കിൽ വാടക നിജപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിനു മറുപടിയായി, വാടക PWD നിരക്കിൽ ₹7,220യായി നിശ്ചയിച്ച് മണ്ണ് സംരക്ഷണ ഓഫീസുമായി കത്തിടപാട് നടത്തുന്നത് 6 വർഷവും 7 മാസവും വൈകി, 27.02.2023-ന് മാത്രമാണ്.

01/2013-ന് നഗരസഭാ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച് 05.06.2023-ൽ കെട്ടിടം ഒഴിഞ്ഞ മണ്ണ് സംരക്ഷണ ഓഫീസിൽ നിന്നും സമയബന്ധിതമായി വാടക നിശ്ചയിച്ച് എഗ്രിമെന്റ് വെച്ച് വാടക ഈടാക്കിയില്ലയെന്നതിൽ നിന്ന് ഇക്കാര്യത്തിലെ അലംഭാവും ഉത്തരവാദിത്തരാഹിത്യവും വ്യക്തമാകുന്നു.

കൂടാതെ, നഗരസഭാ സെക്രട്ടറി 07.08.2023-ൽ മണ്ണ് സംരക്ഷണ ഓഫീസർക്ക് നൽകിയ കത്ത് പ്രകാരം 01/2013 മുതൽ 05/2023 വരെയുള്ള വാടകയും പിഴപ്പലിശയും ജി.എസ്.റ്റി-യും ചേർത്ത് ₹10,67,188യാണ് ഈടാക്കാനുള്ളത്. ഇതിൽ 2017 ജൂലൈ 1-ന് മുമ്പുള്ള വാടകയിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയതായി കാണുന്നു.

(2)നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം പവലിയനിൽ 02/2013 മുതൽ പ്രവർത്തിക്കുന്ന സംയോജിത ശിശുവികസന ഓഫീസിന്റെ വാടക പ്രവർത്തനം ആരംഭിച്ച മാസം മുതൽ നാളിതുവരെ കുടിശ്ശിക ഉണ്ട്. നഗരസഭാ സെക്രട്ടറി 07.08.2023-ൽ ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകിയ കത്ത് പ്രകാരം വാടകക്കുടിശ്ശിക, പിഴപ്പലിശ, ജി.എസ്.റ്റി അടക്കം 02/2013 മുതൽ 02/2023 വരെ ₹21,95,790 നഗരസഭാ കാര്യാലയത്തിൽ അടവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കുടിശ്ശിക തുകയിൽ 2017 ജൂലൈ 1-ന് മുമ്പുള്ള ജി.എസ്.റ്റി ഉൾപ്പെടുത്തിയതായി കാണുന്നു. 02/2013 മുതൽ നാളിതുവരെ ICDS ഓഫീസിന്റെ വാടക നിശ്ചയിച്ച് കരാർ വെച്ച് വാടക ഈടാക്കിയിട്ടില്ല.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.68/2022-23/21.11.2023) ലഭിച്ച മറുപടിയിൽ മണ്ണ് സംരക്ഷണ ഓഫീസ്, ICDS ഓഫീസ് എന്നിവയുടേ വാടക കുടിശ്ശിക ലഭിക്കുന്നതിന് ബഹു. സർക്കാരിലേയ്ക്കും വകുപ്പ് സെക്രട്ടറിമാർക്കും കത്ത് നല്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായും 01/07/2017 ന് മുമ്പുള്ള കുടിശ്ശികയുടെ സേവന നികുതി ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ബഹു. സർക്കാരിലേയ്ക്ക് അയയ്ക്കുന്ന കത്തിൽ ടി വിഷയം പ്രതിപാദിക്കുന്നതാണെന്നും സൂചിപ്പിച്ചിരിക്കുന്നു. തുടർനടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കേണ്ടതും സ്ഥാപനങ്ങളുടെ വാടക കുടിശ്ശികവരാതെ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 ടൗൺ ഹാൾ, മിനി ടൗൺ ഹാൾ, എലൈറ്റ് ഹാൾ, ഇ.എം.എസ് ഓഡിറ്റോറിയം-വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ ശരിയായി പരിപാലിക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺ ഹാൾ, മിനി ടൗൺ ഹാൾ, ഇ.എം.എസ് ഓഡിറ്റോറിയം, എലൈറ്റ് ഹാൾ എന്നിവയുടെ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

മെയിൻ ടൗൺ ഹാൾ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം 59 പരിപാടികൾക്ക് ഹാൾ

വിട്ടുകൊടുത്തതായി കാണുന്നു. ചില രേഖപ്പെടുത്തലുകൾ പെൻസിൽ കൊണ്ടാണ്. ചില രേഖപ്പെടുത്തലുകൾ ഇറേസർ ഉപയോഗിച്ച് മായിച്ചതായും പേനകൊണ്ട് വെട്ടിയിരിക്കുന്നതായും കാണുന്നു. ബുക്ക് ചെയ്യുന്ന വ്യക്തിയുടെ വിലാസം, ഏതാവശ്യത്തിന്, സമയദൈർഘ്യം, ഡെപ്പോസിറ്റ് തുക, ഈടാക്കിയ തുക/രസീത് നമ്പർ, മടക്കിക്കൊടുത്ത തുക/വൗച്ചർ നമ്പർ, തീയതി എന്നിവയും, പരിപാടി ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും രജിസ്റ്ററിൽ കൃത്യമായി കോളം വരച്ച് രേഖപ്പെടുത്തുകയോ റവന്യൂ വിഭാഗത്തിലെ റവന്യൂ ഇൻസ്പെക്ടർ, റവന്യൂ ഓഫീസർ, പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ ഓരോ സാമ്പത്തിക വർഷവും ലഭിച്ച ആകെ വാടക എത്രയെന്നും AFS-ലെ തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നില്ല.

മെയിൻ ടൗൺ ഹാളിന്റെ വാടക അപേക്ഷകൾ സാമ്പത്തിക വർഷം തിരിച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം ക്രമമായി അടുക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ അപേക്ഷയിൽ വാടക, ഡെപ്പോസിറ്റ്, ഡെപ്പോസിറ്റ് തിരികെ കൊടുക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ചേർക്കുകയോ റവന്യൂ ഇൻസ്പെക്ടർ/റവന്യൂ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മിനി ഓഡിറ്റോറിയം, ഇ.എം.എസ് മെമ്മോറിയൽ ഓഡിറ്റോറിയം, മിനി ടൗൺ ഹാൾ എന്നിവ വാടകയ്ക്ക് ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ, ഇവയുടെ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോഴും മേൽ ഖണ്ഡികയിൽ പരാമർശിക്കുന്ന അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. ആകയാൽ രജിസ്റ്റർ, അപേക്ഷകൾ എന്നിവ അപാകതകൾ പരിഹരിച്ച് സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ പരിശോധനയ്ക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.69/2022-23/21.11.2023) നല്കിയെങ്കിലും ഓഡിറ്റിൽ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. കൃത്യമായി മതിയായ വിവരങ്ങൾ ചേർത്ത് രജിസ്റ്ററും, ക്രമനമ്പരിട്ട് അടുക്കി അപേക്ഷകളും സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 വർക്കിംഗ് വിമൻസ് ഹോസ്റ്റൽ- നടത്തിപ്പ് ലേലം ചെയ്യുന്നില്ല

വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ (നം.R6/1322/71) പരിശോധിച്ചതിൽ, 2022-23 സാമ്പത്തിക വർഷം ജൂൺ 30-ന് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നടത്തിപ്പ് കരാർ കാലാവധി അവസാനിച്ചതായും ടി വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നടത്തിപ്പ് പൊതുലേലത്തിന് വയ്ക്കാതെ ജനാധിപത്യ മഹിളാ അസോസിയേഷൻ സെക്രട്ടറിയുടെ അപേക്ഷയെ തുടർന്ന് 29.06.2022-ൽ കൂടിയ കൗൺസിൽ യോഗത്തിന്റെ 25-ാം നമ്പർ തീരുമാനപ്രകാരം വാടകയിൽ 20% വർദ്ധനയോടുകൂടി അടുത്ത 3 വർഷത്തേയ്ക്ക് പുതുക്കി നൽകിയിട്ടുള്ളതായും കാണുന്നു.

സർക്കാർ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 5%, പ്രൈവറ്റ് ജീവനക്കാർക്ക് ₹259, വിദ്യാർത്ഥിനികൾക്ക് ₹208 എന്നീ നിരക്കിലാണ് പ്രതിമാസ വാടക ഈടാക്കുന്നത്. 12 റൂമുകൾ വീതം 3 നിലകളിലായി ആകെ 36 റൂമുകൾ ഉള്ള വനിതാ ഹോസ്റ്റലിൽ നിലവിൽ 3 റൂമുകൾ ഷീലോഡ്ജിനായി മാറ്റിയിട്ടുണ്ട്.

വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നടത്തിപ്പ് മത്സരാധിഷ്ഠിത പൊതുലേലം നടത്താത്തതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും താമസക്കാരെ സർക്കാർ ജീവനക്കാർ/പ്രൈവറ്റ് ജീവനക്കാർ/വിദ്യാർത്ഥികൾ എന്നിങ്ങനെ തരംതിരിക്കുന്നത് സംബന്ധിച്ചും വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വിദ്യാർത്ഥിനികളെ താമസിപ്പിക്കുന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട ബൈലോ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. തുച്ഛമായ വാടക മാത്രം ഈടാക്കുന്നതു മൂലം നഗരസഭയ്ക്ക് ന്യായമായി ലഭിക്കേണ്ട വരുമാനം പോലും വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ നിന്നും ലഭ്യമാകുന്നില്ലാത്ത സാഹചര്യമാണ്. ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.71/21.11.2023) ലഭിച്ച മറുപടിയിൽ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215(സി) പ്രകാരം ലൈസൻസ് പുതുക്കി നൽകുന്നതോ ലൈസൻസിയെ പുനരധിവസിപ്പിക്കുന്നതോ ഒഴികെയുള്ള സംഗതികളിൽ മാത്രം പരസ്യലേലം/ടെണ്ടർ നടത്തി അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ഉം ഉപവകുപ്പ് 2 (സി) യും മുനിസിപ്പാലിറ്റിക്ക് വ്യാപാരത്തിനോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ചും അത് പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കുന്നതുമായ ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് പരാമർശിക്കുന്നത്. ആയതിനാൽ ലാഭേച്ഛ

കൂടാതെ സ്ത്രീ ശാക്തീകരണത്തിനും സ്ത്രീ സുരക്ഷയ്ക്കും മുൻഗണന നല്കുന്ന വനിതാ സംഘടനകളെ ഉൾപ്പെടുത്തി മത്സരാധിഷ്ഠിത പൊതുലേലത്തിലൂടെ ജനാധിപത്യപരമായ രീതിയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നടത്തിപ്പ് ചുമതല നല്കുന്നതിനും നഗരസഭയുടെ ആസ്തിയിൽ നിന്ന് ന്യായമായ വരുമാനം നഗരസഭയ്ക്ക് ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 നം.1, 2 ബസ് സ്റ്റാന്റ് മൈക്ക് അനൗൺസ്മെന്റ് കുത്തകാവകാശം ലേലം ചെയ്യുന്നില്ല

നം. 1, 2 ബസ് സ്റ്റാന്റുകളുടെ മൈക്ക് അനൌൺസ്മെന്റ് സംബന്ധിച്ച ഫയൽ (നം.R5/1375/19-റവന്യൂ) പരിശോധിച്ചതിൽ നിന്നും ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

(1) നഗരസഭയുടെ നമ്പർ 1, 2 ബസ് സ്റ്റാന്റുകളിൽ മൈക്ക് അനൗൺസ്'മെന്റ് നടത്തുന്നതിന് പി.എ.അബ്ദുൾ സലാം, പുതുപ്പറമ്പിൽ, ഫാത്തിമാപുരം, ചങ്ങനാശ്ശേരി എന്ന വ്യക്തിക്ക് 2021-22 സാമ്പത്തിക വർഷം ₹65,520-യ്ക്ക് കുത്തകാവകാശം നൽകിയതായി കാണുന്നു. തുടർന്ന് 2022-23 വർഷം 10% വർദ്ധിപ്പിച്ച് ₹72,072 രൂപയ്ക്ക് ടി വ്യക്തിക്ക് തന്നെ കുത്തകാവകാശം നൽകിയിരിക്കുന്നു. മൈക്ക് അനൗൺസ്'മെന്റ് കുത്തകാവകാശം ലേലം ചെയ്യാതെ ടി വ്യക്തിക്ക് തന്നെ 10% വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.54/17.11.2023) ലഭിച്ച മറുപടിയിൽ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215(സി) പ്രകാരം ലൈസൻസ് പുതുക്കി നൽകുന്നതോ ലൈസൻസിയെ പുനരധിവസിപ്പിക്കുന്നതോ ഒഴികെയുള്ള സംഗതികളിൽ മാത്രം പരസ്യലേലം/ടെണ്ടർ നടത്തി അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് എന്നാണ് അറിയിച്ചത്. എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ഉം ഉപവകുപ്പ് 2 (സി) യും മുനിസിപ്പാലിറ്റിക്ക് വ്യാപാരത്തിനോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ചും അത് പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കുന്നതുമായ ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് പരാമർശിക്കുന്നത്. ആയതിനാൽ മൈക്ക് അനൌൺസ്മെന്റ് തുടങ്ങിയവയുടെ കുത്തകാവകാശം ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നഗരസഭയ്ക്ക് വരുമാനം ലഭിക്കുന്നതിനും വരുമാന വർധനവിനും നടപടികൾ സ്വീകരിക്കുന്നതിന് പകരം അതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താൻ പോലും ഉത്തരവാദിത്തപ്പെട്ടവർ താല്പര്യം കാണിക്കുന്നില്ലായെന്നാണ് ഓഡിറ്റിന് നല്കിയ മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്.

വരുമാനചോർച്ചകൾ ഒഴിവാക്കി തനത് വരുമാനം വർധിപ്പിക്കുന്നതിനും വിഭവസമാഹരണത്തിനുള്ള പുതിയ ഉറവിടങ്ങൾ കണ്ടെത്തുന്നതിനും, നിലവിലുള്ളവയിൽ നിന്ന് പരമാവധി വരുമാനം ലഭിക്കുംവിധം ഉപയോഗക്രമങ്ങൾ നിശ്ചയിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 കംഫർട്ട് സ്റ്റേഷൻ ലേലത്തുക/ഓഫർതുക കുടിശ്ശിക സമയബന്ധിതമായി ഈടാക്കിയില്ല- 212000രൂപ നഗരസഭയ്ക്ക് നഷ്ടം

2022-23 സാമ്പത്തിക വർഷത്തെ പൊതുലേലത്തിന്റെ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നമ്പർ-1 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ₹3,62,000-യ്ക്ക് 2022-23 വർഷത്തേയ്ക്ക് കുത്തകാവകാശം നേടിയ ശ്രീ സാബു, വെളിയിൽ, കാവുങ്കൽ, മണ്ണഞ്ചേരി- എന്ന വ്യക്തി ₹1,50,000 അടച്ചശേഷം ബാലൻസ് തുകയായ ₹2,12,000 അടവാക്കിയിട്ടില്ല എന്ന് കാണുന്നു. ഈ തുക ഈടാക്കുന്നതിലേക്ക് 16.05.2023-ലെ റവന്യൂ റിക്കവറി റികി.നം.2023/6549/15 പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നഗരസഭയ്ക്ക് ലഭിക്കാനുള്ള ₹2,12,000 രൂപ നാളിതുവരെ ലഭ്യമായിട്ടില്ല.

കൂടാതെ, ലേല നിബന്ധന പ്രകാരം ആകെ തുകയുടെ മൂന്നിലൊന്ന് ആദ്യം അടയ്ക്കേണ്ടിയിരുന്നതും, ബാക്കി തുക 6 ഗഡുക്കളായി ഈടാക്കേണ്ടതുമായിരുന്നു. എന്നാൽ ₹1,00,000 മാത്രമാണ് ആദ്യം ഒടുക്കിയത്. ₹50,000 20/05/2022-ലും ഒടുക്കി. തുടർന്നുള്ള ഗഡുക്കൾ യഥാസമയം ഒടുക്കാതിരുന്നതിനാൽ ലേല നിബന്ധന പ്രകാരം ലേലം റദ്ദു ചെയ്യാതിരുന്നതിനും പുനർലേലം നടത്താതിരുന്നതിനും കാരണം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-93/2022-23/01.12.2023) ലഭ്യമാക്കിയ മറുപടിയിൽ, ലേലം റദ്ദ് ചെയ്ത് പുനർലേലം നടത്തുന്ന പക്ഷം പുതിയതായി ആരും ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യം ഉണ്ടാകും എന്ന് സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ നിലവിൽ നഗരസഭയ്ക്ക് 212000 രൂപ നഷ്ടം ഉണ്ടായിരിക്കുന്നത് ലേല നിബന്ധനകൾ പ്രകാരം നടപടികൾ സ്വീകരിക്കാത്തതിനാലാണെന്ന് കാണുന്നു. ബാക്കി ലേലതുക/ഓഫർതുക സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ച് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നഗരസഭാസെക്രട്ടറി,

സെക്ഷൻ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ ഉത്തരവാദികളാവുന്നതാണ്.

## 1-27 വിനോദനികുതി-മതിയായ രേഖകളില്ലാതെ അഡ്ജസ്റ്റ് ചെയ്തു

നഗരസഭയുടെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 21.12.2022-ലെ 7-ാം നമ്പർ തീരുമാനപ്രകാരം അനു, അഭിനയ തീയേറ്ററുകൾ 2017-18 സാമ്പത്തിക വർഷത്തിൽ അധികമായി നഗരസഭയിൽ അടവാക്കിയ വിനോദ നികുതി ₹3,16,439 നടപ്പുവർഷം (2022-23) അഡ്ജസ്റ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാനം എടുത്ത ഫയൽ (R5-13427/22) പരിശോധിച്ചതിൽ, ഒറിജിനൽ രേഖകൾക്ക് പകരം രേഖകളുടെ പകർപ്പാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. (15.06.2022-ലെ അനു/അഭിനയ തീയേറ്റർ മാനേജറുടെ കത്ത്, അനു/അഭിനയ തീയേറ്റർ മാനേജറുടെ 17.07.2017ലെ കത്തും അനുബന്ധ രേഖകളും എന്നിവയുടെ പകർപ്പ്). യഥാർത്ഥ രേഖകൾ ഓഡിറ്റിന് ഹാജരാക്കണം എന്നാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം 41/4.11.23) ആയത് ഹാജരാക്കിയിട്ടില്ല. ഒറിജിനൽ രേഖകളില്ലാതെ മുമ്പ് അടച്ച നികുതി അഡ്ജസ്റ്റ് ചെയ്യുന്നത് കേരള ഫിനാൻഷ്യൽ കോഡിന് വിരുദ്ധമാണ്.

അനു/അഭിനയ തീയേറ്റർ മാനേജറുടെ 17.07.2017-ലെ കത്തിന്റെ പകർപ്പ് പ്രകാരം നഗരസഭയിൽ നിന്ന് സീൽ ചെയ്ത് വാങ്ങിയ വിൽക്കാത്ത ടിക്കറ്റുകൾ നഗരസഭയിൽ തിരികെ സമർപ്പിച്ചതായി പറയുന്നുണ്ട്. എന്നാൽ ടിക്കറ്റുകൾ തിരികെ ലഭിച്ചതായോ ഇത് പരിശോധിച്ച് മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതായോ ഉള്ള രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ടിക്കറ്റുകൾ തിരികെ ലഭിച്ചതായും പരിശോധിച്ചതായും ഉള്ള സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം 41) ആയത് ഹാജരാക്കിയിട്ടില്ല.

തിരികെ ലഭിച്ച ടിക്കറ്റുകളുടെ സീരിയൽ നം. എണ്ണം, തുക എന്നിവയുടെ വിവരങ്ങളോ, തുക അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്ത് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ ടിക്കറ്റ് സീലിംഗ് രജിസ്റ്ററിൽ സെക്ഷൻ ക്ലാർക്കിന്റെ രേഖപ്പെടുത്തലുകൾ ഒന്നുംതന്നെ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ പരിശോധിച്ച് മേലൊപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/2022-23/04.11.2023) നല്കിയ മറുപടിയിൽ സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി ഓഡിറ്റിൽ സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2017-18ൽ അധികമായി അടച്ചു എന്ന് പറയപ്പെടുന്ന തുകയെ സംബന്ധിച്ച് തീയേറ്റർ മാനേജർ 17.07.2017-ന് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനുള്ള കാരണം, നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായിരുന്നതിനാൽ റീഫണ്ട് ചെയ്യുന്നതിന് കഴിഞ്ഞില്ല എന്നാണ് ഓഡിറ്റിനെ അറിയിച്ചിരിക്കുന്നത്. ഇത് അംഗീകരിക്കാനാവില്ല. ആയതിനാൽ ഒറിജിനൽ രേഖകളായ ക്യാൻസൽ ചെയ്ത മുഴുവൻ സിനിമാടിക്കറ്റുകൾ, നേരത്തെ അധികമായി അടച്ച 3,16,439 രൂപയുടെ രസീത്, ഇളവ് ആവശ്യപ്പെട്ടുകൊണ്ടുള്ള തീയറ്റർ ഉടമയുടെ കത്ത്, ഇളവ് ആവശ്യപ്പെട്ട തുകയുടെ വിവരണം, നഗരസഭയിലെ ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട്, കൌൺസിൽ തീരുമാനം എന്നിവ ഹാജരാക്കുന്നതുവരെ തുക അഡ്ജസ്റ്റ് ചെയ്ത നടപടി അംഗീകരിക്കുന്നില്ല.

## 1-28 ബിൽഡിംഗ് പെർമിറ്റ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29/01/2020-ലെ ആർ.എ1/444/2019/ത.സ്വ.ഭ.വ നം.സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ കെട്ടിട നിർമ്മാണാപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിലെ 2022-23 വർഷത്തെ കെട്ടിട നിർമ്മാണാപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പെർമിറ്റ് നൽകിയ എല്ലാ അപേക്ഷകളുടെയും പെർമിറ്റ് ഫീസിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ തീയതിയും രേഖപ്പെടുത്തുന്നില്ല.

2) 2022-23 വർഷത്തെ രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റിനുള്ള അപേക്ഷകളിൽ നാളിതുവരെയും തീർപ്പ് കൽപ്പിക്കാതെ തുടരുന്നവ ഉള്ളതായി കാണുന്നു. ഉദാഹരണത്തിന് 2022-ലെ രജിസ്റ്ററിലെ ക്രമനം. 27, 28, 31, 33, 36, 37, 41, 47, 51, 53, 56, 63, 67, 73, 74, 76, 98, 103, 108, 112, 114, 121, 125, 126, 132, 141, 167, 183, 188, 189, 191, 192, 195, 196, 208, 2023-ലെ രജിസ്റ്ററിലെ ക്രമ നം 1, 4, 5, 6, 7, 9, 10, 19, 35, 45, 51, എന്നിവ പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കിയതിന്റെ വിവരം ഉൾപ്പെടെയുള്ള കാര്യങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണാപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ ചട്ടം 12, 13 എന്നിവ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. മേൽപ്പറഞ്ഞ അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ/ തീർപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

3) നഗരസഭയിൽ നിന്നും ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ ഭൂവികസനം നടത്തിയതിന് ശേഷം കെട്ടിട നിർമ്മാണം നടത്തുന്നുണ്ടോയെന്ന് തുടർപരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ ഗ്രൂപ്പ് G1, G2, I ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന നിർദ്ദേശം പാലിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.107/തീയതി, 08.12.2023 ) ക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-29 ഷീ ലോഡ്ജ്- പ്രവർത്തനം ആരംഭിച്ചിട്ടും വരുമാനം ലഭിക്കുന്നില്ല

2022-23 സാമ്പത്തിക വർഷം വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ 3 മുറികൾ നവീകരിച്ച് ഷീ ലോഡ്ജിന്റെ പ്രവർത്തനത്തിനായി മാറ്റിവെച്ചിരുന്നു. 14.03.2022-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഷീ ലോഡ്ജിൽ താമസത്തിന് ആരും എത്താതിരുന്നതിനെ തുടർന്ന് ഷീ ലോഡ്ജിന്റെ വിവരങ്ങൾ പത്രവാർത്ത നൽകി പരസ്യപ്പെടുത്തുന്നതിനും 2 പ്രൈവറ്റ് ബസ് സ്റ്റാന്റുകൾ, കെ.എസ്.ആർ.റ്റി.സി സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിങ്ങനെ 4 സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിരുന്നു.



ഷീലോഡ്ജിന്റെ അടച്ചിട്ടിരിക്കുന്ന മുറികൾ

ഇതിന്റെ തുടർനടപടികളുടെ വിശദാംശങ്ങൾ, ഷീലോഡ്ജിൽ നിന്നും നാളിതുവരെ ലഭിച്ച വരുമാനം സംബന്ധിച്ച വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.70/21.11.2023) ലഭിച്ച മറുപടിയിൽ, നാളിതുവരെ വരുമാനം ലഭിച്ചിട്ടില്ല എന്നും മുറികളിലെ അടിസ്ഥാന സൌകര്യം വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ഓരോ മുറിയിലും അധികമായി ഓരോ കട്ടിൽ, മെത്ത, മേശ, കസേര എന്നിവ കൂടി വാങ്ങി സൌകര്യം വർദ്ധിപ്പിക്കുന്നതിന് 2023-24-ലെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വർക്കിംഗ് വിമെൻസ് ഹോസ്റ്റലിന്റെ ഭാഗമായിരുന്ന 3 മുറികൾ ഷീ ലോഡ്ജിനായി മാറ്റിയപ്പോൾ മുറികൾ നവീകരിക്കുന്നതിനായി പണം ചെലവഴിക്കുകയും നിലവിൽ 3 മുറികളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന പ്രതിമാസ വരുമാനത്തിൽ(3x735=2205രൂപ) കുറവുണ്ടാവുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനൊപ്പം പത്രവാർത്ത, ബോർഡുകൾ, പരസ്യം, നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന ഓൺലൈൻ ബുക്കിംഗ് സൌകര്യം തുടങ്ങിയവ വഴി ഷീ-

ലോഡ്ജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

**1-30 ഇ.എം.എസ്.ഓഡിറ്റോറിയം- വരുമാനം ഇല്ല**

ചങ്ങനാശ്ശേരി നഗരസഭയുടെ നം. 2 ബസ് സ്റ്റാൻഡിൽ ഒന്നാം നിലയിലായി സ്ഥിതിചെയ്യുന്ന ഇ.എം.എസ്. ഓഡിറ്റോറിയം (AC) 2022-23-ൽ വാടകയ്ക്ക് പോയത് ആകെ അരദിവസം മാത്രമാണ്. ഒരു ദിവസം 22,000/-രൂപ (+Gst) വാടക നിശ്ചയിച്ചിരിക്കുന്ന ഓഡിറ്റോറിയത്തിൽ നിന്നും ലഭിച്ചത് ₹11,000/- മാത്രമാണ് 2022-23 സാമ്പത്തിക വർഷം വരുമാനമായി ലഭിച്ചത്. 2015-16 സാമ്പത്തികവർഷം 76,14,611 രൂപ ചെലവാക്കി പണി പൂർത്തീകരിച്ച എ.സി. ഓഡിറ്റോറിയം കൊണ്ട് നഗരസഭയ്ക്ക് യാതൊരു വരുമാനവും ലഭിക്കുന്നില്ല എന്ന വിഷയത്തിന്മേൽ കൌൺസിലോ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയോ ഗൌരവത്തോടെ സമീപിച്ചിട്ടില്ല എന്ന് വ്യക്തമാണ്.





എ.സി.ഓഡിറ്റോറിയം

എ.സി. ഓഡിറ്റോറിയം വരുമാനദായകമാക്കി മാറ്റുന്നതിനുള്ള യാതൊരുവിധ നടപടികളും നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പാർക്കിംഗ് സൌകര്യങ്ങൾ ഏർപ്പെടുത്തി ഓഡിറ്റോറിയം വരുമാനദായകമാക്കി മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

**1-31 വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായ അലംഭാവം**

നഗരസഭയുടെ 2022-23 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ, അവയുടെ സൂക്ഷിപ്പിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) മിക്ക മാസങ്ങളിലെയും വൗച്ചറുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

2) 07/2022-ലെ 11-ം നമ്പർ വൗച്ചർ പ്രകാരം ബാറ്ററി വാട്ടർ വാങ്ങിയതിനുള്ള ചെലവായി ₹1,000 (ചെക്ക് നം. 577738/11.7.2022) രേഖപ്പെടുത്തിയിരിക്കുന്നു. ക്യാഷ് ബുക്കിൽ ഈ ചെലവ് 41-ാം നമ്പർ വൌച്ചറായി രേഖപ്പെടുത്തിയാണ് തുക പിൻവലിച്ചത്. 'കാഷ് ബുക്ക് പ്രകാരം 11-ാം നമ്പർ വൌച്ചറായി Advance Adjusted' എന്ന ഇനത്തിൽ ₹2,000 ക്രമീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വൌച്ചറിലും വൌച്ചർ നം.11 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വ്യത്യസ്ത ആവശ്യങ്ങൾക്കായുള്ള വൌച്ചറുകളിൽ ഒരേ വൌച്ചർ നമ്പർ രേഖപ്പെടുത്തിയിരിക്കുന്നു.

3) വൗച്ചർ പ്രകാരമുള്ള പല തുകകളും ക്യാഷ് ബുക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| **വൗച്ചർ നം./തീയതി** | **വൗച്ചറിലെ തുക** | **ക്യാഷ് ബുക്കിലെ തുക (പിൻ വലിച്ച തുക)** |
|---|---|---|
| 24 Of 07.07.2022 | 13,76,418 | 13,76,731 |
| 25 Of 07.07.2022 | 25,785 | 25,466 |

4) മിക്ക മാസങ്ങളിലും തുക ചെലവഴിക്കുന്നതിനായി വൗച്ചറുകൾ എഴുതി ചെക്ക് നമ്പരും തുകയും ഉൾപ്പെടെയുള്ള വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെക്കുകൾ പിന്നീട് ക്യാൻസൽ

ചെയ്തതായി രേഖപ്പെടുത്തി വൗച്ചറുകളും ക്യാൻസൽ ചെയ്തതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം. | വൗച്ചർ നം./തീയതി | ഇനം | ക്യാൻസൽ ചെയ്ത ചെക്ക് നം./തീയതി/തുക |
|---|---|---|---|
| H2-5373/20 | 60/ 26.04.2022 | ആർജ്ജിതാവധി സറണ്ടർ | 03294/26.04.2022 - ₹3,94,822 |
| H2-5875/22 | 20/ 03.06.2022 | കോൺട്രിബ്യൂട്ടറി പെൻഷൻ | 391470/03.06.2022 - ₹1,45,497 |
| H2-5875/22 | 21/ 03.06.2022 | ബാബു റ്റി.പി യുടെ പെൻഷൻ കുടിശ്ശിക | 391472/03.06.2022 -₹4,725 |
| G6-7001/21 | 72/ 25.06.2022 | റഗുലർ ജീവനക്കാരുടെ പി.എഫ്.വിഹിതം | 0581537/25.06.2022-₹4,60,735 |

മേൽ തുകകൾ കൂടാതെ വിവിധ തീയതികളിൽ ഇപ്രകാരം ചെക്കുകൾ ക്യാൻസൽ ചെയ്തതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചെക്കുകൾ ക്യാൻസൽ ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടും മറ്റ് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/2022-23/01.11.2023) മറുപടി ലഭ്യമാക്കിയില്ല. ചെക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഇവ പിന്നീട് പണമാക്കിയിട്ടില്ലെന്ന് ഉറപ്പ് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ധനാപഹരണമായി കണക്കാക്കി ഓഡിറ്റ് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. മറ്റ് അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 നഗരസഭയിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങളിലെ ചട്ടം, 8(1) പ്രകാരം പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പളബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് 15-ാം തീയതിയ്ക്ക് മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ, ടി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും നഗരകാര്യ ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കേണ്ടതുമാണ്. ഇപ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടച്ചതിന്റെ വിശദാംശങ്ങൾ, മുനിസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിച്ചതിന്റെയും പ്രസ്തുത ഫണ്ടിൽ നിന്ന് പെൻഷൻ അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/2022-23 /28.10.2023) നല്കിയ മറുപടിയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

"നഗരസഭയ്ക്ക് 30.6.2022 വരെ പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 5,98,35,120 രൂപ ലഭിക്കാനുണ്ട്. ടി തുകയിൽ ബഹു. നഗരകാര്യ ഡയറക്ടറുടെ 4.11.2022 ലെ ഡി യു എ-5787 /2022-പി7 നം. ഉത്തരവ് പ്രകാരം നഗരസഭയ്ക്ക് 34,83,013/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ബാലൻസ് തുകയായ 5,63,52,107/- രൂപ അനുവദിക്കുന്നതിനായി ബഹു. പ്രിൻസിപ്പൽ ഡയറക്ടർക്ക് (തദ്ദേശ സ്വയം ഭരണ വകുപ്പ്) കത്ത് നൽകിയിട്ടുണ്ട്. പെൻഷൻ ഫണ്ട് ലഭ്യമാകാത്തതിനാൽ മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കാൻ സാധിച്ചിട്ടില്ല. മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ നഗരസഭയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

2022-23 വർഷത്തെ വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-9 പ്രകാരം 'Central Pension Fund Payable'- ₹2,59,50,457.65 അടയ്ക്കാനുള്ളതായും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.23/2022-23/28.10.2023) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല.

സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ലഭിയ്ക്കാൻ ശേഷിക്കുന്ന തുകകൾ ലഭ്യമാക്കേണ്ടതും മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ സേവിംഗ്സ് ബാങ്ക് അക്കൌണ്ട് ആരംഭിച്ച് തുക നിക്ഷേപിക്കേണ്ടതുമാണ്.

## 1-33 പൊതുടാപ്പുകളുടെ വെള്ളക്കരം- നഗരസഭയ്ക്ക് 3.7കോടി രൂപ ബാദ്ധ്യത

ഫയൽ നം.E6-3170/93

നഗരസഭയ്ക്ക് പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻ ബാദ്ധ്യതയാണുള്ളത്. 20.09.2022-ലെ കേരള വാട്ടർ അതോറിറ്റിയുടെ എബി2-3616/2019 നം.കത്ത് പ്രകാരം ആഗസ്റ്റ് 2022 വരെയുള്ള വെള്ളക്കരം കുടിശ്ശിക ₹7,67,55,089-യാണ്. വാട്ടർ അതോറിറ്റിയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത തുകയിൽ ₹3,90,79,554 (08/2022 വരെ) ഒഴിവാക്കി നൽകിയതായി പ്രസ്തുത കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുകയായ ₹3,76,75,535 അടച്ച് കുടിശ്ശിക തീർക്കുന്നതിനും വാട്ടർ അതോറിറ്റിയിൽ നിന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ തുകയൊന്നും അടവാക്കിയില്ല.

നിലവിൽ 198 പൊതുടാപ്പുകളാണ് നഗരസഭയ്ക്കുള്ളത്. വാട്ടർ അതോറിറ്റിയുടെ മെയ് 2023 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ₹4,59,03,736 യാണ് ആകെ ബാദ്ധ്യത. മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്ന് മുൻവർഷങ്ങളിൽ സോഴ്സ് ഡിഡക്ഷൻ വഴി വാട്ടർ ചാർജ്ജ് കുറവ് ചെയ്തിട്ടുള്ളതായി ഫയലുകളിൽ കാണുന്നു. കൂടാതെ, മുൻവർഷങ്ങളിൽ വിവിധ പ്രോജക്ടുകൾ പ്രകാരവും തുക അടച്ചിട്ടുള്ളതായി കാണുന്നു. ഇപ്രകാരം വിവിധ പ്രോജക്ടുകൾ പ്രകാരവും സോഴ്സ് ഡിഡക്ഷൻ വഴിയും വെള്ളക്കരം അടച്ചശേഷമാണോ ഇപ്രകാരം വലിയ ബാദ്ധ്യത നിലനിൽക്കുന്നതെന്ന് ഉറപ്പാക്കാനാവുന്നില്ല.

പ്രോജക്ടുകൾ മുഖേനയും സോഴ്സ് ഡിഡക്ഷനായും ഒടുക്കു വരുത്തിയ വെള്ളക്കരത്തിന്റെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 2022-23 വർഷം വെള്ളക്കരമിനത്തിലെ കുടിശ്ശിക തുകയൊന്നും തന്നെ അടയ്ക്കാതെ നഗരസഭയ്ക്ക് സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/2022-23/30.10.2023) മറുപടി ലഭ്യമാക്കിയില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക സഹിതം അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കൂടുതൽ ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷനുകൾ ലഭിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതും അത് വഴി ഭാവിയിൽ നഗരസഭയ്ക്കുണ്ടാകാവുന്ന ബാദ്ധ്യത കുറയ്ക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 1-34 തെരുവു വിളക്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ കറണ്ട് ചാർജ്ജ്- വൻ കുടിശ്ശിക നിലനിൽക്കുന്നു

ഫയൽ നം.E5-3571/01(Vol.III)

(1) നഗരസഭയിലെ തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജിനത്തിൽ മാസംതോറും ₹2,61,833 കെ.എസ്.ഇ.ബിയിൽ അടച്ച് വരുന്നു. എന്നാൽ വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി ആയതിന്റെ രേഖകളും തെരുവു വിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധിച്ച രജിസ്റ്ററും കൃത്യമായി തയാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഏപ്രിൽ 2023-ലെ തെരുവ് വിളക്ക് കറണ്ട് ചാർജ്ജ് ബിൽ പ്രകാരം കുടിശ്ശിക തുക ഉൾപ്പെടെ ₹53,16,190 ബാദ്ധ്യതയുള്ളതായി കാണുന്നു. കറന്റ് ചാർജ്ജ് സമയബന്ധിതമായി അടയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/2022-23/06.11.2023) മറുപടി നല്കിയില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഉപഭോഗത്തിനനുസരിച്ചുള്ള കറണ്ട് ചാർജ്ജ് മാത്രം അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2) 2022 ഒക്ടോബറിലെ കറന്റ് ചാർജ്ജ് ബിൽ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള പകൽ വീടിന്റെ കറന്റ് ചാർജ്ജിനത്തിൽ ₹496 അടച്ചതായി കാണുന്നു. ടി സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നില്ലായെന്ന് ഭൌതിക പരിശോധന നടത്തിയതിൽ നിന്ന് വ്യക്തമായി. പ്രവർത്തിക്കാത്ത സ്ഥാപനത്തിന്റെ കറണ്ട് കണക്ഷൻ താല്കാലികമായി വിച്ഛേദിച്ച് കറണ്ട് ചാർജ്ജിൽ നിന്ന് ഒഴിവാക്കേണ്ടതും സ്ഥാപനം തുറന്ന്

പ്രവർത്തിക്കുന്ന പക്ഷം കറണ്ട് കണക്ഷൻ പുന: സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) സെക്രട്ടറിയുടെ ക്വാർട്ടേഴ്സിന്റെ മെയ് 2022-ലെ കറണ്ട് ചാർജ്ജിനത്തിൽ ₹8,553 അടച്ചിട്ടുള്ളതായി കാണുന്നു (ചെക്ക് നം.391448/24.05.2022). മാസംതോറും ശരാശരി ₹600യോളം മാത്രം കറണ്ട് ചാർജ്ജ് അടയ്ക്കേണ്ടി വരുന്ന ഈ കെട്ടിടത്തിന്റെ കറണ്ട് ചാർജ്ജ് തൻമാസം ഇത്രയധികം വർദ്ധിക്കാനിടയായ സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 43/2022-23/06.11.2023) മറുപടി ലഭ്യമാക്കിയില്ല. കറണ്ട് ചാർജ്ജ് ഇത്രയധികം വർദ്ധിക്കാനിടയായ സാഹചര്യം പരിശോധിച്ച് നിയന്ത്രണം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-35 കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് അടയ്ക്കേണ്ട തുകകൾ ബാദ്ധ്യതയായി നിലനിൽക്കുന്നു

നഗരസഭയുടെ 2022-23 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേയ്ക്ക് അടയ്ക്കേണ്ട വിവിധ തുകകൾ B-9 ഷെഡ്യൂളിൽ ബാദ്ധ്യതയായി കാണുന്നു.

| ഇനം | തുക (₹) |
|---|---|
| കോവിഡ് റിക്കവറി | 3,23,243 |
| അദർ റിക്കവറീസ് | 9,641 |
| ലൈബ്രറി സെസ്സ് | 1,71,44,428.5 |
| വാറ്റ് | 38,959 |
| സർവീസ് ടാക്സ് | 5,29,215 |
| സി ജി എസ് റ്റി | 7,49,893 |
| എസ് ജി എസ് റ്റി | 7,49,892 |
| ഫ്ലഡ് സെസ്സ് | 51,251 |
| അദേഴ്സ് പേയബിൾ | 1,43,13,763 |
| റിഫണ്ട് പേയബിൾ-അദേഴ്സ് | 2,02,67,092 |

കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് അടയ്ക്കേണ്ട തുകകൾ ഇപ്രകാരം ബാദ്ധ്യതയായി നിലനിൽക്കുന്നതിനുള്ള കാരണം വ്യക്തമാക്കണമെന്നും അദർ റിക്കവറീസ്, അദേഴ്സ് പേയബിൾ, റീഫണ്ട് പേയബിൾ എന്നീ ഇനങ്ങൾ ഏതിനത്തിലെ ബാദ്ധ്യതയാണെന്ന് വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.48/16.11.2023) മറുപടി ലഭ്യമാക്കിയില്ല. മുകളിൽ സൂചിപ്പിച്ച ബാദ്ധ്യത തുകകൾ കേന്ദ്ര, സംസ്ഥാന സർക്കാരുകളിലേയ്ക്ക് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ലൈബ്രറിസെസ്, കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്നിവയ്ക്ക് അടയ്ക്കാനുള്ള തുകകൾ അടയ്ക്കാതിരിക്കുന്നത് സെക്രട്ടറിയുടെ മാത്രം ബാദ്ധ്യതയായിരിക്കും.

**ലൈബ്രറി സെസ്സ്**

ലൈബ്രറി സെസ്സുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2013-14 മുതൽ 2022-23 വരെ ലൈബ്രറി സെസ്സ് ഇനത്തിൽ ₹1,41,54,569 അടയ്ക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക കണക്ക് പ്രകാരം ₹1,71,44,428.5 അടയ്ക്കാനുള്ളതായി കാണുന്നു. ലൈബ്രറി സെസ്സ് ഇനത്തിലെ ബാദ്ധ്യത കൃത്യമായി തിട്ടപ്പെടുത്തി കേരള സംസ്ഥാന ലൈബ്രറി കൌൺസിലിലേയ്ക്ക് തുക അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 റഗുലർ ജീവനക്കാരുടെ ഹാജർ -അൺ ഓതറൈസ്ഡ് ആബ്സൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

നഗരസഭയിലെ റഗുലർ ജീവനക്കാരുടെ 2021, 2022, 2023 വർഷങ്ങളിലെ ഹാജർ ബുക്കുകൾ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള ജീവനക്കാരി ഓഫീസിൽ തുടർച്ചയായി ഹാജരായില്ല എന്ന് കാണുന്നു.

ജനറൽ സെക്ഷനിലെ 2021 വർഷത്തെ ഹാജർ ബുക്ക് പരിശോധിച്ചതിൽ ശ്രീമതി ബിനി ഡി, എഫ്.എ എന്ന ജീവനക്കാരി 2021 ഒക്ടോബർ 4 മുതൽ 2022 ജനുവരി 31 വരെ പലയിനം അവധികളിലായിരുന്നു എന്ന്

കാണപ്പെട്ടു. തുടർന്ന് 2023 സെപ്റ്റംബർ 20 വരെ അൺ ഓതറൈസ്ഡ് ആബ്സൻസ് ആയിരുന്ന എന്നും കാണുന്നു. ടി ജീവനക്കാരി 2023 സെപ്റ്റംബർ 21-ന് തിരികെ ഹെൽത്ത് സെക്ഷനിൽ ജോലിയിൽ പ്രവേശിച്ചതായും കാണുന്നു. ഇപ്രകാരം ഒരു വർഷത്തിലധികം ടി ജീവനക്കാരി ശൂന്യവേതനാവധിയിലും അൺ ഓതറൈസ്ഡ് ആബ്സൻസ് ആയും ഇരുന്ന കാലയളവ് ക്രമീകരിച്ചതെങ്ങനെയെന്ന് രേഖകൾ സഹിതം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/16.11.2023) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

"2021 ഒക്ടോബർ 4 മുതൽ ആർജ്ജിതാവധിയും 11.10.2021 മുതൽ 31.12.2021 വരെ ശൂന്യ വേതനാവധി അപേക്ഷയും ഹാജരാക്കുകയും ടി അവധികൾ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 2022 ജനവരി 1-ാം തീയതി മുതൽ അവധി അപേക്ഷകൾ ഹാജരാക്കാതെ ടിയാൾ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ ടിയാൾക്ക് കുറ്റാരോപണ മെമ്മോ നൽകുകയും നഗരകാര്യ ഡയറക്ടറെ വിവരം അറിയിക്കുകയും ചെയ്തു. കുറ്റാരോപണ മെമ്മോകൾക്ക് ടിയാരി മറുപടി നൽകാതിരിക്കുകയും 01.04.2023 ന് ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടിയാരിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതിക്കായി നിയമനാധികാരിയ്ക്ക് കത്ത് നൽകുകയും തുടർന്ന് 20.9.2023 ൽ LSGD/PD/42722/2023/DEF 2 നം. കത്ത് പ്രകാരം ടിയാരിയെ ജോലിയിൽ പ്രവേശിപ്പിച്ച് വിവരം അറിയിക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 21.09.2023 അപരാഹ്നം മുതൽ ടിയാരിയെ ജോലിയിൽ പ്രവേശിപ്പിക്കുകയും ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചത് നഗരസഭാതലത്തിലായതിനാൽ ടി വിഷയം ബഹു. കൌൺസിൽ മുൻപാകെ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 13.11.2023-ലെ 3/11 നമ്പർ തീരുമാന പ്രകാരം ശൂന്യ വേതനാവധിയായി പരിഗണിക്കുന്നതിന് അംഗീകാരം ലഭ്യമായിട്ടുള്ളതുമാണ്. "

ടി ജീവനക്കാരിയുടെ അവധി ദിനങ്ങൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-37 മുനിസിപ്പൽ റെസ്റ്റ് ഹൌസ്- വാടകകുടിശിക ലഭിക്കാത്തത്,സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത്- നടപടിക്രമങ്ങളിൽ അപാകത

ഫയൽ നം:- 1) R6-3916/16

2) R6-940/18

1) ഫയൽ നം. R6-3916/16

ചങ്ങനാശ്ശേരി നഗരസഭ വക മുനിസിപ്പൽ റെസ്റ്റ് ഹൗസ്, ടൗൺ ഹാൾ എന്നിവയുടെ വെള്ളക്കരം അടയ്ക്കാഞ്ഞത് മൂലം 11.7.2008-ൽ ടി കെട്ടിടങ്ങളുടെ വാട്ടർ കണക്ഷൻ വിച്ഛേദിച്ചതായി മേൽ ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. റസ്റ്റ് ഹൗസിന് ₹2,57,657യും ടൗൺ ഹാളിന് ₹38,889യും കുടിശ്ശിക ഉണ്ടായിരുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ചങ്ങനാശ്ശേരി നഗരസഭയുടെ മുനിസിപ്പൽ ആർക്കേഡിലെ 31-ാം നമ്പർ കടമുറി കേരള വാട്ടർ അതോറിറ്റിയുടെ ബില്ലിംഗ് യൂണിറ്റായി പ്രവർത്തിച്ചിരുന്നതാണെന്നും ടി കടമുറിയുടെ വാടക ഒടുക്കാതിരുന്നതിനാൽ വാട്ടർ അതോറിറ്റി 26.5.2015 ൽ ഈ കടമുറി ഒഴിഞ്ഞ് പോയപ്പോൾ ₹1,93,470 വാടകകുടിശ്ശികയുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.നഗരസഭയുടെ 13.5.2015 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം വാട്ടർ അതോറിറ്റി കുടിശ്ശിക തുക പൂർണ്ണമായി അടച്ച് തീർക്കാതിരിക്കുന്ന പക്ഷം നഗരസഭയുടെ വാട്ടർ ചാർജ്ജിൽ നിന്നും വാടക കുടിശ്ശിക കുറവ് ചെയ്ത് ശേഷിക്കുന്ന തുകയുടെ വിവരം വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് കത്ത് നൽകാവുന്നതാണെന്ന് തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൻ പ്രകാരം വെള്ളക്കരം ഇനത്തിൽ അടയ്ക്കുവാനുള്ള ₹2,96,546 യിൽ നിന്ന് വാടക ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ₹3,49,104 (സർവ്വീസ് ടാക്സ് - ₹28,053, ഫൈൻ- ₹1,27,580, DNF-1 ഉൾപ്പെടെ) ക്രമീകരിച്ചാൽ ബാക്കിയുള്ള ₹52,558 വാട്ടർ അതോറിറ്റി അടയ്ക്കണമെന്ന് അറിയിച്ച് 17.3.2016 തീയതിയിൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നഗരസഭ കത്ത് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കാനുള്ള ഈ തുക തിരികെ ലഭിക്കുകയോ നഗരസഭയുടെ വെള്ളക്കരം ഇനത്തിൽ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/2022-23, തീയതി, 13.11.2023) ലഭ്യമാക്കിയ മറുപടിയിൽ, നഗരസഭയുടെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നഗരസഭയ്ക്ക് വൻ ബാദ്ധ്യതയുള്ളതായും വാട്ടർ അതോറിറ്റി അധികൃതർ ഈ വിഷയത്തിൽ നഗരസഭാ ചെയർപേഴ്സണുമായി

സംസാരിച്ചതിൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് വെള്ളക്കരം അടയ്ക്കുന്നതാണെന്ന് വാട്ടർ അതോറിറ്റിയെ അറിയിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. വാട്ടർ അതോറിറ്റിയിൽ നിന്ന് നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക സംബന്ധിച്ച് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുള്ളതായും മറുപടി നൽകി. നാളിതുവരെ ഈ തുക ലഭിച്ചിട്ടില്ലാത്തതിനാൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തുക ക്രമീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II)R6-940/18

3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നഗരസഭ വക റസ്റ്റ് ഹൌസ് ജീർണ്ണിച്ച അവസ്ഥയിലാണെന്നും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്നും റവന്യൂ ഇൻസ്പെക്ടർ 7.3.2020 തീയതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4.3.2020 ന് ശേഷം റസ്റ്റ് ഹൗസിൽ നിന്ന് കരാറുകാരൻ ശ്രീ അഭിലാഷ് ഒഴിഞ്ഞതായും ടിയാൻ വാടക ഇനത്തിൽ 3/2018 മുതൽ 3/2020 വരെ അടയ്ക്കാനുണ്ടായിരുന്ന ₹3,28,100യും (വാടക -2,40,000+GST-43,200+പലിശ-42,500+FC-2,400) കറണ്ട് ചാർജ്ജ് ഇനത്തിലെ ₹15,899യും ഉൾപ്പെടെ ആകെ ₹3,43,999 ടിയാനിൽ നിന്ന് ഈടാക്കേണ്ടതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൻ പ്രകാരം ടിയാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി ഇനങ്ങളിൽ അടച്ച ₹7,62,500 യിൽ നിന്ന് മേൽ തുക കുറവ് ചെയ്ത് ₹4,18,501 നൽകാവുന്നതാണെന്നും 17.07.2020 ൽ സെക്ഷൻ ക്ലാർക്ക് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടിയാന് ₹4,31,401 (ചെക്ക് നം. 176166/5.4.2022) അനുവദിച്ചതായി കാണുന്നു. ₹12,900 അധികം അനുവദിച്ചു. കൂടാതെ റസ്റ്റ് ഹൌസിന്റെ മുൻ കരാറുകാരായ പി വി ജോണി, ലാലു സെബാസ്റ്റ്യൻ, സജി ജോർജ്ജ് ജോൺ എന്നിവർക്ക് യഥാക്രമം ₹12,500 (ചെക്ക് നം.003295/24.4.2022), Rs. 2,14,330(ചെക്ക് നം. 003296/24.4.2022), ₹2,23,206 (ചെക്ക് നം. 003297/24.4.2022) വീതം തുക നൽകിയതായി കാണുന്നു. അഭിലാഷിന് തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നും മറ്റ് കരാറുകാർ ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ തുക അടച്ചതിന്റെ രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/2022-23, തീയതി, 13.11.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ അഭിലാഷിന് അധികമായി നൽകിയ 12900 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റ് കരാറുകാർക്ക് ഇ എം ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ തുക അനുവദിച്ചതിന്മേൽ തൃപ്തികരമായ രേഖകൾ ഹാജരാക്കാതിരുന്നതിനാൽ 450036 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ, 09/01/2023ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ (ഫയൽ R6-20741/22)നഗരസഭയുടെ റെസ്റ്റ് ഹൗസ് പൊളിച്ചുമാറ്റിയ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ വാഹന പാർക്കിംഗ് അനുവദിക്കാവുന്നതാണെന്നും ഒരു വർഷത്തേയ്ക്ക് 1 ലക്ഷം രൂപയ്ക്ക് ലേലത്തിന് നൽകാമെന്നും ബസുകൾക്ക് ആദ്യ 3 മണിക്കൂറിന് 100 രൂപയും പിന്നീട് ഓരോ മണിക്കൂറിനും ₹20 വീതവും കാറിന് ആദ്യ 3 മണിക്കൂറിന് ₹50യും പിന്നീട് ഓരോ മണിക്കൂറിനും ₹10 വീതവും ഫീസ് നിശ്ചയിക്കാമെന്നും തീരുമാനിച്ചതായി കാണുന്നു. ഇതിന്റെ തുടർനടപടിയുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/2022-23, തീയതി, 13.11.2023) റസ്റ്റ് ഹൌസ് പൊളിച്ച് മാറ്റിയ സ്ഥലത്ത് വാഹന പാർക്കിംഗ് ഏർപ്പെടുത്തുന്നത് ധനകാര്യ സ്ഥിരം സമിതിയുടെ പരിഗണനയിലാണ് എന്ന് അറിയിച്ചിരിക്കുന്നു. വാഹന പാർക്കിംഗിനുള്ള സൌകര്യം ഒരുക്കി നഗരസഭയ്ക്ക് വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-38 വാഹനം മെയിന്റനൻസ് നടത്തിയത്- ഇൻഷ്വറൻസ് തുക പൂർണ്ണമായി തിരികെ ലഭിച്ചില്ല

ഫയൽ നം.-E3-135/19

ബഹു. നഗരസഭാ ചെയർപേഴ്സൺ-ന്റെ ഔദ്യോഗിക വാഹനമായ KL-33L5805-ന്റെ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ ചെലവിനത്തിൽ എ.വി.ജി മോട്ടോഴ്സിന് ₹25,443 (ചെക്ക് നം.161606/12.5.2022) നൽകിയിരുന്നു. ഈ തുക പൂർണ്ണമായും നഗരസഭയ്ക്ക് നൽകുമെന്ന് നാഷണൽ ഇൻഷ്വറൻസ് കമ്പനി 10.5.2022-ൽ (പോളിസി നം.570602312110000532) ഇ-മെയിൽ സന്ദേശം മുഖേന നഗരസഭയെ അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 11,154രൂപ 6.5.2022-ൽ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിരുന്നു. ശേഷിക്കുന്ന ₹14,289 തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.75/22-23/തീയതി, 22.11.2023) മറുപടി ലഭ്യമാക്കിയില്ല. തുകയുടെ ലഭ്യത ഉറപ്പാകാത്തതിനാൽ 14,289 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് വെള്ളത്തിന്റെ സാംപിൾ പരിശോധന- പദ്ധതി ലക്ഷ്യ പ്രാപ്തികൈവരിച്ചില്ല

ഫയൽ നം. E3-19102/21

നഗരസഭയിൽ അമൃത് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചതിന് ₹25,840(ചെക്ക് നം.577722/1.7.2022) കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡിലേക്ക് അടച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 76/2022-23, തീയതി, 21.11.2023), മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ ലക്ഷ്യപ്രാപ്തി കൈവരിക്കാത്ത സാഹചര്യത്തിൽ 25,840 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 സെക്രട്ടറിയ്ക്ക് ക്വാർട്ടേഴ്സ് അനുവദിച്ചത്- ശമ്പളത്തിൽ നിന്ന് റെന്റ് റിക്കവറി നടത്തിയില്ല

നഗരസഭാ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് നവീകരിക്കുന്നതിന്റെ ഭാഗമായി ക്വാർട്ടേഴ്സിൽ എ.സി സ്ഥാപിക്കുന്നതിന് 2022-23 വർഷം തുക ചെലവഴിച്ചിട്ടുണ്ട്. ഇക്കാലയളവിലെ സെക്രട്ടറിയ്ക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 77/2022-23/തീയതി, 21.11.2023 ) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സെക്രട്ടറിയുടെ ശമ്പള ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നുമില്ല. 2019 ലെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ (പി) നം.27/2021/ഫിൻ/തീയതി, 10.2.2021 പ്രകാരം ക്വാർട്ടേഴ്സ് അനുവദിക്കപ്പെട്ടിട്ടുള്ള ₹50,200 - 105300 ശമ്പള സ്കെയിലിൽ ശമ്പളം കൈപ്പറ്റുന്ന സർക്കാർ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 2% റെന്റ് റിക്കവറി ആയി ഈടാക്കേണ്ടതാണ്. ഓഡിറ്റ് വർഷം നഗരസഭാ സെക്രട്ടറിയ്ക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടെങ്കിൽ സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്ന് 2% തുക റെന്റ് റിക്കവറി ആയി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-41 തെരുവ് വിളക്ക് അറ്റകുറ്റപ്പണി- രേഖകൾ അപൂർണ്ണം

ഫയൽ നം. E3- 7795/22

നഗരസഭാ പരിധിയിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ഇലക്ട്രീഷ്യൻമാരെ നിയമിക്കുന്നതിനും തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ക്വട്ടേഷൻ ക്ഷണിച്ച് ആന്റണി സെബാസ്റ്റ്യൻ, രാമചന്ദ്രൻ റ്റി.കെ എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ (പ്രതിദിനം ₹730 വീതം) നിയമിച്ചിരുന്നു. ഉപകരണങ്ങളും മറ്റും സൈറ്റിൽ എത്തിക്കുന്നതിന് കബീർ എന്ന വ്യക്തിയെയും (പ്രതിദിനം ₹1,400 വീതം) ക്വട്ടേഷൻ ക്ഷണിച്ച് തെരഞ്ഞെടുത്തിരുന്നു, കൂടാതെ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 'എഡ്വിൻലൈറ്റ്സ്' എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ ആവശ്യത്തിനായി താഴെ ചേർത്തിട്ടുള്ളത് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ<br>(തുക, വൗച്ചർ നം.) |
|---|---|
| തെരുവ് വിളക്ക് ഉപകരണങ്ങളുടെ വില<br>(എഡ്വിൻ ലൈറ്റ്സിന് നൽകിയത്) | 44,615<br>(13 Of 7/22/5.7.22 |
| ആന്റണി സെബാസ്റ്റ്യന്റെ 12 ദിവസത്തെ<br>(ജൂൺമാസം) വേതനം | 8,760<br>(80 Of 7/22/22.7.2022) |
| രാമചന്ദ്രൻ പി കെ - യുടെ 12 ദിവസത്തെ<br>(ജൂൺ മാസം) വേതനം | 8,760<br>(81of7/22/22.7.2022) |

| | |
|---|---|
| വാഹനത്തിന്റെ വാടക<br>കബീർ എം (ജൂൺമാസം) ന് നൽകിയത് | 16,800<br>(82 Of 7/22/ 22.9.2022) |
| ആന്റണി സെബാസ്റ്റ്യന്റെ 13 ദിവസത്തെ<br>(ജൂൺ മാസം) വേതനം | 9,490<br>( 24 Of 8/22/11.8.2022) |
| രാമചന്ദ്രൻ പി കെ - യുടെ 11 ദിവസത്തെ<br>(ജൂൺ മാസം) വേതനം | 8,030<br>(25 Of 8/2022/11.8.2022) |
| ആന്റണി സെബാസ്റ്റ്യന്റെ ജൂലൈ<br>മാസത്തെ വേതനം | 10,950<br>( 60 Of 8/22/24.8.2022) |
| രാമചന്ദ്രൻ പി കെ - യുടെ ജൂലൈ<br>മാസത്തെ വേതനം | 10,950<br>(61 Of 8/22/24.8.2022) |
| ജൂലൈ മാസത്തെ വാഹന വാടക<br>(രാമചന്ദ്രന് നൽകിയത്) | 14,300<br>( 62 Of 8/22/24.8.22) |
| തെരുവ് വിളക്ക് ഉപകരണങ്ങളുടെ വില | 76,175( 63 Of 8/22/24.8.2022) |
| രാമചന്ദ്രൻ പി.കെ -യുടെ ആഗസ്റ്റ്<br>മാസത്തെ വേതനം | 8,030( 52 Of 9/22/22.9.2022) |
| സെപ്റ്റംബർ മാസത്തെ വാഹന വാടക<br>(രാമചന്ദ്രന് നൽകിയത്) | 9,100 (26 Of 2/23/6.2.23) |
| സെപ്റ്റംബർ മാസത്തെ വേതനം<br>(രാമചന്ദ്രന് നൽകിയത്) | 5,840(27 Of 2/23/6.2.23) |
| ആകെ | 231800 |

രേഖകൾ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട രേഖകൾ തുക ചെലവഴിച്ച തീയതിയുടെ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല.

2. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയും വിതരണം ചെയ്യുകയും ചെയ്തതിന്റെ രേഖയില്ല.

3. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വാഹനം ഉപയോഗിച്ചതായി അറ്റൻഡൻസ് രജിസ്റ്ററിൽ കാണുന്നില്ല. എന്നാൽ സെപ്റ്റംബർ മാസത്തെ വാഹനവാടക നൽകിയതായും കാണുന്നു. വാഹനം ഉപയോഗിക്കാതെ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയതെങ്ങനെയെന്ന് വ്യക്തമല്ല.

4. ഏതൊക്കെ വാർഡുകളിൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയെന്നോ ഏതൊക്കെ പോസ്റ്റുകളിൽ വിളക്കുകൾ സ്ഥാപിച്ചു എന്നോ വ്യക്തമല്ല.

5. തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ചും (വാർഡ്, പോസ്റ്റ് നമ്പർ മുതലായവ) ഉപയോഗിച്ച ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ചും ഉള്ള വിവരങ്ങളടങ്ങിയ കൌൺസിലർമാരുടെ സാക്ഷ്യ പത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.05/2022-23/25.09.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ആകെ ചെലവ് തുക ₹2,31,800 തടസ്സപ്പെടുത്തുന്നു.

## 1-42 മലയിൽക്കുന്ന് വാട്ടർ ടാങ്ക് നവീകരണം- തുക മുൻകൂർ അടച്ചു- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നഗരസഭയുടെ 15-ാം വാർഡിലെ മലയിൽക്കുന്ന് വാട്ടർ ടാങ്ക് നവീകരണത്തിന്റെ ഭാഗമായി 2021-22 വർഷം പ്രോജക്റ്റ് ആവിഷ്കരിക്കുകയും വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, തിരുവല്ലയിൽ നിന്ന് ₹7,20,000 യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ൽ നിന്ന് നൽകുകയും ചെയ്തിരുന്നു. 2022-23 വർഷം സ്പിൽ ഓവർ പദ്ധതികളായി (പ്രോജക്റ്റ് നം.S054/23-₹5,00,000, പ്രോജക്റ്റ് നം.213/13-₹2,20,000- ബിൽ നം. 155/30.12.2022) ടി തുക, കേരള വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷന്റെ 3922000110130637-ാം നമ്പർ ബാങ്ക് അക്കൗണ്ടിൽ 04.01.2023-ൽ മുൻകൂറായി നിക്ഷേപിച്ചിട്ടുള്ളതായി നഗരസഭാ സെക്രട്ടറി, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയാക്കിയതായി വാട്ടർ അതോറിറ്റിയിൽ നിന്നുള്ള അറിയിപ്പോ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി പൂർത്തീകരണ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.110/12.12.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ 7,20,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-43 സെന്റേജ് ചാർജ്- അധികം നല്കി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം.177/23-വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ, 161/23-എസ്.സി കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ എന്നീ പ്രോജക്ടുകൾ പ്രകാരം വാട്ടർ അതോറിട്ടിയിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നം.177/23 പ്രകാരം ധനകാര്യകമ്മീഷൻഗ്രാന്റ് തുക ₹11,65,015 (PFMS Payment Advice C-1122054553340/8-11-22, രൂ.733015/, PFMS Payment Advice C32362056884/22-3-23, രൂ.147000/PFMS Payment Advice C112221395925/17-11-22, രൂ.285000/), 161/23 പ്രകാരം വികസനഫണ്ട് എസ്.സി.പി ₹3,13,000 (ബിൽ നം.862823/5-12-22-1,78,000/, ബിൽ നം.1471909/25-03-23-1,35,000/)എന്നിങ്ങനെയാണ് തുകകൾ നിക്ഷേപിച്ചത്.

പ്രോജക്റ്റ് നം.177/23 ൽ ഉൾപ്പെട്ട 19-ാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് 10% സെന്റേജ് ഉൾപ്പെടെ ₹5,40,000യും 35-ാം വാർഡിൽ അങ്കണവാടി റോഡ് പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് 13.78% സെന്റേജ് ഉൾപ്പെടെ 1,43,000യും വാർഡ് 2 പാലാത്ര പിട്ടാപ്പള്ളി പരുത്തിക്കാട്ടുകളം റോഡ് പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് 11.02% സെന്റേജ് ഉൾപ്പെടെ ₹2,85,000യും വാർഡ് 14 പൂവക്കാട്ട്ചിറ പുതുപ്പറമ്പ് ഭാഗം പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് Advertisement/publicity ചാർജ് ₹15,000 ഉൾപ്പെടുത്തി ₹1,47,000യുമാണ് വാട്ടർ അതോറിട്ടി എസ്റ്റിമേറ്റ് ലഭ്യമാക്കിയത്. ഇതിനൊപ്പം 2021-22 വർഷ പ്രോജക്റ്റ് പ്രകാരം ഒടുക്കുവാൻ ബാക്കിനിന്ന ₹50,015യുമുൾപ്പെടെയാണ് ₹11,65,015 പ്രോജക്റ്റ് 177/23 പ്രകാരം നിക്ഷേപിച്ചത്. പ്രോജക്റ്റ് 161/23-ൽ ഉൾപ്പെട്ട 18-ാം വാർഡ് നാല്പാത്തിസെറ്റിൽമെന്റ് കോളനി പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് 11.02% സെന്റേജ് ചാർജ്, Advertisement/publicity ചാർജ് ₹7,500 ഉൾപ്പെടെ ₹1,35,000യുടെ എസ്റ്റിമേറ്റാണ് വാട്ടർ അതോറിട്ടി ലഭ്യമാക്കിയത്. 2021-22 വർഷത്തെ 207/22 പ്രോജക്റ്റ് പ്രകാരം ബാക്കി ഒടുക്കേണ്ടിയിരുന്ന ₹1,78,000 ഉൾപ്പെടെയുള്ള ആകെ തുകയാണ് ₹3,13,000. വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടറുടെ 24-09-2018 ലെ ഉത്തരവ് നം.KWA/JB/P2/663/17 പ്രകാരം 16-04-18 മുതൽ തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള നിക്ഷേപ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തുകയുടെ 10% സെന്റേജ് ചാർജ് മാത്രമേ

ഈടാക്കാൻ പാടുള്ളൂ. എന്നാൽ 13.78%, 11.02% എന്നിങ്ങനെ വ്യത്യസ്ത നിരക്കിൽ സെന്റേജ് ചാർജ് ഈടാക്കിയതിലൂടെ നഗരസഭയിൽ നിന്ന് 6000/ത്തോളം രൂപ അധികതുക വാട്ടർ അതോറിട്ടി ഈടാക്കിയതായി കാണുന്നു. കൂടാതെ Advertisement/publicity ചാർജ് എന്നീയിനങ്ങളിൽ ലംപ്സമായും തുക ഈടാക്കുന്നു.

അധികം ഈടാക്കിയ സെന്റേജ് ചാർജ് വാട്ടർ അതോറിട്ടിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. Advertisement/publicity ചാർജ് എന്നീയിനങ്ങളിൽ ലംപ്സമായി തുക അനുവദിക്കുന്നത് ഒഴിവാക്കി മതിയായ രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ രേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രോജക്ടുകൾ പ്രകാരമുള്ള ആകെ ചെലവ് 14,78,015/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 പട്ടികജാതി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ.

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് 26/23 പ്രകാരം നഗരസഭയിലെ 12 പട്ടികജാതി കോളനികളിലായി 12 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ 24/06/2022 ലെ 106-ാം നം.ഇൻവോയ്സ് ന്റെ അടിസ്ഥാനത്തിൽ (1383050.85 + 248949.16 (GST)) 30-09-2022 ലെ 200599112 (ബിൽബുക്കിലെ ക്രമനം.37)ബിൽ പ്രകാരം ₹16,32,000 മാറി (വികസനഫണ്ട്-എസ്.സി.പി) ആദായനികുതി ₹32,640, GST ₹32,640 റിട്ടൻഷൻ ₹1,63,200 എന്നീയിനങ്ങളിൽ ആകെ ₹2,28,480 കിഴിച്ച് ₹14,03,520 KEL ന്റെ 57033061452 നമ്പർ അക്കൗണ്ടിലേക്ക് നല്കുകയുണ്ടായി.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

1. സർക്കാർ ഉത്തരവ് നം 77/2019ഫിൻ തീയതി, 4/7/2019,104/2022/ഫിൻ തീയതി 02-09-2022 എന്നിവ പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും പൊതുവായ സിവിൽ പ്രവൃത്തികളും PMC ആയി ചെയ്യുന്നതിന് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ ₹16,32,000യുടെ മിനി മാസ്റ്റ് ലൈറ്റുകൾ നേരിട്ട് ചെയ്യുന്നതിന് (Non PMC) കമ്പനിക്ക് വർക്ക് ഓർഡർ നല്കിയത് മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

2. പൊതുമരാമത്ത് സ്വഭാവമുള്ള പ്രവൃത്തി ആയതിനാൽ ഒരു യൂണിറ്റിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ക്ഷമതയുള്ള കേന്ദ്രങ്ങളിൽ നിന്നും സാങ്കേതിക അനുമതി വാങ്ങിയ ശേഷം മാത്രം പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാവുന്നതുമാണ് (ഏജൻസി നേരിട്ട് നിർവ്വഹണം നടത്തുന്നവയ്ക്ക്). എന്നാൽ സാങ്കേതിക അനുമതി സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ- യിൽ നിന്നുള്ള ടെക്നിക്കൽ സാങ്ഷൻ സ്ലിപ്പ് പ്രകാരം FL/MKTG/HML/36 /P55A/2022 Dated 30-04-2022 എന്ന് ടി.എസ് നമ്പരും തീയതിയും ചേർത്തിട്ടുണ്ട്. എന്നാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നല്കിയ സാങ്കേതികാനുമതിയുടെ അസ്സൽ ഫയലിൽ ലഭ്യമല്ല. മാത്രമല്ല പി.എം.സി ആയി ചെയ്യുന്ന പ്രവൃത്തികളിൽ മാത്രമാണ് അക്രഡിറ്റഡ് ഏജൻസി തന്നെ സാങ്കേതികാനുമതി നല്കുന്നത്.

3. അക്രഡിറ്റഡ് ഏജൻസിയുടെ 30-03-2022 ലെ പ്രോഫോർമ ഇൻവോയ്സ് അനുസരിച്ച് കോമ്പോസിറ്റ് സപ്ലൈ ഓഫ് ഹൈമാസ്റ്റ് ലൈറ്റ്സ് 7 MTR OCT POLE MINIMAST WITH 04 NOS OF 90 W LED LIGHTING SYSTEM 13 എണ്ണം സ്ഥാപിക്കുന്നതിന് 18% GST ഉൾപ്പെടെ ₹17,68,000യുടെ ഓഫർ സ്വീകരിച്ച് അവരെ പ്രവൃത്തി ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അതായത് ഒരു ലൈറ്റ് സ്ഥാപിക്കുന്നതിന് ₹1,36,000 എന്ന നിരക്കിൽ. സാങ്കേതിക അനുമതി വാങ്ങാതെയുള്ള മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണം കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 8, 9 നം, പൊതുമരാമത്ത് മാന്വലിനും, പദ്ധതി രൂപീകരണചട്ടങ്ങൾക്കും വിരുദ്ധമാണ്.

4. ഏജൻസി ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുകയോ ഉപയോഗിച്ചിട്ടുള്ള സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല. ന്യായമായ നിരക്കാണ് നിശ്ചയിച്ചത് എന്ന് ഉറപ്പു വരുത്തേണ്ടത് അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണെന്നിരിക്കെ നിരക്ക് സംബന്ധിച്ച യാതൊരു പരിശോധനയും ഒരു തലത്തിലും നടന്നിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വ്യക്തമായ മൂല്യ നിർണ്ണയം നടത്തുകയും, മേലുദ്യോഗസ്ഥൻ ഉപരി പരിശോധന നടത്തുകയും, അളവ് പുസ്തകം ലഭിക്കുകയും ചെയ്യാതെ തുക നല്കിയത് കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 14, 15 നം, പൊതുമരാമത്ത് മാന്വലിനും വിരുദ്ധമാണ്.

5. മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചത് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും തൃപ്തികരമായി പ്രവർത്തിക്കുന്നുവെന്നും DLTC-Electrical അംഗം റിപ്പോർട്ട് നല്കിയതായി നോട്ട് ഫയലിൽ കാണുന്നു. എന്നാൽ വിശദമായ എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ഇത് എപ്രകാരമാണ് ഉറപ്പാക്കാനാവുന്നതെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ 30/22-11-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.
അപാകതകളുടെ വെളിച്ചത്തിൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് ₹16,32,000 തടസ്സപ്പെടുത്തുന്നു.

## 1-45 ഒന്നാം നമ്പർ ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- വിശദാംശങ്ങൾ ലഭിച്ചില്ല

നഗരസഭാ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം വാഴപ്പള്ളി കിഴക്ക് വില്ലേജിൽ ബ്ലോക്ക് നം.129 റീസർവെ നം.25,25/1,25/2,25/3 എന്നിവയിലുൾപ്പെട്ട 5.85 ആർ സ്ഥലം സേവ്യർ ചാക്കോ, റോസമ്മ ചാക്കോ, കാർത്തികപ്പള്ളിൽ, ചെത്തിപ്പുഴ എന്നിവരിൽ നിന്ന് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഏറ്റെടുക്കുന്നതിന് 23/05/22 ലെ സർക്കാർ ഉത്തരവ് നം.110/2022/LSGD പ്രകാരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 16-12-2022 ൽ 2232/1/2022 നമ്പർ ആധാരമായി 5.85 ആർ സ്ഥലം സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതായി ഫയലിൽ നിന്ന് വ്യക്തമാകുന്നു. സ്ഥലവിലയിൽ നിന്ന് ടി.ഡി.എസ്, ആദായനികുതി എന്നിവ കുറവ് ചെയ്ത് ഉടമകൾക്ക് തുക നല്കിയിട്ടുണ്ട്. വികസനഫണ്ടിൽ നിന്ന് ₹50ലക്ഷം, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ₹55,38,650 വീതം ആകെ ₹1,05,38,650 പ്രോജക്ടിനായി ചെലവുണ്ട്.

ട്രഷറിബിൽ നം.992025/04-01-23 (ട്രഷറിബിൽബുക്ക് ക്രമനം.69) പ്രകാരം ₹1ലക്ഷം ആദായനികുതി കിഴിച്ച് ₹49ലക്ഷം സ്ഥലവിലയായി ശ്രീ സേവ്യർ ചാക്കോയുടെ ഫെഡറൽ ബാങ്ക് അക്കൗണ്ട് നം.10370100385140 ലേക്ക് നല്കി. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് PFMS പേമെന്റ് അഡ്വൈസുകൾ പ്രകാരം ശ്രീ സേവ്യർ ചാക്കോ, ശ്രീമതി റോസമ്മ ചാക്കോ എന്നിവർക്ക് സ്ഥലവില ഇനത്തിൽ ₹53,16,206 അക്കൗണ്ട് ട്രാൻസ്ഫറായി നല്കുകയുണ്ടായി. കൂടാതെ ആകെ വസ്തുവിലയിൽ നിന്ന് ടി.ഡി.എസ്. ഇനത്തിൽ കിഴിവ് ചെയ്ത ₹1,05,300 നഗരസഭയുടെ അക്കൗണ്ടിലേക്കും, ആധാരമെഴുത്ത് ചാർജായി ₹7,650 ശ്രീ സദാനന്ദൻ.കെ എന്നയാളുടെ അക്കൗണ്ടിലേക്കും ₹1,000 ശ്രീ.ജോസഫ് എന്നയാളുടെ അക്കൗണ്ടിലേക്കും മാറ്റി നല്കി. ആദായനികുതി കിഴിവ് ₹1,08,494 ഉൾപ്പെടെ ആകെ ധനകാര്യകമ്മീഷൻഗ്രാന്റ് തുക ₹55,38,650.

ഫയൽ പരിശോധിച്ചതിൽ നിന്ന് ചുവടെ ചേർക്കും വിധമുള്ള അപാകതകൾ വ്യക്തമാകുന്നു.

1)സ്ഥലവിലയിൽ നിന്ന് ആദായനികുതിയിനത്തിൽ ട്രഷറിബിൽ നം.992025/04-01-23 (ട്രഷറിബിൽബുക്ക് ക്രമനം.69)പ്രകാരം കിഴിവ് ചെയ്ത ₹1 ലക്ഷം ഒടുക്ക് വരുത്തിയതിന്റെ ചലാൻ രേഖകൾ ഇല്ല.

2) സെക്രട്ടറിയുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. സ്ഥലം നഗരസഭയുടെ പേരിൽകൂട്ടി കരം അടച്ച രസീത് ഇല്ല. സ്ഥലം നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ ഉൾപ്പെട്ട ആസ്തിരജിസ്റ്റർ ലഭ്യമാക്കിയില്ല.

3) ശ്രീ ജോസഫ്- ന് പി.എഫ്.എം.എസ് പ്രകാരം ₹1,000 നല്കിയത് ഏതിനത്തിലാണ് എന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.

4) സ്ഥലം ബസ് സ്റ്റാന്റ് വികസനത്തിന് വിനിയോഗിക്കുന്നത് സംബന്ധിച്ച തുടർ പ്രോജക്ടുകളുടെ വിവരം ഇല്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 31/22-11-23 ന് മറുപടി ലഭിച്ചില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രകാരമുള്ള ആകെ ₹1,05,38,650 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-46 പ്രധാനറോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

2021-22-ൽ നടപ്പിലാക്കിയ 307/22 നമ്പർ പ്രോജക്ട് സ്പിൽ ഓവറായി 2022-23-ൽ നടപ്പാക്കിയതാണ് 22/23-ാം നമ്പരായ പ്രധാനറോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും എന്ന പ്രൊജക്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹20,00,000 വകയിരുത്തി നഗരത്തിലെ പ്രധാന റോഡുകളിൽ 70W LED ലൈറ്റ് സ്ഥാപിക്കുന്നതിനായിരുന്നു പ്രോജക്ട്. അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം പ്രോജക്ട് നടപ്പാക്കാൻ

ഉദ്ദേശിച്ചതായി പ്രോജക്ട് രൂപീകരണ ഫോറത്തിൽ നിന്ന് വ്യക്തമാകുന്നു. കൂടാതെ 1333 ലൈറ്റുകൾ സ്ഥാപിക്കുന്നതായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് യൂണിറ്റ് കോസ്റ്റ് ₹1,500.

04/07/2019-ലെ ജി.ഒ.(പി)നം.77/2019/ഫിൻ ഉത്തരവ് പ്രകാരം, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾക്കും, ജനറൽ സിവിൽ കൺസ്ട്രക്ഷൻ പ്രവൃത്തികൾക്കും അക്രഡിറ്റഡ് ഏജൻസി പി.എം.സി ആയി KEL നെ അംഗീകരിച്ചിട്ടുണ്ട്.

ജി.ഒ.(പി)നം.111/2021, ഫിൻ, തീയതി, 05/08/2021 പ്രകാരം 04/07/2021 വരെയും തുടർന്ന് 30-09-2022 വരെയും അക്രഡിറ്റേഷൻ കാലയളവ് നീട്ടിയിട്ടുണ്ട്.

20/12/2021-ൽ സ്ഥാപനം നൽകിയ ക്വട്ടേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | 70 W LED Street Light | 5,635.59 |
| 2 | Clamp & Accessories | |
| 3 | Installation | |
| | GST 18% (9+9) | 1,014.40 |
| | Rounded To | 6,650.00 |

പ്രവൃത്തിയ്ക്ക് LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ പ്രകാരം 70W LED തെരുവുവിളക്ക് സപ്ലൈ ചെയ്ത് സ്ഥാപിക്കലും 3 വർഷത്തേക്കുള്ള മെയിന്റനൻസുമാണ് പ്രോജക്ട്. എന്നാൽ എസ്റ്റിമേറ്റ്, TS എന്നിവ ഒപ്പുവച്ച് ആധികാരികമാക്കിയിട്ടില്ല.

മേൽ ക്വട്ടേഷൻ അടിസ്ഥാനപ്പെടുത്തി 22/12/2021-ലെ E3-20582/21 നമ്പർ സപ്ലൈ ഓർഡർ പ്രകാരം അടിയന്തിരമായി 70W ലൈറ്റുകൾ 100 എണ്ണം സ്ഥാപിക്കാനാവശ്യപ്പെട്ടു. കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് സ്ഥാപനവുമായി പ്രിലിമിനറി എഗ്രിമെന്റ് വച്ച് സപ്ലൈ ഓർഡർ നൽകുകയാണ് ചെയ്തത്. എന്നാൽ 70-ന് പകരം 72W-ന്റെ 100 ലൈറ്റുകളാണ്, സ്ഥാപിച്ചതായി ഫയലുകളിൽ നിന്ന് വ്യക്തമാകുന്നത്. 100 ലൈറ്റുകൾ സ്ഥാപിച്ചതിന് ₹6,650 നിരക്കിൽ ₹6,65,000 KELന് ₹26,600 ജി.എസ്.ടി കിഴിച്ച് ₹6,38,4002021-22 ൽ നൽകി. (2021-22ൽ)

പിന്നീട് 16/03/2022-ൽ E3-20582/21 നമ്പരായി 70W ലൈറ്റുകൾ 200 എണ്ണം കൂടി കരാർ വച്ച് അടിയന്തിരമായി സ്ഥാപിക്കുന്നതിന് സപ്ലൈ ഓർഡർ നൽകുകയുണ്ടായി. 200 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ ഇൻവോയ്സ് 50/06-ജൂൺ 2022 ആയി നൽകുകയും ജി.എസ്.റ്റി ഉൾപ്പെടെ ₹13,30,000 ആവശ്യപ്പെടുകയുമുണ്ടായി. (വില-11,87,500 + 71250x2)@ 5937.50) തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ബിൽനം.51/12-8-22, അലോട്ട്മെന്റ് 53/12-8-22)

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

(1) സർക്കാർ ഉത്തരവ് പ്രകാരം KELന് PMC ആയി പ്രവൃത്തി ചെയ്യാൻ മാത്രമാണ് അനുവാദമുള്ളത്. എന്നാൽ നേരിട്ട് ചെയ്യുന്നതിനായി പ്രവൃത്തി ഏല്പിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

(2) പ്രോജക്ട് പ്രകാരം ₹20,00,000 അടങ്കലിൽ ₹1,500 വില വരുന്ന 1333 ലൈറ്റുകൾ സ്ഥാപിക്കാൻ ആണ് ഉദ്ദേശിച്ചത്. എന്നാൽ മറ്റ് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നൊന്നും ക്വട്ടേഷൻ വാങ്ങുകയോ കുറഞ്ഞ വിലയ്ക്ക് ലഭ്യതയുടെ വിവരം അന്വേഷിക്കുകയോ ചെയ്യാതെ KELന്റെ ഓഫർ ക്വട്ടേഷൻ സ്വീകരിക്കുകയാണ് ചെയ്തത്. ഇതുമൂലം നഗരസഭയ്ക്ക് അധിക ചെലവുണ്ടായതായി കാണുന്നു.

(3) എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചതായി ഫയലിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ പ്രകാരം 3 വർഷത്തേയ്ക്കുള്ള മെയിന്റനൻസ് ഉൾപ്പെടെയുള്ള പ്രവൃത്തിയാണ് 70W ലൈറ്റ് സ്ഥാപിക്കലിൽ ഉൾപ്പെടുന്നത്. എന്നാൽ KEL മായുള്ള കരാർ വ്യവസ്ഥയിൽ ലൈറ്റുകൾക്ക് 2 വർഷ വാറന്റി മാത്രമാണ് പരാമർശിച്ചിട്ടുള്ളത്.

(4) KEL ലഭ്യമാക്കിയ ക്വട്ടേഷനിൽ എസ്റ്റിമേറ്റിലെ ഇനങ്ങൾക്കുള്ള നിരക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാതെ ഒറ്റത്തുക മാത്രമാണ് നല്കിയിട്ടുള്ളത്. എസ്റ്റിമേറ്റിനനുസരിച്ചല്ലാതെ വാങ്ങൽ രീതിയിൽ പ്രവൃത്തി നടത്തിയത് തെറ്റായ നടപടിയാണ്.

(5) ലൈറ്റുകളുടെ പ്രവർത്തനക്ഷമത, ക്വാളിറ്റി പരിശോധനയിലൂടെ ഉറപ്പാക്കിയ ശേഷം മാത്രം പ്രവൃത്തി നടപ്പിലാക്കുന്നതിന് പകരം പ്രവൃത്തി നടത്തിയതിന് ശേഷമുള്ള Quality Test നടപടിക്രമങ്ങളുടെ ലംഘനമാണ്.

(6) എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവൃത്തിയുടെ മേൽനോട്ടം, പ്രവൃത്തിയുടെ അളവെടുക്കൽ, ബില്ല് തയ്യാറാക്കൽ എന്നിവയുടെ പ്രതിഫലമായാണ് PAC യുടെ 3% വകയിരുത്തിയിട്ടുള്ളത്. ടി തുക ₹51,280 DLTC മെമ്പർ സഹദേവൻ വി.വി കൈപ്പറ്റിയതായി ഫയലിൽ രസീത് കാണുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD, കോട്ടയം, TS നല്കിയ എസ്റ്റിമേറ്റ് DLTC അംഗങ്ങൾ പരിശോധിച്ച് ഒപ്പുവച്ചതായി കാണുന്നില്ല. മാത്രമല്ല സൂപ്പർവിഷൻ, അളവെടുക്കൽ, ബില്ല് തയ്യാറാക്കൽ എന്നിവ നടത്താതെ KELൽ നിന്ന് ലഭ്യമായ ഇൻവോയ്സിൽ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് സാക്ഷ്യപത്രം നൽകുക മാത്രമാണ് ചെയ്തത്. 16/03/2022ലെ 323 ഇൻവോയ്സ് പ്രകാരം 100 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ ബിൽ നൽകുമ്പോൾ ഇപ്രകാരം സർട്ടിഫിക്കറ്റ് വച്ചിട്ടില്ല. അളവെടുപ്പ്, ബിൽ തയ്യാറാക്കൽ എന്നിവയില്ലാതെ കേവലം സർട്ടിഫിക്കറ്റിന് ₹51,280 നൽകിയത് തെറ്റാണ്. ₹51,280 യുടെ ചെലവ് നിരാകരിക്കുന്നു.

(7) 20/12/2021-ൽ KEL നൽകിയ ക്വട്ടേഷനിൽ ഒരു 70W LED Street Light സ്ഥാപിക്കുന്നതിന് 5635.59 രൂപയും 18% GST യുമാണ് ആവശ്യപ്പെട്ടിരുന്നത്.

എന്നാൽ 100 ലൈറ്റുകൾ സ്ഥാപിച്ച് 323/16.03.2022 നമ്പരായി നൽകിയ ഇൻവോയ്സിലും [ആകെ തുക ₹6,65,000(5,93,750+12% GST-₹71,250)] 200 ലൈറ്റുകൾ സ്ഥാപിച്ച് 50/06-06-2022 ആയി നൽകിയ ഇൻവോയ്സിലും [ആകെ തുക-₹13,30,000(₹11,87,500+ജി.എസ്.റ്റി 12%- ₹1,42,500)] ഒരു ലൈറ്റ് സ്ഥാപിക്കുന്നതിന് ഈടാക്കിയത് ₹5,937.50 വീതമാണ്. അതായത് ക്വോട്ട് ചെയ്ത വിലയിലും ₹301.91 വീതം അധികം. ഇപ്രകാരം നിരക്കിലെ വ്യത്യാസം ശ്രദ്ധിക്കാതെ തുക അനുവദിച്ചതിനാൽ 300 ലൈറ്റുകൾ സ്ഥാപിച്ചതിൽ നഗരസഭയ്ക്ക് ₹90,573 നഷ്ടം സംഭവിച്ചതായി കാണുന്നു.

(GST 18% ൽ നിന്ന് 12% ആയി കുറയുന്നത് KEL ന്റെ ഉല്പന്നത്തിന്റെ നിരക്കിനെ ബാധിക്കേണ്ടതില്ല). അധികം നൽകിയ ₹90,573 അംഗീകരിക്കുന്നില്ല.

(8) Quality Test Report പരിശോധിച്ച് അതിന്മേലുള്ള അഭിപ്രായം നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.

(9) സ്ഥാപിച്ച നിരവധി ലൈറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്ന് പരിശോധനാ റിപ്പോർട്ട് ഫയലിൽ കാണുന്നു. ഇതിന്മേൽ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമല്ല.

(10) പ്രവൃത്തിയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിച്ച് വാറന്റി, 3 വർഷം വരെയുള്ള മെയിന്റനൻസ് എന്നിവ ഉറപ്പാക്കുന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.40/23-11-2023 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ നിലനില്ക്കുന്നതിനാൽ പ്രോജക്ടിന്റെ തൻവർഷ ചെലവായ 13,30,000 രൂപയിൽ ഓഡിറ്റിൽ അംഗീകരിക്കാത്ത 141853/- കിഴിച്ച് 11,88,147/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 സി.എഫ്.എൽ.ടി.സി ചെലവുകൾ- രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയുടെ 06-06-2022 ലെ ഡി.എം1-6182/2020 ഉത്തരവ് പ്രകാരം ചങ്ങനാശ്ശേരി നഗരസഭയ്ക്ക് ₹31,46,522 അനുവദിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ ട്രഷറി ബിൽബുക്കിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് ചുവടെ ചേർക്കുംവിധം തുകകൾ മാറിയതായി കാണുന്നു.

| ട്രഷറിബിൽനം./തീയതി/ബിൽബുക്കിലെ ക്രമനമ്പർ | തുക |
|---|---:|
| 251292/29-6-22/9 | 24,358 |
| 251160/29-6-22/10 | 17,160 |
| 250880/29-6-22/11 | 1,05,750 |
| 251485/29-6-22/12 | 67,161 |
| 300074/12-7-22/16 | 11,86,928 |
| 300125/12-7-22/17 | 2,40,790 |

| | |
|---|---|
| 335624/21-7-22/18 | 12,79,491 |
| 351071/25-7-22/19 | 23,531 |
| ആകെ | 29,45,169 |

എന്നാൽ ടി ചെലവുകളുടെ ബില്ലുകളും വൗച്ചറുകളും ഓഡിറ്റിന് ലഭ്യമായിട്ടില്ല. ആകെ അനുവദിച്ച ₹31,46,522യിൽ ₹29,45,169യാണ് ട്രഷറിബില്ലുകൾ പ്രകാരം മാറിയതായി കാണുന്നത്.

ഉത്തരവിൽ നിശ്ചിത സമയപരിധിക്കുള്ളിൽ വിനിയോഗസർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം വിനിയോഗസർട്ടിഫിക്കറ്റ് സമർപ്പിച്ചതിന്റെ പകർപ്പുൾപ്പെടെ മേൽ സൂചിപ്പിച്ച ചെലവുകളുടെ വൗച്ചറുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 32/22-11-23 മറുപടി ലഭ്യമാക്കിയില്ല.
രേഖകൾ സഹിതം മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 29,45,169/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയുടെ ഉത്തരവ് പ്രകാരം നഗരസഭയ്ക്ക് അനുവദിച്ച ₹31,46,522 രൂപയിൽ 29,45,169/ കിഴിച്ചുള്ള 2,01,353/രൂപയുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-48 മലേക്കുന്ന് വാട്ടർടാങ്കിന് സ്ഥലം ഏറ്റെടുക്കൽ- രേഖകൾ ലഭ്യമായില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോ.നം.21/23 പ്രകാരം UIDSSMT പദ്ധതിയിൽപ്പെടുത്തി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് ഓവർഹെഡ് ടാങ്ക് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനായി 2013-14 വർഷം ആരംഭിച്ച പ്രോജക്ട്, സ്ഥലം ഏറ്റെടുക്കൽ നടപടികളിലെ അനവധാനത മൂലം താമസം വന്നതായി കാണുന്നു. ഏറ്റെടുക്കുന്നതിന് കണ്ടെത്തിയ 2.83 ആർ ഭൂമി ഒരു ആർ-ന് 4,04,494/-രൂ നിരക്കിൽ (ആകെ വില 11,44,718/-) നഗരസഭാ സെക്രട്ടറിയുടെ പേരിൽ രജിസ്ട്രേഷൻ നടത്തിയശേഷം തുക ഭൂമിയുടെ ഉടമകളായ യമുനാദേവി, നീലാംബരി, ബിജിനാകുഞ്ഞ്, രൂപ്മഹൽ, ബീനാജോസഫ്, പട്ടർമഠം എന്നിവർക്ക് കൈമാറുക മാത്രമാണ് തൻവർഷ പ്രോജക്ടിലൂടെ ചെയ്തിട്ടുള്ളത്. വസ്തുവില, ആധാരച്ചെലവ് ഉൾപ്പെടെ ആകെ ചെലവ് ₹11,52,368/-

എന്നാൽ ചുവടെ ചേർക്കും പ്രകാരമുള്ള അവശ്യരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1.ഭൂമി സെക്രട്ടറിയുടെ പേരിൽ ആധാരം ചെയ്തതിന്റെ പകർപ്പ്.

2.നഗരസഭാ സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് ചെയ്ത് കരം ഒടുക്കിയതിന്റെ രേഖ

3.വാട്ടർ അതോറിട്ടിക്ക് ഭൂമി കൈമാറിയതിന്റെയും ടാങ്ക് നിർമ്മിച്ചതിന്റെയും കരാറുൾപ്പെടെയുള്ള വിശദാംശങ്ങൾ.

4.ഭൂമിവിലയിൽ നിന്ന് ആദായനികുതിയായി കിഴിവ് ചെയ്ത തുക 22894/സർക്കാരിലേക്ക് അടച്ചതിന്റെ രേഖ.

5.പ്രോജക്ട് പ്രകാരമുള്ള ചെലവ് തുക ₹11,52,368 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) മാറിയതിന്റെ ട്രഷറിബിൽ/PFMS Payment Advice രേഖകൾ.
മേൽസൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായുള്ള ₹11,52,368 തടസ്സപ്പെടുത്തുന്നു.

## 1-49 പി.എം.എ.വൈ,ലൈഫ് വിഹിതം നല്കൽ -ജനറൽ,എസ്.സി.പി -പൂർത്തീകരണ വിവരം ഇല്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 110/23, 118/23-നമ്പർ പ്രോജക്ടുകൾ പ്രകാരം പി.എം.എ.വൈ ലൈഫ് ഭവനപദ്ധതി എസ്.സി.പി, ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് യഥാക്രമം 2040000/, 2480000/രൂപ വീതം വികസനഫണ്ട് വിവിധ ട്രഷറിബില്ലുകൾ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.110/23 | | പ്രോജക്ട് നം.118/23 | |
|---|---|---|---|
| ഗുണഭോക്താവ് | തുക | ഗുണഭോക്താവ് | തുക |
| വിനോദ്.കെ | 80,000 | രാജമ്മ രാജൻ | 80,000 |
| അജിത്കുമാർ | 80,000 | ജെസ്സി | 80,000 |

| | | | |
|---|---|---|---|
| ബാലചന്ദ്രൻ.സി | 80,000 | ഹമീദ്കുട്ടി | 80,000 |
| കുമാരി.സി.ആർ | 80,000 | കുഞ്ഞുമോൾ ആന്റണി | 80,000 |
| ശ്രീജാമോൾ | 80,000 | ചിന്നമ്മ തങ്കപ്പൻ | 1,60,000 |
| ശാന്തമ്മ.ടി | 1,60,000 | സ്വപ്ന ശ്രീനിവാസൻ | 1,60,000 |
| ആതിര ശശിധരൻ | 80,000 | എം.ഉമ | 40,000 |
| സരോജിനി ജനാർദ്ദനൻ | 80,000 | പി.എൻ.മനോഹരൻ | 40,000 |
| പി.കെ.രാജപ്പൻ | 2,00,000 | മനോജ്കുമാർ .എൻ.എം | 40,000 |
| സുധർമ്മ | 40,000 | ലീലാമ്മ അഗസ്റ്റിൻ | 40,000 |
| ജഗദമ്മ | 40,000 | സുനിൽ കുമാർ.ടി.ടി | 40,000 |
| മാരി.കെ | 1,20,000 | കെ.എച്ച്.സലിം | 40,000 |
| ശ്രീലത മോഹൻ | 40,000 | വത്സല | 40,000 |
| സിന്ധു സന്തോഷ് | 40,000 | കൃഷ്ണമ്മ രാജു | 80,000 |
| സ്മിതാ ഗോപിനാഥൻ | 40,000 | ഭാഗ്യലക്ഷ്മി | 80,000 |
| അഞ്ജു പ്രജിത്ത് | 40,000 | സീമാ മനു | 80,000 |
| ലീല നാരായണൻ | 1,20,000 | ശോഭന മനോഹരൻ | 80,000 |
| രാജീവ് | 40,000 | ഗീത വിനോജ് | 40,000 |
| ലൈല .കെ.വി | 80,000 | സുഭദ്ര | 80,000 |
| രമണി മോഹനൻ | 40,000 | സുനീഷ് തോമസ് | 80,000 |
| സാബു.എം.എ | 40,000 | ഉമൈബാൻ | 40,000 |
| ഹരിപ്രിയ ഷാജി | 80,000 | സുധാകരൻ | 80,000 |
| കമലമ്മ | 80,000 | ജയാ ഗണേശൻ | 80,000 |
| രതീഷ് .ആർ | 80,000 | ശ്രീകല എസ് | 80,000 |
| രാജമ്മ മോഹൻ | 80,000 | മറിയാമ്മ.കെ.ജോസ് | 80,000 |
| തുളസി സാബു | 40,000 | ഫിലോമിന സുരേഷ് | 80,000 |
| സിന്ധു ശശികുമാർ | 80,000 | കെ.എസ്,നടരാജൻ | 80,000 |
| | | ഇന്ദിര മണിയപ്പൻ | 40,000 |
| | | നീതു അനിൽകുമാർ | 80,000 |
| | | ബീന അക്ബർ | 40,000 |
| | | ഓമന | 80,000 |
| | | മണി.എസ് | 80,000 |
| | | അമ്പിളി | 40,000 |
| | | അനസ് മുഹമ്മദ് | 1,20,000 |
| | | ഷംനാസ് | 40,000 |
| ആകെ | 20,40,000 | ആകെ | 2,480,000 |

മേൽ ചേർത്ത വിധം വിവിധ ട്രഷറിബില്ലുകൾ പ്രകാരം വിവിധ ഗഡുക്കളായി തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ എത്രപേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു എന്നത് കൃത്യമായി തയാറാക്കിയ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പാക്കാനാവുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ മേൽവിലാസം പോലും കൃത്യമായി ചേർത്തിട്ടില്ലാത്തതാണ്. ഭവനപദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിപാലിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നല്കിയിരുന്നെങ്കിലും പാലിച്ചിട്ടില്ല. സെക്ഷൻസൂപ്രണ്ടുൾപ്പെടെ മേൽപരിശോധനകളില്ലാതെ തികഞ്ഞ

അലംഭാവമാണ് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ പുലർത്തിയിട്ടുള്ളത്.

എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. വിവിധ ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-50 കേരളോത്സവം-മുൻകൂർ ക്രമീകരിച്ചതിന്റെയും ആകെ ചെലവിന്റെയും വിവരങ്ങൾ ഇല്ല**

| | |
|---|---|
| പ്രോ.നമ്പർ/പേര് | 313/കേരളോത്സവം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | വികസനഫണ്ട് -₹49,998(ബിൽ നം.1557192/29-03-23)<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് -₹49,984<br>(PFMS<br>Payment Advice<br>CO32393458968/31-03-23)<br>തനത് ഫണ്ട് -₹45,000<br>(ചെക്ക്നം.046008/23-11-22)<br>ആകെ- 144982/ |

പ്രോജക്റ്റിന് പൊതുവിഭാഗം വികസനഫണ്ട്, ധനകാര്യകമ്മീഷൻഗ്രാന്റ് എന്നിവയിൽ നിന്ന് യഥാക്രമം ₹49,998 ₹49,984 വീതം ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവ് ₹99,982 രൂപ.(അടങ്കൽ ₹1ലക്ഷം) ഫയൽ പരിശോധിച്ചതിൽ കേരളോത്സവം നടത്തിപ്പ് ചുമതല ആരോഗ്യ വിഭാഗത്തിലെ ശ്രീ രാജീവ്.കെ- യ്ക്ക് നല്കിയതായും പരിപാടിയുടെ നടത്തിപ്പിനായി തനതുഫണ്ടിൽ നിന്ന് ₹45,000 മുൻകൂർ അനുവദിച്ചതായും കാണുന്നു. പ്രോജക്റ്റ് തുകയിൽ നിന്ന് തനത് ഫണ്ട് റികൂപ്പ് ചെയ്യണമെന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുക അനുവദിച്ച ചെക്കിന്റെ വിശദാംശങ്ങൾ ഇല്ല.

വൗച്ചറുകൾ പ്രകാരം കേരളോത്സവത്തിന്റെ ആകെ ചെലവ് ₹1,70,296യെന്ന് കാണുന്നു. പല ചെലവുകളുടെയും ബില്ലുകളുടെ അസ്സൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുൻകൂർ അനുവദിച്ച ₹45,000 ഉൾപ്പെടെ ആകെ ചെലവ് 1,44,982( 49,998 + 49,984 + 45,000) രൂപയും വൗച്ചറുകൾ പ്രകാരം ₹1,70,296 യുമാണ്. മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ഇല്ല.

വൗച്ചറുകൾ പ്രകാരമുള്ള ചെലവുതുകയായ ₹1,70,296യിൽ നിന്നും വിവിധ ഫണ്ടുകളിൽ നിന്നുള്ള ചെലവ് ₹1,44,982 കിഴിച്ചുള്ള ₹25,314 എപ്രകാരമാണ് ക്രമീകരിച്ചതെന്ന വിവരം ലഭ്യമല്ല.

മേൽ ചേർത്ത പ്രകാരം മുൻകൂർ ക്രമീകരണം, അധികചെലവ് ക്രമീകരിച്ചതിന്റെ വിവരം, അസ്സൽ വൗച്ചറുകൾക്ക് പകരം പകർപ്പുകൾ ഫയലിൽ ഉൾപ്പെടുത്തിയത് എന്നിവ സംബന്ധിച്ച അപാകതകൾ നിലനില്ക്കുന്നതിനാൽ ₹1,44,982 ചെലവ് തടസ്സപ്പെടുത്തുന്നു.

**1-51 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- ബില്ലുകൾ മുഴുവൻ ലഭ്യമാക്കിയില്ല,മറ്റ് അപാകതകൾ.**

| | |
|---|---|
| പ്രോജക്റ്റ് | 308/23, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ബിൽ നം.497349/2-9-22-₹429249/<br>ബിൽ നം.596723/29-9-22-₹ 337742/ |

| | |
|---|---|
| | ബിൽ നം.697718/27-10-22 – ₹ 4,35,552/<br>ബിൽ നം.819615/25-11-22 – ₹ 4,511/<br>ബിൽ നം.819785/25-11-22 – ₹ 2,55,946/<br>ആകെ – ₹ 14,63,000/- |

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 308/23-ാം നമ്പർ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് എന്ന പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) ₹14,63,000 ഇലക്ട്രിസിറ്റി ബോർഡിന് ഒടുക്കിയിട്ടുണ്ട്. എന്നാൽ തുക അടവാക്കിയതിന് ആധികാരികമായി വൈദ്യുതിബോർഡിൽ നിന്ന് ലഭിച്ച ബില്ലുകൾ മുഴുവൻ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ട്രഷറി ബിൽബുക്കിലെ ക്രമനം.48, ബിൽനം.200697718/27-10-22 പ്രകാരം മാറിയ ആകെ തുകയായ ₹4,35,552യിൽ ₹9,824 തൃക്കൊടിത്താനം വൈദ്യുത സെക്ഷനിലാണ് അടച്ചത്. ഇതിൽ ₹41 സർചാർജ്ജും ₹5,629 കുടിശ്ശികയുമായാണ് അടച്ചിട്ടുള്ളത് (10/22 ലെ തുക). കുടിശിക വരാനുണ്ടായ സാഹചര്യം സംബന്ധിച്ചും സർചാർജ് അടച്ചതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ട്രഷറി ബിൽബുക്കിലെ ക്രമനം.58, ബിൽനം.200819615/25-11-22 പ്രകാരം തൃക്കൊടിത്താനം വൈദ്യുത സെക്ഷനിൽ അടവാക്കിയത് ₹4,511യാണ് എന്നാൽ വൈദ്യുതിബോർഡിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് ₹2,511 യുടേത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഇപ്രകാരം ഇലക്ട്രിസിറ്റിബോർഡിൽ ₹14,63,000 അടവാക്കിയെങ്കിലും ഇലക്ട്രിസിറ്റിബോർഡിൽ നിന്നുള്ള ₹12,335 യുടെ വൈദ്യുതിബില്ലുകൾ മാത്രമാണ് ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ളത്. മതിയായ രേഖകൾ ലഭ്യമാക്കാതെ വൻതുക ചെലവഴിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതും മുഴുവൻ തുകയുടെയും ആധികാരിക ബില്ലുകൾ പരിശോധനയ്ക്ക് നല്കേണ്ടതുമാണ്. വിവിധ വൈദ്യുതി സെക്ഷനുകളുടെ കീഴിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുവെങ്കിൽ ആയതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ മീറ്ററിംഗ് പൂർത്തീകരിച്ചിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.
മേൽചേർത്ത രേഖകളുൾപ്പെടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.14/21-11-23 ന് മറുപടി ലഭ്യമായില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കാത്തതിനാൽ പ്രോജക്ട് പ്രകാരമുള്ള ₹14,63,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-52 മുൻകൂറായി അനുവദിച്ച തുകകൾ ക്രമീകരിച്ചില്ല.

2022-23 വർഷം നഗരസഭ വിവിധയിനങ്ങൾക്കായി മുൻകൂർ നൽകിയ ചുവടെ ചേർക്കുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | അഡ്വാൻസ് തുക കൈപ്പറ്റിയ ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | തുക | ഫയൽ നം./ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 48/18.04.22 | സുധാ കമൽ, JHI | 25,000 | H7-5387/22/ തെളിനീരൊഴുക്ക് നവകേരളം |
| 2 | 67/28.04.22 | ബിജേഷ് ഇമ്മാനുവേൽ, JHI IInd | 10,000 | G8-6236/22/ കേരള സർക്കാർ വാർഷികാഘോഷം |

| | | | | |
|---|---|---|---|---|
| 3 | 22/10.05.22 | ബിജു.ഡി. റവന്യൂ ഇൻസ്പെക്ടർ | 5,000 | R6-10911/19/ അനധികൃത ബങ്ക് പൊളിച്ചുമാറ്റൽ |
| 4 | 21/09.06.22 | നിസ്സാം എ, JHI Ist | 50,000 | H4-3634/22 മഴക്കാലപൂർവ്വ ശുചീകരണം |
| 5 | 43/12.07.22 | സുധാ കമൽ, JHI IInd | 15,000 | H4-14834/21-മഴക്കാലപൂർവ്വ മരംമുറിക്കൽ |
| 6 | 45/14.07.22 | ബിജേഷ് ഇമ്മാനുവേൽ, JHI IInd | 80,000 | H4-10265/22 മുനിസിപ്പൽ പാർക്കിലെ മരംമുറിക്കൽ |
| 7 | 47/16.0922 | ബിജേഷ് ഇമ്മാനുവേൽ, JHI IInd | 40,000 | ആസാദ് കി അമൃത് മഹോത്സവ് |
| 8 | 6/6.10.22 | സുധാ കമൽ, JHI IInd | 3,000 | H4-10701/22- ആയുർവേദാശുപത്രിയിലെ മരംമുറിക്കൽ |
| 9 | 38/14.10.22 | ബിജേഷ് ഇമ്മാനുവേൽ, JHI IInd | 4,000 | H4-10770/22, മരംമുറിക്കൽ |
| 10 | 9/02.11.22 | തൗഫീക്ക് പി ഇസ്മായിൽ, HI IInd | 22,000 | H1-35018/18 ലഹരി വിരുദ്ധ പ്രവർത്തനം |
| 11 | 58/22.11.22 | അൻവർ ഷെരീഫ്, PWO | 8,000 | E1-17519/21- അനധികൃത കെട്ടിട നിർമ്മാണം പൊളിച്ചുകളയൽ |
| 12 | 7/4.1.23 | അർജ്ജുൻ R.സജീവ്, ക്ലാർക്ക് | 75,000 | G1-135/23 - ശതാബ്ദിയാഘോഷം |
| 13 | 14/03.02.23 | ശ്രീകുമാർ എൻ, ലൈബ്രേറിയൻ | 10,000 | G3-2017/23, തൈപ്പൂയക്കാവടിയാഘോഷം |
| 14 | 33/08.02.23 | ബെർലിൻ, PWO | 5,000 | E2-11421/22- അനധികൃത കെട്ടിടം പൊളിച്ചുമാറ്റൽ |
| 15 | 06.03.2023 വൗച്ചർ നം. രേഖപ്പെടുത്തിയിട്ടില്ല | അരുൺകുമാർ എസ്, സീനിയർ ക്ലാർക്ക് | 20,000 | A1-4571/23 ബഡ്ജറ്റ്-2023-24 |
| **ആകെ** | | | 3,72,000 **(മൂന്ന് ലക്ഷത്തി എഴുപത്തി രണ്ടായിരം മാത്രം)** | |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99, 04.10.2011-ലെ ജി.ഒ.(പി) നം.419/2011/ധന. എന്നിവ

പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ (3 മാസം) ക്രമീകരിക്കാത്ത മുൻകൂർ തുക 18% പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിക്കാത്തതിന്/തുക തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/2022-23/12/10/2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ആകെ ചെലവ് തുക 3,72,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-53 നിക്ഷേപ/തുക കൈമാറൽ പ്രവൃത്തികൾ- തുകയുടെ വിനിയോഗവിവരങ്ങൾ ഇല്ല

ചുവടെ ചേർക്കും പ്രകാരം നിക്ഷേപ പ്രവൃത്തികൾ, തുക കൈമാറൽ പ്രോജക്ടുകൾ എന്നിവ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് നല്കിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം./പേര് | തുക/ഫണ്ട് | തുക കൈപ്പറ്റിയത് | വൗച്ചർ/ ബിൽ വിവരം |
|---|---|---|---|---|
| 1 | 177/23, വിവിധ വാർഡുകളിലെ കുടിവെള്ളപ്പൈപ്പ് ലൈൻ നീട്ടൽ | 11,65,015/ ധനകാര്യകമ്മീഷൻ ഗ്രാന്റ് | വാട്ടർ അതോറിട്ടി | PFMS പേമെന്റ് അഡ്വൈസുകൾ പ്രകാരം യഥാക്രമം 733015,147000, 285000. |
| 2 | 161/23,എസ്.സി കോളനി പൈപ്പ് ലൈൻ മാറ്റൽ | 3,13,000/- വികസനഫണ്ട്, എസ്.സി.പി | വാട്ടർ അതോറിട്ടി | ബിൽ നം.862823/ 5-12-22 178000. ബിൽ നം.1471909/ 25-3-23 135000. |

| | | | | |
|---|---|---|---|---|
| 3 | 174/23, വിവിധ വാർഡുകളിൽ ഇല.പോസ്റ്റ് മാറ്റലും പുതിയത് സ്ഥാപിച്ച് ലൈൻ വലിക്കലും | 4,91,703/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | കെ.എസ്.ഇ.ബി | PFMS പേമെന്റ് അഡ്വൈസുകൾ പ്രകാരം യഥാക്രമം 450875,10620, 30208. (30208 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു) |
| 4 | 285/23,എസ്.സി കോളനി സ്ട്രീറ്റ് ലൈൻവലിക്കൽ പോസ്റ്റ് മാറ്റൽ | 2,65,982/- വികസനഫണ്ട്, എസ്.സി.പി | കെ.എസ്.ഇ.ബി | ബിൽ നം. 1459948/24-3-23 |
| 5 | 115/23,ഐ.കെ.എം വിഹിതം നല്കൽ | 1,29,329/- വികസനഫണ്ട്. | എക്സി.ഡയറക്ടർ, ഐ.കെ.എം | 646433/14-10-22 |
| 6 | 364/23,കോക്ലിയർ ഇംപ്ലാന്റേഷൻ ധനസഹായം | 50,000/- വികസനഫണ്ട് | സാമൂഹ്യസുരക്ഷാ മിഷൻ | ബിൽ നം.201458770/ 24-3-23 |
| 7 | 383/23,അമൃത് മുനിസിപ്പാലിറ്റി വിഹിതം നല്കൽ | 1,00,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | മിഷൻ ഡയറക്ടർ ,അമൃത് | PFMS പേമെന്റ് അഡ്വൈസ് 4884161 |
| | ആകെ | 1,24,15,029/ | | |

കെ.എസ്.ഇ.ബി, വാട്ടർ അതോറിട്ടി എന്നിവയുമായി കരാർ വയ്ക്കാതെയാണ് തുക നല്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും തുകവിനിയോഗിച്ചതിന്റെയും രേഖകൾ ലഭ്യമാകാത്തതിനാൽ ആകെ ചെലവിൽ ക്രമനം.3 ൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ച 30,208/രൂപ, മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ യഥാക്രമം ഖ 1-44 ൽ തടസ്സപ്പെടുത്തിയ പ്രോ.നം 177/23 പ്രകാരമുള്ള 11,65,015/-, പ്രോ.നം 161/23 പ്രകാരമുള്ള 3,13,000/- എന്നിവ കിഴിച്ചുള്ള 1,09,06,806/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-54 ഹരിതകർമ്മ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ -97680 രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.**

2022-23 വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ഹരിതകർമ്മസേനയ്ക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് (നം.147/23) പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് ₹1,75,999(ബിൽ നം.437/30.03.2023)യും ഹരിതകർമ്മ സേനാംഗങ്ങളുടെ വ്യക്തിഗത ഫോണിൽ നെറ്റ് കണക്ഷൻ റീ ചാർജ്ജ് ചെയ്യുന്നതിന് ഒരു വർഷ കാലയളവിലേയ്ക്ക് ആവശ്യമായി വരുന്ന ആകെ തുകയായ ₹97,680 (ബിൽനം.466/31.03.2023) യും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഫോൺ റീചാർജ്ജിംഗിന് അനുവദിച്ച ₹97,680യുടെ വിനിയോഗവിവരം ഫയലിലില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (94/30.11.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ₹97,680 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-55 ശുചീകരണ സാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ -നിർവഹണത്തിലെ അപാകതകൾ.**

2022-23 വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ "ശുചീകരണ സാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ" എന്ന പ്രോജക്ട് (നം.6/23) പ്രകാരം തൻവർഷം ₹7,95,760 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. നഗരസഭ പർച്ചേസ് കമ്മറ്റിയുടെ 07.10.2023 ലെ 1-ാം നം. തീരുമാനം പ്രകാരം 21 ഇനം സാധനങ്ങൾ ടെണ്ടർ മുഖേന വാങ്ങുന്നതിന് തീരുമാനിക്കുകയും കോളാർ മിൽ സ്റ്റോർസ് പ്രൈവറ്റ് ലിമിറ്റഡ് മലപ്പുറം എന്ന സ്ഥാപനത്തിന് ₹7,46,000 നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ വിവരം ഫയലിലില്ല. 22.03.2023 ലെ സ്ഥാപനത്തിന്റെ B2C/22-23/18291-ാം നമ്പർ ഇൻവോയിസ് പ്രകാരം ₹2,87,135 യുടെ സാധനങ്ങൾ (5 ഇനം) സപ്ലൈ ചെയ്തതിന്റെ ജി.എസ്.ടി. ഇൻവോയിസ് ഫയലിലുണ്ട്. ഈ ബില്ലിന്റെ TDS വിവരം ഫയലിലില്ല. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ഈ ഇൻവോയിസിന്റെ വിവരം കാണുന്നില്ല. ബാക്കി തുകയുടെ സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ വിവരവും (ടാക്സ് ഇൻവോയിസ് ഉൾപ്പെടെ)ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം.തീയതി | തുക |
|---|---|
| 29/27.06.2022 | 46,960 |
| 30/27.06.2022 | 5,800 |
| 406/29.03.2023 | 7,46,000 |

വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.92/29.11.2023)മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹7,46,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-56 മൾട്ടിലെയർ പ്രോസസിംഗ് ബിൻ – പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ**

2022-23 വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ഗാർഹിക ഉറവിട മാലിന്യ സംസ്കരണ പരിപാടിയുടെ ഭാഗമായി ബയോകമ്പോസ്റ്റ് യൂണിറ്റുകൾ വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 2 പ്രോജക്ടുകൾ പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക (₹) | ബിൽനം./തീയതി | ബിന്നുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 128/23 | മൾട്ടിലെയർ പ്രോസസിംഗ് | 12,09,901 | 436/30.03.2023 | 313 |

| | | | | | |
|---|---|---|---|---|---|
| | | ബിൻ | | | |
| 2 | 74/23 | മൾട്ടിലെയർ പ്രോസസിംഗ് ബിൻ | 21,90,420 | 48/25.7.22-948150/-<br>137/16.12.22-274770/-<br>10/30.5.22-967500/- | 566 |

ഫോബ്സ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ടെൻഡർ മുഖേന നിർവ്വഹണത്തിനായി തെരഞ്ഞെടുത്തത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

1) മൾട്ടിലെയർ പ്രോസസിംഗ് ബിന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2) ഗുണഭോക്തൃവിഹിതം സ്ഥാപനത്തിന് നൽകിയതിന്റെ വിവരം ഫയലിലില്ല.

3) സ്ഥാപനത്തിന്റെ 27/03/2023, 19/11/2022, 26/03/2022, 29/03/2022 എന്നീ തീയതികളിലെ ഇൻവോയിസുകളിൽ കമ്പോസ്റ്റിംഗ് മെഷീനും (ജീ-ബിൻ 3-ബിൻ സിസ്റ്റം) കമ്പോസ്റ്റിംഗ് ഇനോക്കുലം സ്റ്റാർട്ടറും, എന്നാൽ 08/03/2022ലെ ഇൻവോയിസിൽ കമ്പോസ്റ്റിംഗ് മെഷീൻ (ജീ ബിൻ 3 ബിൻ സിസ്റ്റം) എന്ന് മാത്രവും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. കമ്പോസ്റ്റിംഗ് ഇനോക്കുലം സ്റ്റാർട്ടറും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. ജി-ബിൻ കമ്പോസ്റ്റ് യൂണിറ്റിന് ശുചിത്വമിഷന്റെ സാങ്കേതിക അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട 05/01/2023ലെ 2025/TS-264/2022/DSM/KTM-ം നം.കത്തിൽ, കത്തിന്റെ സൂചനയിലെ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ഘടകങ്ങൾ അതേ സ്റ്റാൻഡേർഡിലും സ്പെസിഫിക്കേഷനിലും സ്ഥാപിക്കേണ്ടതും ആയത് പ്രവൃത്തി പരിപാലനം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്നും ഉൾപ്പെടെയുള്ള നിബന്ധനകൾ പാലിക്കപ്പെട്ടതിന്റെ വിവരം ഫയലിലില്ല.

4) ശുചിത്വമിഷൻ, ജൈവമാലിന്യ സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിന് സേവന ദാതാക്കൾക്ക് അംഗീകാരം നൽകി പുറപ്പെടുവിക്കുന്ന ഉത്തരവിലെ (നം.02/08/2022ലെ 2243/C2/2019/SM) ക്രമ നം.11 പ്രകാരം സേവനദാതാക്കൾ വാറണ്ടി കാലയളവിനുള്ളിലും തുടർന്നും ചെയ്യേണ്ട പ്രവർത്തനത്തെപ്പറ്റിയുള്ള പ്രൊപ്പോസൽ ഗുണഭോക്താവിന്/ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്ന നിർദ്ദേശം പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

5) പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 99/02.12.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയായ ₹34,00,321യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-57 സ്മാർട്ട് ഗാർബേജ് സിസ്റ്റം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

2022-23 വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ സ്മാർട്ട് ഗാർബേജ് സിസ്റ്റം എന്ന പ്രോജക്ടിന് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 75/23 |
| ചെലവ് തുക | ₹45,280(ബിൽ നം.313/20.03.2023 ) |
| | ₹14,118(ബിൽ നം.356/25.03.2023 ) |
| ഫയൽ നം. | എച്ച് 1-2401/22 |

2021-22ലെ സ്മാർട്ട് ഗാർബേജ് സിസ്റ്റം എന്ന പ്രോജക്ട്(പ്രോജക്ട് നം.357/22 )പ്രകാരം കെൽട്രോണിന് സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് എന്നീ ഇനങ്ങളിൽ ₹6,73,000(6,49,000+24,000) 27.03.2022ലും നൽകിയിട്ടുണ്ട്.

(1) ഹരിതമിത്രം - സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റത്തിന്റെ നിർവ്വഹണത്തിനായി ₹15,000 QR കോഡ് പ്രിന്റ് ചെയ്തതിനാണ് തൻവർഷം ₹14,118 കെൽട്രോണിന് നൽകിയത്. ഈ QR കോഡുകൾ സ്റ്റോക്കിലെടുത്ത്

വിതരണം ചെയ്തതിന്റെയും വീടുകളിൽ അവ പതിപ്പിച്ചതിന്റെയും വിവരം ഫയലിലില്ല.

(2) ആർ.ജെ.എന്റർപ്രൈസസിൽ നിന്ന് വാങ്ങിയ ലാപ്പ്'ടോപ്പ് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

(3)ചങ്ങനാശ്ശേരി നഗരസഭയിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് ആപ്പ് ഉത്ഘാടനവും QR കോഡ് പതിപ്പിക്കലും 30/08/2022ന് നിർവ്വഹിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 02/03/2022ലെ സ.ഉ (സാധാ.)നം.493/2022/ത.സ്വ.ഭ.വ പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി മുനിസിപ്പാലിറ്റിയും ശുചിത്വമിഷനും കെൽട്രോണും തമ്മിൽ 19/03/2022ൽ വച്ച ട്രൈപാർട്ടി എഗ്രിമെന്റ് പ്രകാരം സർവ്വീസ് ചാർജ്ജിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്നും സർവ്വീസിന്റെ കാലാവധിയും, SMS ചാർജ്ജിൽ 184615 എണ്ണം SMSകൾ ഉൾപ്പെടുന്നുണ്ടെന്നും കാലാവധി 6 മാസമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി സേവനങ്ങൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിലില്ല.

(4) മേൽപ്പറഞ്ഞ കരാറിലെ 5-ാം നമ്പർ വ്യവസ്ഥയിൽ നിഷ്കർഷിക്കും പ്രകാരമുള്ള നോഡൽ ഓഫീസറുടെ വിവരം, പരാതി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ടെലഫോൺ നമ്പറുകളുടെ വിവരം, വാഹനത്തിന് GPS ഘടിപ്പിച്ചിട്ടുണ്ടോയെന്ന വിവരം മുതലായവ ഫയലിലില്ല.

(5) മേൽ കരാറിലെ ക്രമ നം.5ലെ (P) നമ്പർ വ്യവസ്ഥയായ കെൽട്രോൺ പ്രോജക്ട് കംപ്ളീഷൻ റിപ്പോർട്ട് നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടതിന്റെ വിവരം ഫയലിലില്ല.

(6) നഗരസഭയിൽ ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ -96/01.12.2023 ) ക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-58 ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2022-23 വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) പൊതുനിരത്തുകളിൽ മാലിന്യം നീക്കം ചെയ്യൽ (പ്രോജക്ട് നം.238/23) എന്ന പ്രോജക്ട് പ്രകാരം തൻവർഷം മാലിന്യം നീക്കംചെയ്യുന്നതിന് ₹84,912 (ബിൽ നം.439/30.03.2023, ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിനു വേണ്ടി ടിപ്പർ, ജെ.സി.ബി എന്നിവ വാടകയ്ക്ക് നൽകുവാൻ തയ്യാറുള്ളവരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള 27/01/2023-ലെ H1-12844/22-ാം നമ്പർ ക്വട്ടേഷൻ നോട്ടീസിൽ ജി.പി.എസ് ഘടിപ്പിച്ച വാഹനമായിരിക്കണമെന്നും ടിപ്പറിന് 150 അടി ലോഡിംഗ് കപ്പാസിറ്റി ഉള്ളതായിരിക്കണമെന്നും ക്വട്ടേഷനോടൊപ്പം ലൈസൻസ് രേഖകൾ, ഇൻഷ്വറൻസ് സംബന്ധമായ നിയമാനുസൃത രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണെന്നുമുള്ള നിബന്ധനകൾ പാലിച്ചതിന്റെ വിവരം ഫയലിലില്ല. നഗരസഭ ഹെൽത്ത് സൂപ്പർവൈസറുടെ 14.03.2023ലെ എച്ച്1-12844/22-ാം നം.ഉത്തരവ് പ്രകാരം ലഭ്യമാക്കേണ്ടതായ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് ഫയലിലില്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിലില്ല. നോട്ട് ഫയലിലും പ്രവൃത്തി നടത്തിയ ആൾ സമർപ്പിച്ച ബില്ലിലും വാഹനങ്ങളുടെ നമ്പർ, ട്രിപ്പ് ഷീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റലുമായി (ദുരന്തനിവാരണ പദ്ധതി) ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | ചെലവ് തുക (₹) |
|---|---|---|
| 1 | 71/23 | 1,42,000 |
| 2 | 116/23 | 98,800 |

ക്രമ നം.1 പ്രകാരമുള്ള സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ബാബു കെ.ആർ, കുളങ്ങരോട്ട് എന്നയാളിന് പാർട്ട് ബില്ലുകളായി തുക നൽകിയപ്പോൾ ടിയാൻ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരമാണ് (20 മരം ചുവടെ വെട്ടിമാറ്റുന്നതിനും 47 മരങ്ങളുടെ ശിഖരം മുറിച്ചുമാറ്റുന്നതിനും ₹3,58,500 ക്വോട്ട് ചെയ്ത 23/09/2021ലെ ക്വട്ടേഷനാണ് ഫയലിലുള്ളത്) തുക നൽകിയതെന്ന് ഉറപ്പുവരുത്തിയതിന്റെ വിവരവും ടിയാനുമായി കരാറിലേർപ്പെട്ടതിന്റെ വിവരവും ഫയലിലില്ല. ക്രമനം.2 പ്രകാരമുള്ള പ്രോജക്ട് പ്രകാരം ബാബു കെ.ആർ എന്നയാളിന് തുക നൽകിയിട്ടുണ്ട്. ടിയാൻ ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. രണ്ട് പ്രോജക്ടുകൾ പ്രകാരവും മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -100/04.12.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-59 ഹരിത കർമ്മസേന പ്രവർത്തനം- അവലോകനം

ഫയൽ നം.H1 7736/18.

നഗരസഭയിൽ 15-11-2018 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 37 വാർഡുകൾ ഉള്ള നഗരസഭയിൽ നിലവിൽ 39 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്.

വീട് ഒന്നിന് ₹50യും, കടകൾക്ക് ₹100യുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. ഹരിതമിത്രം - സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റത്തിന്റെ നിർവ്വഹണത്തിനായി വീടുകളിലും സ്ഥാപനങ്ങളിലുമായി ക്യൂആർ കോഡ് പതിപ്പിക്കുന്നതിന് പ്രോ.നം.75/23 പ്രകാരം 15000 എണ്ണം പ്രിന്റ് ചെയ്യിക്കുന്നതിനായി തൻവർഷം ₹14,118 കെൽട്രോണിന് നൽകി. എന്നാൽ ക്യൂആർ കോഡ് മുഴുവൻ പതിപ്പിച്ചതിന്റെ കൃത്യമായ വിവരം ഇല്ല.

ഹരിത കർമ്മസേന അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത്. ഫെഡറൽ ബാങ്ക് ചങ്ങനാശ്ശേരി ശാഖയിലെ 14020200004697 നമ്പർ അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്. 02-01-2020 ലാണ് പ്രസ്തുത അക്കൗണ്ട് ആരംഭിച്ചത്. 30-11-2023ൽ പ്രസ്തുത അക്കൗണ്ടിൽ ₹7,72,672.90 ബാക്കി നില്ക്കുന്നുണ്ട്.

ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ, സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.

അടിസ്ഥാനസൗകര്യങ്ങൾ

ഹരിത കർമ്മസേന പ്രവർത്തനം സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ, 150 സ്ക്വയർ ഫീറ്റിൽ കുറയാതെ ഒരു വാർഡിന് ഒരെണ്ണം എന്ന രീതിയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കുടുംബശ്രീ സി.ഡി.എസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഓരോ ഹരിതകർമ്മസേനാ സംരംഭത്തിനും ഒന്നു വീതം എന്ന രീതിയിലോ ഉണ്ടായിരിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഓരോ 25000 ജനസംഖ്യയ്ക്കും 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള മെഗാ എം.സി.എഫ്-കൾ നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. (12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020 /ത.സ്വ.ഭ.വ). നിലവിൽ ഫാത്തിമാപുരം എന്ന സ്ഥലത്താണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. എന്നാൽ വാർഡ് തലത്തിൽ എം സി എഫ്-കൾ സ്ഥാപിച്ചിട്ടില്ല. മാലിന്യ നീക്കത്തിന് ഹരിത കർമസേനയ്ക്ക് വാഹനവും ഡ്രൈവറും നിലവിലുണ്ട്.

പ്രവർത്തനങ്ങൾ

1) മാലിന്യ ശേഖരണം /കയ്യൊഴിക്കൽ

ഹരിത കർമ്മസേനയിലെ രണ്ട് അംഗങ്ങൾ വീതമുള്ള ബാച്ച് ആണ് ഓരോ വാർഡിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാഹനത്തിൽ MCF ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റുള്ളവ റിജക്ടഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയ്യൊഴിക്കുകയുമാണ് ചെയ്യുന്നത്. ഗ്രീൻ ഫീൽഡ് പ്ലാസ്റ്റിക് എന്ന സ്വകാര്യ കമ്പനിയാണ് ബെയ്- ൽ ചെയ്ത പ്ലാസ്റ്റിക് മാലിന്യം കൊണ്ടു പോകുന്നത്. എം.സി.എഫ് ന്റെ ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർ 05-08-22 ൽ നല്കിയ റിപ്പോർട്ടിൽ ബെയ്ലിംഗ് മെഷീൻ

പ്രവർത്തനരഹിതമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 06-12-2023 ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത ബെയ്‌ലിംഗ് മെഷീൻ തകരാർ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ലയെന്നും കാണപ്പെട്ടു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനും എം.സി.എഫ് ൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിസിറ്റി ചാർജ് അമിതമാകുന്നതിനാൽ നിലവിൽ ഉപയോഗിക്കുന്നില്ലയെന്ന് 19-12-2023 ലെ എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. ഫയർ എക്സ്റ്റിംഗ്യൂഷറുകൾ എംസിഎഫിൽ പ്രവർത്തനക്ഷമമാണ്.

അയ്യൻകാളി നഗരതൊഴിലുറപ്പ് തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി പ്ലാസ്റ്റിക് മാലിന്യവേർതിരിക്കൽ ജോലികൾ നടത്തിവരുന്നുണ്ടെങ്കിലും ആയത് പര്യാപ്തമല്ല എന്നാണ് മാലിന്യക്കൂമ്പാരം വെളിപ്പെടുത്തുന്നത്.

2) യൂസർ ഫീ കളക്ഷൻ

അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ കളക്ട് ചെയ്യുന്നതിന് രസീത് നൽകുന്നുണ്ട്. എന്നാൽ കാഷ് ബുക്കിന്റെ അഭാവത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആകെ കളക്ഷൻ, സ്ക്രാപ്പ് വിൽപ്പനയിലൂടെ ലഭിച്ച തുക എന്നിവ സംബന്ധിച്ച വിവരം പരിശോധിക്കാനായില്ല. ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററിൽ നിന്നുള്ള വിവരമനുസരിച്ച് 2023 മാർച്ച് മാസം ഹരിതകർമ്മസേന മാലിന്യശേഖരണത്തിനായി 9664 വീടുകളിലും 3042 സ്ഥാപനങ്ങളിലും സന്ദർശിച്ചതായും യൂസർഫീ ലഭിച്ചത് 4788 വീടുകളിൽ നിന്നും 939 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണെന്നും കാണുന്നു. ആകെ ലഭിച്ച യൂസർ ഫീ ₹3,63,740(2,50,500+1,13,240)യാണ്. ഹരിതകർമ്മസേന എത്തുന്ന വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണത്തിന് ആനുപാതികമായി യൂസർ ഫീ ലഭിക്കുന്നില്ലയെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. നഗരസഭാ കൗൺസിലിന്റെ കാര്യക്ഷമമായ ഇടപെടൽ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

യൂസർഫീ കളക്ഷനുപയോഗിക്കുന്ന രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വരവുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിൽ നിഷ്കർഷ ഇല്ല. ഹരിതകർമ്മസേന കൺസോർഷ്യം സെക്രട്ടറി വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ ഹരിതകർമ്മസേനയുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനുൾപ്പെടെ മറ്റാരും പരിശോധിച്ചുറപ്പാക്കുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല. അതുപോലെ എം.സി.എഫ് ൽ എത്തിക്കുകയും വില്ക്കുകയും കൈയ്യൊഴിയുകയും ചെയ്യുന്ന തരംതിരിച്ചതും അല്ലാത്തതുമായ പ്ലാസ്റ്റിക്കിന്റെയും മറ്റ് മാലിന്യങ്ങളുടെയും തൂക്കമുൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഹരിതകർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വരവ് ചെലവുകൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കുകയും മേൽ പരിശോധന നടത്തുകയും ചെയ്യുക.

2. മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

3.വാർഡുകളിൽ വേണ്ടത്ര മിനി എംസിഎഫുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുക.

4.വാർഡ്തലത്തിൽ പിരിച്ചെടുക്കുന്ന യൂസർ ഫീ, വിൽപ്പന നടത്തുന്ന സ്ക്രാപ്പ്, മെയിൻ എം.സി.എഫ്-ൽ നിന്നും വിൽക്കുന്ന അജൈവ മാലിന്യങ്ങൾ എന്നിവയുടെ കണക്കുകൾ കൃത്യതയോടെ എഴുതി സൂക്ഷിക്കുക.

5.ക്യൂ.ആർ കോഡ് പതിപ്പിക്കാത്ത വീടുകളിലും സ്ഥാപനങ്ങളിലും അവ സജ്ജമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

6.എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം കൈയ്യൊഴിഞ്ഞ അജൈവ മാലിന്യങ്ങളുടെയും ലഭ്യമായ തുകയുടെയും വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വരവു-ചെലവുകൾ കൃത്യമായി എഴുതി സൂക്ഷിക്കുക.

7.പ്ലാസ്റ്റിക് ബെയ്ലിംഗ് മെഷീൻ, ഷ്രെഡ്ഡിംഗ് മെഷീൻ എന്നിവ മെച്ചപ്പെട്ട നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുക.

8.ഡംപിംഗ് യാർഡ്- നോട് ചേർന്ന് തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിപ്പിച്ച് ജൈവ മാലിന്യങ്ങൾ വളമാക്കി വിൽപ്പന നടത്തുന്നത് ഹരിതകർമ്മസേനാംഗങ്ങളെ

ഏൽപ്പിച്ച്, സംരംഭത്തിന്റെയും അംഗങ്ങളുടെയും വരുമാന വർദ്ധനയ്ക്കുള്ള സാധ്യതകൾ പരിശോധിക്കുക.

## 1-60 വീട് വാസയോഗ്യമാക്കൽ - പ്രോജക്ടുകളുടെ നിർവഹണത്തിലെ അപാകതകൾ

(1) 2022-23 വർഷം പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ **പ്രോജക്ട് നം.112/23** പ്രകാരം ഒരു ഗുണഭോക്താവിന് ₹50,000 വീതം നൽകുന്നതിന് വികസനഫണ്ടിൽ (എസ്.സി.പി) നിന്നും തൻവർഷം ₹18,00,000 ചെലവഴിച്ചിട്ടുണ്ട്.

1. ബിൽ നം.19/22.12.22 - ₹2,50,000

2. ബിൽ നം.24/24.01.23 - ₹75,000

3. ബിൽ നം. 28/04.02.23 - ₹5,25,000

4. ബിൽ നം. 32/25.02.23 - ₹2,00,000

5. ബിൽ നം. 33/25.02.23 - ₹2,50,000

6. ബിൽ നം. 35/20.03.23 -₹3,25,000

7. ബിൽ നം. 42/31.03.23 - ₹1,75,000

പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.2 പ്രകാരമുള്ള ₹75,000യുടെ ചെലവിന്റെ വിശദാംശങ്ങൾ ഫയലിലില്ല. പ്രോജക്ട് പ്രകാരം ധനസഹായം നൽകിയ എല്ലാ ഗുണഭോക്താക്കളുടെയും വീട് വാസയോഗ്യമാക്കൽ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിലില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.67/20.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ 75,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

(2) 2022-23 വർഷം പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ നിർവ്വഹണം നടത്തിയ **വീട് വാസയോഗ്യമാക്കൽ - എസ്.സി.പി. (പ്രോജക്ട് നം.78/23)** എന്ന പ്രോജക്ടിന്റെ (ചെലവ് - ₹4,87,500) ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം ധനസഹായം നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു നൽകിയതിന്റെ/പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| സരോജിനി വി.കെ | തോട്ടുപറമ്പിൽ | വാർഡ്-29 |
| ഷൈനി അശോക് | പതിനഞ്ചിൽ വീട് | വാർഡ്-32 |
| സരസമ്മ പരമേശ്വരൻ | ചക്രപുരയിക്കൽ | വാർഡ്-32 |
| സാന്ദ്ര കെ.സി | ചീരത്തറ | വാർഡ്-25 |
| മുരളി കെ | പത്തിൽച്ചിറ | വാർഡ്-28 |
| പി.കെ.സുരേന്ദ്രൻ | വെമ്പാല | വാർഡ്-16 |
| രാജമ്മ കുഞ്ഞ് കുഞ്ഞ് | എ.സി.കോളനി നം.18 | വാർഡ്-21 |
| കവിത ഷിബു | മാമ്പുഴത്തറയിൽ | വാർഡ്-29 |

| | | |
|---|---|---|
| സുധാമണി | തകിടിയിൽത്തറ | വാർഡ്-31 |
| ശാന്തമ്മ ഗിരീഷ് | ചെങ്ങാത്ര | വാർഡ്-1 |
| തങ്കമ്മ അപ്പുക്കുട്ടൻ | വേളൂർപറമ്പ് | വാർഡ്-23 |
| സജിത സുരേഷ് | വെള്ളപ്പങ്കേരി | വാർഡ്-25 |
| സജികുമാർ റ്റി | മൂലേതറയിൽ | വാർഡ്-28 |

2. സബ്ട്രഷറി ഓഫീസർ, ചങ്ങനാശ്ശേരിയുടെ 28.06.2022 ലെ എ1/647/2022-ാം നമ്പർ കത്ത് പ്രകാരം പൊന്നൻ ശങ്കരൻ, ലളിത എന്നീ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റാകാത്ത തുകകൾ Source അക്കൗണ്ട് നമ്പറിലേക്ക് തിരികെ വന്നിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതും ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്.

വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.64/2022-23, തീയതി, 20.11.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-61 വീട് വാസയോഗ്യമാക്കൽ(ജനറൽ)- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | 95/2022, വീട് വാസയോഗ്യമാക്കൽ- ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| അടങ്കൽ തുക | ₹31,50,000(21,50,000- വികസനഫണ്ട് -ജനറൽ, ₹10,00,000 - ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |

**ചെലവ്**

| **ക്രമ നം.** | **ബിൽ നം./തീയതി** | **തുക** |
|---|---|---|
| 1 | ബിൽ നം.55/30.08.22 | 5,00,000 |
| 2 | ബിൽ നം.56/30.08.22 | 2,87,500 |
| 3 | ബിൽ നം.82/30.09.22 | 12,500 |
| 4 | ബിൽ നം.107/09.11.22 | 22,500 |
| 5 | ബിൽ നം.107/09.11.22 | 37,500 |
| 6 | ബിൽ നം.152/29.12.22 | 87,500 |
| 7 | ബിൽ നം.176/20.01.23 | 4,62,500 |
| 8 | ബിൽ നം.177/20.01.23 | 4,62,500 |
| 9 | ബിൽനം.207/09.02.23 | 2,75,000 |
| 10 | ബിൽ നം.209/10.02.23 | 1,25,000 |
| 11 | ബിൽ നം.292/16.03.23 | 3,12,500 |

| | | |
|---|---|---|
| 12 | ബിൽനം.293/16.03.23 | 2,12,500 |
| 13 | ബിൽനം.451/30.03.23 | 3,50,000 |

നഗരസഭയുടെ 37 വാർഡുകളിലുള്ള വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ₹25,000 വീതം ഒരു ഗുണഭോക്താവിന് നൽകുന്നതിനാണ് ഈ ബഹുവർഷപ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) രജിസ്റ്ററിൽ മതിയായ വിവരങ്ങൾ (ഗുണഭോക്താക്കളുടെ അഡ്രസ്, ബിൽ നമ്പർ, തീയതി മുതലായവ) ചേർത്തിട്ടില്ല. രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഈ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ₹12,500 വീതം 3 തവണ നൽകിയതായി കാണുന്നു.

| ക്രമനം | പേര് | ബിൽ നം./തീയതി, ബിൽതുക | കൈപ്പറ്റിയ തുക (₹) |
|---|---|---|---|
| 1. | പ്രഭ പ്രതാപ് ആലിയാസ് അജിത, കുറുത്തേടത്ത്, വാർഡ് -15 | 24/21.02.22 4,50,000/- | 12,500 |
| | | 9/31.08.22 5,00,000/- | 12,500 |
| | | 16/17.11.22 37,500/ | 12,500 |
| 2. | സുബൈദ.കെ എൻ, പുത്തൻമഠം, വാർഡ് -19 | 4/21.02.22 4,50,000/- | 12,500 |
| | | 10/31.08.22, 2,87,500/- | 12,500 |
| | | 16/17.11.22 37,500/ | 12,500 |
| 3 | അനിത രാജൻ, പാലപ്പറമ്പിൽ, വാർഡ് -34 | 20/02.02.22 4,50,000/- | 12500/ |
| | | 28/2.3.22, 2,37,500 /- | 12500/- |
| | | 16/17.11.22 37,500/ | 12500/- |

ഇതിന്മേൽ വിശദമായ പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതും അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. അധികമായി നൽകിയതായി ഫയലിൽ കാണപ്പെടുന്ന 37500രൂപയുടെ (12500X3) ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

3) മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ചുവടെ പേരു ചേർക്കുന്നവർക്ക് വീണ്ടും തൻവർഷവും ആനുകൂല്യം വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| പേര് | മുൻപ് നൽകിയ വർഷം | പ്രോജക്ട് നമ്പർ |
|---|---|---|
| വസന്ത പ്രദീപ്, തൈപ്പറമ്പിൽ, വാർഡ് 20 | 2018-19 | 9/19 |

| | | |
|---|---|---|
| രാധാമണി.എ, കാട്ടുപറമ്പിൽ, വാർഡ് 4 | 2018-19 | 9/19 |
| രമണി സജീവൻ, വാളംപറമ്പിൽ, വാർഡ് 5 | 2018-19 | 9/19 |
| ഷീല ആന്റണി, പുതുപ്പറമ്പിൽ, വാർഡ് -9 | 2018-19 | 9/19 |
| കത്രീനാമ്മ ജോസഫ്, ഈരയിൽ, വാർഡ് 12 | 2019-20 | 19/20 |
| അസുമാ ബീവി, ബദരിയ മൻസിൽ, വാർഡ് 28 | 2019-20 | 19/20 |

ആയതിന് വിശദീകരണം നൽകിയിട്ടില്ല. വിശദമായ പരിശോധന നടത്തി അനർഹർ ഉണ്ടെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്.

4) ആനുകൂല്യം വിതരണം ചെയ്യപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും പേര്, തുക/തീയതി എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. ജയന്തി, പുതുപ്പറമ്പിൽ, വാർഡ് -11

2. രുഗ്മിണിയമ്മ, മണ്ണാറേട്ട് -വാർഡ് -20

3. ശാന്തമ്മ വാസു, കളത്തിപ്പറമ്പിൽ, വാർഡ് -11

(5) ഈ പ്രോജക്ട് പ്രകാരം ഒന്നാംഗഡു ധനസഹായം നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ/രണ്ടാംഗഡു നൽകിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പേര്/വീട്ടുപേര് | വാർഡ് നം. |
|---|---|---|
| 1 | ജാനകി, കൊച്ചുകോച്ചേരിൽ | 1 |
| 2 | ശ്രീകുമാരി എം, വലിയപറമ്പിൽ | 1 |
| 3 | സോണി ജോസഫ്, പെരുമ്പായിൽ | 2 |
| 4 | തങ്കമ്മ സാബു, വാണിയപുരയിൽ | 4 |
| 5 | ജോയിക്കുട്ടി കെ.സി., കുമരംതറ | 9 |
| 6 | റീന ആൻസർ, പുതുപ്പറമ്പ് | 10 |
| 7 | സജീദ്, കളരിക്കൽ | 11 |
| 8 | കത്രീനാമ്മ ജോസഫ്, ഈരയിൽ | 12 |
| 9 | അഷ്റഫ് എ.കെ, ആലയിൽ | 13 |
| 10 | ലതാമോൾ, കടന്തോട്ടു പുറകിൽ | 15 |
| 11 | ഷാഹിദാ ഷാഹുൽ, പുതുപ്പറമ്പിൽ | 18 |
| 12 | സോഫിയാ ബീവി, പുതുപ്പറമ്പിൽ | 18 |
| 13 | ശ്രുതി വി രാജ് | 19 |

| | | |
|---|---|---|
| 14 | പി.എസ്. തമ്പാൻ, തെക്കേടത്ത് | 20 |
| 15 | രാജമ്മ ഗോപാലൻ, പുതുപ്പറമ്പിൽ | 20 |
| 16 | ഫ്രാൻസിസ് വർഗ്ഗീസ്, കൊടയ്ക്കാട് | 22 |
| 17 | തോമസ് പി.എ, പുത്തൻപ്പറമ്പിൽ | 23 |
| 18 | ശ്യാമള കുമാരി, പ്രീത നിവാസ് | 23 |
| 19 | ശ്രീരേഖ നാരായണക്കുറുപ്പ് (ഓമന കുഞ്ഞമ്മ) വട്ടയ്ക്കാട് | 23 |
| 20 | അമ്മുക്കുട്ടി, മംഗലശ്ശേരി | 23 |
| 21 | മന്ദ കെ, പള്ളിശ്ശേരിൽ | 24 |
| 22 | ഗീത കെ.ആർ, കാരക്കാട്ട് പടിഞ്ഞാറേതിൽ | 24 |
| 23 | ജഗദമ്മ, പുത്തൻവീട് | 25 |
| 24 | വള്ളിയമ്മാൾ, കൊട്ടാരപ്പറമ്പ് | 26 |
| 25 | നസൈഫാ എം.എച്ച്, കുട്ടയംപറമ്പിൽ | 28 |
| 26 | അസുമാ ബീവി, ബദരിയാ മൻസിൽ | 28 |
| 27 | ചന്ദ്രിക, വിജയമന്ദിരം | 28 |
| 28 | സബൂറ സെയ്ദ്, തയ്യിൽ | 29 |
| 29 | ലൈല, മൂശാരിപറമ്പിൽ | 29 |
| 30 | ഐഷാ മുഹമ്മദ് ബഷീർ, നട്ടുതലമുറി പറമ്പ് | 29 |
| 31 | ഉമൈബാ അബൂബക്കർ, തച്ചങ്കരി പീടിക | 31 |
| 32 | റെജി ജോസഫ്, പുന്നവേലിൽ | 32 |
| 33 | സരള കുഞ്ഞ്കുഞ്ഞ്, ഇടവത്തറ | 33 |
| 34 | ജിജി വർഗ്ഗീസ്, ഉമാപറമ്പിൽ | 34 |
| 35 | ലത, ലതാ നിവാസ് | 36 |
| 36 | രജിത പി.എം, മാമ്പഴപ്പറമ്പിൽ | 37 |
| 37 | ജി കണ്ണൻ, പത്മ നിവാസ് | 37 |
| 38 | സുലോചന, മൃദുല | 37 |
| 39 | ഉഷ രവീന്ദ്രൻ, പാണം പറമ്പിൽ | 37 |

6)സ.ഉ(കൈ)നം.115/2022 തസ്വഭവ തീ, 28.05.2022 പ്രകാരം ബന്ധപ്പെട്ട ഓവർസിയർ/എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തണമെന്ന നിർദ്ദേശം പാലിച്ചതിന്റെ വിവരം ഫയലിലില്ല. ഗുണഭോക്താക്കൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.59/17/11/2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗരേഖയിലെ

നിർദേശങ്ങൾ പാലിച്ചു കൊണ്ട് പ്രോജക്ടുകൾ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

**1-62 വിധവകൾക്ക് ഭവനപുനരുദ്ധാരണം- പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

2022-23 വർഷം പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ നിർവ്വഹണം നടത്തിയ വിധവകൾക്ക് ഭവനപുനരുദ്ധാരണം (പ്രോജക്ട് നം.326/23) എന്ന പ്രോജക്ട് 24 പേർക്ക് ₹25,000 ഭവനപുനരുദ്ധാരണത്തിന് നൽകുന്നതിന് വിഭാവനം ചെയ്തതാണ്. ടി പ്രോജക്ടിന് തൻവർഷം ₹3,50,000 ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പി.തങ്കമ്മ | കപ്പപ്പറമ്പിൽ | വാർഡ്-14 |
| ലതിക സോമരാജൻ | സോമ നിവാസ് | വാർഡ്-32 |
| രജനി സജി | പുത്തൻപ്പറമ്പ് | വാർഡ്-22 |
| ആനിയമ്മ ജോസഫ് | വലിയവീട്ടിൽ | വാർഡ്-10 |

2. രജിസ്റ്റർ പ്രകാരം 23 ഗുണഭോക്താക്കൾക്ക് ഒന്ന്/രണ്ട് ഗഡുക്കൾ നൽകിയിട്ടുണ്ട്. ഒന്നാം ഗഡു നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു നൽകിയതിന്റെയും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

| | | |
|---|---|---|
| ഹാജിറ | മണിയംകുളം | വാർഡ്-29 |
| പി.തങ്കമ്മ | കപ്പപ്പറമ്പിൽ | വാർഡ്-14 |
| ലതിക സോമരാജൻ | സോമ നിവാസ് | വാർഡ്-32 |
| രാജാമണി | തുരുത്തിമഠം | വാർഡ്-35 |
| സരസ്വതി.എസ് | തുണ്ടിയിൽ | വാർഡ്-35 |
| ഷാഹിദ | ആശാൻ വീട് | വാർഡ്-35 |
| മറിയാമ്മ ലാലി | കല്ലുകളം | വാർഡ്-1 |
| രാധാമണി | പൂതുയേടി | വാർഡ്-22 |
| രജനി സജി | പുത്തൻപറമ്പ് | വാർഡ്-22 |
| ഷീജ ബീവി | പുതുപ്പറമ്പ് | വാർഡ്-29 |
| ജാരി നജീവ് | കുന്നംപുറത്ത്, തോപ്പിൽ | വാർഡ്-12 |
| രാധ റ്റി.കെ | തിരുമല, തേവള്ളി | വാർഡ്-15 |
| ലീലാമണി | വടക്കുവീട് | വാർഡ്-15 |
| പ്രസന്നകുമാരി | ഓവേലിൽ, പുത്തൻപ്പറമ്പിൽ | വാർഡ്-11 |
| സുജിത അലിയാർ | പുതുപ്പറമ്പ് | വാർഡ്-28 |
| സലീല ഷാജഹാൻ | വലിയവീട്ടിൽ | വാർഡ്-33 |
| ആനിയമ്മ ജോസഫ് | വലിയവീട്ടിൽ | വാർഡ്-10 |
| ജഗദമ്മ | പുത്തൻവീട് | വാർഡ്-25 |

3.സ.ഉ.(കൈ)നം.115/2022ത.സ്വ.ഭ.വ.തീയതി, 28.05.2022 സബ്സിഡി മാനദണ്ഡം പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തണമെന്നും ഓവർസിയർ/എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തണമെന്നുമുള്ള നിർദ്ദേശം പാലിച്ചതിന്റെ വിശദാംശങ്ങൾ ഫയലിലില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.66/20.11.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-63 കുടിവെള്ളടാങ്ക് വിതരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ**

2022-23 വർഷം പ്രോജക്ട് ഓഫീസർ നഗരദാരിദ്രനിർമ്മാർജ്ജന സെൽ നിർവഹണം നടത്തിയ കുടിവെള്ളടാങ്ക് വിതരണം (പ്രോജക്ട് നം.137/23) എന്ന പ്രോജക്ട് പ്രകാരം ടാങ്കൊന്നിന് ₹3,658 നിരക്കിൽ (ഗുണഭോക്തൃവിഹിതം ₹914 ഉൾപ്പെടെ) 50 ടാങ്കിന് ₹137,200 (2744x50) (ബിൽ നം.137/31.03.2023) വികസനഫണ്ടിൽ (എസ്.സി.പി) നിന്നും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ (കൈ)നം.115/2022ത.സ്വ.ഭ.വ, തീയതി, 28/05/2022 സബ്സിഡി മാർഗരേഖ പ്രകാരം നിലവിൽ ടാങ്ക് ഉള്ളവർക്കും ഒരിക്കൽ നൽകിയവർക്കും വീണ്ടും നൽകാൻ പാടില്ലെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഗുണഭോക്തൃ വിഹിതം കുടിവെള്ളടാങ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കാഡ്കോയുടെ 15/03/2023ലെ CRO/22-23/279 ഇൻവോയിസ് പ്രകാരം വാട്ടർ ടാങ്ക് 500 ലിറ്റർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടാങ്ക് വിതരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിലെ പേജ് നം.82 ൽ ക്രമ നം.7, ക്രമ നം. 43 എന്നിവ പ്രകാരമുള്ള ആകാശ് അശോകം (പത്തിൽച്ചിറ, വാർഡ്-28) തങ്കമ്മ (പത്തിൽച്ചിറ, വാർഡ്-28)യും ഒരേ റേഷൻ കാർഡിൽ (നം.1524008583) ഉൾപ്പെട്ട അംഗങ്ങൾ (കാർഡ് ഉടമ, ചെറുമകൻ ) ആണ്. ഒരു കുടുംബത്തിലെ രണ്ട് പേർക്ക് ടാങ്ക് നൽകിയത് ക്രമപ്രകാരമല്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിലില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 56/17.11.2023) മറുപടി ലഭ്യമാക്കിയില്ല. ഒരു കുടുംബത്തിലെ രണ്ട് പേർക്ക് ടാങ്ക് നൽകിയതിനാൽ ഒരു ടാങ്കിന്റെ വിലയായി വികസനഫണ്ടിൽ നിന്നും നൽകിയ ₹2,744 യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-64 തുറസ്സായ കുടിവെള്ളകിണർ ശുചിത്വകിണറാക്കി മാറ്റൽ- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

2022-23 വർഷം പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവഹണം നടത്തിയ തുറസ്സായ കുടിവെള്ളകിണർ ശുചിത്വകിണറാക്കി മാറ്റൽ (പ്രോജക്ട്നം.363/23) എന്ന പ്രോജക്ട് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹1,68,000 (ബിൽനം, 453/31.03.2023) 21 ഗുണഭോക്താക്കൾക്ക് ₹8,000 വീതം നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന അപാകത പ്രോജക്ട് നിർവഹണത്തിൽ കാണപ്പെട്ടു.

തുറസ്സായ കുടിവെള്ളകിണർ ശുചിത്വകിണറാക്കി മാറ്റുന്നതിന് സ.ഉ(കൈ)നം.115/2022 ത.സ്വ.ഭ.വ തീയതി, 28.05.2022 പ്രകാരം എൽ.എസ്.ജി.ഡി ഓവർസിയർ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി ആനുകൂല്യം അനുവദിക്കണമെന്ന നിർദ്ദേശം പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.61/20.11.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-65 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തിയായില്ല,വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2022-23 വർഷം പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ഫയലിലില്ല.

**1. പ്രോജക്ട് നമ്പർ -77/23**

ചെലവ് -1,87,167/-

2021-22 വർഷത്തെ 278/22-ാം നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവറായ ഈ പ്രോജക്ട് പ്രകാരം 4 ഗുണഭോക്താക്കൾക്ക് ചുവടെ ചേർക്കും പ്രകാരം 3-ാം ഗഡു തുക നൽകിയിട്ടുണ്ട്.

| പേര് | തുക (₹) |
|---|---|
| രഞ്ജിനി കെ | 50,000 |
| വിദ്യ രാജേഷ് | 50,000 |
| ഉണ്ണിക്യഷ്ണൻ | 50,000 |

| | |
|---|---|
| ഗോപാലൻ | |
| കൃഷ്ണ സുകുമാരൻ | 37,167 |

മുൻ വർഷങ്ങളിൽ ഈ പ്രോജക്ട് പ്രകാരം തുക നൽകിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയത് പൂർത്തീകരിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**2.പ്രോജക്ട് നമ്പർ -133/23**

ചെലവ് -₹1,25,000

5 ഗുണഭോക്താക്കൾക്ക് ₹2 ലക്ഷം വീതം നൽകുന്നതിന് ആവിഷ്കരിച്ച ഈ പ്രോജക്ട് പ്രകാരം തൻവർഷം അമിത.എം, മുണ്ടുവേലിൽ, വാർഡ് 23 എന്ന ആളിന് ₹1,25,000 (50,000+75,000) നൽകിയിട്ടുണ്ട്. സ.ഉ (കൈ)നം.115/2022 തസ്വഭവ തീ. 28.05.2022 മാർഗരേഖ പ്രകാരം ₹50,000 മുൻകൂറായി നൽകാമെന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ₹75,000 വീതമുള്ള രണ്ട് ഗഡുക്കളായാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ്, വാലുവേഷൻ എന്നിവ ഫയലിലില്ല. മാർഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല . പഠനമുറി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആയതിനാൽ 1,25,000രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-66 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് 'ടോപ്പ് വാങ്ങൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

2022-23 വർഷം പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവഹണം നടത്തിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ എന്ന പ്രോജക്ടിന്റെ ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് (നം.97/23)പ്രകാരം കെൽട്രോണിൽ നിന്നും 27 ലാപ്'ടോപ്പ് (പ്രഫോർമ ഇൻവോയിസ് പ്രകാരം നിരക്ക് ₹36,544) വാങ്ങിയതിന്റെ തുകയായ ₹9,86,688 ഉൾപ്പെടെ തൻവർഷം ₹14,52,438 (₹465750 - ബിൽ നം.8/31.08.22, ₹9,86,688- ബിൽ നം. 21/23.12.22) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷം ലാപ്ടോപ്പ് വാങ്ങിയതിന് നൽകിയ ബാക്കി തുകയായ ₹4,65,750യുടെ ചെലവിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ലാപ് ടോപ്പുകൾ വാങ്ങിയതിന്റെ ടാക്സ് ഇൻവോയിസ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സ.ഉ (കൈ)നം.115/2022ത.സ്വ.ഭ.വ, തീയതി, 28/05/2022 സബ്സിഡി മാർഗരേഖയിലെ ഖ.7.2.7, അനുബന്ധം 4 ലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്'ടോപ്പ് ആണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിലില്ല. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്നും ഗുണഭോക്തൃലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന വാർഡ് സഭയിൽ അവതരിപ്പിക്കണം എന്നുമുള്ള സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി, 28/05/2022 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ഫയലിലില്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിലില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.57/17.11.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. മേൽപറഞ്ഞ ചെലവു തുക 14,52,438രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-67 പട്ടികജാതി വിഭാഗക്കാർക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -രേഖകൾ ലഭ്യമാക്കിയില്ല.**

പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (99/23) എന്ന പ്രൊജക്ട് പ്രകാരം ₹8,60,000 (39 പേർക്ക്) സഹായധനം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 സ.ഉ(കൈ)നം.115/2022 തസ്വഭവ തീ, 28.05.2022 ഖ.-7.2.4 പ്രകാരം ഗുണഭോക്തൃലിസ്റ്റ് തൊട്ടടുത്ത വാർഡ് സഭയിൽ അവതരിപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചതിന്റെ വിവരം ഫയലിലില്ല.

2.മേൽ മാർഗരേഖ പ്രകാരം വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്ററിൽ വിദ്യാർത്ഥികളുടെ പേരും നൽകിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഗുണഭോക്തൃലിസ്റ്റ് വാർഡുസഭ അംഗീകരിച്ചതിന്റെ വിവരം, സ്കോളർഷിപ്പ് നൽകപ്പെട്ട കുട്ടികളുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെട്ട രജിസ്റ്റർ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.60/2022-23 തീയതി-20/11/2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ 8,60,000രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-68 പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ – വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല

2022-23 വർഷം പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ പ്രകാരം ₹89,69,805 ചെലവഴിച്ചിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്ന ഈ പ്രോജക്ടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പൂർണ്ണമായ അഡ്രസ്സ്, തുക നല്കിയ ബിൽ നം. തീയതി, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ എന്നിവയില്ല. വീട് വാസയോഗ്യമാക്കൽ പോലെയുള്ള പ്രോജക്ടുകളിൽ മുൻവർഷങ്ങളിൽ ധനസഹായം നൽകിയ ഗുണഭോക്താവിന് തന്നെ വീണ്ടും ധനസഹായം നൽകിയതായി 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-49-ൽ പരാമർശിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു നൽകിയതിന്റെ വിവരങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ലെന്ന് ടി ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷം ഇപ്രകാരമുള്ള അപാകത ആവർത്തിച്ചിട്ടുണ്ട്. പ്രോജക്ട് നം.95/23, വീട് വാസയോഗ്യമാക്കൽ(ജനറൽ) പ്രകാരം 20/07/2023-ൽ 76 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു ₹12,500 വീതം ₹9,50,000 വിതരണം ചെയ്തപ്പോൾ 20 ഗുണഭോക്താക്കൾക്ക് തെറ്റുപറ്റി രണ്ടാം ഗഡു ധനസഹായം വീണ്ടും വിതരണം ചെയ്തതായും ടി 20 ഗുണഭോക്താക്കളുടെ പക്കൽ നിന്നും അധികമായി നൽകിയ തുക തിരിച്ച് വാങ്ങി നഗരസഭ തനത് ഫണ്ടിൽ 17/08/2023-ൽ (രസീത് നം.01/123020103911) ഒടുക്കിയതായും (ഫയൽ നം.G10-12526/22) നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ കൃത്യവും ആധികാരികവും ആയി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് മേൽ സംഭവങ്ങൾ വിരൽ ചൂണ്ടുന്നു.

വിവിധ പ്രോജക്ടുകൾ പ്രകാരം 2022-23 വർഷം ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായത്തിന്റെ കൃത്യത പരിശോധിക്കുന്നതിനായി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, ബിൽത്തുക, തീയതി മുതലായ വിവരങ്ങൾ രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ നടത്തി ആധികാരികമാക്കി രജിസ്റ്റർ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.58/2022-23/17.11.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്റർ കൃത്യമാക്കി ലഭ്യമാക്കേണ്ടതാണ്.

## 1-69 താലൂക്ക് ആശുപത്രിയിലേയ്ക്ക് മരുന്നുകൾ, ഉപകരണങ്ങൾ– ലഭ്യതാവിവരം ഇല്ല

ജനറൽ ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ 02/23 പ്രോജക്ട് പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ₹23,44,108 താലൂക്ക് ആശുപത്രിയിലേയ്ക്ക് മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി വിവിധ ബില്ലുകൾ പ്രകാരം ചെലവഴിക്കുകയുണ്ടായി. എന്നാൽ മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും മുഴുവൻ തുകയ്ക്കുമുള്ളത് ലഭിച്ചതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ട്രഷറിബിൽ നം.14/20.01.2023 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് PRF 3086/20.12.2022 പ്രകാരം 28 മരുന്നുകളുടെ വിലയിനത്തിൽ ₹7,52,376 (6,73,819 + ജി.എസ്.റ്റി-78,557) KMSCL ന്റെ അക്കൗണ്ട് നം.362400180000019-ലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഇല്ല.

2) ട്രഷറി ബിൽ നം.12/05.01.2023 പ്രകാരം ജൻ ഔഷധിയിൽ നിന്ന് ഇൻവോയ്സ് നം.1663/12.07.2022

പ്രകാരം ₹2,12,518യുടെയും ഇൻവോയ്സ് നം.1664/12.07.2022 പ്രകാരം ₹38,427യുടേയുമുൾപ്പെടെ ആകെ ₹2,50,945 ജൻ ഔഷധി കേന്ദ്ര, തെങ്ങണയുടെ (കെ.എം.ജോർജ്ജ് എന്ന പേരിൽ) അക്കൗണ്ട് നം.2081639356(IFSC CBIN0280959) നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമായിട്ടില്ല.

3) ട്രഷറി ബിൽ നം.19/21.05.2023 പ്രകാരം ₹1,58,203 ഡിജിറ്റൽ ബി.പി.അപ്പാരറ്റസ്, നെബുലൈസർ, തുടങ്ങിയ ഇനങ്ങൾ വാങ്ങുന്നതിനായി KMSCLന്റെ 10370200011943 നം.അക്കൗണ്ടിലേയ്ക്ക് നൽകി. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല.

മേൽ ചേർത്ത മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യതയുടെ വിവരം കാണിക്കുന്ന ഇൻവോയ്സുകൾ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/23-11-23) മറുപടി ലഭിച്ചില്ല.

മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ₹11,61,524യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-70 ഒ.പി വിഭാഗത്തിലേക്ക് ഇരിപ്പിടംവാങ്ങൽ -അധിക ചെലവ്

ജനറൽ ആശുപത്രി സൂപ്രണ്ട് നടപ്പിലാക്കിയ 292/23 നമ്പർ പ്രോജക്ട് പ്രകാരം ഒ.പി. വിഭാഗത്തിലെത്തുന്ന രോഗികൾക്ക് ഉപയോഗത്തിനായി ഇരിപ്പിടം വാങ്ങുന്നതിന് 13/01/2023ലെ പർച്ചേസ് കമ്മിറ്റി തീരുമാനപ്രകാരം കുറഞ്ഞ തുക ക്വോട്ട് ചെയ്ത KADCO യ്ക്ക് പർച്ചേസ് ഓർഡർ നൽകി.

KADCO യുടെ 17.11.2022-ലെ KADCO/CRO/S &SS/443/2022 നമ്പർ ക്വട്ടേഷനിൽ 10 എയർപോർട്ട് ടൈപ്പ് കസേരകളുടെ വില 8400x10=84,000+18% ജി.എസ്.റ്റി ₹15,120 ഉൾപ്പെടെ ആകെ ₹99,120യായിരുന്നു. എന്നാൽ 14.03.2023-ലെ KADCO യുടെ ടാക്സ് ഇൻവോയ്സ് നം. CRO/2022-23/271 പ്രകാരം 10 എയർപോർട്ട് ചെയറുകളുടെ വില ₹8,500 വീതം 85,000+18% GST-₹15,300 ഉൾപ്പെടെ ആകെ ₹1,00,300യാണ് ഡിമാന്റ് ചെയ്തത്. പ്രോജക്ട് തുകയായ ₹1,00,000യിൽ പരിമിതപ്പെടുത്തി ട്രഷറി ബിൽ നം.30/28.03.2023 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ₹1,00,000 KADCO റീജിയണൽ ഓഫീസറുടെ 2942201000280-നമ്പർ അക്കൗണ്ടിലേയ്ക്ക് നൽകി.

ക്വട്ടേഷൻ പ്രകാരം കാണിച്ചിരുന്ന വിലയിൽ നിന്ന് ₹880 അധികം (1,00,000-99,120) KADCOയ്ക്ക് നൽകിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-71 NUHM സെന്ററിന്(യു.പി.എച്ച്.സി, പെരുന്ന) മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ- ലഭ്യമായില്ല

ജനറൽ ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 03/23 നമ്പർ പ്രോജക്ട് പ്രകാരം NUHM സെന്റർ (യു.പി.എച്ച്.സി, പെരുന്ന)ന് മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്- ന്റെ പ്രൊഫോർമ ഇൻവോയ്സ് PRF 3838/21.01.2023 അടിസ്ഥാനപ്പെടുത്തി ₹4,00,000 (356812.58+GST 43187.52) ട്രഷറി ബിൽ ബുക്കിലെ ക്രമ നം.18/15.02.2023 ബിൽ പ്രകാരം KMSCL ന്റെ 362400180000019 നമ്പർ അക്കൗണ്ടിലേയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചതായി കാണുന്നില്ല.

മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കേണ്ടതും ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക്, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.27/22-11-2022) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാത്ത സാഹചര്യത്തിൽ ₹4,00,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-72 അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ -കരാർ, വാറന്റി വിവരങ്ങൾ ഇല്ല

ജനറൽ ആശുപത്രി സൂപ്രണ്ട് നിർവ്വഹിച്ച 2/23 നമ്പർ, താലൂക്ക് ആശുപത്രിയിലേയ്ക്ക് മരുന്ന്, ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി KMSCL ന്റെ റണ്ണിംഗ് കോൺട്രാക്ട് ഉള്ള സപ്ലെയർ സ്ഥാപനമായ M/S ശ്രീ ഗോകുലം ഹെൽത്ത് കെയർ (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ വാങ്ങിയിട്ടുള്ളതായി കാണുന്നു.

ഇൻവോയ്സ് നം. 2022230231/12.07.2022 ആയി സപ്ലെ ചെയ്ത 21 ഇനങ്ങൾ ഉൾപ്പെട്ട അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ സംവിധാനത്തിന്റെ വില 12% ജി.എസ്.ടി ഉൾപ്പെടെ ₹11,69,280 യാണ്. തുക ട്രഷറി ബിൽ നം.881991/08.12.2022 പ്രകാരം M/S ശ്രീ ഗോകുലം ഹെൽത്ത് കെയർ (പ്രൈ.) ലിമിറ്റഡ്- ന്റെ അക്കൗണ്ട്

നം.14215500001738ലേയ്ക്ക് നൽകിയിട്ടുണ്ട്. (IFSC FDRL0001421)

മെഡിക്കൽ കോർപ്പറേഷന് ശ്രീ ഗോകുലം ഹെൽത്ത് കെയറുമായുള്ള റണ്ണിംഗ് കോൺട്രാക്ട് വിശദാംശങ്ങൾ പ്രകാരം സപ്ലെയർ സ്ഥാപനമായ M/Sശ്രീ ഗോകുലം ഹെൽത്ത് കെയർ (പ്രൈ.) ലിമിറ്റഡ് ആശുപത്രിയുമായി ടെണ്ടർ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കരാറിൽ ഏർപ്പെടേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം ഒരു കരാർ ലഭ്യമാക്കിയിട്ടില്ല. വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. സപ്ലൈ ഓർഡറിന്റെ 5% മൂല്യമുള്ള പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടിയിരുന്നുവെങ്കിലും പെർഫോമൻസ് സെക്യൂരിറ്റി വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2017-ലെ ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) പ്രകാരം ആകെ മൂല്യം ₹2.5 ലക്ഷം അധികരിക്കുന്ന സാധനങ്ങൾ/സേവനങ്ങളുടെ കരാർ ബില്ലിൽ നിന്ന് 2% ജി.എസ്.ടി ഉറവിടത്തിൽ കുറവ് വരുത്തേണ്ടതാണ്. എന്നാൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ വാങ്ങലിൽ ജി.എസ്.ടി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല എന്ന് കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് താൽപ്പര്യപ്പെട്ട് നല്കിയ 55/25-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അപാകതകളുടെ വെളിച്ചത്തിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷന് വേണ്ടിയുള്ള ചെലവ് ₹11,69,280 തടസ്സപ്പെടുത്തുന്നു.

## 1-73 ആയുർവേദ മരുന്ന് വാങ്ങൽ- സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം./പേര് | 16/23, ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| അടങ്കൽ തുക | 19,00,000 (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 19,00,000 (ബിൽ നം.434957/11.08.2022) |

മേൽ പ്രോജക്ട് പ്രകാരമുള്ള ഫയൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(1) ഔഷധിയുടെ ഇൻവോയിസ് നം.90270044/27.08.22 ക്രമ നം.5 പ്രകാരം ₹242 വിലവരുന്ന ധന്വന്തരം കുഴമ്പ് 450 Ml. 94 എണ്ണം വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ പേജ് 160-ൽ ചേർത്തിട്ടുണ്ട്. 02.09.2022-ൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 218 കുപ്പി ധന്വന്തരം കുഴമ്പ് നീക്കിയിരിപ്പ് ഉണ്ടായിരുന്നു. എന്നാൽ 20.10.2022-ന് 96 എണ്ണം ഒ.പിയിലേയ്ക്ക് ഇഷ്യൂ ചെയ്തതിന് ശേഷം മിച്ചം 22 എണ്ണം മാത്രമാണ് കാണിച്ചിരിക്കുന്നത്. ധന്വന്തരം കുഴമ്പ് 450 Ml ന്റെ സ്റ്റോക്കിൽ 100 എണ്ണം കുറവുണ്ടായിട്ടുണ്ട്.

(2) ഔഷധിയുടെ ഇൻവോയിസ് നം.90270044/27.08.22 ക്രമ നം.12 പ്രകാരം ₹59 നിരക്കിൽ 348 എണ്ണം അമൃതാരിഷ്ടം 450 Ml സ്റ്റോക്കിൽ ചേർക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല.

(3) ഔഷധിയുടെ ഇൻവോയിസ് നം.90270044/27.08.22 ക്രമ നം.63 പ്രകാരം ₹69 നിരക്കിൽ വാങ്ങിയ ക്ഷീരബല 101 തവണ 10 ഗ്രാം ന്റെ 48 എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മേൽ സൂചിത അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 11.09.2023ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (03/2022-23) ലഭിച്ച മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പരാമർശം (1) ന്റെ മറുപടിയിൽ ധന്വന്തരം കുഴമ്പ് 20/10/2022 ൽ ഒ.പി.യിലേയ്ക്ക് 96 എണ്ണം എടുത്തതിനുശേഷം കുറവു ചെയ്തതിൽ വന്ന തെറ്റാണ് എന്നും 100 ബോട്ടിലിന്റെ കുറവായി വന്നത് സ്റ്റോക്ക് രജിസ്റ്ററിൽ തിരുത്തുകയും പിന്നീട് 2 ഇൻഡന്റുകളായി ഒ.പി.യിലേയ്ക്ക് നല്കുകയും ആയത് സ്റ്റോക്കിൽ കുറവുചെയ്യുകയും ഒ.പി. രജിസ്റ്ററിൽ ചേർത്ത് സ്ഥാപനത്തിലെത്തിയ രോഗികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

പരാമർശം (2) ന്റെ മറുപടിയിൽ ഔഷധിയുടെ ഇൻവോയ്സ് (നം.90270044/27.08.22) പ്രകാരം എത്തിയ 348 ബോട്ടിൽ അമൃതാരിഷ്ടം(450ml) സ്റ്റോക്കിൽ ചേർക്കാൻ വിട്ടു പോയതാണെന്നും അതു മനസ്സിലാക്കിയ ഉടനേ ഇൻവോയ്സ് പ്രകാരമുള്ള 348 ബോട്ടിൽ അമൃതാരിഷ്ടം സ്റ്റോക്കിൽ ചേർക്കുകയും ആയത് മുഴുവൻ സ്ഥാപനത്തിന്റെ മെയിൻ സ്റ്റോറിൽ സ്റ്റോക്കുള്ളതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പരാമർശം (3) ന്റെ മറുപടിയിൽ ക്ഷീരബല 101 ആവർത്തി (10gm) 48 എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും ആയത് സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതായും അറിയിച്ചിട്ടുണ്ട്.

ഔഷധിയിൽ നിന്നും വാങ്ങുന്ന മരുന്നുകൾ കൃത്യമായി സ്റ്റോക്കിൽ ചേർക്കുന്നതിനും വിതരണത്തിനനുസരിച്ച് കൃത്യമായി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുന്നതിനും സ്റ്റോക്ക് രജിസ്റ്ററിന്റെയും സ്റ്റോക്കിന്റെയും ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് സാക്ഷ്യപ്പെടുത്തുന്നതിനും മെഡിക്കൽ ഓഫീസറിന്റെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർന്ന് ഇത്തരം കൃത്യവിലോപം ഉണ്ടാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-74 ആയുർവേദ ആശുപത്രി- വീൽചെയർ വാങ്ങിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിക്ക് വീൽ ചെയർ, പാത്രങ്ങൾ എന്നിവ വാങ്ങൽ |
| പ്രോജക്ട് നം. | SO-317/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| അടങ്കൽ തുക | ₹1,00,000 |
| ചെലവ് | ₹40,000<br>(ബിൽ നം.1297271/15.03.2023) |
| | ₹60,000 ( „ 1351125/15.03.2023) |
| | ആകെ -₹1,00,000 |

മേൽ സൂചിത പ്രോജക്ട് പ്രകാരം വീൽ ചെയർ, എയർപോർട്ട് ചെയർ, പാത്രങ്ങൾ എന്നിവ വാങ്ങുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. വീൽ ചെയർ, എയർപോർട്ട് ചെയർ, എക്സിക്യൂട്ടീവ് ചെയർ, ട്രാക്ഷൻ സെറ്റ് എന്നിവ വാങ്ങുന്നതിന് വകയിരുത്തിയ ₹60,000 പൂർണ്ണമായും ചെലവഴിച്ച് Perforatory Chair (4 എണ്ണം), Fiber Chair-(9 എണ്ണം), Plastic Armless Chair (ഒരെണ്ണം), Revolving Stool (ഒരെണ്ണം)എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ആശുപത്രി ഉപകരണങ്ങളിൽ പ്രധാന ഇനമായ വീൽ ചെയർ വാങ്ങിയിട്ടില്ല. പ്രോജക്ട് പ്രകാരം അംഗീകാരം ലഭിച്ചിട്ടും ഈ ഇനം ഒഴിവാക്കിയത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 11.08.2023-

ൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/2022-23) 18/08/2023 ൽ നല്കിയ മറുപടിയിൽ തുക തികയാത്തതിനാലാണ് വീൽചെയർ വാങ്ങാതിരുന്നതെന്നും നടപ്പുവർഷത്തെ (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഇനങ്ങൾ വാങ്ങാതെ മറ്റുള്ളവയ്ക്ക് മുൻഗണന നല്കുന്നത് അഭിലഷണീയമല്ലാത്തതിനാൽ തുടർന്നുള്ള പദ്ധതി രൂപീകരണത്തിൽ യാഥാർത്ഥ്യബോധത്തോടെ സാധനങ്ങളുടെ വില കണക്കാക്കി തുക വകയിരുത്തേണ്ടതാണ്.

**1-75 സെക്രട്ടറിയുടെ ക്വാർട്ടേഴ്സിൽ എ.സി സ്ഥാപിച്ചത്- രേഖകൾ ഹാജരാക്കിയില്ല**

ഫയൽ നം. E6-13028/20

സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് നവീകരിക്കുന്നതിന്റെ ഭാഗമായി എ.സി സ്ഥാപിക്കുന്നതിന് ₹48650 (ചെക്ക് നം.173695/12.12.2022) രാജു സെബാസ്റ്റ്യൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എ.സി സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.77/2022-23/തീയതി, 21.11.2023) നൽകിയിരുന്നെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കാതിരുന്നതിനാൽ ₹48650 ചെലവ് തടസ്സപ്പെടുത്തുന്നു.

**1-76 നഗരസഭാ സെക്രട്ടറി, ചെയർപേഴ്സൺ എന്നിവർക്ക് മൊബൈൽ ഫോൺ വാങ്ങിയത്- സ്റ്റോക്ക്,വിതരണരേഖകൾ ലഭിച്ചില്ല**

നഗരസഭാ സെക്രട്ടറി, ചെയർപേഴ്സൺ എന്നിവർക്ക് മൊബൈൽ ഫോൺ വാങ്ങിയതിന് തനത് ഫണ്ടിൽ നിന്ന് ₹27,980 (വൗച്ചർ നം.50/12.5.2022) ചെലവഴിച്ചിട്ടുണ്ട്. മൊബൈൽ ഫോണുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും സെക്രട്ടറി മാത്രമേ മൊബൈൽ ഫോൺ കൈപ്പറ്റിയതായി രേഖയുള്ളൂ. ചെയർപേഴ്സൺ മൊബൈൽ ഫോൺ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കണമെന്നും പ്രസ്തുത മൊബൈൽ ഫോൺ നിലവിൽ ആരാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 108/22-23/08.12.2023) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രേഖകളില്ലാത്തതിനാൽ ഒരു മൊബൈൽ ഫോണിന്റെ വില ₹13,990 തടസ്സപ്പെടുത്തുന്നു.

**1-77 സോയിൽ ടെസ്റ്റ് നടത്തുന്നതിന് തുക ചെലവഴിച്ചു- പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നം.SO093/23.

ചെലവിന്റെ വിശദാംശങ്ങൾ : ബിൽ നം.851790/9.12.2022

വികസന ഫണ്ട്:- ₹2,40,426

നിർവ്വഹണ ഉദ്യോഗസ്ഥൻ:-ദിലീപ് കുമാർ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ

മുനിസിപ്പൽ റസ്റ്റ് ഹൗസ്, വെജിറ്റബിൾ മാർക്കറ്റ്, മഞ്ചാടിക്കര കലുങ്ക് എന്നിവയുടെ നിർമ്മാണത്തിന് മുന്നോടിയായി സോയിൽ ടെസ്റ്റ് നടത്തുന്നതിന് സെന്റർ ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് കൺസൾട്ടൻസി & സ്പോൺസേഡ് റിസർച്ച്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ഏല്പിച്ചിരുന്നു. ഇതിൻ പ്രകാരം ₹2,40,426യുടെ എസ്റ്റിമേറ്റ്, സ്ഥാപനം 30.5.2022 ൽ ഹാജരാക്കുകയും ടി തുക 29.11.2022-ൽ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് റിട്ടൻഷൻ-₹5,094, ജി.എസ്.ടി-₹4,076, ആദായ നികുതി-₹2,038 എന്നിവ കിഴിച്ച് ₹2,29,218 സ്ഥാപനത്തിന് നൽകുകയും ചെയ്തു.

സോയിൽ ടെസ്റ്റ് നടത്തുന്നതിനുള്ള തുക ക്വട്ടേഷൻ അനുസരിച്ചുള്ളത് പൂർണ്ണമായി സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും മണ്ണ് പരിശോധിച്ച് റിപ്പോർട്ട് നൽകിയതിന്റെ രേഖകളോ സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, 24.4.2023 ൽ സ്ഥാപനം ഹാജരാക്കിയ കത്ത് പ്രകാരം സോയിൽ ടെസ്റ്റ് പൂർത്തിയായതായും ആകെ ചാർജ്ജ് ₹4,66,867യാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്ന് മണ്ണുപരിശോധനയ്ക്ക് യഥാർത്ഥത്തിൽ നൽകേണ്ട തുക എത്രയായിരുന്നുവെന്നത് സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.101/05.12.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ സോയിൽ ടെസ്റ്റിനായി ചെലവഴിച്ച ₹2,40,426 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-78 അഗതിരഹിത കേരളം- ബാങ്ക് അക്കൗണ്ടിൽ വലിയ തുക ബാക്കിനില്ക്കുന്നു

നഗരസഭയുടെ അഗതിരഹിതകേരളം പ്രോജക്റ്റിന്റെ വരവ് ചെലവുകൾ നിരീക്ഷിക്കുന്നതിനായി കാനറാ ബാങ്കിൽ കുടുംബശ്രീ സി.ഡി.എസ്-ന്റെ പേരിലുള്ള 0705101077037 നമ്പർ അക്കൗണ്ടിൽ 31-03-2023 ൽ ₹4,90,595 യും 31-10-2023ൽ 4,10,492 യും ബാക്കി നില്ക്കുന്നു. 2022 ഓഗസ്റ്റ് മാസം പ്രോജക്റ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതാണ്.

2022 ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള കാലയളവിൽ 178 വീതം ഗുണഭോക്താക്കൾക്ക് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. 2022-23ൽ ഭക്ഷ്യകിറ്റ് വിതരണത്തിനായി ₹10,73,925 ചെലവഴിച്ചു. ഓഗസ്റ്റ് മാസത്തെ ഭക്ഷണകിറ്റുകളുടെ വിലയായ 89,572രൂപ 2023 മെയ് മാസമാണ് വിതരണസ്ഥാപനത്തിന് നല്കിയത്. കൂടാതെ 2022-23ൽ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിന് ₹50,000യും ചെലവഴിച്ചിട്ടുണ്ട്.

നഗരസഭ വികസനഫണ്ടിൽ നിന്ന് നല്കിയ തുകയും ചലഞ്ച്ഫണ്ടിൽ നിന്നുള്ള ചെറിയ തുകയും ഉൾപ്പെടെയാണ് ബാക്കി നില്ക്കുന്നത്.

പ്രോജക്റ്റ് കാലാവധി അവസാനിക്കുകയും നിലവിൽ ചെലവുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അക്കൗണ്ടിൽ ബാക്കിനില്ക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-79 സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കാത്തത്

നഗരസഭയിലെ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം സ്പിൽ ഓവറായി ഏറ്റെടുത്ത ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല എന്ന് ചെലവ് പത്രികയിൽ നിന്ന് വ്യക്തമാകുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | അടങ്കൽ തുക (₹) | ഇനം |
|---|---|---|---|
| 1 | 56/23, ഡമ്പിംഗ് യാർഡ് ബേസിക് ഫെസിലിറ്റീസ് | 79,898 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | | | |
|---|---|---|---|
| 2 | 36/23, ഫിഷ് മാർക്കറ്റ് നവീകരണം | 1,70,394 | വികസനഫണ്ട് -ജനറൽ |
| 3 | 37/23, ഗവ.ഹൈസ്കൂൾ, വാഴപ്പള്ളി പുനരുദ്ധാരണം- ബാക്കി പ്രവൃത്തികൾ | 1,47,303 | മെയിന്റനൻസ് ഫണ്ട് -റോഡിതരം |
| 4 | 40/23, സ്റ്റേഡിയം ചുറ്റമതിൽ മെയിന്റനൻസ് | 2,00,000 | മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം |
| 5 | 46/23, വാർഡ് 11, റെയിൽവേ സ്റ്റേഷന് സമീപം ഗുഡ് ഷെഡ് റോഡും നടപ്പാതയും മെയിന്റനൻസ് | 5,50,000 | വികസന ഫണ്ട് -ജനറൽ |
| 6 | 27/23 ഗവ.ഹൈസ്കൂൾ, വാഴപ്പള്ളി പുനരുദ്ധാരണ പ്രവൃത്തികൾ | 1,000 | മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം |
| 7 | 49/23- പുതിയ കൗൺസിൽ ഹാളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | 70,000 | വികസന ഫണ്ട് -ജനറൽ |
| 8 | 50/23- പുതിയ കൗൺസിൽ ഹാൾ സൗണ്ട് സിസ്റ്റം, എ.സി, സീലിംഗ്, മറ്റ് പ്രവൃത്തികൾ | 73,884<br>2,00,000 | വികസന ഫണ്ട് -ജനറൽ<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 9 | 51/23- എൻ.എസ്.എസ്- തിരുമല റോഡ് മെയിന്റനൻസ് | 1,36,723 | വികസനഫണ്ട് -ജനറൽ |
| 10 | 81/23- 23-ാം വാർഡിലെ | 8,00,000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | | | |
|---|---|---|---|
| | വിവിധ റോഡുകളുടെയും ബൈ റോഡുകളുടെയും പുനരുദ്ധാരണം | | |
| 11 | 83/23- വാർഡ്-25,31 മുതലവാച്ചിറ റോഡ് പുനരുദ്ധാരണം | 1,09,798 | വികസനഫണ്ട് - ജനറൽ |
| 12 | 84/23- വാർഡ് 28,29,30- റ്റി.ബി റോഡ്, ഫയർ സ്റ്റേഷൻ, കോടതി പുറകുവശം ഉൾപ്പെടെയുള്ള റോഡ് മെയിന്റനൻസ് | 83,568 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 13 | 30/23- വാർഡ് 32-ലെ വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 3,03,875 | മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം |

ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാത്തതിൽ നിന്ന് നഗരസഭയുടെ പദ്ധതി ആസൂത്രണ നിർവഹണ പ്രക്രിയകളിലെ അപാകതകളാണ് വെളിപ്പെടുന്നത്. അവശ്യകതയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചല്ല പ്രോജക്ട് രൂപീകരിക്കുന്നതെന്ന് ഇത് വ്യക്തമാക്കുന്നു. നഗരസഭാ കൗൺസിൽ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ ഇത്തരം കാര്യങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നില്ലയെന്നത് ഇത്തരം പ്രവണതകൾ തുടരുന്നതിന് കാരണമാകുന്നു.

കൂടാതെ പ്രോജക്ട് നം.27/23, ഗവ.ഹൈസ്കൂൾ, വാഴപ്പള്ളി പുനരുദ്ധാരണ പ്രവൃത്തികൾക്ക് ₹1,000 വകയിരുത്തിയും പ്രോജക്ട് നം.37/23 ഗവ.ഹൈസ്കൂൾ, വാഴപ്പള്ളി പുനരുദ്ധാരണം ബാക്കി പ്രവൃത്തികൾ എന്ന പേരിൽ ₹1,47,303 വകയിരുത്തിയും പ്രോജക്ട് രൂപീകരിച്ചത് സംബന്ധിച്ചും വ്യക്തതയില്ല.

എൻജിനീയർക്ക് പുറമെ കൃഷി ഓഫീസർ നടപ്പിലാക്കേണ്ടിയിരുന്ന രണ്ടും ഹെൽത്ത് ഓഫീസർ നിർവഹണം നടത്തേണ്ടിയിരുന്ന ഒരു പ്രോജക്ടും ഇപ്രകാരം സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ ശേഷം നടപ്പാക്കാത്തവയാണ്.

ഇത്തരം നടപടികൾ ആവർത്തിക്കപ്പെടുന്നില്ലയെന്ന് നഗരസഭാ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

**1-80 വാർഡ് 30 ലെ ബ്യൂട്ടിഫിക്കേഷൻ - കരാറുകാരന് അധിക തുക നൽകി**

ഫയൽ നം. E1-8679/20

നിർവ്വഹണ ഉദ്യോഗസ്ഥ:-സവിത.വി, അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. S0038/23

ചെലവിന്റെ വിശദാംശങ്ങൾ: ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)-₹4,41,039

(ബിൽ നം.3/27.5.2022)

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വാർഡ് 30 ലെ ബ്യൂട്ടിഫിക്കേഷൻ

എന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി 1% ടെണ്ടർ ബിലോ ക്വോട്ട് ചെയ്ത സിനരാജ് എന്ന കരാറുകാരനെ അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്നു. എം ബുക്ക് നം. 71/20-21 പ്രകാരം ടി പ്രവൃത്തിയുടെ ആകെ മൂല്യം ₹3,93,785. ഇതിൻ പ്രകാരം ടിയാന് നൽകേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 3,93,785 |
| സി.ജി.എസ്.ടി (6%) | 23,627 |
| എസ്.ജി.എസ്.ടി(6%) | 23,627 |
| **ആകെ** | 4,41,039 |
| **കുറവ് ചെയ്യേണ്ടത്** | |
| ആദായ നികുതി | 3,938 |
| KCWWF | 3,938 |
| സി.ജി.എസ്.ടി (1%) | 3,938 |
| എസ്.ജി.എസ്.ടി (1%) | 3,938 |
| പിഴ (1%) | 3,948 |
| ടെന്റർ ബിലോ | 3,938 |
| **കരാറുകാരന് നൽകേണ്ട തുക** | **₹4,17,401** |

എന്നാൽ കരാറുകാരനിൽ നിന്ന് ടെണ്ടർ ബിലോ ₹3,938 കുറവ് ചെയ്യാതെ ₹4,21,339 നൽകിയതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.98/02.12.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ അധികം ചെലവഴിച്ച ₹3,938 ഓഡിറ്റിൽ നിരാകരിക്കുന്നു. വാർഡ് 30 ലെ വിവിധ സ്ഥലങ്ങൾ ബ്യൂട്ടിഫിക്കേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ ഏതാനും സ്ഥലങ്ങളിൽ കെർബ് വാളുകൾ മാത്രം സ്ഥാപിച്ചിട്ടുള്ളതായി കാണപ്പെട്ടു.




എം.ബുക്കിലെ രേഖപ്പെടുത്തലുകളിൽ അവ്യക്തതയുള്ളതിനാൽ എല്ലാ സ്ഥലങ്ങളും പരിശോധിച്ച് ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് എം ബുക്ക് നം. 71/20-21 പ്രകാരം 10-ാമത്തെ ഇനമായി ബഫല്ലോ ഗ്രാസ്സ് നട്ട് പിടിപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധന നടത്തിയതിൽ ബഫല്ലോ ഗ്രാസ്സ് കാണാൻ സാധിച്ചില്ല. ഇപ്രകാരം വാർഡ് തല ബ്യൂട്ടിഫിക്കേഷൻ നടത്തിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. അതിനാൽ നിരാകരിച്ച തുക കിഴിച്ചുള്ള 4,17,401/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-81 എയറോബിക് യൂണിറ്റ് നിർമ്മാണം- അടങ്കലിനേക്കാൾ അധികം തുക ചെലവഴിച്ചു

കരാറുകാരൻ : ജി.രവിശങ്കർ

എം ബുക്ക് നം.120/22-23

ഫയൽ നം. ഇ4/19685/21

നഗരസഭയിലെ ഡംപിംഗ് യാർഡിന് സമീപത്തായി എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിന് ₹12,00,000 വകയിരുത്തി 2021-22 ൽ ആരംഭിച്ചതാണ് ഈ പ്രോജക്ട് (S0166/22). 2022-23 വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കി. എസ്റ്റിമേറ്റ് നിരക്കിനേക്കൾ 10% ടെണ്ടർ എക്സസ് ക്വോട്ട് ചെയ്ത

കരാറുകാരനെയാണ് പ്രവൃത്തി ഏല്പിച്ചിരുന്നത്. ഈ പ്രവൃത്തി വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാതിരുന്നതിനാൽ 2022-23 വർഷവും പ്രവൃത്തി സ്പിൽ ഓവറായി നടപ്പാക്കിയിരുന്നു. എം.ബുക്ക് (നം.120/22-23)പ്രകാരം ടി പ്രവൃത്തിയുടെ ആകെ മൂല്യം ₹9,35,433, ടെണ്ടർ എക്സസ് 10%, ജി എസ് ടി 18% ഉൾപ്പടെ ആകെ ചെലവ് ₹12,14,192. അധികം ചെലവഴിക്കേണ്ടി വന്ന 14,191രൂപ, 29.11.2023 തീയതിയിലെ 18-ാംനമ്പർ കൗൺസിൽ തീരുമാന പ്രകാരം പദ്ധതി തുകയിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം 2023-24 വർഷം തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് റിവൈസ് ചെയ്യാതെ എസ്റ്റിമേറ്റ് തുകയേക്കാൾ അധികം തുക കൗൺസിൽ തീരുമാനം മുഖേന മാത്രം തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.90/2022-23/30.11.2023) ലഭ്യമാക്കിയ മറുപടിയിൽ 2023-24 വർഷം ടെന്റർ എക്സസ് കോസ്റ്റ് എന്ന പ്രോജക്ട് ആവിഷ്കരിച്ച് തുക വകയിരുത്തി കരാറുകാരന് നൽകുന്നതാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി ഉൾപ്പെടെ മതിയായ അംഗീകാരമില്ലാതെ അധികമായി ചെലവഴിച്ച തുക നൽകുന്നതിന് പ്രോജക്ട് രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-82 പെരുന്നയിലെ വിവിധ നഗരസഭാ കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (പ്രോജക്ട് നം.SO 67/23)- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ: ദിലീപ് കുമാർ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ :- ജി.രവിശങ്കർ

എം.ബുക്ക് നം:- 109/21-22
തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ :₹4,79,688 (ബിൽ നം.219296/21.6.2022)

പെരുന്നയിലെ വിവിധ നഗരസഭാ കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്ന പ്രോജക്ട് (നം.S067/23) പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വനിതാ ഹോസ്റ്റലിന്റെ ഭിത്തി പെയിന്റ് ചെയ്യുന്നതിനായി ₹4,79,688 ചെലവഴിച്ചിട്ടുണ്ട്. എം.ബുക്ക്, വർക്ക് ബിൽ എന്നിവ പ്രകാരം പുതുതായി നിർമ്മിച്ച ഭിത്തിയുടെ പെയിന്റിംഗ് എന്ന രീതിയിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. (Wall Painting With Acrylic Emulsion Paint Of Approved Brand And Manufacture To Give An Even Shade: Two Or More Coats On New Work). എന്നാൽ മേൽ പ്രവൃത്തിയോടൊപ്പം പുതിയ നിർമ്മാണങ്ങളൊന്നും തന്നെ നടത്തിയതായി കാണുന്നില്ല. അതിനാൽ മുൻപുണ്ടായിരുന്ന പഴയ ഭിത്തിയിലാണ് പുതിയ നിർമ്മാണത്തിനുള്ള പെയിന്റിംഗ് എന്ന രീതിയിൽ പ്രവൃത്തി നടത്തിയതായി കാണിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.102/06.12.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ് തുക ₹4,79,688 തടസ്സപ്പെടുത്തുന്നു.

## 1-83 പ്രോജക്ട് നം.294/23- വാർഡ് നം.36- മതുമൂല വാഴപ്പള്ളി അമ്പലം റോഡ് ഉപറോഡ് മുണ്ടേരിമഠം റോഡ് പുനരുദ്ധാരണം- അപാകതകൾ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ടി സ്പിൽ ഓവർ പ്രോജക്ട് പ്രകാരം (മുൻ പ്രോജക്ട് നം.75/21-22) L.H.M നഷൂർ എന്ന കരാറുകാരൻ മുഖാന്തിരം പ്രവൃത്തി നടത്തുകയുണ്ടായി.

കോൺക്രീറ്റിംഗ്, റീ ടാറിംഗ്, കല്ലുകെട്ട്, പെയിന്റിംഗ് ഉൾപ്പെടെയുള്ള വേലകൾ ഉൾപ്പെട്ട പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയത് 95/21-22, 114/21-22 എന്നീ 2 എം.ബുക്കുകളിലായാണെന്ന് CC Ist And Final Bill ഭാഗം രേഖപ്പെടുത്തിയിട്ടുള്ള 114/21-22 നമ്പർ എം.ബുക്കിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു. എന്നാൽ 95/21-22 നമ്പർ എം.ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

കൂടാതെ, 18 ബാരൽ ടാർ പ്രവൃത്തിയ്ക്കായി ഉപയോഗിച്ചതായി റണ്ണിംഗ് അക്കൗണ്ട് ബില്ലിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ ജി.എസ്.ടി ഉൾപ്പെടെ ബാരൽ വില കിഴിവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയത് എന്ന് ബിൽ റഫറൻസ് നം.22080447001200640302, തീയതി, 11/10/2022 തുക ₹7,43,800 ൽ നിന്ന് വ്യക്തമാകുന്നു.

എം.ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കരാറുകാരനിൽ നിന്ന് ബാരൽ വില @₹281 ഈടാക്കി മെയിന്റനൻസ് ഫണ്ട് റോഡ് ഹെഡ്ഡിൽ അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.109/07.12.23) മറുപടി ലഭിച്ചില്ല. ആയതിനാൽ പ്രോജക്റ്റ് പ്രകാരമുള്ള ചെലവ് ₹7,43,800 തടസ്സപ്പെടുത്തുന്നു.

**1-84 കൗൺസിലേഴ്സ് റെസ്റ്റിംഗ് റൂം നവീകരണം, ഫർണീഷിംഗ്- Lumpsum തുക നൽകി**

അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി സ്പിൽ ഓവറായി നടപ്പിലാക്കിയ കൗൺസിലേഴ്സ് റെസ്റ്റിംഗ് റൂം നവീകരണം, ഫർണീഷിംഗ് എന്ന പ്രോജക്റ്റിനായി (57/23) പൊതുവിഭാഗം വികസന ഫണ്ട് ₹35,779, ബിൽ നമ്പർ - 22080447001100803377/22.11.2022 പ്രകാരം മാറിയിട്ടുണ്ട്. (എം.ബുക്ക് നം.103/21-22)

പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 4-ൽ ഇലക്ട്രിഫിക്കേഷന് വേണ്ടി Lumpsum തുകയായി ₹15,000 അനുവദിച്ചിട്ടുണ്ട്. എം.ബുക്ക് പേജ് 35-ൽ ഇൻവോയ്സ് നം.00675, തീയതി 15/06/2022 എന്ന് ചേർത്തിട്ടുണ്ടെങ്കിലും ആയത് ഫയലിൽ ലഭ്യമല്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ഇല്ലാതെ Lumpsum തുക അനുവദിക്കുന്നത് അംഗീകരിക്കാനാവില്ല.

ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച രേഖകൾ/പ്രവൃത്തിയുടെ വിശദമായ അളവുകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.95/6-12-23) ലഭ്യമാക്കിയ മറുപടിയിൽ, മേൽ പരാമർശിച്ച ഇൻവോയ്സ് ലഭ്യമാക്കുന്നുവെന്ന് പറയുന്നുവെങ്കിലും ഓഡിറ്റിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ₹15,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-85 പ്രോജക്റ്റ് നം.316/23- വേഴയ്ക്കാട്ടുചിറ ഐ.റ്റി.പാർക്ക് സ്റ്റാർട്ട് അപ് വനിതകൾ - ₹99,998/- യുടെ ചെലവ് - വിശദാംശങ്ങൾ ഇല്ല**

മുനിസിപ്പൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 316/23 നമ്പർ പ്രോജക്റ്റ് പ്രകാരം പൊതുവിഭാഗം വികസനഫണ്ട് ₹99,998, 31.12.2022 ലെ ബിൽ റഫറൻസ് നം.22080447001200984080 പ്രകാരം മാറുകയും ആദായനികുതി ₹848, നിർമ്മാണതൊഴിലാളി ക്ഷേമനിധി ₹848 (₹9 സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക്) ജി.എസ്.ടി ₹1,696 വീതം കിഴിവ് ചെയ്ത് ₹96,606 കരാറുകാരനായ ജിജി.എം.ജോസഫിന് അക്കൗണ്ട് ട്രാൻസ്ഫറായി നല്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം ലഭ്യമാക്കിയിട്ടില്ല. റണ്ണിംഗ് അക്കൗണ്ട് ബിൽ ഭാഗം III മെമ്മോറാണ്ടം ഓഫ് പെമെന്റിൽ പ്രവൃത്തിമൂല്യം ₹72,749 നൊപ്പം റിട്ടെൻഷൻ തുക ₹11,995, 18% ജി.എസ്.ടി. ₹15,254 വീതം കൂട്ടിയ തുകയാണ് ₹99,998. പ്രവൃത്തി മൂല്യം കണക്കാക്കിയത് ഏതൊക്കെയിനങ്ങളുടേതായാണ് എന്ന് എം.ബുക്കിന്റെ അഭാവത്തിൽ വ്യക്തമാവുന്നില്ല. കൂടാതെ, മുൻപ് ട്രഷറിയിൽ നിന്ന് മാറി നല്കിയ പാർട്ട് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ റിട്ടെൻഷൻ ഇനത്തിൽ തുക നഗരസഭാ അക്കൗണ്ടിൽ നിലവിലുള്ളതായി ഉറപ്പാക്കാനാവുന്നില്ല.



ഐ.ടി.പാർക്ക്

വനിതകൾക്ക് കൂടുതൽ തൊഴിൽ മേഖല സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വേഴയ്ക്കാട്ട് ഐ.ടി പാർക്ക്. ഇതിനായി 2021-22, 2022-23, 2023-24 വർഷങ്ങളിലായി പ്രോജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. ഐ ടി പാർക്കുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തിയതിൽ ടി കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടുള്ളതായി ശിലാഫലകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു. എന്നാൽ സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നില്ല എന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും ബോധ്യപ്പെട്ടു.

എം.ബുക്ക്, മുൻപ് മാറിയ ട്രഷറി ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആധികാരിക രേഖകൾ ഇല്ലാതെ ചെലവ് അംഗീകരിക്കാനാവില്ല.

ഇത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.89/1-12-23) മറുപടി ലഭിച്ചില്ല. ആയതിനാൽ ₹99,998 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-86 പ്രോജക്ട് നം.28/23, 39/23- വിവിധ വാർഡുകളിലെ റോഡുകളുടെ പാച്ച് വർക്ക് - പ്രവൃത്തിയിലെ അപാകതകൾ**

നഗരസഭാ എഞ്ചിനീയർ നിർവ്വഹണം നടത്തിയ 28/23 നമ്പർ പ്രോജക്ട് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗം ₹1,60,000, ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹9,487 ഉൾപ്പെടെ ആകെ ₹1,69,487യും പ്രോജക്ട് നം.39/23 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹2,80,000യുമാണ് ചെലവഴിച്ചത്. രണ്ടു പ്രോജക്ടുകൾക്കായി ആകെ ₹4,49,487.

പ്രോജക്ടുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) 2019-20-ൽ 500/20 നമ്പരായും 2020-21-ൽ 431/21 നമ്പരായും സ്പിൽ ഓവറായി തുടർന്ന പ്രോജക്ട് 18/02/2021-ലെ E1-6900/20 നമ്പർ ഓഫർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ രാജു സെബാസ്റ്റ്യൻ, മുക്കാടൻ എന്ന വ്യക്തി എസ്റ്റിമേറ്റ് നിരക്ക് (₹4,01,752) ഓഫർ ചെയ്യുകയും നഗരസഭ ഓഫർ അംഗീകരിച്ച് 24/02/2021-ൽ E4-5960/20 നമ്പരായി സെലക്ഷൻ നോട്ടീസ് ടിയാൾക്ക് നൽകുകയും ചെയ്തു. 26/02/2021-ൽ 6 മാസക്കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് 116/AE/MC/CHRY/20-21 ആയി നഗരസഭയുമായി കരാറിലേർപ്പെടുകയും ചെയ്തു. അതുപ്രകാരം 25/08/2021-ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. എന്നാൽ പ്രസ്തുത കാലാവധിയ്ക്കുള്ളിൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചതിന്റെയും കരാറുകാരനുമായി ഇതു സംബന്ധിച്ച് നഗരസഭ അന്വേഷണം നടത്തിയതിന്റെയും വിവരങ്ങൾ ഇല്ല. കരാറുകാരനോട് വിശദീകരണം ചോദിക്കുകയോ, നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിന് പകരം കരാറുകാരൻ ഒപ്പ് വയ്ക്കാതെ മുനിസിപ്പൽ അസി.എഞ്ചിനീയർ മാത്രം ഒപ്പ് വച്ച് അധിക പ്രവൃത്തികൾക്കായും, സമയം ദീർഘിപ്പിക്കുന്നതിനായും എന്ന് ചേർത്ത് 17/03/2022 തീയതി വച്ച് സപ്ലിമെന്ററി കരാർ എന്ന നിലയിൽ മുദ്രപ്പത്രം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. കരാറുകാരനിൽ നിന്ന് നഷ്ടം നികത്തി പ്രവൃത്തി റീടെണ്ടർ ചെയ്യാതെയും (കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ) നഗരസഭയുടെ വാർഷിക പദ്ധതി പ്രോജക്ട് യഥാസമയം നടക്കാതെ ജനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സേവനം യഥാസമയം ലഭ്യമാക്കാതെയും കരാറുകാരന് അനുകൂലമായി മുനിസിപ്പൽ എഞ്ചിനീയർ നിലപാട് സ്വീകരിച്ചതിന്റെ സാഹചര്യം വ്യക്തമല്ല.

(2) ടാറിംഗ്, റീ ടാറിംഗ് പ്രവൃത്തികളുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സ്പിൽ ഓവറാക്കി നിർവ്വഹണ ഘട്ടത്തിലേയ്ക്ക് കടന്ന പ്രവൃത്തി 2021-22-ൽ പ്രോജക്ട് നം.329/22, 238/22 എന്നിങ്ങനെ രണ്ടാക്കി വിഭജിച്ചതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ, 15/03/2022-ലെ നഗരസഭാ കൗൺസിലിന്റെ 35-ാം നമ്പർ തീരുമാനത്തിൽ ₹4,50,000 അടങ്കൽ തുകയിൽ സ്പിൽ ഓവറായ 431/21 നമ്പർ പ്രോജക്ടിന്മേൽ വീണ്ടും 238/22 നമ്പരായി സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കി ₹1,70,000 വകയിരുത്തി. കൂടാതെ, വാലിഡേഷൻ ക്രമീകരിക്കുന്നതിന് പുതിയ പ്രോജക്ടായി (329/22) ₹2,80,000 കൂടി വകയിരുത്തിയതായും രണ്ട് പ്രോജക്ടും കൂട്ടിച്ചേർത്ത് പദ്ധതി നടത്തിപ്പിനായി അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തതായി കാണുന്നു. സ്പിൽ ഓവറായി തുടർന്ന പ്രോജക്ടിൽ ഇപ്രകാരം സാഹചര്യം ഉണ്ടായത് എന്തുകൊണ്ടാണ് എന്ന് വിശദീകരിച്ചിട്ടില്ല.

(3) ആദ്യ രണ്ടു വർഷങ്ങളിൽ (2019-20, 2020-21) എസ്.ബി.കോളേജ് ഇൻഡോർ സ്റ്റേഡിയത്തിനു സമീപം പുതിയ ടാറിംഗും റീടാറിംഗും ഉൾപ്പെടുത്തിയ പ്രോജക്ട്, 2022-23ൽ ഇൻഡോർ സ്റ്റേഡിയത്തിനു സമീപം ടാറിംഗും റീടാറിംഗും ഒഴിവാക്കി എച്ച്.ഡി.എഫ്.സി ബാങ്കിന് അടുത്ത റോഡ് ടാർ ചെയ്യുന്നതിന് മാത്രമാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത സാഹചര്യം വ്യക്തമല്ല.

(4) പദ്ധതി രൂപീകരണ ഘട്ടങ്ങൾ കടന്ന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ഉൾപ്പെടെ നേടി പ്രോജക്ട് നിർവ്വഹണം ആരംഭിക്കുമ്പോഴേയ്ക്ക് യഥാർത്ഥത്തിൽ ചെയ്യാൻ നിശ്ചയിച്ചിരുന്ന പ്രദേശത്ത് പ്രവൃത്തികൾ വേണ്ടയെന്ന് തീരുമാനിക്കുകയും മാറ്റം വരുത്തുകയും ചെയ്യുന്നത് മുൻഗണനാക്രമം നിശ്ചയിക്കാതെയും വ്യക്തമായും കൃത്യമായുള്ള ആസൂത്രണമില്ലായ്മയുടെയും, പദ്ധതി ആസൂത്രണ പ്രക്രിയകളിലെ പാളിച്ചകളും മൂലമാണെന്ന് കാണുന്നു. നഗരസഭയുടെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിനായിരുന്നോ ഇപ്രകാരം മാറ്റങ്ങൾ വരുത്തിയതെന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ റീടാറിംഗ് നിലവിൽ വേണ്ടയെന്ന് തീരുമാനിച്ചതിനാൽ പ്രസ്തുത റോഡിന്റെ ഭാഗങ്ങൾ കൂടുതൽ സഞ്ചാര ഗതാഗതയോഗ്യമല്ലാതെയാകുന്നതിന് കാരണമാവുന്ന സാഹചര്യവും ഉണ്ട്. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം പെർഫോർമൻസ് ഗ്യാരന്റി ആയി ₹22,500 നഗരസഭയിൽ ഒടുക്കുന്നതിന് കരാറുകാരന് നിർദ്ദേശം നല്കിയിരുന്നതായി കാണുന്നു. എന്നാൽ തുക അടച്ചതിന്റെ രേഖകൾ ഇല്ല.

കരാർ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കരാറുകാരനെതിരെ നടപടികൾ സ്വീകരിക്കാതെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയും കരാറുകാരനെ സഹായിക്കുന്ന രീതിയിൽ കരാറുകാരന്റെ അപേക്ഷയില്ലാതെ തന്നെ എൻജിനീയർ മാത്രം ഒപ്പ് വച്ച് സപ്ലിമെന്ററി കരാർ ഫയലിൽ സൂക്ഷിക്കുകയും ചെയ്യുന്നതിൽ നിന്ന് നിർവഹണ ഉദ്യോഗസ്ഥനും നഗരസഭാ കൗൺസിലും നഗരസഭയുടെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. (അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 87/1-12-23 ന് മറുപടി ലഭിച്ചില്ല).

**1-87 ടേക്ക് എ ബ്രേക്ക്- പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല**

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി വഴി യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുമായുള്ള സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്. നഗരസഭയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും നാളിതുവരെ ഈ പ്രോജക്ടുകൾ പൂർത്തീകരിക്കുയോ പദ്ധതി ലക്ഷ്യം കാണുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ (നഗരസഭാ സെക്രട്ടറിയുടെ 18.9.2023ലെ E4-19681/21 നം. കത്തിലെ വിശദാംശങ്ങൾ) ചുവടെ ചേർക്കുന്നു.

"നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭയുടെ അധീനതയിലുള്ള മുനിസിപ്പൽ പാർക്കിൽ ടോയ്‌ലറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ₹7,00,000 യുടെ പദ്ധതി ആവിഷ്കരിച്ച് നിർമ്മാണം നടത്തിയിരുന്നു. ആയതിന്റെ പൂർത്തീകരണത്തിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ ₹2,00,000 വകയിരുത്തി നിർമ്മാണം നടന്ന് വരുന്നു. നമ്പർ 2 ബസ് സ്റ്റാന്റിൽ 2020-21 വർഷത്തെ എം.എൽ.എ - എ.ഡി.എസ് പദ്ധതിയിൽ ഉൾപ്പെട്ട ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മാണം ഭാഗീകമായി പൂർത്തീകരിച്ച് ടോയ്‌ലറ്റ് കോംപ്ലക്സിൽ തുടർ പ്രവൃത്തിയ്ക്കായി ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ₹8,00,000 വകയിരുത്തിയിട്ടുള്ളതും ആയതിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായി ഡി.എൽ.ടി.സിയിലേയ്ക്ക് കത്തും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്."





ടേക്ക് എ ബ്രേക്ക്

മേൽ നിർമ്മാണങ്ങളുടെ സ്ഥലപരിശോധന നടത്തിയതിൽ ടി കെട്ടിടങ്ങളുടെ നിർമ്മാണം

പൂർത്തീകരിക്കുകയോ ഉപയോഗ ക്ഷമമാക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. ഇപ്രകാരം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പൊതു ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ തുറന്ന് നൽകേണ്ടതാണ്.

## 1-88 നഗരസഭ നടത്തിയ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ- ബാരൽ വില നഗരസഭാ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

നഗരസഭയിൽ 2022-23 ൽ നടത്തിയ ടാറിംഗ് /റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ച ടാറിന്റെ കാലി വീപ്പയുടെ വില പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് ഈടാക്കിയത് പ്രവൃത്തികൾക്കായി വിനിയോഗിച്ച ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

എന്നാൽ വിവിധ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്ന് ഇപ്രകാരം ബാരൽ വിലയായി കിഴിവ് ചെയ്ത തുകകൾ നഗരസഭയുടെ 799013000000584 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം/പേര് | ബിൽ നം | കരാറുകാരൻ | ബാരൽ വില ഇനത്തിൽ കിഴിവ് ചെയ്ത തുക |
|---|---|---|---|
| 32/23,മുതുമൂല കുറ്റിശ്ശേരിക്കടവ് റോഡ് | 253574/29-6-22 | L H M നഷൂർ | 3934 |
| 170/23,കരിശ്ശുംമൂട് വിശ്വകർമ്മക്ഷേത്രം റോഡ് | 1558497/29-3-23 | പി.ജെ.സൈമൺ | 2800 |
| 154/23,പുലരിമിൽ റോഡ് ശ്മശാനം റോഡ് | 226199/19-6-23 | L H M നഷൂർ | 2520 |
| 307/23,കുന്നക്കാട് പൊട്ടശ്ശേരി റോഡ് | 1519121/28-3-23 | ജിജി.എം.ജോസഫ് | 3920 |
| 274/23,സക്കീർ ഹുസൈൻ ഓഫീസ് റോഡും അനുബന്ധ റോഡും | 302512/11-7-23 | മുഹമ്മദ് സലിം | 5320 |
| 268/23,പാവനാശ്രമം റോഡ് മെയിന്റനൻസ് | 1577621/31-3-23 | പി.ജെ.സൈമൺ | 1400 |
| 182/23, ഇരുപ്പാറോഡ് അനുബന്ധറോഡ് മെയിന്റനൻസ് | 1533158/28-3-23 | ജിജി.എം.ജോസഫ് | 8120 |
| 165/23, എസ്.ബി. സ്കൂളിന് പുറകുവശത്തുള്ള റോഡും സബ് റോഡുകളും മെയിന്റനൻസ് | 283414/6-7-23 | പി.ജെ.സൈമൺ | 10640 |

ഇപ്രകാരം നഗരസഭാ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള വിവിധ ടാറിംഗ് പ്രവൃത്തികളിൽ ഈടാക്കിയ ബാരൽ വില പ്രവൃത്തിക്ക് വിനിയോഗിച്ച ഫണ്ടിലേക്ക് അടവാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-89 ഗ്യാസ് ക്രിമറ്റോറിയം- രജിസ്റ്ററുകളിലെ പൊരുത്തക്കേട്, മറ്റ് അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിൽ ഫാത്തിമാപുരത്തുള്ള ഗ്യാസ് ക്രിമറ്റോറിയത്തിൽ നഗരസഭയുടെ അനുമതിയോടെ ഫീസ് ഈടാക്കി മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. (06/12/2023-ൽ നടത്തിയ സ്ഥലപരിശോധനയിൽ നിലവിൽ പ്രവർത്തനക്ഷമമല്ലയെന്ന് കാണപ്പെട്ടു). ശ്മശാനത്തിന് ചുറ്റുപാടുമായുള്ള നഗരസഭാവക സ്ഥലത്ത് സമുദായ സംഘടനകൾക്കും ശവസംസ്കാരത്തിനായി പ്രത്യേക സൗകര്യവും നൽകിയിട്ടുണ്ട്.

മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന്റെ വിശദാംശങ്ങൾ, ഫീസ് ഈടാക്കുന്ന വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയ നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 17/08/2021-ൽ പ്രവർത്തനം ആരംഭിച്ചത് മുതൽ 27/10/2023 വരെയുള്ള കാലയളവിൽ 47 മൃതദേഹങ്ങൾ സംസ്കരിച്ചതായാണ് രേഖപ്പെടുത്തൽ ഉള്ളത്. ഇതിന് ശേഷം ശവസംസ്കാരങ്ങൾ നടത്താൻ പറ്റാത്തവിധം ക്രിമറ്റോറിയത്തിന് തകരാർ സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഓഡിറ്റിന്റെ സ്ഥലപരിശോധനാ വേളയിൽ ക്രിമറ്റോറിയത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പരിശോധിച്ചതിൽ 17/08/2021 മുതൽ 27/10/2023 വരെയുള്ള കാലയളവിൽ 50 മൃതദേഹങ്ങൾ സംസ്കരിച്ചതായാണ്

രേഖപ്പെടുത്തിയിട്ടുള്ളത്.

നഗരസഭയുടെ പക്കലുള്ളതും ക്രിമറ്റോറിയത്തിൽ സൂക്ഷിക്കുന്നതുമായ രജിസ്റ്ററുകൾ പൊരുത്തപ്പെടുന്നില്ലായെന്നതിൽ നിന്ന് എല്ലാ ശവസംസ്കാരങ്ങളും നഗരസഭാനുമതിയില്ലാതെയാണ് നടക്കുന്നതെന്ന് വ്യക്തമാകുന്നു. ഇത് നിയമപ്രശ്നങ്ങൾക്ക് പോലും കാരണമാകാവുന്ന സംഗതിയാണ് എന്നതിനാൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. എന്നാൽ അപ്രകാരം ഒരു സൂക്ഷ്മത പുലർത്തുന്നില്ല. രജിസ്റ്ററുകൾ കൃത്യമായ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതുമാണ്.



ക്രിമറ്റോറിയം

പ്രവർത്തനം ആരംഭിച്ചപ്പോൾ മുതൽ ക്രിമറ്റോറിയത്തിന് പലവിധ പ്രവർത്തന വൈകല്യങ്ങൾ നേരിട്ടിരുന്നതായി അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. നിർമ്മിച്ച ഏജൻസിയുമായി മതിയായ കരാർ, വാറന്റി സംബന്ധിച്ച നിബന്ധനകൾ, വാർഷിക അറ്റകുറ്റപ്പണി സംബന്ധിച്ച നിബന്ധനകൾ എന്നിവ ഇല്ലാതെയാണോ നിർമ്മാണവും പ്രവർത്തനവും ആരംഭിച്ചതെന്ന് വിശദീകരിക്കേണ്ടതാണ്.

കൂടാതെ, ക്രിമറ്റോറിയത്തിന്റെ പരിസരം കാട് വളർന്ന് ശരിയായ സംരക്ഷണമില്ലാതെ കിടക്കുന്നതായും കാണപ്പെടുകയുണ്ടായി. ഇപ്രകാരം വേണ്ടത്ര സംരക്ഷണമില്ലാതെ നഗരസഭയുടെ ആസ്തി നശിക്കുന്ന അവസ്ഥയിലേയ്ക്ക് നയിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

**1-90 ലക്ഷങ്ങൾ ചെലവഴിച്ച് നഗരസഭയിൽ ഓഡിറ്റ് വർഷത്തിലും മുൻവർഷങ്ങളിലുമായി നിർമ്മിച്ച നിരവധി ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല**

ചങ്ങനാശ്ശേരി നഗരസഭയുടെ വിവിധ ആസ്തികൾ, 2022-23-ലെ നിർമ്മാണ പ്രവൃത്തികൾ എന്നിവ സംബന്ധിച്ച് നടത്തിയ സ്ഥല പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**1) കുട്ടികളുടെ തീയേറ്റർ**

ഗവ.ഹയർ സെക്കൻഡറി സ്കൂളിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും കുട്ടികൾക്ക് യാതൊരു പ്രയോജനവുമില്ലാതെ പൊടിയും മാറാലയും പിടിച്ച് പ്രവർത്തന രഹിതമായി കിടക്കുന്നു. ഇതിന്റെ വയറിംഗ് പൂർണ്ണമായി ചെയ്തിട്ടില്ലായെന്നും പരിശോധനയിൽ വ്യക്തമായി.




**2) ടൗൺ ഹാൾ - എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്**

2022-23 വർഷം ടി യൂണിറ്റിന്റെ മെയിന്റനൻസ് നടത്തിയതിന് ₹1,73,972 (ബിൽ നം.94/19/10.2022 /18.10.22) ചെലവഴിച്ചിട്ടുണ്ട്. ടൗൺ ഹാളിൽ പാചക ഹാളിനോട് ചേർന്ന് എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് നിലവിൽ പ്രവർത്തിപ്പിക്കുന്നില്ല. ഇതിന്റെ നിർമ്മാണം ശുചിത്വമിഷൻ അംഗീകരിച്ച മാതൃകയിലല്ല. കമ്പോസ്റ്റ് യൂണിറ്റുകൾക്കുള്ളിൽ നിന്ന് മാലിന്യങ്ങൾ പുറത്തേയ്ക്ക് പോകാതിരിക്കുന്നതിനുള്ള ഇരുമ്പ് വല സ്ഥാപിച്ചിട്ടില്ല.

**3) ഡമ്പിംഗ് യാർഡ്**

നഗരസഭയുടെ 16-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഡംപിംഗ് യാർഡിൽ 37 വാർഡുകളിൽ നിന്നുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയാണ്. വാർഡ് തോറുമോ അല്ലാതെയോ എം.സി.എഫ്

സ്ഥാപിച്ചിട്ടില്ലാത്തതിനാൽ എല്ലാ വാർഡുകളിൽ നിന്നുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒന്നിച്ച് കൂട്ടുന്ന അവസ്ഥയാണ്. ഡംപിംഗ് യാർഡിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റും ബെയിലിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്.


ഡംപിംഗ് യാർഡ്


ഷ്രെഡ്ഡിംഗ് യൂണിറ്റ്


ബെയിലിംഗ് യൂണിറ്റ്

എന്നാൽ ഇവയിൽ ബെയിലിംഗ് യൂണിറ്റ് മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. ക്ലീൻ കേരളാ കമ്പനി പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് കൊണ്ടു പോകുന്നുണ്ടെങ്കിലും ഫീസ് കൃത്യമായി ലഭിക്കുന്നില്ല എന്ന് ഹരിത കർമ്മ സേനാംഗങ്ങൾ അറിയിച്ചു. ഓഡിറ്റ് വർഷം ഡംപിംഗ് യാർഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നെങ്കിലും ഒന്ന് പോലും നടപ്പാക്കിയില്ല. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിക്കുന്നതിനായി വളരെ പരിമിതമായ സംവിധാനങ്ങൾ മാത്രമാണുള്ളത്. ഡംപിംഗ് യാർഡിൽ ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കുന്നതിനും പൊടിയ്ക്കുന്നതിനുമുള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി പ്ലാസ്റ്റിക് സംസ്കരണം കൂടുതൽ സുഗമമാക്കേണ്ടതാണ്.

**4) എസ്.സി സാംസ്കാരിക നിലയം**

എസ്.സി സാംസ്കാരിക നിലയത്തിന്റെ ഇലക്ട്രിഫിക്കേഷനുമായി ബന്ധപ്പെട്ട് ₹39,227 ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. നിലവിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വൈദ്യുത കണക്ഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് സാംസ്കാരിക നിലയമായി പ്രവർത്തിക്കുന്നതായി കാണുന്നില്ല. ടി കെട്ടിടത്തിന് ചുറ്റും കാട് പിടിച്ച് കിടക്കുന്നു.


എസ്. സി സാംസ്കാരിക നിലയം

ഡംപിംഗ് യാർഡിലെ പ്ലാസ്റ്റിക് വേർതിരിക്കലിനായി ക്ലീൻ കേരള കമ്പനി ചുമതലപ്പെടുത്തിയ 3 ജീവനക്കാർ ഈ കെട്ടിടം താമസത്തിനായി ഉപയോഗിക്കുന്നതായി കണ്ടു. കെട്ടിടത്തിന് സമീപമുള്ള എസ്.സി കുടുംബങ്ങൾക്ക് ഈ കെട്ടിടം മൂലം യാതൊരു പ്രയോജനവും ലഭിക്കുന്നില്ല.

**5) വേഴയ്ക്കാട്ട് ചിറ ബയോഗ്യാസ് പ്ലാന്റ്**

വേഴയ്ക്കാട്ട് ചിറ ഐ.ടി പാർക്കിന് എതിർവശത്തായി 2017-18ൽ ഉമ്പൂർമൂഴി മോഡലിൽ നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനമില്ലാതെ കിടക്കുന്നതായി കാണപ്പെട്ടു. ലക്ഷങ്ങൾ ചെലവഴിച്ച നഗരമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന പ്ലാന്റാണ് ഉപയോഗിക്കാതെ നിഷ്ക്രിയമായി മാറിയത്.

**6) ടൗൺ ഹാൾ**

ടൗൺ ഹാളിൽ സീലിംഗ് ഇടുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ സീലിംഗ് ഭിത്തിയോട് പൂർണ്ണമായി ചേർത്ത് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പാചകപ്പുരയുടെ ഭിത്തിയിലൂടെ മഴവെള്ളം ഒലിച്ചിറങ്ങുന്ന അവസ്ഥയാണുള്ളത്. ടൗൺ ഹാളിന്റെ മുകൾ ഭാഗത്ത് സീലിംഗ് ഇളകിപ്പോയതിനാൽ മഴവെള്ളം ഹാളിലേയ്ക്ക് ഒലിച്ചിറങ്ങുന്ന അവസ്ഥയിലാണ്.

 

ബക്കറ്റ് ബിന്നുകൾ

വിവിധ വർഷങ്ങളിലായി വ്യത്യസ്ത പ്രോജക്ടുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയ നിരവധി ബക്കറ്റ് ബിന്നുകൾ ടൗൺ ഹാളിന്റെ മുകൾ ഭാഗത്ത് ബാൽക്കണി ഏരിയയിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. വിതണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ബക്കറ്റ് ബിന്നുകൾ ഏത് വർഷത്തേതാണെന്ന് വ്യക്തമാക്കേണ്ടതും നഗരസഭാ ഫണ്ട് പാഴാക്കിയവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**7) വണ്ടിപ്പേട്ട എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്**

2022-23 വർഷം ടി യൂണിറ്റിന്റെ മെയിന്റനൻസ് നടത്തിയതിന് ₹1,73,972 ചെലവഴിച്ചിട്ടുണ്ട്. ടി എയറോബിക് കമ്പോസ്റ്റ് യൂണിറ്റിന്റെ മേൽ നോട്ടത്തിനായി ഒരു ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. യൂണിറ്റിന്റെ പ്രവർത്തനം നടക്കുന്നുണ്ടെങ്കിലും നിർമ്മാണം ശുചിത്വ മിഷൻ നിർദ്ദേശിച്ച മാതൃകയിലല്ല എന്ന് ബോദ്ധ്യപ്പെട്ടു. കമ്പോസ്റ്റ് യൂണിറ്റുകൾക്കുള്ളിൽ നിന്ന് മാലിന്യങ്ങൾ പുറത്തേയ്ക്ക് പോകാതിരിക്കുന്നതിനുള്ള ഇരുമ്പ് വല ഇതിനുള്ളിൽ സ്ഥാപിച്ചിട്ടില്ല.

**8) പകൽ വീട്**

2020-21 വർഷം പകൽ വീടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. പെരുന്നയിൽ നഗരസഭാ വെറ്റിനറി ആശുപത്രിയോട് ചേർന്നാണ് ഇത് സ്ഥിതി ചെയ്യുന്നത്. നിലവിൽ പ്രവർത്തനങ്ങളൊന്നുമില്ലാതെ ചുറ്റും കാട് പിടിച്ച് കിടക്കുന്ന അവസ്ഥയിലാണ്.

 

പകൽവീട്

ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ വേണ്ട രീതിയിൽ ഉപയോഗിക്കുന്നതിന് വേണ്ടത്ര മേൽ നോട്ടമോ ആസൂത്രണമോ നടക്കുന്നില്ലായെന്ന് വ്യക്തമാണ്. അതിനാൽ മേൽ ആസ്തികൾ ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

**1-91 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി- പ്രതിമാസ വരവ് ചെലവു കണക്കുകളുടെ പരിശോധന കാര്യക്ഷമമല്ല**

കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 22 വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ പ്രതിപാദിക്കുന്നു. പ്രസ്തുത വകുപ്പിന്റെ ഉപഖണ്ഡിക 1(ഡി) ഒരു മുനിസിപ്പൽ കൗൺസിലിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ഇതിൽ(iv)-ാം വകുപ്പിൽ അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യുണമെന്നും മാസംതോറുമുള്ള തുക ആവശ്യപ്പെടൽ, പിരിച്ചെടുക്കൽ, നീക്കിയിരിപ്പ് തുകകളും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവുചെലവുകളുടെ സംക്ഷേപവും പരിശോധിക്കണമെന്ന് നിഷ്കർഷിക്കുന്നു.

2022-23 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ, ഇപ്രകാരം ഒരു പരിശോധന കൃത്യമായി നടക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല. 24/06/2022-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 4/22, 5/22 മാസങ്ങളിലെ വരവുചെലവുകണക്കുകളും 05/08/2022-ലെ കമ്മിറ്റിയിൽ 06/22-ലെ

വരവുചെലവുകണക്കുകളും 26/09/2022-ലെ കമ്മിറ്റിയിൽ 07/22-ലെ വരവുചെലവുകണക്കുകളും പാസാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 08/2022 മുതൽ പിന്നീടുള്ള മാസങ്ങളിലെ പ്രതിമാസ വരവുചെലവുകണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ലായെന്ന് മിനിട്ട്സിൽ നിന്ന് വ്യക്തമാകുന്നു.

നിയമം മൂലം നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ നിറവേറ്റാതെ കേവലം മീറ്റിംഗുകൾ മാത്രമായി സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ ചുരുങ്ങുന്നതായാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. നഗരസഭയുടെ തനത് വരുമാന സമാഹരണത്തിലെ ലക്ഷ്യപ്രാപ്തിയുടെ കുറവ് മൂലം സർക്കാർ ഗ്രാന്റ് കുറവ് ചെയ്യുന്ന സാഹചര്യത്തിലും നഗരസഭയുടെ വസ്തുവകകളിൽ നിന്നും ലഭിക്കേണ്ട വാടക, മറ്റ് നികുതി, നികുതിയേതര വരുമാനങ്ങൾ എന്നിവയുൾപ്പെടെ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടാവുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-92 ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി തുകകൾ- വൻ തുക അടയ്ക്കാൻ ശേഷിക്കുന്നു

നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഷെഡ്യൂൾ B-9 പ്രകാരം താഴെചേർത്തിട്ടുള്ള ശമ്പള റിക്കവറി തുകകൾ ബാദ്ധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

| ഇനം | തുക (₹) |
|---|---|
| പ്രോവിഡന്റ് ഫണ്ട് പേയബിൾ | 43,31,877 |
| കോൺട്രിബ്യൂഷൻ ടു സെൻട്രൽ പെൻഷൻ ഫണ്ട് | 2,59,50,457.65 |
| കോൺട്രിബ്യൂട്ടറി പെൻഷൻ | 19,48,711 |
| പ്രോവിന്റ് ഫണ്ട് വരി സംഖ്യ | 1,01,40,712 |
| ലോൺ റിക്കവറി | 10,000 |
| ഇൻഷുറൻസ് | 2,22,155 |
| കോ-ഓപ്പറേറ്റീവ് റിക്കവറി | 6,89,600 |
| കെ.എസ്.എഫ്.ഇ റിക്കവറി | 3,98,500 |
| ഇൻകം ടാക്സ് ഡിഡക്റ്റഡ് അറ്റ് സോഴ്സ് | 2,68,806 |
| എസ്.എൽ.ഐ | 4,81,830 |
| ജി.ഐ.എസ് | 4,63,400 |
| ആക്സിഡന്റ് കോമ്പൻസേഷൻ റിക്കവറി | 1,06,875 |
| കോൺട്രിബ്യൂട്ടറി പെൻഷൻ | 23,13,156 |
| മെഡിസെപ്-റഗുലർ | 4,04,000 |
| അദർ റിക്കവറീസ് | 1,86,603 |

തനത് ഫണ്ട് വൗച്ചറുകളോടൊപ്പം റിക്കവറി തുകകൾ അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ റിക്കവറി തുകകൾ സമയബന്ധിതമായി അടയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.50/2022-23/16.11.2023) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. കുടിശ്ശികയായ ശമ്പള റിക്കവറി തുകകൾ കൃത്യമായി അടവാക്കി രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-93 മഴക്കാല പൂർവ്വശുചീകരണം- തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല

ഫയൽ നം. H6-3634/22

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് നഗരസഭയിലെ 37 വാർഡുകളിലെയും ഓടകളും തോടുകളും വൃത്തിയാക്കുന്നതിന് 9 തൊഴിലാളികൾ 170 തൊഴിൽ ദിനങ്ങൾ ജോലി ചെയ്തതിന് ₹1,12,200 (170x660) (ചെക്ക് നം.577736/11.7.22- ₹50,820, നം.577737/11.7.2022- ₹61,380) തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. 21.5.2022 ലെ 2-ാം നമ്പർ തീരുമാന പ്രകാരം 63 തൊഴിലാളികൾക്ക് ₹660 വേതന നിരക്കിൽ ₹41,580

(173692/08.12.2022) ചെലവഴിച്ചിരുന്നു. കൂടാതെ ₹19,800 (ചെക്ക് നം.173898/13.12.22), ₹21,780 (ചെക്ക് നം.173897/13.12.22) വീതം സി.എൽ.ആർ വർക്കേഴ്സിനും നൽകിയിരുന്നു. ഈ തുകകൾ 2023-24 ൽ പദ്ധതി രൂപീകരിച്ച് തനത് ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്യണമെന്ന് സെക്രട്ടറി നിർദ്ദേശിച്ചിരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൻ പ്രകാരം പദ്ധതി രൂപീകരിച്ച് തുക റിക്രൂപ്പ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നും ഏതൊക്കെ വാർഡുകളിലെ ഏതൊക്കെ ഓടകളാണെന്നും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയത് എന്നും വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.79/2022-23, തീയതി, 21.11.2023 ) മറുപടി ലഭ്യമാക്കിയില്ല.

2022-23 സാമ്പത്തിക വർഷം തന്നെ ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച ₹3,70,000 (ബിൽ നം. 34/15.9.2022) വാർഡുതല കൺവീനർമാരുടെയും ജെ.എച്ച്.ഐ-മാരുടെയും സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത രേഖകൾ (ബാങ്ക് പാസ് ബുക്ക്, വാർഡ് തല സാനിട്ടേഷൻ സമിതിയുടെ മിനിട്ട്സ് ബുക്ക് ഉൾപ്പെടെ) പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (79/2022-23, തീയതി, 21.11.2023 ) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. അതിനാൽ മഴക്കാല പൂർവ്വ ശുചീകരണവുമായി ഓഡിറ്റ് വർഷം ചെലവഴിച്ച ₹5,65,360 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക തിരികെ തനത് ഫണ്ടിലേക്ക് റിക്രൂപ്പ് ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

### 1-94 ഓഡിറ്റ് ഇംപാക്ട്- വസ്തുനികുതി കുറവായി നിർണ്ണയിച്ചത് പുനർനിർണ്ണയിച്ചു

2022-23 വർഷത്തെ വസ്തുനികുതി നിർണയ രജിസ്റ്റർ, സഞ്ചയ എന്നിവ പരിശോധിച്ചതിൽ നഗരസഭയിലെ 13-ാം വാർഡിൽ, അബ്ദുൾ അസീസ്, പുതുപ്പറമ്പിൽ എന്ന ആളിന്റെ 129.44 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിനെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 13/717/1 എന്ന കെട്ടിടനമ്പർ നൽകി ച.മീറ്ററിന് ₹50 നിരക്കിൽ 2022-23 ഒന്നാം അർദ്ധവർഷം മുതൽ വസ്തു നികുതി നിർണയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾക്ക് അടിസ്ഥാന നികുതി നിരക്ക് 80/ച.മീറ്റർ ആയിരിക്കെ കെട്ടിടത്തെ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി കുറവായി നിർണയിച്ചതിന്മേൽ വിശദീകരണവും നികുതി കൃത്യമായി നിർണയിച്ച് രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ 86/2022-23/25.11.2023) പ്രകാരം അടിസ്ഥാന നികുതി നിരക്ക് 80/ച.മീറ്റർ ചുമത്തി നികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണയത്തിൽ ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-95 വസ്തുനികുതി നിർണയം- കെട്ടിടത്തിന്റെ തറവിസ്തീർണം കൃത്യമാക്കി- ഓഡിറ്റ് ഇംപാക്ട്

ചങ്ങനാശ്ശേരി നഗരസഭാ കൗൺസിലിന്റെ 09/01/2023-ലെ 14-ാം നമ്പർ തീരുമാനം പ്രകാരം 20-ാം വാർഡിൽ ശിവൻപിള്ള, തെക്കേമഠം എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ 117(1), (2)- എന്നീ നമ്പരുകളിലുള്ള കെട്ടിടങ്ങളുടെ നികുതി പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനത്തിന്റെ കുറിപ്പിലും ഫയലിലും കെട്ടിടത്തിന്റെ തറവിസ്തീർണം 356.42m2 ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ (നം.R2/19586/22) ലഭ്യമാക്കിയിരിക്കുന്ന ഫാറം 6, സഞ്ചയ എന്നിവയിൽ 117(1) - 173.1m2, 117(2) - 173.2m2 എന്നിങ്ങനെ 346.3m2-നാണ് നികുതി നിർണയിച്ചിരിക്കുന്നത്. കൃത്യമായ തറവിസ്തീർണം വ്യക്തമാക്കുന്ന രേഖകൾ ഫയലിലില്ല. വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിനായി തറവിസ്തീർണത്തിന്റെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം,

84/24.11.2023) മറുപടിയിൽ, അപാകത പരിഹരിച്ച് 356.42ച.മീറ്ററിനും ₹80 അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി പുന:നിർണ്ണയം നടത്തിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-96 തീയേറ്ററുകളുടെ വിനോദ നികുതി- രേഖകൾ കൃത്യമായി ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല- വിനോദനികുതി 21622രൂപ നഗരസഭാ ഫണ്ടിൽ അടവാക്കി-ഓഡിറ്റ് ഇംപാക്ട്.**

ചങ്ങനാശ്ശേരി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന തീയേറ്ററുകളുടെ 2022-23-ലെ വിനോദ നികുതി സംബന്ധിച്ച രജിസ്റ്റർ, തീയേറ്റർ ഉടമകൾ ഹാജരാക്കുന്ന പ്രതിമാസ റിപ്പോർട്ട്, ഡെയിലി കളക്ഷൻ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

(1) ധന്യ, രമ്യ തീയേറ്ററുകളുടെ മാനേജർ സമർപ്പിച്ച 2022 ഏപ്രിൽ 1 മുതൽ 30 വരെയുള്ള പ്രതിമാസ സ്റ്റേറ്റ്മെന്റ് പ്രകാരം രമ്യ തീയേറ്ററിന്റെ വിനോദനികുതി ₹16,240.15-യും ധന്യ തീയേറ്ററിന്റെ വിനോദനികുതി ₹1,29,852.64-യും ചേർത്ത് ₹1,46,093 06.05.2022-ൽ ചെക്ക് നം.1041657 മുഖേന നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ 2022 ഏപ്രിൽ 1 മുതൽ ഏപ്രിൽ 30 വരെയുള്ള ഡെയിലി കളക്ഷൻ റിപ്പോർട്ട് പരിശോധിച്ചു പ്രകാരം രമ്യ തീയേറ്റർ ₹29,060.87-യും ധന്യ തീയേറ്റർ ₹1,38,654.03-യും ചേർത്ത് ₹1,67,714.90-യാണ് നഗരസഭയിൽ ഒടുക്കു വരുത്തേണ്ടിയിരുന്നത്.

അതായത്, രമ്യ തീയേറ്റർ വിനോദനികുതിയിനത്തിൽ ₹12,820.72-യും ധന്യ തീയേറ്റർ വിനോദനികുതിയിനത്തിൽ ₹8801.39-യും ചേർത്ത് ₹21,622.11 കുറവായിട്ടാണ് നഗരസഭയിൽ ഒടുക്കുവരുത്തിയിരുന്നത്.

(2) ധന്യ തീയേറ്ററിന്റെ 18.04.2022-ൽ വിറ്റ ടിക്കറ്റിന്റെ അവസാന സീരിയൽ നം.50810 ആണ്. 19.04.2022ൽ വിറ്റ ടിക്കറ്റിന്റെ സീരിയൽ നം.01-ൽ ആരംഭിക്കുന്നു. സീരിയൽ നം.50810-ന് ശേഷമുള്ള ടിക്കറ്റുകളുടെ വിവരം രേഖകളിൽ കാണുന്നില്ല.

(3) ധന്യ, രമ്യ തീയേറ്ററുകളുടെ 2022 ആഗസ്റ്റ് മാസത്തെ കൺസോളിഡേറ്റഡ് റിപ്പോർട്ടും അടവാക്കിയ തുകയുടെ വിവരങ്ങളും ഡെയിലി കളക്ഷൻ റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ആയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(4) അപ്സര തീയേറ്ററിന്റെ 2022-23 സാമ്പത്തിക വർഷത്തെ വിനോദനികുതിയുടെ ഡെയിലി കളക്ഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ തീയേറ്ററിൽ Box Lounge, Kings Lounge, Royal Lounge, Prince Lounge എന്നീ ഇനങ്ങളിൽ ടിക്കറ്റ് വില്പന നടത്തിയതായി കാണുന്നു. എന്നാൽ ഇവയുടെ നിരക്ക് ടാക്സില്ലാതെ എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, ടാക്സ് ഉൾപ്പെടെ രേഖപ്പെടുത്തിയ നിരക്ക് വെട്ടിയിരിക്കുന്നു. ആയതിനാൽ വിനോദനികുതിയുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ കഴിയുന്നില്ല. 100രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റിന് 8.5% വിനോദനികുതി ഈടാക്കേണ്ടതിന് പകരം എല്ലാ ക്ലാസിലുള്ള ടിക്കറ്റുകൾക്കും 5% വിനോദനികുതിയാണ് നഗരസഭയിൽ ഒടുക്കുവരുത്തിയിരിക്കുന്നത്. 10.03.2023 മുതൽ 31/03/2023 വരെ Royal Lounge ടിക്കറ്റുകൾക്ക് 8.5% വിനോദനികുതി ഈടാക്കി.

(5) തീയേറ്ററുകളുടെ വിനോദനികുതി രജിസ്റ്റർ പരിശോധിച്ചതിൽ, ഓരോ മാസവും തീയേറ്റർ ഉടമകൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം അടച്ച തീയതി, തുക, രസീത് നമ്പർ എന്നിവ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.82/24.11.2023) നല്കിയ മറുപടിയിൽ പരാമർശം (1) പ്രകാരം ധന്യ, രമ്യ തീയേറ്ററുകളുടെ വിനോദനികുതി അടവാക്കിയതിൽ കുറവ് വന്ന തുക 21622/- രൂപ 11-12-2023 ലെ ചെക്ക് നം 056969 പ്രകാരം നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. പരാമർശം (4) ന് മറുപടിയായി റോയൽ ലോഞ്ച് ഒഴികെയുള്ള ക്ലാസ്സുകളിലെ ടിക്കറ്റ് നിരക്ക് 100/-രൂപയിൽ താഴെയായതിനാലാണ് 5% വിനോദനികുതി ഈടാക്കുന്നത് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ ഇത് പരിശോധിക്കാനാവശ്യമായ രേഖകൾ കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓരോ മാസവും ഓരോ കാറ്റഗറിയിൽപ്പെട്ട ടിക്കറ്റുകളുടെ സീരിയൽ നമ്പർ പ്രകാരം എണ്ണം കണക്കാക്കി ടിക്കറ്റ് നിരക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി 100 രൂപയ്ക്ക് താഴെയുള്ള കാറ്റഗറികൾക്ക് 5% ഉം 100 രൂപയ്ക്ക്

മുകളിലുള്ള കാറ്റഗറികൾക്ക് 8.5%വും വിനോദനികുതി കണക്കാക്കി രജിസ്റ്ററിൽ ചേർത്ത് ഡി.സി.ബി തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സെക്യൂരിറ്റി ഡെപ്പോസിറ്റ് തെറ്റായി തിരികെ നല്കി

ഫയൽ നം.R6-940/18

നഗരസഭയുടെ III- ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നഗരസഭ വക റസ്റ്റ് ഹൗസ് ജീർണ്ണിച്ച അവസ്ഥയിലാണെന്നും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്നും റവന്യൂ ഇൻസ്പെക്ടർ 7/3/2020 തീയതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4/3/2020 ന് ശേഷം റസ്റ്റ് ഹൗസിൽ നിന്ന് കരാറുകാരൻ അഭിലാഷ് ഒഴിഞ്ഞതായും ടിയാൻ വാടക ഇനത്തിൽ 3/2018 മുതൽ 3/2020 വരെ അടയ്ക്കാനുണ്ടായിരുന്ന ₹3,28,100യും (വാടക-2,40,000+GST-43,200+പലിശ-42,500+FC-2,400) കറണ്ട് ചാർജ്ജ് ഇനത്തിലെ ₹15,899യും ഉൾപ്പെടെ ആകെ ₹3,43,999 ടിയാനിൽ നിന്ന് ഈടാക്കേണ്ടതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൻ പ്രകാരം ടിയാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി ഇനങ്ങളിൽ അടച്ച ₹7,62,500 യിൽ നിന്ന് മേൽ തുക കുറവ് ചെയ്ത് ₹4,18,501 നൽകാവുന്നതാണെന്നും 17.07.2020 ൽ സെക്ഷൻ ക്ലാർക്ക് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടിയാന് ₹4,31,401 (ചെക്ക് നം. 176166/5.4.2022) അനുവദിച്ചതായി കാണുന്നു. ₹12,900 അധികം അനുവദിച്ചു. കൂടാതെ റസ്റ്റ് ഹൗസിന്റെ മുൻ കരാറുകാരായ പി വി ജോണി, ലാലു സെബാസ്റ്റ്യൻ, സജി ജോർജ്ജ് ജോൺ എന്നിവർക്ക് യഥാക്രമം ₹12,500 (ചെക്ക് നം.003295/24.4.2022), ₹2,14,330(ചെക്ക് നം.003296/24.4.2022), ₹2,23,206 (ചെക്ക് നം. 003297/24.4.2022) വീതം തുക നൽകിയതായി കാണുന്നു. അഭിലാഷിന് തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നും മറ്റ് കരാറുകാർ ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ തുക അടച്ചതിന്റെ രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/2022-23, തീയതി, 13.11.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ അഭിലാഷിന് അധികമായി നൽകിയ ₹12,900 ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റ് കരാറുകാർക്ക് ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ തുക അനുവദിച്ചതിന്മേൽ തൃപ്തികരമായ രേഖകൾ ഹാജരാക്കാതിരുന്നതിനാൽ ₹4,50,036 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ, 09/01/2023-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ (ഫയൽ-R6-20741/22) നഗരസഭയുടെ റെസ്റ്റ് ഹൗസ് പൊളിച്ചുമാറ്റിയ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതു വരെ വാഹന പാർക്കിംഗ് അനുവദിക്കാവുന്നതാണെന്നും ഒരു വർഷത്തേയ്ക്ക് 1 ലക്ഷം രൂപയ്ക്ക് ലേലത്തിന് നൽകാമെന്നും ബസുകൾക്ക് ആദ്യ 3 മണിക്കൂറിന് 100 രൂപയും പിന്നീട് ഓരോ മണിക്കൂറിനും ₹20 വീതവും, കാറിന് ആദ്യ 3 മണിക്കൂറിന് ₹50യും പിന്നീട് ഓരോ മണിക്കൂറിനും ₹10 വീതവും ഫീസ് നിശ്ചയിക്കാമെന്നും തീരുമാനിച്ചതായി കാണുന്നു. ഇതിന്റെ തുടർനടപടിയുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/2022-23, തീയതി, 13.11.2023) റസ്റ്റ് ഹൌസ് പൊളിച്ച് മാറ്റിയ സ്ഥലത്ത് വാഹന പാർക്കിംഗ് ഏർപ്പെടുത്തുന്നത് ധനകാര്യ സ്ഥിരം സമിതിയുടെ പരിഗണനയിലാണ് എന്ന് അറിയിച്ചിരിക്കുന്നു. വാഹന പാർക്കിംഗിനുള്ള സൌകര്യം ഒരുക്കി നഗരസഭയ്ക്ക് വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-2 ടെന്റർ കിഴിവ് വരുത്താതെ തുക നല്കി

ഫയൽ നം. E1-8679/20

പ്രോജക്ട് നം. S0038/23

ചെലവിന്റെ വിശദാംശങ്ങൾ: ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ₹4,41,039(ബിൽ നം. 3/27.5.2022)

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വാർഡ് 30 ലെ ബ്യൂട്ടിഫിക്കേഷൻ എന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി 1% ടെണ്ടർ ബിലോ ക്വോട്ട് ചെയ്ത സിനരാജ് എന്ന കരാറുകാരനെ അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്നു. എം ബുക്ക് നം. 71/20-21 പ്രകാരം ടി പ്രവൃത്തിയുടെ ആകെ മൂല്യം ₹3,93,785. ഇതിൻ പ്രകാരം ടിയാന് നൽകേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 3,93,785 |
| സി.ജി.എസ്.ടി (6%) | 23,627 |
| എസ്.ജി.എസ്.ടി (6%) | 23,627 |
| ആകെ | 4,41,039 |
| കുറവ് ചെയ്യേണ്ടത് | |
| ആദായ നികുതി | 3,938 |
| KCWWF | 3,938 |
| സി.ജി.എസ്.ടി (1%) | 3,938 |
| എസ്.ജി.എസ്.ടി (1%) | 3,938 |
| പിഴ (1%) | 3,948 |
| ടെന്റർ ബിലോ | 3,938 |
| കരാറുകാരന് നൽകേണ്ട തുക | ₹4,17,401 |

എന്നാൽ കരാറുകാരനിൽ നിന്ന് ടെണ്ടർ ബിലോ ₹3,938 കുറവ് ചെയ്യാതെ ₹4,21,339 നൽകിയതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.98/02.12.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ അധികം ചെലവഴിച്ച ₹3,938 ഓഡിറ്റിൽ നിരാകരിക്കുന്നു. വാർഡ് 30 ലെ വിവിധ സ്ഥലങ്ങൾ ബ്യൂട്ടിഫിക്കേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ ഏതാനും സ്ഥലങ്ങളിൽ കെർബ് വാളുകൾ മാത്രം സ്ഥാപിച്ചിട്ടുള്ളതായി കാണപ്പെട്ടു. എം.ബുക്കിലെ രേഖപ്പെടുത്തലുകളിൽ അവ്യക്തതയുള്ളതിനാൽ എല്ലാ സ്ഥലങ്ങളും പരിശോധിച്ച് ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് എം.ബുക്ക് നം.71/20-21 പ്രകാരം 10-ാമത്തെ ഇനമായി ബഫല്ലോ ഗ്രാസ്സ് നട്ട് പിടിപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധന നടത്തിയതിൽ ബഫല്ലോ ഗ്രാസ്സ് കാണാൻ സാധിച്ചില്ല. ഇപ്രകാരം വാർഡുതല ബ്യൂട്ടിഫിക്കേഷൻ നടത്തിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. അതിനാൽ നിരാകരിച്ച തുക കിഴിച്ചുള്ള ₹4,17,401യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പ്രധാനറോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും-മതിയായ സേവനങ്ങളില്ലാതെയും ബില്ലുകൾ പരിശോധിക്കാതെയുമുള്ള ചെലവുകൾ

2021-22 ൽ നടപ്പിലാക്കിയ 307/22 നമ്പർ പ്രോജക്ട് സ്പിൽ ഓവറായി 2022-23 ൽ സെക്രട്ടറി നടപ്പാക്കിയതാണ് 22/23-ാം നമ്പരായ 'പ്രധാന റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും' എന്നത്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹20,00,000 വകയിരുത്തി നഗരത്തിലെ പ്രധാന റോഡുകളിൽ 70W LED ലൈറ്റ് സ്ഥാപിക്കുന്നതിനായിരുന്നു പ്രോജക്ട്. അക്രെഡിറ്റഡ് ഏജൻസി മുഖാന്തിരം പ്രോജക്ട് നടപ്പാക്കുന്നതായി പ്രോജക്ട് രൂപീകരണ ഫോറത്തിൽ നിന്ന് വ്യക്തമാകുന്നു. കൂടാതെ 1333 ലൈറ്റുകൾ സ്ഥാപിക്കുന്നതായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് യൂണിറ്റ് കോസ്റ്റ് ₹1,500.

04/07/2019-ലെ ജി.ഒ.(പി)നം.77/2019/ഫിൻ ഉത്തരവ് പ്രകാരം, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾക്കും, ജനറൽ സിവിൽ കൺസ്ട്രക്ഷൻ പ്രവൃത്തികൾക്കും അക്രെഡിറ്റഡ് ഏജൻസി പി.എം.സി ആയി KEL നെ അംഗീകരിച്ചിട്ടുണ്ട്.

ജി.ഒ.(പി)നം.111/2021, ഫിൻ, തീയതി, 05/08/2021 പ്രകാരം 04/07/2021 വരെയും തുടർന്ന് 30-09-2022 വരെയും അക്രെഡിറ്റേഷൻ കാലയളവ് നീട്ടിയിട്ടുണ്ട്.

20/12/2021-ൽ സ്ഥാപനം നൽകിയ ക്വട്ടേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (₹) |
|---|---|---|
| 1 | 70 W LED Street Light | 5,635.59 |
| 2 | Clamp & Accessories | |
| 3 | Installation | |
| | GST 18% (9+9) | 1,014.40 |
| | Rounded To | 6,650.00 |

പ്രവൃത്തിയ്ക്ക് LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ പ്രകാരം 70W LED തെരുവുവിളക്ക് സപ്ലൈ ചെയ്ത് സ്ഥാപിക്കലും 3 വർഷത്തേക്കുള്ള മെയിന്റനൻസുമാണ് പ്രോജക്ട്. എന്നാൽ എസ്റ്റിമേറ്റ്, TS എന്നിവ ഒപ്പുവച്ച് ആധികാരികമാക്കിയിട്ടില്ല.

മേൽ ക്വട്ടേഷൻ അടിസ്ഥാനപ്പെടുത്തി 22/12/2021-ലെ E3-20582/21 നമ്പർ സപ്ലൈ ഓർഡർ പ്രകാരം അടിയന്തിരമായി 70W ലൈറ്റുകൾ 100 എണ്ണം സ്ഥാപിക്കാനാവശ്യപ്പെട്ടു. കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് സ്ഥാപനവുമായി പ്രിലിമിനറി എഗ്രിമെന്റ് വച്ച് സപ്ലൈ ഓർഡർ നൽകുകയാണ് ചെയ്തത്. എന്നാൽ 70-ന് പകരം 72W-ന്റെ 100 ലൈറ്റുകളാണ്, സ്ഥാപിച്ചതായി ഫയലുകളിൽ നിന്ന് വ്യക്തമാകുന്നത്. 100 ലൈറ്റുകൾ സ്ഥാപിച്ചതിന് ₹6,650 നിരക്കിൽ ₹6,65,000 KEL-ന് ₹26,600 ജി.എസ്.ടി കിഴിച്ച് (₹6,38,400) നൽകി. (2021-22ൽ)

പിന്നീട് 16/03/2022-ൽ E3-20582/21 നമ്പരായി 70W ലൈറ്റുകൾ 200 എണ്ണം കൂടി കരാർ വച്ച് അടിയന്തിരമായി സ്ഥാപിക്കുന്നതിന് സപ്ലൈ ഓർഡർ നൽകുകയുണ്ടായി. 200 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ ഇൻവോയ്സ് 50/06-ജൂൺ 2022 ആയി നൽകുകയും ജി.എസ്.റ്റി ഉൾപ്പെടെ ₹13,30,000 ആവശ്യപ്പെടുകയുമുണ്ടായി. (വില-₹11,87,500 + 71250x2)@ 5937.50) തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ബിൽനം.51/12-8-22, അലോട്ട്മെന്റ് 53/12-8-22)

<u>പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ</u>

(1) സർക്കാർ ഉത്തരവ് പ്രകാരം KEL-ന് PMC ആയി പ്രവൃത്തി ചെയ്യാൻ മാത്രമാണ് അനുവാദമുള്ളത്. എന്നാൽ നേരിട്ട് ചെയ്യുന്നതിനായി പ്രവൃത്തി ഏല്പിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

(2) പ്രോജക്ട് പ്രകാരം ₹20,00,000 അടങ്കലിൽ ₹1,500 വില വരുന്ന 1333 ലൈറ്റുകൾ സ്ഥാപിക്കാൻ ആണ് ലക്ഷ്യമാക്കിയത്. എന്നാൽ മറ്റ് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നൊന്നും ക്വട്ടേഷൻ വാങ്ങുകയോ കുറഞ്ഞ വിലയ്ക്ക് ലഭ്യതയുടെ വിവരം അന്വേഷിക്കുകയോ ചെയ്യാതെ KEL-ന്റെ ഓഫർ ക്വട്ടേഷൻ സ്വീകരിക്കുകയാണ് ചെയ്തത്. ഇതുമൂലം നഗരസഭയ്ക്ക് അധിക ചെലവുണ്ടായതായി കാണുന്നു.

(3) എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചതായി ഫയലിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ പ്രകാരം 3 വർഷത്തേയ്ക്കുള്ള മെയിന്റനൻസ് ഉൾപ്പെടെയുള്ള പ്രവൃത്തിയാണ് 70W ലൈറ്റ് സ്ഥാപിക്കലിൽ ഉൾപ്പെടുന്നത്. എന്നാൽ KEL മായുള്ള കരാർ വ്യവസ്ഥയിൽ ലൈറ്റുകൾക്ക് 2 വർഷ വാറന്റി പറയുന്നുവെങ്കിലും മൂന്നാംവർഷം സംബന്ധിച്ച പരാമർശം ഇല്ല.

(4) KEL ലഭ്യമാക്കിയ ക്വട്ടേഷനിൽ എസ്റ്റിമേറ്റിലേതുപോലെ ഇനം തിരിച്ച നിരക്കുകൾ ലഭ്യമാക്കാതെ ഒറ്റത്തുക മാത്രമാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റിനനുസരിച്ചല്ലാതെ വാങ്ങൽ രീതിയിൽ പ്രവൃത്തി നടത്തിയത് തെറ്റായ നടപടിയാണ്.

(5) ലൈറ്റുകളുടെ പ്രവർത്തനക്ഷമത, ക്വാളിറ്റി പരിശോധനയിലൂടെ ഉറപ്പാക്കിയ ശേഷം മാത്രം പ്രവൃത്തി നടപ്പിലാക്കുന്നതിന് പകരം പ്രവൃത്തി നടത്തിയതിന് ശേഷമുള്ള Quality Test നടപടിക്രമങ്ങളുടെ ലംഘനമാണ്.

(6) എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവൃത്തിയുടെ മേൽനോട്ടം, പ്രവൃത്തിയുടെ അളവെടുക്കൽ, ബില്ല് തയ്യാറാക്കൽ എന്നിവയുടെ പ്രതിഫലമായാണ് PAC യുടെ 3% വകയിരുത്തിയിട്ടുള്ളത്. ടി തുക ₹51,280 DLTC മെമ്പർ

സഹദേവൻ വി.വി കൈപ്പറ്റിയതായി ഫയലിൽ രസീത് കാണുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD, കോട്ടയം, TS നല്കിയ എസ്റ്റിമേറ്റ് DLTC അംഗങ്ങൾ പരിശോധിച്ച് ഒപ്പുവച്ചതായി കാണുന്നില്ല. മാത്രമല്ല സൂപ്പർവിഷൻ, അളവെടുക്കൽ, ബില്ല് തയ്യാറാക്കൽ എന്നിവ നടത്താതെ KEL-ൽ നിന്ന് ലഭ്യമായ ഇൻവോയ്സിൽ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് സാക്ഷ്യപത്രം നൽകുക മാത്രമാണ് ചെയ്തത്. 16/03/2022-ലെ 323-ാം നമ്പർ ഇൻവോയ്സ് പ്രകാരം 100 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ ബിൽ നൽകുമ്പോൾ ഇപ്രകാരം സർട്ടിഫിക്കറ്റ് വച്ചിട്ടില്ല. അളവെടുപ്പ്, ബിൽ തയ്യാറാക്കൽ എന്നിവയില്ലാതെ കേവലം സർട്ടിഫിക്കറ്റിന് ₹51,280 നൽകിയത് തെറ്റാണ്. ₹51,280 യുടെ ചെലവ് നിരാകരിക്കുന്നു.

(7) 20/12/2021-ൽ KEL നൽകിയ ക്വട്ടേഷനിൽ ഒരു 70W LED Street Light സ്ഥാപിക്കുന്നതിന് 5635.59 രൂപയും 18% GST യുമാണ് ആവശ്യപ്പെട്ടിരുന്നത്.

എന്നാൽ 100 ലൈറ്റുകൾ സ്ഥാപിച്ച് 323/16.03.2022 നമ്പരായി നൽകിയ ഇൻവോയ്സിലും [ആകെ തുക ₹6,65,000(5,93,750+12% GST-₹71,250)] 200 ലൈറ്റുകൾ സ്ഥാപിച്ച് 50/06-06-2022 ആയി നൽകിയ ഇൻവോയ്സിലും [ആകെ തുക-₹13,30,000 (₹11,87,500+ജി.എസ്.റ്റി 12%- ₹1,42,500)] ഒരു ലൈറ്റ് സ്ഥാപിക്കുന്നതിന് ഈടാക്കിയത് ₹5,937.50 വീതമാണ്. അതായത് ക്വോട്ട് ചെയ്ത വിലയിലും ₹301.91 വീതം അധികം. ഇപ്രകാരം നിരക്കിലെ വ്യത്യാസം ശ്രദ്ധിക്കാതെ തുക അനുവദിച്ചതിനാൽ 300 ലൈറ്റുകൾ സ്ഥാപിച്ചതിൽ നഗരസഭയ്ക്ക് ₹90,573 നഷ്ടം സംഭവിച്ചതായി കാണുന്നു.

(GST 18% ൽ നിന്ന് 12% ആയി കുറയുന്നത് KEL ന്റെ ഉല്പന്നത്തിന്റെ യഥാർത്ഥവിലയെ ബാധിക്കേണ്ടതില്ല). അധികം നൽകിയ ₹90,573 രൂപ അംഗീകരിക്കുന്നില്ല.

(8) Quality Test Report പരിശോധിച്ച് അതിന്മേലുള്ള അഭിപ്രായം നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.

(9) സ്ഥാപിച്ച നിരവധി ലൈറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്ന് പരിശോധനാ റിപ്പോർട്ട് ഫയലിൽ കാണുന്നു. ഇതിന്മേൽ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമല്ല.

(10) പ്രവൃത്തിയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിച്ച് വാറന്റി, 3 വർഷം വരെയുള്ള മെയിന്റനൻസ് എന്നിവ ഉറപ്പാക്കുന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
സൂപ്പർവിഷൻ, അളവെടുക്കൽ, ബില്ല് തയ്യാറാക്കൽ എന്നിവ നടത്താതെ KELൽ നിന്ന് ലഭ്യമായ ഇൻവോയ്സിൽ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് സാക്ഷ്യപത്രം നൽകുക മാത്രം ചെയ്തതിന് നല്കിയ ₹51,280 യുടെ ചെലവ്, ക്വോട്ട് ചെയ്ത വിലയിലും ₹301.91 വീതം അധികം തുക അനുവദിച്ചതിനാൽ 300 ലൈറ്റുകൾ സ്ഥാപിച്ചതിൽ നഗരസഭയ്ക്ക് ഉണ്ടായനഷ്ടം ₹90,573 ഉൾപ്പെടെ ആകെയുള്ള 141853/രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക പ്രസ്തുത വ്യക്തിയിൽ നിന്നും, KELൽ നിന്നുമായി തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തെറ്റായി ചെലവ് നടത്തിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ പ്രോജക്ടിന്റെ തൻവർഷ ചെലവായ ₹13,30,000 യിൽ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക കിഴിച്ച് ₹11,88,147യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ഒരു കുടുംബത്തിന് രണ്ട് കുടിവെള്ള ടാങ്ക് അനുവദിച്ചു

2022-23 വർഷം പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവഹണം നടത്തിയ കുടിവെള്ളടാങ്ക് വിതരണം (പ്രോജക്ട് നം.137/23) എന്ന പ്രോജക്ട് പ്രകാരം ടാങ്കൊന്നിന് ₹3,658 നിരക്കിൽ (ഗുണഭോക്തൃവിഹിതം ₹914 ഉൾപ്പെടെ) 50 ടാങ്കിന് ₹137,200 (2744x50) (ബിൽ നം.137/31.03.2023) വികസനഫണ്ടിൽ (എസ്.സി.പി) നിന്നും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ (കൈ)നം.115/2022/തസ്വഭവ, തീ./28/05/2022 സബ്സിഡി മാർഗരേഖ പ്രകാരം നിലവിൽ ടാങ്ക് ഉള്ളവർക്കും ഒരിക്കൽ നൽകിയവർക്കും നൽകാൻ പാടില്ലെന്ന നിർദ്ദേശം പാലിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ ഫയലിലില്ല. ഗുണഭോക്തൃ വിഹിതം കുടിവെള്ളടാങ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ആകെ ചെലവിൽ (ചെലവ് സ്റ്റേറ്റ്മെന്റിൽ) ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിട്ടില്ല. കാഡ്കോയുടെ 15/03/2023 ലെ CRO/22-23/279 ഇൻവോയിസ് പ്രകാരം വാട്ടർ ടാങ്ക് 500 ലിറ്റർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാർഗ്ഗരേഖ പ്രകാരമുള്ള പി.വി.സി വാട്ടർ

ടാങ്കാണോയെന്ന് വ്യക്തമല്ല. ടാങ്ക് ലഭിച്ച ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ടാങ്ക് വിതരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിലെ പേജ് നം.82 ൽ ക്രമ നം.7, ക്രമ നം. 43 എന്നിവ പ്രകാരമുള്ള ആകാശ് അശോകം (പത്തിൽച്ചിറ, വാർഡ്-28) തങ്കമ്മ (പത്തിൽച്ചിറ, വാർഡ്-28)യും ഒരേ റേഷൻ കാർഡിൽ (നം.1524008583) ഉൾപ്പെട്ട അംഗങ്ങൾ (കാർഡ് ഉടമ, ചെറുമകൻ ) ആണ്. ഒരു കുടുംബത്തിലെ രണ്ട് പേർക്ക് ടാങ്ക് നൽകിയത് ക്രമപ്രകാരമല്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിലില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 56/17.11.2023) മറുപടി ലഭ്യമാക്കിയില്ല. ഒരു കുടുംബത്തിലെ രണ്ട് പേർക്ക് ടാങ്ക് നൽകിയതിനാൽ ഒരു ടാങ്കിന്റെ വിലയായി വികസനഫണ്ടിൽ നിന്നും നൽകിയ ₹2,744 യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം –4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 04/08/2023, 05/08/2023 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഖണ്ഡിക 1-1 ൽ നൽകിയിട്ടുണ്ട്. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാർഡ് 15-മലയിൽകുന്ന് വാട്ടർ ടാങ്ക് മെയിന്റനൻസ് | 154/30.12.2022 | 50,00,000 | 50,00,000 | - |
| കേരള വാട്ടർ അതോറിറ്റി | എസ്.സി.കോളനിയിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.862823/ 05.12.22 (തുക-1,78,000) ബിൽ നം.1471909/ 25.03.23 (തുക-135000) | 8,00,000 | 3,13,000 | 4,87,000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 105/08.11.22 (തുക.733015) ബിൽ നം. 330/ 22.03.23 | 30,00,000 | 11,65,015 | 18,34,985 |

| | | | | | |
|---|---|---|---|---|---|
| | | (തുക.147000) ബിൽ നം. 113/ 17.11.22(തുക.285000) | | | |
| കേരള വാട്ടർ അതോറിറ്റി | മലേക്കുന്ന് വാട്ടർ ടാങ്ക് നവീകരണം ബാലൻസ് വർക്ക് | ബിൽ നം.155/ 30.12.22 | 3,00,000 | 2,20,000 | 80,000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടീലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | ബിൽ നം.148/ 26.12.22 | 5,00,000 | 4,91,703 | 8,297 |
| കെ.എസ്.ഇ.ബി | എസ്.സി.കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ, പോസ്റ്റ് മാറ്റൽ | ബിൽ നം. 1459948/24.03.23 | 8,00,000 | 2,65,982 | 5,34,018 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

നഗരസഭയ്ക്ക് വായ്പ ഇനത്തിൽ വരവ് ചെലവുകൾ ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

നിക്ഷേപ തുകകളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഇനം** | **തുക (₹)** |
|---|---|
| എസ്.എസ്.എ | 18,10,658(Balance As On 17.2.23) |
| സ്ളോട്ടർ ഹൗസ് | 87,61,958(Balance As On 19.10.23) |
| സ്ളോട്ടർ ഹൗസ് | 83,21,189 (Balance As On 19.10.23) |
| **ആകെ** | 1,88,93,805 |

നിക്ഷേപ രജിസ്റ്ററിൽ ഓരോ വർഷവും ലഭിക്കുന്ന പലിശയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മുതൽ,

പലിശ എന്നിവയുടെ വർഷാന്ത്യ നീക്കിയിരിപ്പ് രേഖപ്പെടുത്തി നിക്ഷേപ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ നഗരസഭയെ സംബന്ധിച്ച് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 2(6),4(കെ) | 1998 | 2(1)2 | ധനസഹായം/ വായ്പാവിനിയോഗം ലക്ഷ്യം കൈവരിച്ചില്ല. | ബഹു. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06)യുടെ 19-ാമത് റിപ്പോർട്ട്, ആയതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (45-ാമത് റിപ്പോർട്ട് 2014-16) എന്നിവ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്{ഖണ്ഡിക 62(1.6.18), ഖണ്ഡിക 66 (1.7.18), ഖണ്ഡിക 71(1.8.9), ഖണ്ഡിക 75(1.9.9), ഖണ്ഡിക 80(1.10.9)} |
| | 72 | | 2(1)3 | കരാറുകാർ കാണിക്കുന്ന അലംഭാവവും അവർക്ക നൽകുന്ന അനർഹമായ ആനുകൂല്യങ്ങളും. | |
| 1997-98 | 38 | 2000-01 | 5-5(ബി) | വാഴപ്പള്ളി ക്ഷേത്രം – കുറിശ്ശേരിക്കടവ് റോഡ് പുനരുദ്ധാരണത്തിലെ ക്രമക്കേടുകൾ – | |
| 1997-98 | 45 | 2000-01 | 5-5(സി) | റോഡ് മണ്ണിട്ട് നികത്തലിൽ നിയമാനുസൃത കുറവ് കണക്കാക്കാത്തതിൽ വന്ന കുറവ് – 18,061/-രൂപ | |
| 1998-99 | 30 | 2001-02 | 6-2-5(ii) | കൊട്ടാരംചിറ റോഡിൽ നിന്ന് ആരംഭിക്കുന്ന റോഡ് – മണ്ണിട്ട് നികത്തുന്നതിൽ അധിക നിരക്ക് നൽകി – 47,505രൂപ | |
| 1999-2000 | 40-J | 2001-02 | 6-2-5(vii) | നേർച്ചപ്പാറ കോളനി – കുടിവെള്ളം | ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06)യുടെ 19-ാമത് |

| | | | | | |
|---|---|---|---|---|---|
| | | | | – ഭൂനിരപ്പ് ടാങ്ക് നിർമ്മാണം – ലക്ഷ്യം കൈവരിക്കാത്ത പദ്ധതി | റിപ്പോർട്ട്, ആയതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (45-ാമത് റിപ്പോർട്ട് 2014-16) എന്നിവ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്{ഖണ്ഡിക 98 (1.11.18) } |
| 1998-99 | 49(14) | 2001-02 | 6-5(iii) | അന്തർദേശീയ സ്പോർട്സ് കൗൺസിൽ - ലക്ഷ്യം കൈവരിക്കാത്ത പദ്ധതി | ബഹു.നിയമസഭാ സമിതി പരിഗണിച്ചുവരുന്നു |
| 2000-01 | 32 | 2003-04 | അദ്ധ്യായം 6 ഖ.13 | മറ്റു പരാമർശങ്ങൾ- വനിതാ വ്യവസായ യൂണിറ്റ്-40,000രൂപ | ബഹു.നിയമസഭാ സമിതി പരിഗണിച്ചുവരുന്നു |
| 1998-99 | 49(14) | 2004-05 | 2-1 | തുടർപ്രവർത്തനമില്ല- പദ്ധതികൾക്കേറ്റെടുത്ത 4.01 കോടി രൂപയുടെ ഭൂമി പാഴാകുന്നു | ” |
| 2001-02 | 2001-02 ഡി.സി.ബി ഓഡിറ്റ് ഖണ്ഡിക 2-14, 2-15, 2-18, 2-27 | 2005-06 | 3-14.1 | കാര്യക്ഷമതയില്ല- തനതുവരുമാനം ലക്ഷങ്ങൾ ചോരുന്നു. | ബഹു.നിയമസഭാ സമിതി പരിഗണിച്ചു വരുന്നു |
| 2002-03 | ചെലവ് ഓഡിറ്റ് 2-11 | 2006-07 | 4.13.2 | വൈദ്യുതി ഉപകരണങ്ങളുടെ വാങ്ങലും വിതരണവും അപാകതകൾ | ” |
| 2003-04 | ചെലവ് ഓഡിറ്റ് 3-2 | 2006-07 | 4.13.1 | മുനി.റസ്റ്റ് ഹൗസ് ലേലം-മുനിസിപ്പൽ ഫണ്ടിനു നഷ്ടം | ” |
| 2004-05 | ഖ.2-25 ചെലവ് | 2007-08 | 4.5.1 | ഐ.എസ്സ്.യു.ഐ- കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചു- 30 ലക്ഷം രൂപ | ” |
| 2014-15 | ഖ. 3-16 | 2015-16 | 9.4 (ഓഡിറ്റ് | ടാർ നൽകിയതിൽ കുറവ്. 9.31 ലക്ഷം രൂപ | ബഹു.നിയമസഭാ സമിതി പരിഗണിച്ച് വരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | ഇംപാക്ട്) | സിഡ്കോയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചു | |
| 2020-21 | ഖ.1-17 | 2021-22 | 3.4.1 | സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി- M R F സ്ഥാപിയ്ക്കൽ- പ്രവർത്തനം നടക്കുന്നില്ല- 567193 രൂപ പാഴ് ചെലവ് | ബഹു.നിയമസഭാ സമിതി പരിഗണിച്ച് വരുന്നു. |

കുറിപ്പ്: മേൽ സൂചിപ്പിച്ച ഖണ്ഡികകൾ കൂടാതെ വിവിധ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുഅവലോകനം, പ്രവർത്തനാവലോകന റിപ്പോർട്ടുകൾ, ലഘു അവലോകനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പൊതു പരാമർശങ്ങളിൽ ചങ്ങനാശേരി നഗരസഭയെ സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള വിഷയങ്ങളിന്മേലുള്ള കാലിക സ്ഥിതിവിവരവും അറിയിക്കേണ്ടതാണ് (സമാഹൃത റിപ്പോർട്ട് വർഷം **2009-10** ഖ 2.3,2.1(2), **2011-12** ഖ. 2.1(2),2.3,2.9(5)3.1.6,3.2.13,3.3.6, **2012-13** ഖ. 2.6.,3.1,3.3.19, **2013-14** ഖ. 5.1.5, 5.2.4,6.1.2, **2014-15** ഖ. 4.1.6,4.1.7, 4.1.8,5.7.5, **2015-16** ഖ. 3.6.2,3.7.8,4.2.8, **2017-18** ഖ. 2.2).

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ചാർജ്ജ്/സർചാർജ്ജ് നടപടി വഴി തുകകൾ ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :-- | 28,38,97,667 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 29,26,61,473 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,61,435 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,54,12,158 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്)

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (₹) | സർചാർജ് ചെയ്യാവുന്നവ ((₹)) | |
| 1-37-2 (3-1) | | 12,900 | സജി.എൽ.എസ്, മുനിസിപ്പൽ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 1-46 (3-3) | | 1,41,853 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-63 (3-4) | | 2,744 | ദിവ്യ കൃഷ്ണൻ, പ്രോജക്റ്റ് ഓഫീസർ |
| 1-80 (3-2) | | 3,938 | സവിത വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 1,61,435 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 4,50,036 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-38 | 14,289 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-39 | 25,840 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-41 | 2,31,800 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-42 | 7,20,000 | ശ്രീലക്ഷ്മി, അസിസ്റ്റന്റ് എൻജിനീയർ |
| 1-43 | 14,78,015 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-44 | 16,32,000 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-45 | 1,05,38,650 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-46 | 11,88,147 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-47 | 29,45,169 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-48 | 11,52,368 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-50 | 1,44,982 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-51 | 14,63,000 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-52 | 3,72,000 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |

| | | |
|---|---|---|
| 1-53 | 1,09,06,806 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-54 | 97,680 | സോൺ സുന്ദർ, ഹെൽത്ത് ഓഫീസർ |
| 1-55 | 7,46,000 | സോൺ സുന്ദർ, ഹെൽത്ത് ഓഫീസർ |
| 1-56 | 34,00,321 | സോൺ സുന്ദർ, ഹെൽത്ത് ഓഫീസർ |
| 1-60(1) | 75,000 | ദിവ്യ കൃഷ്ണൻ, പ്രൊജക്ട് ഓഫീസർ |
| 1-61(2) | 37,500 | തൌഫീക്.പി.ഇസ്മായിൽ, പ്രൊജക്ട് ഓഫീസർ |
| 1-65(2) | 1,25,000 | ദിവ്യ കൃഷ്ണൻ, പ്രൊജക്ട് ഓഫീസർ |
| 1-66 | 14,52,438 | തൌഫീക്.പി.ഇസ്മായിൽ, പ്രൊജക്ട് ഓഫീസർ |
| 1-67 | 8,60,000 | ദിവ്യ കൃഷ്ണൻ, പ്രൊജക്ട് ഓഫീസർ |
| 1-69 | 11,61,524 | ഡോ. ഉമാദേവി അമ്മാൾ, സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ |
| 1-71 | 4,00,000 | ഡോ. ഉമാദേവി അമ്മാൾ, സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ |
| 1-72 | 11,69,280 | ഡോ. ഉമാദേവി അമ്മാൾ, സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ |
| 1-75 | 48,650 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-76 | 13,990 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-77 | 2,40,426 | ദിലീപ് കുമാർ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-80 | 4,17,401 | സവിത വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-82 | 4,79,688 | ദിലീപ് കുമാർ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-83 | 7,43,800 | സവിത.വി, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-84 | 15,000 | ശ്രീലക്ഷ്മി.എ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-85 | 99,998 | ദിലീപ്കുമാർ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-93 | 5,65,360 | സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| ആകെ | 4,54,12,158 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1 | സജി.എൽ.എസ്, സെക്രട്ടറി | ഉഷസ് ഭവൻ,<br>തടത്തികുളം, കാഞ്ഞിരംകുളം പി.ഒ, തിരുവനന്തപുരം<br>പിൻകോഡ്-695524 |
| 2 | ശ്രീമതി ശ്രീലക്ഷ്മി, അസിസ്റ്റന്റ് എഞ്ചിനീയർ | ചക്കനാട്ട്, വെച്ചൂർ പി.ഒ, വൈക്കം<br>പിൻകോഡ്-686144 |
| 3 | ശ്രീമതി സവിത വി, അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീപുരം,<br>പ്രാക്കുളം.പി.ഒ, കൊല്ലം.<br>പിൻകോഡ്-691602 |
| 4 | ശ്രീ.ദിലീപ്കുമാർ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | കണ്ണങ്കര വീട്<br>പന്മനയിൽ പി.ഒ<br>ചവറ, കൊല്ലം.<br>പിൻകോഡ്-691583 |
| 5 | ശ്രീ സോൺ സുന്ദർ എസ്.എൽ, ഹെൽത്ത് സൂപ്പർവൈസർ | എസ്.എഫ്.കോട്ടേജ്,<br>കാട്ടായിക്കോണം പി.ഒ, തിരുവനന്തപുരം<br>പിൻ കോഡ്-695584 |
| 6 | ശ്രീമതി ദിവ്യാകൃഷ്ണൻ, പ്രോജക്ട് ഓഫീസർ | ഉഷസ്സ്,<br>ഇരവിച്ചിറ നടുവിൽ,<br>ശൂരനാട് സൗത്ത്, പതാരം പി.ഒ, കൊല്ലം<br>പിൻ കോഡ്-690522 |
| 7 | ശ്രീമതി ഉമാദേവി | വരിക്കപ്ലാക്കൽ, |

| | | |
|---|---|---|
| | അമ്മാൾ<br>സൂപ്രണ്ട്, ജനറൽ ആശുപത്രി | ഉടമ്പന്നൂർ, പെരിങ്ങാശ്ശേരി പി.ഒ തൊടുപുഴ.<br>പിൻ കോഡ്-685595 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91 | എൽ.എഫ്.സി2-343/95, തീയതി 30.10.95/ 12.1.96 | 49 | ഓഡിറ്റ് അദാലത്തുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങൾ പ്രകാരം |
| 1991-92 | എൽ.എഫ്.സി2-246/97, തീയതി, 07.12.98 | 17 | ” |
| 1992-93 | എൽ.എഫ്.സി2-83/96, തീയതി, 18.7.96 | 33 | ” |
| 1993-94 | എൽ.എഫ്.സി2-347/96, തീയതി, 28.4.97 | 80 | ” |
| 1995-96 | എൽ.എഫ്.സി2-78/07,തീയതി, 18.4.07/7.5.07 | 7 | ” |
| 1996-97 | എൽ.എഫ്.സി2-233/01, തീയതി, 11.12.01 | 28 | ” |
| 1997-98 | എൽ.എഫ്.സി2-223/01, തീയതി, 01.07.02 | 38 | ” |
| 1998-99 | എൽ.എഫ്.സി2-22/01, തീയതി, 21.10.02 | 24 | ” |
| 1999-2000 | എൽ.എഫ്.സി2-60/03, തീയതി, 29.08.03 | 5 | ” |
| 2000-01 | എൽ.എഫ്.സി2-216/04, തീയതി, 29.08.05 | 33 | ” |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.സി2-189/05, തീയതി, 3.10.05 | 25 | ” |

| | | | |
|---|---|---|---|
| 2001-02 (ചെലവ്) | എൽ.എഫ്.സി2-252/09,തീയതി, 07.12.09 | 31 | ” |
| 2001-02 (വരവ്) | എൽ.എഫ്.സി2-300/09,തീയതി, 02.01.10 | 11 | ” |
| 2002-03 (ചെലവ്) | എൽ.എഫ്.സി2-345/07,തീയതി, 31.10.08 | 50 | ” |
| 2002-03 (വരവ്) | എൽ.എഫ്.സി2-244/08,തീയതി, 02.03.09 | 10 | ” |
| 2003-04 (ചെലവ്) | എൽ.എഫ്.സി2-187//08, തീയതി, 07.12.09 | 21 | ” |
| 2003-04 (വരവ്) | എൽ.എഫ്.സി2-221/08, തീയതി, 03.03.09 | 3 | ” |
| 2004-05 (ചെലവ്) | എൽ.എഫ്.സി2-213/07/31.08.2007 /18.09.2007 | 14 | ” |
| 2004-05 (വരവ്) | എൽ.എഫ്.സി2-57എ/08, തീയതി, 13.03.09 | 8 | ” |
| 2005-06 | എൽ.എഫ്.സി2-197/09, തീയതി, 27.03.09 | 14 | ” |
| 2006-07 | എൽ.എഫ്.സി2-33/09, തീയതി, 22.05.10 | 19 | ” |
| 2007-08 | എൽ.എഫ്.സി2-416/10, തീയതി, 31.05.2011 | 17 | ” |
| 2008-09 | എൽ.എഫ്.സി2-227/09,തീയതി, 29.11.2012 | 45 | ” |
| 2009-10 | എൽ.എഫ്.സി2-400/12, തീയതി, 19.04.2013 | 21 | ” |
| 2010-11 | എൽ.എഫ്.സി2-270/2011,തീയതി, 08.11.2013 | 16 | ” |
| 2011-12 | എൽ.എഫ്.സി2-146/13,തീയതി, 28.05.14 | 24 | ” |
| 2012-13 | എൽ.എഫ്.സി2-88/2014, തീയതി, 12.03.15 | 37 | ” |
| 2013-14 | കെ.എസ്.എ.സി.വൈ.എം2-81/2015,തീയതി, 15.01.2016 | 35 | ” |
| 2014-15 | നം.കെ.എസ്.സി.വൈ.എം.3-140/2016, തീയതി, 27.07.2016 | 44 | ” |
| 2015-16 | നം.കെ.എസ്.എ.സി.വൈ.എം.3-34/2017 തീയതി 31.01.2017 | 32 | ” |
| 2016-17 | നം.കെ.എസ്.എ.സി.വൈ.എം.3-394/2017 തീയതി 30.12.2017 | 36 | ” |
| 2017-18 | നം.കെ.എസ്.എ.സി.വൈ.എം.3-46/2019 തീയതി 10.4.2019 | 57 | 57 |
| 2018-19 | നം.കെ.എസ്.എ.-സി.വൈ.എം3-89/2020 തീയതി:- 24/04/2020 | 55 | 55 |
| 2019-20 | നം.കെ.എസ്.എ.-സി.വൈ.എം3-362/2021 തീയതി:- 28/06/2022 | 43 | 43 |
| 2020-21 | നം.കെ.എസ്.എ.-സി.വൈ.എം-2-433/22 തീയതി:-14/10/2022 | 40 | 40 |
| 2021-22 | നം.കെ.എസ്.എ.-സി.വൈ.എം-2-142/2023 തീയതി:-05/05/2023 | 62 | 62 |

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01 dated 26-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Changanasserry Municipality Concurrent Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Changanasserry Municipality Concurrent Municipality for the year 2022-2023

**Date: 30/12/2023**

**Deputy Director**
**Changanassery Municipality**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Changanasserry Municipality Concurrent Municipality for the Year 2022-2023 .

**1.Major Observations**

-NIL-

**2.Other Observations**

1) Monthly Bank Reconcilliation Statement is not prepared.
2) Demand Registers does not match with Financial Statements. DCB in the Rent Register does not match with Financial Statements.
3) The following Registers are not maintained:-Deposit Register, Advance Register, Asset Register, Loan Register
4) Investment Register is not reliable for audit due to defective maintenance.
5) The mandatory Financial Statements prescribed in accounting rules such as ratios, notes on accounts are not submitted for audit.
6) Appropriation Control Register for Grant Liability amount shown as liability in Balance Sheet doesnot maintained.
7)Documents in respect of prior period items as per schedule 1-18 were not produced for audit. Hence the accuracy of this item cannot asertained.
8) Non completion of transition period process, during migration to Accrual based double entry system from Cash based accounting system, including valuation of assets and liabilities for inclusion in opening balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ചങ്ങനാശ്ശേരി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്